നമ്പർ M.1/75

മലങ്കര മെത്രാപ്പോലീത്തായും

പൌരസ്ത്യ കാതോലിക്കായുടെ അസിസ്റ്റൻറും പിൻഗാമിയും ആയ

മത്ത്യൂസ് അത്താനാസ്യോസ്

MATHEWS ATHANASIOS
ASSISTANT AND SUCCESSOR TO CATHOLICOS OF THE EAST
1975
MALANKARA METROPOLITAN

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന .... വാഴ്വ്:

പ്രിയരെ,

കണ്ടനാട് മെത്രാസന ഭരണം മുൻ മലങ്കര മെത്രാപ്പോലീത്താ ഏറ്റെടുത്തതിനെ തുടർന്ന്, ആ മെത്രാസന സംബന്ധമായ കാര്യങ്ങൾ അന്വേഷിച്ച് യഥാസമയം അറിയിക്കുവാൻ ഒരു എൻക്വയറി കമ്മറ്റി ആവശ്യമായി വരികയാൽ ആ തിരുമേനി 1975 ജൂലൈ 2-ാം തീയതി 120/75-ാം നമ്പരായി അയച്ച കല്പനപ്രകാരം നിയമിച്ചിട്ടുള്ള സ്പെഷ്യൽ കമ്മറ്റിയിൽ, ഇനി ഒരു കല്പന ഉണ്ടാകുന്നതു വരെ, നിങ്ങൾ ഉൾപ്പെടെ താഴെ പേർ പറയുന്നവരെക്കൂടെ അംഗങ്ങളായി നാം നിയമിച്ചിരിക്കുന്നു. ഈ വിവരത്തിന് കമ്മറ്റിയുടെ കൺവീനർ കോനാട്ട് അബ്രഹാം കത്തനാർക്ക് നാം കല്പന അയക്കുന്നതാണ്. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

<u>കമ്മറ്റിയിൽ കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ള അംഗങ്ങൾ</u>

1. പോത്താറ കുറിയാക്കോസ് കത്തനാർ, M.K.M. ഹൈസ്കൂൾ, പിറവം
2. കെ.സി. പൈലി, അഡ്വക്കേറ്റ് മൂവാറ്റുപുഴ
3. ഏ.റ്റി. പത്രോസ്, ആനിത്തോട്ടത്തിൽ, മാമലശ്ശേരി, രാമമംഗലം
4. വറുഗീസ് പറമ്പിൽ, തിരുവാണിയൂർ P.O. പുത്തൻകുരിശ്
5. എം.ജെ. എബ്രഹാം, വെള്ളാട്ടംകുന്നേൽ, പുതുവേലി, കൂത്താട്ടുകുളം.
6. എം.ജെ. എബ്രഹാം, ഊന്നുകൽചാലിൽ, മാറിക, വഴിത്തല

എന്ന്.

1975 ഒക്ടോബർ 3-ാം നു
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

നമ്പർ എം. 3/75

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വർക്കിംഗ്

കമ്മററി മെമ്പർ വാഴ്‌വ്:

പ്രിയനെ,

നമ്മുടെ വർക്കിംഗ് കമ്മററിയുടെ ഒരു യോഗം താഴെപറയുന്ന വിഷയങ്ങളെ പററി ആലോചിക്കുന്നതിനായി 1975 ഒക്ടോബർ 9-ാം തിയതി വ്യാഴാഴ്ച പകൽ പത്തരമണിക്ക് കോട്ടയം കാതോലിക്കേററ് അരമനയിൽ വച്ചു കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിൽ വന്നു സംബന്ധിക്കണമെന്നു നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ - ദൈവം അനുഗ്രഹിക്കട്ടെ

ആലോചനാ വിഷയങ്ങൾ

1. മുൻ യോഗത്തിന്റെ മിനിട്ട്സും മിനിട്ട്സിലെ വിഷയങ്ങളും.
2. മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയുടെ അടുത്ത യോഗത്തിന്റെ തിയതിയും അജണ്ടായിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും
3. സഭ ഇപ്പോൾ എത്തിച്ചേർന്നിട്ടുള്ള പ്രതിസന്ധിയിൽ സ്വീകരിക്കേണ്ട നടപടികൾ
4. വർക്കിംഗ് കമ്മററിയുടെ അടുത്ത യോഗത്തിന്റെ തിയതി
5. അദ്ധ്യക്ഷൻ അനുവദിക്കുന്ന മററു വിഷയങ്ങൾ

1975 ഒക്ടോബർ 3-ാം തിയതി

നമ്പർ എം. 5/75

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അസോസ്യേഷൻ മാനേജിങ്ങ്

കമ്മററി മെമ്പർ...വാഴ്‌വ്.

പ്രിയനെ,

നമ്മുടെ അസോസ്യേഷൻ മാനേജിങ്ങ് കമ്മററിയുടെ ഒരു വിശേഷാൽ യോഗം താഴെ പറയുന്ന വിഷയങ്ങളെ പററി ആലോചിക്കുന്നതിനു അടിയന്തരമായി 1975 ഒക്ടോബർ 21—ാം തീയതി ചൊവ്വാഴ്ച പകൽ 10 മണിക്ക് കോട്ടയം പഴയ സിമ്മനാരിയിൽ വച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിൽ നിങ്ങൾ വന്നു സംബന്ധിക്കണമെന്നു നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

ആലോചനാ വിഷയങ്ങൾ

1. (a) മുൻയോഗത്തിന്റെ മിനിട്ട്സും മിനിട്ട്സിൽനിന്നു ആവിർഭവിക്കുന്ന വിഷയങ്ങളും.
   (b) മുൻയോഗനിശ്ചയങ്ങൾ സംബന്ധിച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.
2. സഭയിലെ ഇപ്പോഴത്തെ സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ.
3. മാനേജിങ്ങ് കമ്മററിയുടെ അടുത്ത യോഗത്തിന്റെ തീയതി.
4. അദ്ധ്യക്ഷൻ അനുവദിക്കുന്ന മററു വിഷയങ്ങൾ.

1975 ഒക്ടോബർ 10—ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്നു

നമ്പർ എം. 10/75

[illegible]

Telegram: DEVALOKAM. Telephone: 8499



THE ORTHODOX SYRIAN CHURCH

CATHOLICATE OF THE EAST

BASELIUS MAR THOMA MATHEWS I
CATHOLICOS OF
THE APOSTOLIC THRONE OF ST. THOMAS
AND
MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-4.
KERALA, INDIA

29th Oct. 197

No.1/75.

His Beatitude Patriarch Justinian
Orthodox Patriarchate
Bucharest, Romania.

Your Beatitude,

Warm and respectful greetings in the name of the Risen Christ.

It gives us an immense amount of pleasure that we can address Your Beatitude so soon after our enthronement as Catholicos of the East on October 27th. We and our people remember with great gratitude Your Beatitude's historic visit to our Church in 1968.

His Holiness Catholicos Baselius Augen I, who has laid aside all his administrative responsibilities due to old age, sends his respectful greetings to Your Beatitude. His Holiness spends most of his time in bed, quite infirm, but in better health than can be expected for a person of 92 years of age. He takes a great interest in the affairs of the Church and we are grateful that we can benefit from his wisdom and experience during this early period of our own Catholicate.

We wish to send to Your Beatitude the warmest good wishes and greetings and felicitations on the festive occasion of the ninetieth anniversary of the autocephaly of the Romanian Orthodox Church and the Golden Jubilee of the Romanian Orthodox Patriarchate.

As our predecessor had cabled Your Beatitude, His Grace Mar Theophilos Philipos, Metropolitan of Angamaly, is representing the Catholicate of the East on this most auspicious occasion. He will personally convey to Your Beatitude the expressions of our warm felicitations.

Ever since the historic visit of Your Beatitude, accompanied by three bishops, to our ancient Church here, our people have felt closely related to the people and Church of Romania. Our people know how dynamic and wise a Patriarch rules over the Romanian Church and leads it in the ways of Christ's peace.

The Romanian Patriarchate is 50 years old today - an ancient Church with a comparatively young Patriarchate. Our situation is similar. Though our Church was established in Apostolic times, by the Holy and Blessed Apostle Thomas, it was only in 1912 that the Catholicate was established here. Thus our own Patriarchate here is only a few years older than yours. It is therefore with special joy that we greet Your Beatitude, and all the bishops, clergy and the people on this auspicious occasion.

We also realize how important for a Church's spiritual development its autocephaly is. It is a tragedy that one of our sister Churches in the Middle East, with which Church we have many historic associations during the last 400 years, has chosen to interfere in the administration of this Church, illegally consecrating bishops and priests and deacons and setting up a rival throne to the legitimate apostolic throne here, in violation of all ecclesiastical canons and in total disregard of the Constitution of the Church. Your own Church is fortunate in being free from all such outside interference. It is because of that freedom that Your Beatitude has been able to effect so much progress in the Romanian Church. May the autocephaly of Your Church as well as our own be preserved by God for the glory of Christ's name.

May we use this occasion also to suggest that we would be very much honoured if we could have an official delegation from the Romanian Church visit us, preferably after January 7th, 1976. Several of our prelates have recently visited the Romanian Church and Your Beatitude and brought back to us glowing reports of wonderfully God has been leading Your Church in the ways of peace. We and our people would now be very pleased to have another official visit from You.

May the Grace of our Lord Jesus Christ be with Your Beatitude, and with all the Bishops, Priests, Deacons and People of the Romanian Orthodox Church to whom we extend our Apostolic blessings.

നമ്പർ 2/75

നമ്മുടെ . . . . പള്ളി വികാരിയും ദേശത്തെ പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു [illegible].

പ്രിയമക്കളെ,

പൗരസ്ത്യ കാതോലിക്കാ സഭകളുടെ [illegible] [illegible] 1975 സെപ്റ്റംബർ [illegible]-ാം തീയതി [illegible] നാം അന്ന് [illegible] തിരുസംഘം 1975 സെപ്റ്റംബർ 24-ാം തീയതി അയച്ച 175/75-ാം നമ്പർ കല്പന മൂലം നിങ്ങളെ അറിയിച്ചിട്ടുണ്ടല്ലോ. [illegible], തിരുസഭയിലെ [illegible] പൗരസ്ത്യ കാതോലിക്കാ [illegible] [illegible] 1975 ഒക്ടോബർ 11-ാം തീയതി അയച്ച 177/75-ാം നമ്പർ കല്പന വഴി [illegible] [illegible], 1975 ഒക്ടോബർ 21-ാം തീയതി [illegible] 1975 ഒക്ടോബർ 27-ാം തീയതി [illegible] [illegible]

[illegible] പൗരസ്ത്യ കാതോലിക്കാ [illegible] [illegible] അങ്ങനെ, നാം [illegible] 1975 ഒക്ടോബർ 27-ാം തീയതി പൗരസ്ത്യ കാതോലിക്കാ [illegible] നിങ്ങളെ അറിയിക്കുന്നു.

[illegible] പൗരസ്ത്യ കാതോലിക്കാ [illegible] [illegible] ദൈവം [illegible] നിങ്ങൾ [illegible]. നാം [illegible] [illegible] ദൈവം [illegible] നിങ്ങളെ [illegible].

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ......

1975 ഒക്ടോബർ 30-ാം തീയതി

നമ്പർ 11/75

നമ്മുടെ.. ....പള്ളിയിലെ വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നിരണം ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്ന കാലംചെയ്ത നമ്മുടെ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ മൂന്നാം ഓർമ്മദിനം ആചരിക്കുന്നത് 1975 ഡിസംബർ രണ്ടും മൂന്നും തീയതികളിലാണല്ലൊ. നിങ്ങളെ ദീർഘകാലം വഴിനടത്തിയ ആ വന്ദ്യ പിതാവിന്റെഓർമ്മ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പത്തനാപുരം ദയറായിൽ ഭക്തിപൂർവ്വം കൊണ്ടാടുന്നതാണ്. അതിൽ നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടെ പോയി സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

1975 നവംബർ 10–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നു്

No. 13/75

Peace in our Lord to our Metropolitan Philipose Mar Theophilus.

As recommended by the Inter Church Relations Committee of the Holy Episcopal Synod the following persons including yourself are appointed to represent our Church in the Fifth Assembly of the World Council of Churches to be held at Nairobi from 23rd November to 10th December 1975.

1. His Grace Philipose Mar Theophilus Metropolitan, Trikunnathu Seminary, Alwaye.
2. His Grace Paulose Mar Gregorios Metropolitan Principal, Orthodox Theological Seminary, Kottayam
3. Deacon K.M.George, Orthodox Theological Seminary
4. Shri P.C. Abraham, Kottayam
5. Mrs. P.C.Abraham, Kottayam
6. Mrs. Sarah Philip, Bombay.

നമ്പർ 19/75

[illegible]

1975 ഡിസംബർ 12

നമ്പർ 20/75

നമ്മുടെ..പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

നമ്മുടെ നിരണം ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനം പൂർവാധികം ശക്തി പ്രാപിക്കുകയും കഴിഞ്ഞ വർഷം ഏററവും കൂടുതൽ ശാഖകൾ രജിസ്റ്റർ ചെയ്യുകയും കവർ പിരിവ് ഏററവും കൂടുതൽ ശേഖരിക്കുകയും ചെയ്തതിനുള്ള ബഹുമതികളായ ഷീൽഡുകൾ നേടുകയും ചെയ്തതിൽ നാം സന്തോഷിക്കുകയും ആയതിനുവേണ്ടി ഉത്സാഹിച്ച പ്രവർത്തകരെ നാം അനുമോദിക്കുകയും ചെയ്യുന്നു.

നിരണം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ തന്നാണ്ടത്തെ വാർഷികസമ്മേളനം 1976 ജനുവരി 9, 10, 11 (വെള്ളി, ശനി, ഞായർ) തീയതികളിൽ നമ്മുടെ പാതിക്കാട്ട് സെന്റ് പീറ്റേഴ്സ് & പോൾസ് പള്ളിയിൽവച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രസ്തുത സമ്മേളനത്തിന് തോമസ് മാർ തീമോത്തിയോസ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ നേതൃത്വം നല്കും. ആയതിലേക്ക് ആ പള്ളിയിൽനിന്നും കുറഞ്ഞപക്ഷം രണ്ടു പ്രതിനിധികളെ എങ്കിലും പള്ളിച്ചെലവിൽ അയയ്ക്കണം. ശാഖകൾ ഇല്ലാത്ത പള്ളികളിൽനിന്നും വികാരിമാർ രണ്ടു യുവാക്കളെ നിശ്ചയിച്ചു അയയ്ക്കേണ്ടതാണ്. വാർഷിക സമ്മേളനം 9–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് ആരംഭിക്കുന്നതും 11–ാം തീയതി ഞായറാഴ്ച 1 മണിക്ക് സമാപിക്കുന്നതുമായിരിക്കും. രജിസ്ട്രേഷൻ ഫീസ് 13 രൂപായാണ്. വിശദവിവരങ്ങൾ ഭദ്രാസന സെക്രട്ടറി നോട്ടീസ് മുഖേന നിങ്ങളെ അറിയിക്കും.

നമ്മുടെ എല്ലാ പള്ളികളിലേയും യുവജനപ്രസ്ഥാന ശാഖകൾ ആത്മീയമായി വളരുന്നതിനും വേണ്ടവിധം പുരോഗമിക്കുന്നതിനും വികാരിമാരും മാനേജിംഗ് കമ്മററി അംഗങ്ങളും ഉത്സാഹമായി പ്രവർത്തിക്കണം. ശാഖകൾ ഇല്ലാത്ത പള്ളികളിൽ ഒരു മാസത്തിനകം ശാഖകൾ രൂപീകരിക്കണം. ശേഷം പിന്നാലെ.

സർവശക്തനായ ദൈവം നിങ്ങളെ ഏവരേയും എല്ലാ പ്രകാരത്തിലും അനുഗ്രഹിക്കട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമാ ശ്ലീഹായുടേയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

എന്നു്,
1975 ഡിസംബർ 10–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്നു്.

No. 21/75

The Minister for Home
Govt: of Kerala
TRIVANDRUM.

Dear Home Minister:

We are deeply thankful to you for your hearty condolences on the sad demise of Our Predecessor His Holiness Baselius Augen I, Catholicos of the East and for the wreath placed on your behalf by the Superintendent of Police, Kottayam.

In this connection We wish to thank the Police at Kottayam and especially the Superintendent of Police Shri R.P.C. Nair I.P.S. and the Dy.S.P. Shri C.T.Antony for the very commendable service done by them in maintaining order at the funeral ceremony and during the procession, befitting the solemnity of the occasion. Kindly convey our thanks to them.

May God the Almighty bless you and your men at Kottayam and throughout Kerala and bless you all to discharge your duties faithfully and efficiently.

Yours faithfully,

Baselius Mar Thoma Mathews I
CATHOLICOS OF THE EAST & MALANKARA METROPOLITAN

Copy to: The Inspector General of Police, Trivandrum
The Superintendent of Police, Kottayam.

നമ്പർ 23/75

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വർക്കിംഗ് കമ്മറ്റി മെമ്പർ

പ്രിയനെ,

നമ്മുടെ വർക്കിംഗ് കമ്മറ്റിയുടെ ഒരു യോഗം താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി 1975 ഡിസംബർ 31-ാം തീയതി ബുധനാഴ്ച പകൽ പത്തുമണിക്ക് കോട്ടയം കാതോലിക്കേറ്റ് അരമനയിൽ വച്ചു കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ ആ യോഗത്തിൽ വന്നു സംബന്ധിക്കണമെന്നു നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

ആലോചനാ വിഷയങ്ങൾ

1. മുൻയോഗത്തിന്റെ മിനിട്ട്സും മിനിട്ട്സിലെ വിഷയങ്ങളും.
2. മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മറ്റിയുടെ അടുത്ത യോഗത്തിന്റെ തീയതിയും അജണ്ടായിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും.
3. സഭാ സെക്രട്ടറിയേറ്റ് പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട്.
4. സഭാ ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെപ്പറ്റി.
5. വർക്കിംഗ് കമ്മറ്റിയുടെ അടുത്ത യോഗത്തിന്റെ തീയതി
6. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ

ഒപ്പ്,

1975 ഡിസംബർ 18-ാം തീയതി

നമ്പർ 28/75

നമ്മുടെ ....പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നമ്മുടെ പരിശുദ്ധ പിതാവായ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഈ മാസം 8–ാംതീയതി തിങ്കളാഴ്ച കാലംചെയ്ത വിവരം വർത്തമാനപത്രങ്ങൾ മുഖേന നാം നിങ്ങളെ അറിയിച്ചിരുന്നല്ലോ. കൂടാതെ, തിരുമനസ്സിലെ കബറടക്കം 9–ാംതീയതി ചൊവ്വാഴ്ച കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടത്തുന്നതാണെന്നും, തിരുമേനിയോടുള്ള ഭക്തി ബഹുമാന സൂചകമായി 1976 ജനുവരി 6–ാംതീയതിവരെയുള്ള ദിവസങ്ങൾ വിലാപ ദിനങ്ങളായി ആചരിക്കണമെന്നും ആ ദിവസങ്ങളിൽ നമ്മുടെ പള്ളികളിലും സ്ഥാപനങ്ങളിലും ആഘോഷപൂർവ്വമായ പരിപാടികൾ ഒന്നും പാടില്ലെന്നും നാം അറിയിച്ചിരുന്നു. തിരുമനസ്സിലെ കബറടക്കം 9–ാംതീയതി നടത്തി. ആയുഷ്കാല സമ്പൂർണ്ണതയിലാണ് തിരുമനസ്സുകൊണ്ട് കാലംചെയ്തതെന്നുള്ള വസ്തുത നമ്മുടെ ദുഃഖത്തെ തെല്ലും ശമിപ്പിക്കുന്നില്ല. മാർ തോമാശ്ലീഹായുടെ പൌരസ്ത്യ സിംഹാസനത്തെയും സഭയുടെ സ്വാതന്ത്ര്യത്തെയും ചോദ്യം ചെയ്യുവാൻ അടുത്ത കാലത്തു മുതിർന്നവർക്ക് എതിരായി യുക്തമായ നടപടികൾ സധൈര്യം സ്വീകരിച്ച ആ ശ്രേഷ്ഠമഹാപുരോഹിതന്റെ ദേഹവിയോഗംമൂലം സഭയ്ക്ക് ഉണ്ടായിട്ടുള്ള നേതൃത്വനഷ്ടം അപരിഹാര്യമാണ്. ദിവംഗതനായ ആ തിരുമനസ്സിലെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും ആ നഷ്ടം പരിഹരിച്ചു കിട്ടുവാൻ സഹായിക്കുമെന്നു നാം പ്രത്യാശിക്കുന്നു.

ഈ മാസം 9–ാംതിയതി കബറടക്ക ശുശ്രൂഷ കഴിഞ്ഞ്, ശേഷം കാര്യങ്ങളെപ്പററി നമ്മുടെ മെത്രാപ്പോലീത്തന്മാരും നാമും ചേർന്നും, പിന്നീട് 15–ാംതീയതി നമ്മുടെ ആലോചനാ സമിതി അംഗങ്ങളുടെയും മെത്രാസന സെക്രട്ടറിമാരുടെയും മററും ഒരു യോഗം ചേർന്നും ആലോചിച്ച്, തിരുമനസ്സിലെ 30–ാം ദിവസമടിയന്തരം 1976 ജനുവരി 6, 7, എന്നീ തീയതികളിൽ കാതോലിക്കേററ് അരമന ചാപ്പലിൽവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. അടിയന്തരത്തിന്റെ നടത്തിപ്പിനു നമ്മുടെ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ ഒരു കമ്മററിയെ നാം നിയമിച്ചിട്ടുണ്ട്.

ഭാഗ്യസ്മരണാർഹനായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ ഓർമ്മ പെരുനാൾ ജനുവരി രണ്ടും മൂന്നും തീയതികളിലാണല്ലോ ആണ്ടുതോറും ആഘോഷിച്ചുവരുന്നത്. എന്നാൽ 1976 ജനുവരി രണ്ടും മൂന്നും തീയതികൾ മേൽപ്രസ്താവിച്ചിട്ടുള്ളപ്രകാരം ദുഃഖാചരണ ദിനങ്ങളാകയാൽ, ആ തീയതികളിൽ തിരുമനസ്സിലെ ഓർമ്മ പെരുനാളിനു പതിവുള്ള ആഘോഷ പരിപാടികൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല; ജനുവരി 3–ാംതീയതി ശനിയാഴ്ച കാതോലിക്കേററ് അരമന ചാപ്പലിൽ വി. മൂന്നിന്മേൽ കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും മാത്രമേ ഉണ്ടായിരിക്കുകയുള്ളു. എന്നാൽ തിരുമനസ്സിലെ ഓർമ്മപ്പെരുനാൾ ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സിലെ 30–ാംദിവസമടിയന്തരത്തോട് ഒരുമിച്ച് 1976 ജനുവരി ആറും ഏഴും തീയതികളിൽ നടത്തുന്നതും ആ തീയതികളിൽ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള തീർത്ഥയാത്ര, കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നിന്നുള്ള റാസ മുതലായവ ഉണ്ടായിരിക്കുന്നതും ആണ്. ഇപ്പോഴത്തെ അടിയന്തിരാവസ്ഥയും ഭക്ഷ്യനയവും സംബന്ധിച്ചുള്ള ചട്ടങ്ങളെ ആദരിച്ച് ഓർമ്മപെരുനാളിനും അടിയന്തരത്തിനും സദ്യ വേണ്ടെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾക്ക് അനുയോജ്യമായ പരിപാടികൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. അവയുടെ ആവശ്യത്തിലേക്ക് യുക്തമെന്നു തോന്നുന്ന ഒരു തുക ഉടനെതന്നെ നമ്മുടെ പേർക്ക് അയച്ചുതരണം.

നിങ്ങളേവരും നേർച്ച കാഴ്ചകളോടു കൂടിവന്ന് ഓർമ്മ പെരുനാളിലും അടിയന്തരത്തിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു പോകണമെന്ന് നാം താല്പര്യപ്പെടുന്നു. പ. പിതാക്കന്മാരുടെ പ്രാർത്ഥന നമുക്ക് എല്ലാവർക്കും എന്നും കോട്ടയും കാവലും ആയിരിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യക മറിയാമിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടെയും, ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ......................................

1975 ഡിസംബർ 26–ാംതീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്

നമ്പർ 1/76

നമ്മുടെ ... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്:

പ്രിയരെ,

നമ്മുടെ സഭയുടെ ഇന്നത്തെ പ്രത്യേക വിഷമപരിതസ്ഥിതിയിൽ സഭ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ തരണം ചെയ്യത്തക്കവണ്ണം സഭാംഗങ്ങൾ സഹായിക്കണമെന്ന നമ്മുടെ മുൻഗാമി പ: ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സിലെ 135/74-ാം നമ്പർ കല്പനയും നമ്മുടെ A 1/75, 400/75 എന്നീ നമ്പർ കല്പനകളും അനുസരിച്ച് സഭയുടെ സുസ്ഥിരമായ നിലനില്പിനും സംരക്ഷണത്തിനും വേണ്ടി കൈ തുറന്നും ആത്മാർത്ഥമായും സഹകരിച്ച ആ ഇടവകയിൽപെട്ട നമ്മുടെ വാത്സല്യമക്കളോട് നമുക്കുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. അവിടെ പിരിവിനായി എത്തിയ നമ്മുടെ മെത്രാപ്പോലീത്തായോടൊപ്പം പിരിവിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ള ആ പള്ളി വികാരിയും കമ്മറ്റിക്കാരും ഇടവകജനങ്ങളും ഈ രംഗത്തിൽ ഉണർന്നും ഉത്സാഹിച്ചും പ്രവർത്തിച്ചു പിരിവുവിജയിപ്പിച്ചതു ദൈവത്തിന്റെ സഭയുടെ നിലനില്പിനുവേണ്ടിയാണെന്നും സഭയുടെ സംരക്ഷണത്തിനുവേണ്ടി അല്പമായോ അധികമായോ സഹായിക്കുന്നവരെ ദൈവംതമ്പുരാൻ തന്റെ അനവധിയായ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ കൊണ്ടു നിറക്കുമെന്നും നാം വിശ്വസിക്കുന്നു. തുടർന്നും സത്യം വിശ്വസിക്കുന്നതിനും സഭയുടെ സുസ്ഥിരമായ നിലനില്പ് അഭംഗുരം തുടരുന്നതിനും സഭാമക്കളുടെ സഹകരണവും പ്രാർത്ഥനയും ആവശ്യമത്രേ. പിരിവിൽ സഹകരിച്ചവരെയും അതിന്റെ വിജയത്തിൽ സഹായിച്ചവരേയും ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

നമ്പർ 6/76

നമ്മുടെ പുത്തൻകുരിശു സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് സുറിയാനി പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:

പ്രിയരെ,

1975 ഡിസംബർ 28-ാം തീയതി ഞായറാഴ്ച ആ പള്ളിയിൽ കൂടിയ വാർഷിക പൊതുയോഗം സഭാഭരണഘടനക്കും കീഴ്വഴക്കങ്ങൾക്കും എതിരായിട്ടാണ് നടത്തിയതെന്നും പൊതുയോഗ ഡയറിയിൽ പള്ളിയുടെ പേര് വ്യത്യസ്തമായ രീതിയിലാണ് എഴുതിയതെന്നും യോഗസ്ഥലത്ത് ഹാജരില്ലായിരുന്ന അംഗങ്ങളുടെ വീടുകളിലും മറ്റും പോയി അവരെക്കൊണ്ട് ഒപ്പിടുവിച്ചെന്നും മറ്റും വിവരിച്ച് കണ്ണേത്തുവർക്കി ഇട്ടൻപിള്ള, കണ്ണേത്ത് അബ്രഹാം കത്തനാർ ജോർജ്ജ് മുതൽ പേർ നമ്മുടെ മുമ്പാകെ ഒരു ഹർജി സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത ഹർജി നാം പരിഗണിച്ചതിൽ, ടി യോഗം കൂടിയതും ഡയറി എഴുതി ഒപ്പിടുവിച്ചതും ശരിയായിട്ടല്ലെന്നു പ്രഥമദൃഷ്ട്യാ കാണുന്നതിനാൽ, ടി ഹർജി നാം കേട്ടു തീരുമാനിക്കുന്നതുവരെ ടി യോഗം പാസ്സാക്കിയിട്ടുള്ള നിശ്ചയങ്ങൾ നടപ്പിൽ വരുത്തരുതെന്ന് നാം ഈ കല്പന മൂലം അറിയിച്ചിരിക്കുന്നു. ശേഷം കാര്യങ്ങൾ നാം പിന്നാലെ അറിയിക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..... ഇത്യാദി.

1976 ജനുവരി 7-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

[signature]

നമ്പർ 7/76

നമ്മുടെ ....പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

മലങ്കര മെത്രാപ്പോലീത്താ കൂടിയായിരുന്ന പൌരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് വാദ്ധക്യസഹജമായ ശരീരാസ്വാസ്ഥ്യം മൂലം തിരുമനസ്സിലെ ഭരണഭാരം ലഘൂകരിക്കേണ്ടത് ആവശ്യമാണെന്നു കാണുകയാൽ, മലങ്കര മെത്രാപ്പോലീത്താ സ്ഥാനം 1975 സെപ്റ്റംബർ 21-ാംതീയതി വിട്ട് ഒഴിയുകയും നാം അന്ന് ആസ്ഥാനം ഏറ്റെടുക്കുകയും ചെയ്ത വിവരം തിരുമനസ്സുകൊണ്ട് 1975 സെപ്റ്റംബർ 24-ാംതീയതി അയച്ച 175/75-ാം നമ്പർ കല്പന മൂലം നിങ്ങളെ അറിയിച്ചിട്ടുണ്ടല്ലോ. അങ്ങനെ നടന്നുവരവേ, തിരുമനസ്സിലെ അസുഖം വർദ്ധിച്ചതു നിമിത്തം പൌരസ്ത്യ കാതോലിക്കാ എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും തിരുമനസ്സിലേക്കു പ്രയാസം ഉണ്ടാകുകയാൽ സഭാഭരണം പൂർണ്ണമായി വിട്ട് ഒഴിയണമെന്നു തീരുമാനിച്ചിരിക്കുകയാണെന്നും തിരുമനസ്സിലെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നമ്മുടെ സിംഹാസനാരോഹണത്തോടു കൂടി സഭാഭരണം പൂർണ്ണമായി വിട്ട് ഒഴിയുന്നതാകയാൽ അത് എത്രയും വേഗം നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും തിരുമനസ്സുകൊണ്ട് 1975 ഒക്ടോബർ 11-ാംതീയതി അയച്ച 177/75-ാം നമ്പർ കല്പനവഴി മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിനെ അറിയിച്ചു. ആ അറിയിപ്പ് അനുസരിച്ച്, 1975 ഒക്ടോബർ 21-ാം തിയതി കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസ് അതേപ്പറ്റി ആലോചിക്കുകയും നമ്മുടെ സിംഹാസനാരോഹണം 1975 ഒക്ടോബർ 27-ാം തീയതി കോട്ടയം പഴയ സിമ്മനാരിയിൽവച്ചു നടത്തണമെന്നു നിശ്ചയിക്കുകയും ആ നിശ്ചയപ്രകാരം ആ തീയതിയിൽ പ്രസ്തുത സിമ്മനാരിയിൽവച്ച് നമ്മെ ബസ്സേലിയോസ് മാർ തോമാ മാത്യൂസ് പ്രഥമൻ എന്ന സ്ഥാനപ്പേരിൽ പൌരസ്ത്യ കാതോലിക്കാ ആയി മാർ തോമാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ അവരോധിക്കുകയും ചെയ്തു. അങ്ങനെ നാം മുമ്പ് ഏറ്റെടുത്തിരുന്ന മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തോടൊപ്പം, 1975 ഒക്ടോബർ 27-ാംതീയതി പൌരസ്ത്യകാതോലിക്കാ സ്ഥാനവും ഏറ്റെടുത്തെന്നും അപ്രകാരം നടന്നു വരുകയാണെന്നും ഉള്ള വിവരം വർത്തമാനപ്പത്രങ്ങൾ വഴിയായി അറിയിച്ചിട്ടുള്ളതാണല്ലോ.

ഇപ്പോൾ ഒരു പുതുവർഷം ആരംഭിച്ചിരിക്കയാണല്ലോ. സഭയുടെ ഉന്നമനത്തെ ലക്ഷ്യമാക്കി സഭാംഗങ്ങൾ ഒത്തൊരുമിച്ച് കൂടുതൽ ത്യാഗപൂർവ്വം പ്രവർത്തിക്കേണ്ട ഒരു കാലഘട്ടമാണ് ഇത്. സഭയിൽ വീണ്ടും തർക്കങ്ങളും വ്യവഹാരങ്ങളും ഉണ്ടായിരിക്കുന്നു. സഭയുടെ സ്വാതന്ത്ര്യവും കാതോലിക്കേററിന്റെ അധികാരാവകാശങ്ങളും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ദുർഘടഘട്ടം വിജയപൂർവ്വം തരണംചെയ്യാനുള്ള പരിശ്രമത്തിൽ നിങ്ങൾ ഏവരും സർവ്വാത്മനാ സഹകരിക്കുമെന്നു നാം വിശ്വസിക്കുന്നു. നാം ഏറെറടുത്തിട്ടുള്ള സ്ഥാനങ്ങൾക്ക് അടുത്ത എല്ലാ ചുമതലകളും സഭയുടെ സുസ്ഥിരമായ നിലനില്പിനും സർവ്വതോമുഖമായ അഭിവൃദ്ധിക്കും അനുയോജ്യമായ വിധത്തിലും കാര്യക്ഷമമായും സർവ്വോപരി ദൈവഹിതപ്രകാരവും നിർവ്വഹിക്കാൻ ദൈവം തിരുമനസ്സായി നമുക്ക് അറിവും കഴിവും നല്കാൻ നിങ്ങൾ പ്രാർത്ഥിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യക മറിയാമിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടെയും, ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ......................................

1976 ജനുവരി 7—ാംതീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്നു്

നമ്പർ 8/76

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അസോസ്യേഷൻ മാനേജിങ്ങ് കമ്മററി മെമ്പർ .... വാഴ്‌വ്
പ്രിയനെ,

നമ്മുടെ അസോസ്യേഷൻ മാനേജിങ്ങ്കമ്മററിയുടെ ഒരു സാധാരണയോഗം താഴെ പറയുന്ന വിഷയങ്ങളെപററി ആലോചിക്കുന്നതിനായി 1976 ഫെബ്രുവരി 5—ാം തീയതി വ്യാഴാഴ്ച പകൽ പത്തു മണിക്ക് കോട്ടയം പഴയസിമ്മനാരിയിൽവച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിൽ നിങ്ങൾ വന്നു സംബന്ധിക്കണമെന്നു് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

ആലോചനാവിഷയങ്ങൾ

1. (a) മുൻ യോഗത്തിന്റെ മിനിട്ട്സും മിനിട്ട്സിൽനിന്നു് ആവിർഭവിക്കുന്ന വിഷയങ്ങളും.
   (b) മുൻയോഗനിശ്ചയങ്ങൾ സംബന്ധിച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.
2. സമുദായവരവു ചെലവുകളുടെ 1974—75—ലെ തിരട്ട്.
3. മാനേജിങ്ങ്കമ്മററിയുടെ അടുത്ത യോഗം എന്നു കൂടണമെന്നുള്ളതിനെ പററി.
4. അദ്ധ്യക്ഷൻ അനുവദിക്കുന്ന മററുവിഷയങ്ങൾ.

1976 ജനുവരി 7—ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്.

No. 13/76

Dear Dr. Grueber,

We thank you and Pastor Siegried Wiesinger and all your coworkers for your greetings and cordial good wishes on our accession to the Catholicate of the East and for Your deep sorrow at the demise of our Predecessor. We thank you for the kind sentiments and reciprocate your love and friendship.

It is a matter of happiness to us that the Christoffel Blindenmission is associated with two of the hospitals belonging to our Church, viz. M.G. D.M. Hospital, Kangazha and the Malankara Orthodox Syrian Chuch Medical Mission Hospital, Kolenchery.

As the President of the Governing Board of M.G.D.M.Hospital, Kangazha, we are in close touch with the work being done there. Dr. Avis Eapen is in charge of the Ophthalmology Department. She has a sense of dedication which shows in her work. A large number of poor patients derive benefit from the service she renders.

On 11. 12.1975, we had the privilege of consecrating the new general ward for Eye patients. On that occasion, we had the pleasure of meeting Mr.G. Michael, your South Asia Representative. From his report, you ~~all~~ will have obtained a picture of the Hospital.

Mr. P. Geevarghese, the Founder and Managing Trustee is a man of vision and deep devotion. With rare insight, he chose a location for the hospital in a remote village far from cities and civilization. His primary object was to take medical care to the poor and needy in rural areas. He nurtured the institution all by himself, but always under the patronage of the Church, till it grew to a strength of 200 odd beds. After having spent lakhs of rupees on the Hospital, in a gesture of supreme graciousness, he made an unconditional gift of it to the Malankara Orthodox Syrian Church. As Managing Trustee, he continues to administer the hospital on behalf of the Church and looks after every facet of its growth and improvement. We commend him to you as one with a rare sense of responsibility and concern for his fellow-man.

We wish to assure you that we deem it a privilege to be your partners in the service of the Lord.

With apostolic blessings,

Yours Sincerely,

നമ്പർ 29/76

കർത്താവിൽ നമ്മുടെ സഹോദരൻ മത്യാസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം.

നാം 1976 ജനുവരി 7-ാം തിയതി 8/76-ാം നമ്പരായി അയച്ച കല്പന പ്രകാരം 1976 ഫെബ്രുവരി 5-ാം തിയതി വ്യാഴാഴ്ച കോട്ടയം പഴയ സെമിനാരിയിൽ കൂടുന്ന മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനു നമുക്കു സൗകര്യമില്ലാതെ വന്നിരിക്കുന്നതിനാൽ നമുക്കുവേണ്ടി ആ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനും അതു നടത്തുന്നതിനും [illegible] നാം നിയോഗിക്കുകയും അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

1976 ഫെബ്രുവരി 3-ാം തിയതി

നമ്പർ 36/76

നമ്മുടെ..ഓർത്തഡോക്സ് പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നമ്മുടെ സഭയിലെ യുവജനപ്രസ്ഥാനം സഭ ഒട്ടാകെ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്ന ബഹുമുഖകർമ്മ–ബഹുജനസമ്പർക്കപരിപാടിയിലേക്ക് നാം നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ഇടവകകൾതോറും ആത്മീയനവോത്ഥാനം ഉണ്ടാകുവാനുള്ള പ്രവർത്തനങ്ങൾ, ഭവനസന്ദർശനം, സമ്പൂർണ്ണ മദ്യവർജ്ജനപ്രചരണം, കാതോലിക്കേറ്റ് പ്രചരണയോഗങ്ങൾ, കേന്ദ്രഓഫീസിനും യൂത്തു സെൻററിനും മലബാർ മെത്രാസനസംരക്ഷണത്തിനുംവേണ്ടി ഒന്നാം ഘട്ടമായി ഒരു ലക്ഷം രൂപയുടെ ഫണ്ടു ശേഖരണം തുടങ്ങിയ നിരവധി കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആയതിനുവേണ്ടി സഭാംഗങ്ങൾ എല്ലാവരും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണം. നിരണം മെത്രാസനത്തിൽ മേല്പറഞ്ഞ പരിപാടികൾ പ്രാവർത്തികമാക്കുന്നതിനെപ്പററി ചർച്ചചെയ്തു തീരുമാനിക്കുന്നതിനും ആവശ്യമായ കമ്മിററികൾ രൂപവൽക്കരിക്കുന്നതിനും മററുമായി 1976 ഫെബ്റുവരി 29–ാം തീയതി ഞായറാഴ്ച 3 മണിക്ക് തിരുവല്ലാ ബഥനി അരമനയിൽവച്ച് നിരണം മെത്രാസന പള്ളിപ്രതിനിധികളുടെ ഒരു യോഗം കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ആയതിലേക്ക് ആ പള്ളിയിൽനിന്നും വികാരിയും യുവജനസമാജം സെക്രട്ടറിയും മററൊരു പ്രതിനിധിയും ഉൾപ്പെടെ മൂന്നു പേരെ പള്ളിച്ചെലവിൽ അയയ്ക്കണം.

കല്ലൂപ്പാറ കൺവൻഷനോടനുബന്ധിച്ച് ഫെബ്റുവരി 21–ാം തീയതി ശനിയാഴ്ച ഒരു മണിക്ക് കൂടുന്ന യുവജനസമ്മേളനത്തിൽ നമ്മുടെ യുവാക്കളെല്ലാം സംബന്ധിക്കേണ്ടതാകുന്നു.

നിരണം മെത്രാസന യുവജനപ്രസ്ഥാനത്തിൻെറ വൈസ്പ്രസിഡൻറായി നമ്മുടെ പാതിക്കാട്ടു പള്ളിവികാരി ഫാ. കെ. സി. അലക്സിയോസിനേയും, മെത്രാസന സെക്രട്ടറിയായി ചെന്നിത്തലപ്പള്ളി ഇടവകാംഗവും ഇപ്പോൾ മെത്രാസന പടിഞ്ഞാറൻ മേഖലാ സെക്രട്ടറിയും കേന്ദ്രസമിതി അംഗവുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എം. യോഹന്നാനേയും ഈ മാർച്ച് ഒന്നിന് ചാർജ്ജെടുക്കത്തക്കവണ്ണം ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ നാം നിയമിച്ചിരിക്കുന്നു. മെത്രാസനത്തിലെ എല്ലാ പള്ളിക്കാരും വേണ്ട സഹായസഹകരണങ്ങൾ നല്കി ഇവരെ പ്രോത്സാഹിപ്പിക്കണം.

ഈ വർഷത്തെ 'യുവജനദിനം' 1976 മാർച്ച് 14–ാം തീയതി ഞായറാഴ്ച മെത്രസനാത്തിലെ എല്ലാ പള്ളികളിലും കൊണ്ടാടേണ്ടതാണ്. അന്നേദിവസം പ്രസ്ഥാനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും യുവജനസമ്മേളനങ്ങൾ കൂടുകയും ചെയ്യണം. അന്നത്തെ കാണിക്ക (അന്ന് തവണയില്ലാത്ത പള്ളികളിൽ അടുത്ത ഞായറാഴ്ചത്തെ) പുതിയ മെത്രാസന സെക്രട്ടറി എം. യോഹന്നാൻെറ പേർക്ക് (മേരീലാൻഡ്, ഇരമത്തൂർ പി. ഒ., മാന്നാർ) എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....................................

എന്നു്,
1976 ഫെബ്രുവരി 4–ാംതീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്നു്.

നമ്പർ 43/76

നമ്മുടെ ....പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

വലിയ നോമ്പ് ഈ ആണ്ടിൽ മാർച്ച് 1–ാം തീയതി ആരംഭിക്കും. ആത്മികജീവിതം പുഷ്ടിപ്പെടുത്തുന്നതിന് നോമ്പാചരണം അത്യന്താപേക്ഷിതമാണെന്ന് നിങ്ങൾക്ക് അറിയാമല്ലൊ. സംയമനം കഴിവുകളെ ശക്തിപ്പെടുത്തുകയും സ്നേഹത്തെ മുൻനിർത്തി ചെയ്യുന്ന പരിത്യാഗം അവയെ സംശുദ്ധമാക്കുകയും ചെയ്യുന്നു. നോമ്പാചരണം വഴി ഇവ രണ്ടും സാധിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഏവരും പ്രാർത്ഥന, ഉപവാസം ആദിയായി കല്പിക്കപ്പെട്ടിട്ടുള്ള എല്ലാ വ്രതാനുഷ്ഠാനങ്ങളോടും കൂടി നോമ്പാചരിക്കണമെന്നും സത്യകുമ്പസാരം നടത്തി വിശുദ്ധ കർബ്ബാന അനുഭവിക്കണമെന്നും നാം ഉൽബോധിപ്പിക്കുന്നു.

വലിയനോമ്പിലെ 36–ാം ഞായറാഴ്ച (ഏപ്രിൽ 4–ാം തീയതി) പതിവനുസരിച്ച് കാതോലിക്കാദിനമായി ആചരിക്കേണ്ടതാകുന്നു. കാതോലിക്കാദിനത്തോട് അനുബന്ധിച്ച നടത്തുന്ന പണപ്പിരിവിനുള്ള കവറുകളും ഫാറങ്ങളും തത്സംബന്ധമായ വിജ്ഞാപനവും നമ്മുടെ ആപ്പീസിൽനിന്ന് മെത്രാസന ആപ്പീസുകൾവഴി പള്ളികൾക്ക് അയച്ചുതരുന്നതായിരിക്കും. ഇക്കൊല്ലത്തെ പിരിവ് മുൻകൊല്ലത്തെ പിരിവിനെ അപേക്ഷിച്ച് കൂടുതൽ വിജയകരമാക്കേണ്ടതു് ഇപ്പോഴത്തെ സാഹചര്യത്തിൽ അത്യാവശ്യമാണല്ലോ. മാർതോമ്മാശ്ലീഹായുടെ സിംഹാസനത്തോടും കാതോലിക്കാ സ്ഥാപനത്തോടുമുള്ള സ്ഥായിയായ കൂറിൻെറയും ഭക്തിയുടെയും പ്രതീകമായി വേണം ഈ ഫണ്ടു പിരിവിനെ പരിഗണിക്കാൻ. ഈ ലക്ഷ്യത്തെ മുൻനിർത്തി ഓരോ ഗൃഹനായകനും സ്വന്തമായി വരുമാനമുള്ള മററംഗങ്ങളും അവരവരുടെ ഒരു ദിവസത്തെ ശരാശരി വരുമാനമെങ്കിലും സംഭാവന ചെയ്യണം.

ഇരുപത്തൊന്ന് വയസ്സ് പൂർത്തിയായിട്ടുള്ള എല്ലാ പുരുഷന്മാരും റീശീസാ തരേണ്ടതാകുന്നു. കാതോലിക്കാദിനപ്പിരിവും റീശീസാപ്പിരിവും പുതു ഞായറാഴ്ച (ഏപ്രിൽ 25) ക്കകം പൂർത്തിയാക്കുകയും പിരിവുതുകകളും ലിസ്ററുകളും പിറേറദിവസംതന്നെ നമ്മുടെ പേർക്ക് അയച്ചുതരികയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യക മറിയാമിൻെറയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും, ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.....................................

എന്നു്,
1976 ഫെബ്രുവരി 4–ാം തീയതി

45/96.

[illegible]

[illegible]

[illegible]

[illegible]

[illegible]

1976 [illegible] 20 – [illegible]

[illegible]

[illegible]

1. [illegible]

2. 1925 – [illegible] 16 – [illegible]

[illegible]

No. 49/76

Blessings to the members of the Malankara Orthodox Syrian Church in Saudi Arabia.

Beloved of the Lord,

We received your request for the recognition of the St. Thomas Orthodox Congregation in Saudi Arabia formed when H.G. Geevarghis Mar Osthathios Metropolitan visited you for the collection of the Catholicate Defence Fund. We thank you once again for the liberal and hearty co-operation for the success of the collection drive and it shows your love and concern for the Church. In response to the request you have made we have great pleasure to recognise the St. Thomas Orthodox Congregation in Saudi Arabia. We also approve and appoint the Office bearers elected by you on Sept.13,1975 under the presidentship of H.G. Geevarghese Mar Osthathios and whose names have been reported to us, to their respective positions until further orders.

We praise God that the boundaries of our Church are widening in new areas.

May the grace of our Lord be with you all.

Our Father Who Art In Heaven.........Amen.

നമ്പർ 160/76



[illegible]

1976 സെപ്തംബർ 16-ാം തീയതി [illegible]

[illegible] 205/76 21

[illegible]

[illegible]

[illegible] 23.11.1976 [illegible] 190/76 [illegible]

[illegible] 29.11.1976 [illegible]

[illegible] "as authorised by the Malankara Metropolitan" [illegible]

[illegible] "nominees of the Malankara Metropolitan" [illegible]

[illegible]

No. 207/76

His All-Holiness Patriarch Dmitros
of Constantinople,
Fener, Istanbul.

Your Holiness,

In this season when we celebrate the Coming of our Lord, we would like to send to Your Holiness and to all the bishops, clergy and people of your Church our warm regards and joyful felicitations in Christ. May the Prince of Peace bring peace to the nations and joy to the hearts of all mankind. May love and truth triumph and may justice and righteousness flourish in the world. May the Peace of Christ banish all strife and war, and may the reigh of Christ remove all darkness and evil from the face of the earth.

Let us rejoice, for unto us a Child is born; unto us a King is given. He shall redeem us from all evil, even from the power of death.

May the Peace of Christ dwell upon Your Holiness, upon your Church and upon the people of your country.

In Christ our Lord

നമ്പർ 209/76

നമ്മുടെ ... പള്ളി വികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:

പ്രിയരെ,

കാലം ചെയ്ത പ: ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ 13-ാം ഓർമ്മപെരുന്നാൾ 1976 ജനുവരി രണ്ടും മൂന്നും തിയതികളിൽ ആഘോഷിക്കുന്നതാണ്. ആ പെരുന്നാൾ ആഘോഷം സംബന്ധിച്ച കാര്യങ്ങളെ പററി ആലോചിക്കുന്നതിന് ഈ മാസം 31-ാം തിയതി ചൊവ്വാഴ്ച പകൽ നാലരമണിക്കു ഇവിടെ വച്ചു ഒരു യോഗം കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിൽ ആ ഇടവക വികാരിയും കൈക്കാരനും ഇടവക മാനേജിംഗ് കമ്മററിയിലെ ശേഷം അംഗങ്ങളും സംബന്ധിക്കണം. ആ ഇടവകയിലെ മററു അംഗങ്ങൾക്കും താല്പര്യമുള്ള പക്ഷം പ്രസ്തുത യോഗത്തിൽ സംബന്ധിക്കാവുന്നതാണ്. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....

എന്ന്,

1976 ഡിസംബർ 18-ാം തിയതി

No. 210/76

His Grace Dr. Alexander Mar Thoma Metropolitan,
Pulatheen A ramana,
Tiruvella.

Your Grace,

On the occasion of the Blessed and Hoły Nativity of our Lord, we warmly wish to convey to you our joyful felicitations and greetings in the name of our Lord. May the spirit of wisdom and understanding, the spirit of counsel and might, the spirit of kinowledge and of the fear of the Lord be with you and your people always. In these joyous days may the universe be filled with the workds of the angels that was heard on the first Christmas day, "Glory to God in the highest, and on earth peace, good will towards men".

In Christ our Lord

Baselius Mar Thoma Mathews I.

Copies to:

1. H.E. Cardinal Joseph Parekkattil
2. Mr. Philip Peter, General Secretary, World Council of Churches, 150 Route De Ferney, P.B.66 1211 Geneva 20.

നമ്പർ 211/76

നമുക്ക് ഏറെയും സ്നേഹിക്കപ്പെട്ടിരിക്കുന്ന
നമ്മുടെ — — — — — — — — . വാഴ്വ്.

പ്രിയനെ,

1976 ഡിസംബർ 23-ാം തീയതി വ്യാഴാഴ്ച പകൽ പത്തു മണിക്ക് കോട്ടയം പഴയസെമിനാരിയിൽ വച്ചു കൂടുന്ന മലങ്കര അസോസിയേഷനിൽ മാനേജിംഗ് കമ്മറ്റി യോഗത്തിന്റെ അജണ്ടായിൽ, സമുദായ വരവുചെലവുകളുടെ 1975-76-ലെ തിരട്ട് ഓഡിറ്റ് [illegible] ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആ യോഗത്തിൽ പ്രിയൻ വന്ന് സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ - ദൈവം അനുഗ്രഹിക്കട്ടെ.

1976 ഡിസംബർ 20-ാം

No. 212/76

Mrs. Indira Gandhi
Prime Minister of India
New Delhi.

Madam Prime Minister,

On this occasion of Christmas and New Year, I may extend to you, Madam, my warm felicitations and sincere greetings and pray that Almighty God may shower His blessings on you, your Government and the people of India.

Let me repeat the words that the angels said on the first Christmas Day, "Glory to God in the highest, on earth peace and good will towards men.

With warm regards,

Baselius Mar Thoma Mathews I
Catholicos of the East

നമ്പർ 216/76

നമ്മുടെ തിരുവല്ല: എം. ജി. എം. ഹൈസ്കൂൾ അങ്കണത്തെ മാലിത്തറ ഏലിയാസ് കത്തനാർ നഗറിൽ സമ്മേളിച്ചിരിക്കുന്ന ക്നാനായ ഭദ്രാസനത്തിലെ തെരഞ്ഞെടുക്കപ്പെട്ട വൈദികരും സത്യവിശ്വാസികളായ യോഗം ജനങ്ങളും കൂടിയിരിക്കുന്നതിൽ തിരുമേനിക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ ക്നാനായ സമുദായാംഗങ്ങൾ അവിടെ മലങ്കര ഭദ്രാസനത്തിൽ ഇന്ന് തിരുവല്ല മാലിത്തറ ഏലിയാസ് കത്തനാർ നഗറിൽ ക്നാനായ സമുദായ സംഘടന സമിതിയുടെ ആദ്യത്തെ സമ്മേളനം ചെയ്യുന്ന എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്.

മലങ്കരസഭാചരിത്രത്തിൽ ക്നാനായ സമുദായത്തിന് ഒരു പ്രധാനസ്ഥാനം ഉണ്ട്. ആ സമുദായത്തിലെ നേതാക്കന്മാർ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ നിലനില്പിനും സത്യവിശ്വാസസംരക്ഷണത്തിനും ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. അവരിൽ [illegible] ഞാവൻ കത്തനാർ, മാലിത്തറ യൗസേഫ് കത്തനാർ, പറയത്ത് തോമസ് കോറെപ്പിസ്കോപ്പ, ഇടവഴിക്കൽ ഇ.എം. ഫിലിപ്പ് മുതലായവരുടെ സേവനങ്ങൾ വിലപ്പെട്ടതാണ്.

എന്നാൽ അടുത്തകാലത്ത് ആ സമുദായത്തിൽപെട്ട ചിലർ അവരുടെ മുൻഗാമികൾ [illegible] ലക്ഷ്യത്തിന് വിപരീതമായി ഒരു സ്വതന്ത്ര സഭാവാദം ഉന്നയിക്കുന്നതിൽ നമുക്ക് വേദനയുണ്ട്. ഞങ്ങളുടെ പിതാക്കന്മാരുടെ കാലടികളെ പിൻതുടർന്നുകൊണ്ട് ക്നാനായ സമുദായത്തിന്റേതായ പ്രത്യേക സ്വഭാവങ്ങളെ,
പാരമ്പര്യങ്ങളെയും, ആചാരങ്ങളെയും, കീഴ്‌നടപടികളെയും നിലനിർത്തുന്നതോടൊപ്പം മലങ്കരസഭയുടെ ഒരു ഭാഗമായി- മലങ്കരസഭയുടെ ഒരു ഭദ്രാസനമായി- തന്നെ ഇരിക്കുന്നതിന് സമുദായാംഗങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്ന അവസരത്തിൽ ഈ സമ്മേളനം സാക്ഷ്യം വഹിക്കുന്നുണ്ട്. സമ്മേളനത്തിന്റെ എല്ലാ വിജയങ്ങളും നാം ആശംസിക്കുന്നു.

"ഉന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" എന്ന് മാലാഖമാർ നമ്മുടെ കർത്താവിന്റെ ജനനത്തിൽ പാടിയ ആദ്യസ്തുതിയ ഗീതത്തെ ഈ ക്രിസ്തുമസ് ദിനത്തിൽ വീണ്ടും നാം അനുസ്മരിക്കയും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗള ആശംസകൾ നിങ്ങൾക്ക് നാം നേരുകയും ചെയ്യുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെയും മേൽ സദാ വസിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ ഭാഗ്യവാന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ — ആമ്മീൻ

[illegible]

നമ്പർ 101/76

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷംജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

മദ്രാസ്, ബോംബെ, ഡൽഹി എന്നീ മൂന്നു പുതിയ മെത്രാസനങ്ങളും മലബാർ മെത്രാസനത്തിൽ ചേർക്കപ്പെട്ട ഏതാനും പള്ളികളും ഉൾപ്പെട്ട മുൻബാഹ്യകേരള മെത്രാസനത്തിലെ വൈദികരുടെയും പള്ളി പ്രതിപുരുഷന്മാരുടെയും, സഭാമാനേജിംഗ് കമ്മററി അംഗങ്ങളുടെയും ഏകോപിച്ചുള്ള 19–ാമതു വാർഷിക പൊതുയോഗം നമ്മുടെ 66/76–ാം നമ്പർ കല്പനപ്രകാരം കോട്ടയം പഴയസിമ്മനാരിയിലുള്ള സോഫിയാ സെൻററിൽ നമ്മുടെ അദ്ധ്യക്ഷതയിൽ 1976 മേയ് മാസം 20–ാനു- പകൽ 10 മണിക്കു കൂടി. മദ്രാസ് മെത്രാസന ഇടവകയുടെ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായും തദവസരത്തിൽ സന്നിഹിതനായിരുന്നു. പ്രസ്തുത വാർഷിക പൊതുയോഗം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

1. പുതിയ മെത്രാസനങ്ങളിലെ Pay scale, Service, Transfer മുതലായ കാര്യങ്ങൾ മുൻപതിവുപോലെ തുടർന്നു പോകത്തക്കവണ്ണം മൂന്നു മെത്രാസനങ്ങളിലെയും മെത്രാപ്പോലീത്തന്മാർ ആലോചിച്ചു തീരുമാനിക്കണമെന്നു ശുപാർശ ചെയ്യുന്നു.

2. ഇപ്പോഴുള്ള മിഷ്യൻഫണ്ട് അടുത്ത ഒരു വർഷത്തിനകം ഡൽഹി മെത്രാസനത്തിൽ ഒരു മിഷ്യൻ സെൻറർ ആരംഭിക്കുമെങ്കിൽ ആ സെൻററിനു കൊടുക്കണമെന്നും ഒരു വർഷത്തിനകം ആരംഭിക്കാത്ത പക്ഷം ആ ഫണ്ട് ഭിലായിമിഷ്യനു നല്കണമെന്നും സ്ക്കോളർഷിപ്പുഫണ്ട്, മദ്രാസ്, ബോംബെ, ഡൽഹി മെത്രാസനങ്ങൾക്കായി യഥോചിതം വീതിക്കണമെന്നും, പ്രോവിഡൻറ്ഫണ്ട് അതാതു വൈദികർക്കുള്ള വിഹിതമനുസരിച്ചു മുഴുവനായി കൊടുത്തുതീർത്തു ആ അക്കൗണ്ട് അവസാനിപ്പിക്കണമെന്നും, ഇൻവാലിഡ് ക്ലേർജിഫണ്ട് ഇനത്തിലുള്ള തുക പ. ബാവായുടെ യുക്തംപോലെ വിഹിതമായ ഏതെങ്കിലും കാര്യത്തിനും, സെൻറർഫണ്ട് ദേവലോകം അരമനയുടെ നിർമ്മാണത്തിനു വേണ്ടിയും ഉപയോഗിക്കണമെന്നും അൺഡിവൈഡഡ് ചർച്ച് ഫണ്ട് ആൻഡമാൻസ് ഫണ്ടിനോടു ചേർക്കണമെന്നും നിശ്ചയിക്കുന്നു.

3. പല പള്ളികളിലെയും പ്രശ്നങ്ങൾക്കു കാരണം വൈസ് പ്രസിഡണ്ടു സ്ഥാനമാകയാലും, ആ സ്ഥാനം ഭരണഘടനാപരമല്ലാത്തതിനാലും അതു നിർത്തൽ ചെയ്യേണ്ടതാകുന്നു.

മേൽപറഞ്ഞ തീരുമാനങ്ങൾ നാം അംഗീകരിച്ച് നടപ്പിൽവരുത്തിയിരിക്കുന്നതും മുൻബാഹ്യകേരള മെത്രാസനത്തിൽപെട്ട എല്ലാപള്ളിക്കാരും ആ തീരുമാനങ്ങൾ അനുസരിച്ചു നടന്നുകൊള്ളേണ്ടതുമാകുന്നു.

1960–നു ശേഷം നാം ബാഹ്യകേരള ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്ന കാലഘട്ടമെല്ലാം മെത്രാസനകാര്യങ്ങളിൽ നമ്മോടു ആത്മാർത്ഥമായി സഹകരിക്കുകയും സൗഹാർദ്ദമായി വർത്തിക്കുകയും ചെയ്തിട്ടുള്ള എല്ലാ പട്ടക്കാരോടും ഇടവകജനങ്ങളോടും നമുക്കുള്ള അകൈതവമായ കൃതജ്ഞത നാം രേഖപ്പെടുത്തുന്നു. പുതിയ മെത്രാസനങ്ങളുടെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്തന്മാരോടും നിങ്ങൾ അപ്രകാരം സഹകരിക്കുകയും വർത്തിക്കുകയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിൻെറയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും, ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....................

1976 ജൂൺ 18–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്

No. 102/76.

Beloved of the Lord,

Othara Martha Mariam Mandiram is one of the very few convents in our Church and in fact, it is the only one under the direct control of the Church. For those of our women who have got a divine call for a celibate life and who seek to lead a well disciplined life of prayer and service, convents are the best resorts. Hence such institutions deserve encouragement.

Apart from other activities, an Upper Primary School is run under the auspices of the convent and a Nursery School and a Dispensary are proposed to be started soon. A Guest House is urgently needed for accommodating priests who go there for conducting Holy Services and guests who visit the institution. The building is proposed to be erected in memory of the late Mother Hannah, (Kochannamma) the founder Superior of the Convent. In April, this year, on the first death anniversary of Mother Hannah, we had the occassion to lay the foundation stone for the building. It is hoped that the building will be a lasting monument for her services to the Church especially to the Martha Mariam Vanitha Samajam (Women's League). The building is estimated to cost Rs.25,000/–. The sponsors look forward to the generosity of well–wishers for raising the fund. We request you to contribute liberally to this urgent need. May God bless those who contribute for this cause.

Baselius Marthoma Mathews I

നമ്പർ 104/76

നമ്മുടെ വെട്ടിക്കൽ സെന്റ് തോമസ് ദയറാ മാനേജർ
പാലക്കോട്ടിൽ ജോൺ കോറെപ്പിസ്കോപ്പായ്ക്ക് വാഴ്‌വ്.

പ്രിയനെ,

കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടിട്ടുള്ള ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ താമസം തല്ക്കാലം നമ്മുടെ വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ ആയിരിക്കണമെന്ന് നാം നിശ്ചയിച്ചിരിക്കുന്നു. അതിന് അവിടെ വേണ്ട അറ്റകുറ്റപ്പണികളും മറ്റും നടത്തുന്നതിന് മെത്രാച്ചനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ കാര്യത്തിൽ ആയത് വേണ്ടതു ചെയ്യണം. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്,

1976 ജൂൺ മാസം 26-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

നമ്പർ 108/76

കർത്താവിൽ നമ്മുടെ സഹോദരൻ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താക്കു സമാധാനം.

നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സ്റ്റാൻഡിംഗ് കമ്മറ്റി ഈ മാസം 8-ാം തീയതി വ്യാഴാഴ്ച ഉച്ച 2 മണിക്കു കാതോലിക്കേറ്റ് അരമനയിൽ വച്ചു കൂടുന്നതാണ്. ആ യോഗത്തിൽ ദയറാകൾ, ആശ്രമങ്ങൾ എന്നിവയുടെ വരവു ചെലവു കണക്കുകൾ എപ്പിസ്കോപ്പൽ സുന്നഹദോസിനെ ബോധ്യപ്പെടുത്തുന്നതിനെ പറ്റി ആലോചിക്കുന്നതാകയാൽ മെത്രാച്ചൻ അതിൽ വന്നു സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

1976 ജൂലൈ 2-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

Copy to :- 1. Very Rev. C. Zacharia Remban
2. Rev. Fr. Yohannan O.I.C

നമ്പർ 109/76

കർത്താവിൽ വാത്സല്യമുള്ള ....
....വാഴ്വ്.

പ്രിയരെ,

കാലംചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ശ്രമഫലമായി ഇരുപതു വർഷങ്ങൾക്കുമുമ്പ് സ്ഥാപിക്കപ്പെട്ടതാണ് കർണ്ണാടക സംസ്ഥാനത്തുള്ള ഹെഗ്ഗ്ലാ ഓർത്തഡോക്സ് പള്ളി. സാധാരണക്കാരും സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരും എന്നാൽ സഭാസ്നേഹികളുമായ ഏതാണ്ട് 300—ൽ പരം കുടുംബങ്ങൾ ഈ ഇടവകയിൽ ഉൾപ്പെടുന്നു. വർഷങ്ങൾക്കുമുമ്പ് പച്ചക്കട്ടയിൽ പടുത്തുയർത്തിയ ഈ ആരാധനാലയം ഇന്നു വളരെ ബലക്ഷയമായിത്തീർന്നിട്ടുണ്ടെന്നു മാത്രമല്ല ഏതുസമയത്തും ഇടിഞ്ഞു വീഴത്തക്ക നിലയിലെത്തിയിരിക്കയുമാണ്. പ്രസ്തുതപള്ളി പുതുക്കിപ്പണിയുന്നതു് ഒഴിച്ചുകൂടുവാനോ, നീട്ടിവയ്ക്കുവാനോ വയ്യാത്ത ഒന്നാണ്. തന്മൂലം ഒരു പുതിയപള്ളി പണിയുന്നതിന് ആ ഇടവക വികാരിയും ഇടവകാംഗങ്ങളും അവരാൽ ആവതു പരിശ്രമിച്ചും സംഭാവനചെയ്തും കഴിഞ്ഞിട്ടുണ്ട്. എന്നാൽ പുനർനിർമ്മാണത്തിന് ആവശ്യമായ തുകയുമായി തട്ടിച്ചു നോക്കുമ്പോൾ അതു് ഏതുമില്ല.

സഭാസ്നേഹികളായ നല്ല മനുഷ്യരുടെ സഹായ ഹസ്തം ഈ കാര്യത്തിനു നീട്ടി 40000 രൂപയോളം പിരിയുന്നുവെങ്കിൽ മാത്രമെ ഇന്നത്തെ ദു:സ്ഥിതിയിൽനിന്ന് ഈ ഇടവകയെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു. ദൈവം വസിക്കുന്ന സ്ഥലമാണ് ദൈവാലയം, അതിന്റെ നിർമ്മാണത്തിൽ സന്മനസ്സോടെ സഹകരിക്കുന്നവരെ ദൈവംതമ്പുരാൻ അനുഗ്രഹിക്കുമെന്നുള്ളതിനു സംശയമില്ല. ആകയാൽ ഈ നല്ല കാര്യത്തിനു കൈതുറന്നു സംഭാവന ചെയ്തു സഹായിക്കണമെന്നു നാം നിങ്ങളുടെ സ്നേഹത്തെ നിർബ്ബന്ധിക്കുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും, ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...................

1976 ജൂലൈ 7—ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 111/76

കർത്താവിൽ നമ്മുടെ സഹോദരൻ തുമ്പമൺ ഇടവകയുടെ
ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം.

മെത്രാച്ചൻ 1976 ജൂൺ 4-ാം തീയതി അയച്ച C.No.6/76-ാം
നമ്പർ നോട്ടീസ് അനുസരിച്ച്, 1976 ജൂലൈ 10-ാം തീയതി
പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ഓഡിറ്റോറിയത്തിൽ
കൂടുന്ന തുമ്പമൺ മെത്രാസന വാർഷിക പൊതുയോഗത്തിൽ
ആദ്ധ്യക്ഷം വഹിക്കുന്നതിന് അനാരോഗ്യം മൂലം മെത്രാച്ചന് സാധ്യമല്ലെന്നും
അതുകൊണ്ട് മെത്രാച്ചനു വേണ്ടി ആ യോഗത്തിൽ അദ്ധ്യക്ഷത
വഹിക്കുന്നതിന് നമ്മുടെ ജോസഫ് മാർ പക്കോമിയോസ് മെത്രാ
പ്പോലീത്തായെ ചുമതലപ്പെടുത്തണമെന്നും വിവരിച്ച് 7-7-76-ൽ
മെത്രാച്ചൻ അയച്ച അപേക്ഷ നാം പരിഗണിക്കുകയും പ്രസ്തുത
യോഗത്തിൽ മെത്രാച്ചനു വേണ്ടി ആദ്ധ്യക്ഷം വഹിക്കുന്നതിനും
അതു നടത്തുന്നതിനും ജോസഫ് മാർ പക്കോമിയോസ് മെത്രാ
പ്പോലീത്തായെ ഇതിനാൽ നിയോഗിക്കുകയും അധികാര
പ്പെടുത്തുകയും ചെയ്തിരിക്കുന്നു.

1976 ജൂലൈ മാസം 8-ാം തീയതി

(signature)

No. 113/76

His Holiness Patriarch Pimen of
Moscow and All Russia
Russian Orthodox Patriarchate
18/2 rue Ryleev, Moscow-34
U. S. S. R.

Your Holiness:

On the occasion when your Holy Church is celebrating the blessed memory of St.Sergius, the patron and protector of the people of the Soviet Union, we wish to send Your Holiness our paternal felicitations and salutations in the name of Christ our Risen Lord.

We are very happy to send an episcopal delegation from our Church, consisting of our brother bishops, Metropolitan Philipose Mar Theophilos of Angamaly, Metropolitan Geevarghese Mar Osthathios of Niranam and Metropolitan Stephenos Mar Theodosius of Madras, to be present with Your Holiness and with the bishops, priests and faithful of Your Church during the celebrations of the Feast of St.Sergius.

May we on this occasion formally repeat to Your Holiness our longstanding invitation to Your Holiness to honour us by a visit to our country, people and Church. We are all looking forward with great anticipation to such a visit from Your Holiness late this year or early next year according to Your Holiness' good pleasure and convenience. Such a visit from Your Holiness will create history and further strengthen the strong bonds of mutual friendship and co-operation between the peoples of the Soviet Union and of India, as well as between our two Churches.

If God allows, we are ourselves looking forward to respond to Your Holiness' kind invitation to visit Your Holiness and Your Church this Autumn. We hope to arrive in Moscow on the 21st of September if all goes well. We have asked our External Affairs Secretary Metropolitan Paulose Mar Gregorios to work out the details of the programme for the visit and he is already in correspondence with Metropolitan Juvenaly and others about this.

Please pray for us and for our Church that God may restore peace and good order in our Church and bring into submission every power that lifts its heel against the authority of our Holy Episcopal Synod, so that our people may live and worship in peace and concord and thus glorify the name of the Father, Son and Holy Spirit.

Your brother in our Lord,

നമ്പർ 118/76

കർത്താവിൽ നമ്മുടെ സഹോദരൻ .... മെത്രാപ്പോലീത്തായ്ക്ക് സമാധാനം.

[illegible] നമ്മുടെ കണ്ടനാട് മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടിരിക്കുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ ശുശ്രൂഷ 1976 ജൂലൈ 28-ാം തീയതി ഞായറാഴ്ച പകൽ രണ്ടുമണിക്ക് നമ്മുടെ വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ വച്ച് നടത്തുന്നതും ആ അവസരത്തിൽ അദ്ദേഹത്തിന്റെ സുസ്താത്തിക്കോൻ വായിച്ച് അദ്ദേഹത്തിനു നല്കുന്നതും ആണ്. മെത്രാച്ചൻ അവിടെ വന്ന് ആ ശുശ്രൂഷയിൽ സഹകരിക്കണമെന്നു നാം താല്പര്യപ്പെടുന്നു.
ശേഷം പിന്നാലെ.

1976 ജൂലൈ 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ
തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ
പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ
മത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

No. 120/76

കർത്താവിൽ നമ്മുടെ സഹോദരൻ . . . . മെത്രാപ്പോലീത്താക്ക് സമാധാനം.

[illegible]

ആലോചനാ വിഷയങ്ങൾ

1. [illegible]
2. [illegible]
3. [illegible]
4. [illegible]
5. [illegible]

1976 [illegible]

No. 124/76

His Eminence
Metropolitan Juvenaly of Tula and Belev
18/2 Ryleyev Street, Moscow G-34
U. S. S. R. 119034.

Your Eminence, Our dear brother in Christ,

You have by now received the letter from our brother His Grace Metropolitan Paulose Mar Gregorios informing you about our acceptance of Your Eminence's kind invitation to be an honourary Patron of the forthcoming World Conference of Religious Workers for Lasting Peace. We hereby confirm our acceptance of this honour and ask Your Eminence to let us know at the earliest possible opportunity as to what our responsiblities in this position would be.

Our delegation led by His Grace Metroplitan Philipose Mar Theophilus has brought back to us Your Eminence's greetings, and they have come back with immense gratitude for the warm and honourable reception our delegation of three bishops received in Your Church. May these visits as well as the ones planned for the future bring our Churches closer together evermore

in Christ and promote peace and mutual understanding between the peoples of the Soviet Union and the peoples of India.

With warm Greetings,

Yours in Christ,

Baselius Mar Thoma Mathews I
CATHOLICOS OF THE EAST.

Copy to: His Grace
Paulose Mar Gregorios Metropolitan

നമ്പർ 133/76

നമ്മുടെ ... വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കാണുന്നാൽ നിങ്ങൾക്കു വാഴ്വ്:

പ്രിയരെ,

പരിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ പെരുന്നാളും (പതിനഞ്ചു നോമ്പുവീടൽ) പ: അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപെരുന്നാളും ഇൻഡ്യയുടെ സ്വാതന്ത്ര്യദിനവും കൂടിയായ ആഗസ്റ്റ് 15-ാം തീയതിയാണല്ലോ നമ്മുടെ അരമനചാപ്പലിലെ ശുനീയ്യോ പെരുന്നാൾ ആഘോഷിക്കുന്നത്. 14-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് സന്ധ്യാനമസ്കാരം, ധൂപപ്രാർത്ഥന, റാസ എന്നിവയും 15-ാം തീയതി ഞായറാഴ്ച രാവിലെ 3½ മണിക്ക് വി: കുർബ്ബാനയും തുടർന്ന് ധൂപ പ്രാർത്ഥന, റാസ, നേർച്ചവിളമ്പ് എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

നമ്മുടെ ആത്മീയമക്കൾ ഏവരും നേർച്ചകാഴ്ച(ദ്രവ്യമുള്ളവ ദ്രവ്യവും പശുവും) കളോടുകൂടി വന്ന് പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുപോകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഓർമ്മിപ്പിക്കുന്നു. ശേഷം പിന്നാലെ.

പരിശുദ്ധ ദൈവമാതാവിന്റെയും പിതാക്കന്മാരുടെയും മദ്ധ്യസ്ഥത നിങ്ങൾക്കെല്ലാവർക്കും കോട്ടയായിരിക്കട്ടെ.

1976 ആഗസ്റ്റ് 4-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

നമ്പർ 137/76

നമ്മുടെ..കത്തനാർക്കു വാഴ്‌വ്.

പ്രിയനെ,

നമ്മുടെ സഭയുടെ കേന്ദ്രാഫീസിൽ, സഭയിലെ വിവിധ സ്ഥാപനങ്ങളെ പററിയും പട്ടക്കാരെ പററിയും മററുമുള്ള സ്ഥിതിവിവരക്കണക്കുകൾ കാലാകാലം പരിഷ്ക്കരിച്ചു സൂക്ഷിക്കേണ്ടതു് സഭയുടെ പുരോഗമനപരമായ നടത്തിപ്പിനാവശ്യമാണല്ലൊ. ഇതിലേക്കായി ഇതോടൊപ്പം രണ്ടു തരത്തിലുള്ള ഫാറങ്ങൾ അയയ്ക്കുന്നു. ഫാറം A–യിൽ പ്രിയനെ സംബന്ധിച്ചുള്ള വിവരങ്ങളും, ഫാറം B–യിൽ പ്രിയനു് വികാരിത്വമുള്ള പള്ളിയെ (പള്ളികളെ) സംബന്ധിക്കുന്ന വിവരങ്ങളും ചേർത്താണ് പൂർത്തിയാക്കേണ്ടതു്. പൂർത്തിയാക്കിയ ഫാറങ്ങൾ 1976 ആഗസ്റ്റ് 31–ാം തീയതിക്കു മുൻപു് നമ്മുടെ പേർക്കു് അയച്ചുതരണം.

കൂടാതെ, കാതോലിക്കേററ് അരമനയുടെ പണി പൂർത്തിയാകാതെ പന്ത്രണ്ടു കൊല്ലങ്ങൾക്കു മുൻപു് നിറുത്തിവച്ച സ്ഥിതിയിൽ ഇരിക്കുകയാണെന്നറിയാമല്ലൊ. ഈ സ്ഥാപനത്തിൻെറ പണി സഭയുടെ അന്തസ്സിനും അഭിമാനത്തിനുമനുയോജ്യമായ വിധത്തിൽ എത്രയും വേഗം പൂർത്തിയാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ സഹകരിക്കുവാനാഗ്രഹമുള്ള എല്ലാ സഭാംഗങ്ങളിൽനിന്നും സംഭാവന സ്വീകരിക്കുന്നതാണ്. എങ്കിലും സാരമായ തുകകൾ സംഭാവന ചെയ്യുവാനുള്ള കഴിവും സന്മനസ്സുമുള്ളവരുടെ ഒരു ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കുന്നതു നന്നായിരിക്കുമെന്നഭിപ്രായമുണ്ട്. ആയതിനാൽ പ്രിയനു് വികാരിത്വമുള്ള ഇടവകയിലെ (ഇടവകകളിലെ) കഴിവും സന്മനസ്സുമുള്ളവരുടെ പേരും മേൽവിലാസവും വിവരിക്കുന്ന ലിസ്റ്റ് (ലിസ്റ്റുകൾ) ഒന്നാം ഖണ്ഡികയിലെ നിർദ്ദേശപ്രകാരം പൂരിപ്പിച്ചയയ്ക്കുന്ന ഫാറങ്ങളോടൊപ്പം നമ്മുടെ പേർക്കു് അയച്ചുതരണമെന്നു് പ്രത്യേകം താല്പര്യപ്പെടുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

എന്നു്,
1976 ഓഗസ്റ്റ് 10–ാം തീയതി

നമ്പർ 138/76

നമ്മുടെ ....
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

കാതോലിക്കാ സ്ഥാനത്തേക്കു് നാം അവരോധിക്കപ്പെട്ട ശേഷം നമ്മുടെ വൈദിക സെമിനാരിദിനം സംബന്ധിച്ചു് അയയ്ക്കുന്ന പ്രഥമകല്പനയത്രെ ഇതു്. സെമിനാരിയിലെ പ്രൊഫസറും പ്രിൻസിപ്പാളുമെന്ന നിലകളിൽ കാൽ നൂററാണ്ടിലധികം അവിടെ പ്രവർത്തിച്ചിട്ടുള്ള നമുക്കു് ആ സ്ഥാപനത്തിൻെറ ഇപ്പോഴത്തെ വളർച്ചയും അഭ്യുന്നതിയും കൃതാർത്ഥത നൽകുന്നതാണ്.

സഭയുടെ ഇന്നത്തെ സാഹചര്യത്തിൽ വൈദികസെമിനാരിയുടെ ഉന്നതമായ സ്ഥാനവും ഉത്തരവാദിത്വവും വിസ്മരിക്കാവുന്നതല്ല. ഉത്തമന്മാരായ പട്ടക്കാർ സഭയുടെ കാവൽഭടന്മാരായി പ്രവർത്തിപ്പാൻ അധികമായിട്ടുണ്ടാവണം. അനുയോജ്യരായ വ്യക്തികളെ തെരഞ്ഞെടുത്തയച്ചും, സെമിനാരിക്കുവേണ്ടി പ്രാത്ഥിച്ചും, അതിൻെറ നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായംചെയ്തും നിങ്ങളുടെ കടമ നിർവഹിക്കണം.

ഈ വർഷം ഒക്ടോബർ 3–ാം തീയതി ഞായറാഴ്ച സെമിനാരിദിനമായിട്ടാചരിക്കയും സെമിനാരിക്കുവേണ്ടി പ്രാത്ഥിക്കുകയും പിരിവു നടത്തുകയും വേണം. അന്നു തവണയില്ലാത്ത പള്ളികൾ അതിനടുത്തു തവണയുള്ള ഞായറാഴ്ച സെമിനാരിദിനമായിട്ടാചരിക്കണം. കവർപിരിവിനത്തിൽ ലഭിക്കുന്ന തുകയും സെമിനാരി ദിനത്തിലെ കാണിക്കയും പള്ളി ട്രസ്റ്റിൽനിന്നു് ഒരു വാർഷിക സംഭാവനയും ചേർത്തു് ഒക്ടോബർ 30–ാം തീയതിക്കകം പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം–1 എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൻെറയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1976 ആഗസ്റ്റ് 11–ാം തീയതി

നമ്പർ 143/76

Blessings to Fr. Iype, St. Mary's Orthodox Church, Dadar.

The request received by you about starting Holy Service in Santacruz area and forwarded to us after the recommendation of the Managing Committee held on 8-8-1976 has been duly received by us. As a good number of the parishioners are staying in that area and their needs cannot be overlooked we hereby give the necessary permission for starting a service there.

No. 147/76

To

The Prime Minister of India
New Delhi.

Madam,

We feel greatly concerned over the reported decision of Acharya Vinoba Bhave to fast unto death from the 11th September, 1976 unless the Government of India declares before that date its decision to undertake legislation to prevent cow-slaughter throughout the whole country. We understand that such legislation will be in full consonanse with the directive principles of policy in the subject of animal husbandry as embodied in Article 48 of the Constitution of India and interpreted by the Supreme Court and that the Government of India have from time to time declared in Parliament that it is its settled policy to abide by Article 48 of the Indian Constitution, and have called upon State Governments to pass appropriate legislation in accordance with that policy. We further understand that the subject matter covered by Article 48 is in list B and the State Governments in India are competent to legislate on the subject and that such legislation has been enacted in almost all the major states of North and Central India. Considering the traditional vneration with which the cow is held by almost all the Indian people we feel that the Government should consider the possibility for making such legislation in order to have a reputed leader of the Nation from untimely death.

BASELIUS MAR THOMA MATHEWS I.

നമ്പർ 28/78

നമ്മുടെ സ്നേഹിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ
സഭാംഗങ്ങളായ റമ്പാന്മാർക്ക് വാഴ്വ്,

പ്രിയരെ,

1978 ഫെബ്രുവരിയിൽ കോട്ടയത്തുവച്ചു
[illegible] പരിശുദ്ധ സുന്നഹ
ദോസിൽ [illegible] എപ്പിസ്കോപ്പൽ സുന്നഹദോസിൽ, റമ്പാന്മാരെ
മേല്പട്ടസ്ഥാനത്തേക്കു [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] അറിയിക്കുന്നു.

(Sd)

1978 June 3-ാം
കോട്ടയം ദേവലോകം അരമനയിൽനിന്നും.

Copy to all Rambans (5)

S/C നമ്പർ 28/78 CES

നമ്മുടെ ....പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

മുൻ ബാഹ്യകേരളമെത്രാസന ഇടവകയെ മദ്രാസ്, ബോംബേ, ഡൽഹി എന്ന മൂന്നു മെത്രാസന ഇടവകകളായി വിഭജിച്ചതും, അവയിൽ മദ്രാസ് ഇടവകയുടെ മെത്രാപ്പോലീത്താ ആയി സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെയും, ബോംബേ ഇടവകയുടെ മെത്രാപ്പോലീത്താ ആയി തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെയും, ഡൽഹി ഇടവകയുടെ മെത്രാപ്പോലീത്താ ആയി പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെയും നിയമിച്ചതും ആ വിഭജനം ആ മൂന്നു മെത്രാസന ഇടവകകളെ പുനർവിഭജനം ചെയ്യുകയോ, അവ ഓരോന്നിലും ഏതെല്ലാം പള്ളികൾ ഉൾപ്പെടണമെന്നുള്ള കാര്യം പുനഃപരിശോധിച്ചു നിർണ്ണയിക്കുകയോ ചെയ്യുന്നതുവരെ മാത്രം പ്രാബല്യത്തിൽ ഇരിക്കുന്നതാണെന്നും നാം 1976 മാർച്ച് 27-ാം തീയതി അയച്ച 58/76-ാം നമ്പർ കല്പനമൂലം അറിയിച്ചിരുന്നല്ലോ. അപ്രകാരം നടന്നുവരവേ, ആ മൂന്നു മെത്രാസന ഇടവകകളിൽ ഉൾപ്പെടുത്തിയിരുന്ന പള്ളികൾ അതിവിസ്തൃതമായ ഭൂവിഭാഗങ്ങളിൽ ചേർന്നു കിടക്കുന്നതുകൊണ്ട്, ആ പള്ളികൾക്ക് മെത്രാസനകേന്ദ്രവുമായി ഉണ്ടായിരിക്കേണ്ട സാമീപ്യത്തെയും അവയുടെ ഭരണസൌകര്യത്തെയും അടിസ്ഥാനപ്പെടുത്തി അവയെ പുനർവിഭജനം ചെയ്യണമെന്ന് അഭിപ്രായമുണ്ടാകയാൽ, മലങ്കര അസോസ്യേഷൻ മാനേജിങ്ങ്കമ്മററിയുടെ അപേക്ഷപ്രകാരം, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മദ്രാസ്, ബോംബേ, ഡൽഹി. എന്നീ മെത്രാസന ഇടവകകളെ മദ്രാസ്, ബോംബേ, ഡൽഹി, കൽക്കട്ടാ, അമേരിക്ക എന്നിങ്ങനെ അഞ്ചു മെത്രാസന ഇടവകകളായും, കൂടാതെ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു മെത്രാസന ഇടവക ഉണ്ടാകേണ്ടതു് അത്യാവശ്യമാകയാൽ കൊല്ലം മെത്രാസന ഇടവകയെ കൊല്ലം,തിരുവനന്തപുരം എന്നിപ്രകാരം രണ്ടു മെത്രാസന ഇടവകകളായും വിഭജിക്കുകയും അവ ഓരോന്നിന്റെയും അതിർത്തികൾ നിർണ്ണയിച്ച് അവ ഓരോന്നിലും ഏതെല്ലാം പള്ളികൾ ഉൾപ്പെടണമെന്നു തീരുമാനിക്കുകയും ചെയ്തു. അങ്ങനെ പുതുതായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഏഴു മെത്രാസന ഇടവകകൾ ഓരോന്നിലും ഉൾപ്പെടുത്തിയിട്ടുള്ള പള്ളികളുടെ ലിസ്ററിന്റെ ഒരു പ്രതി ഇതോടൊന്നിച്ച് അയച്ചിരിക്കുന്നു.

മേൽപറഞ്ഞ ഏഴു പുതിയ മെത്രാസന ഇടവകകൾക്കും ഇടവകമെത്രാപ്പോലീത്തന്മാരെ നിയമിക്കുന്നതിനെപററിയും, 1977 മേയ് 16–ാം തീയതി കൂടിയ മലങ്കരസുറിയാനിക്രിസ്ത്യാനി അസോസ്യേഷൻ യോഗം മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും. 8–7–77–ൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും ചെയ്തതനുസരിച്ച് 1978 മേയ് 15–ാം തീയതി പഴഞ്ഞി സെൻറു മേരീസ് പള്ളിയിൽവച്ച് വാഴിക്കപ്പെട്ട യാക്കോബ് മാർ പോളികാർപ്പോസ്, സഖറിയാസ് മാർ ദീവന്നാസ്യോസ്, മത്യൂസ് മാർ ബർന്നബാസ്, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നീ എപ്പിസ്ക്കോപ്പന്മാർക്ക് ഇടവകകൾ തിരിച്ചുകൊടുക്കുന്നതിനെപററിയും, മലങ്കര അസോസ്യേഷൻ മാനേജിങ്ങ്കമ്മററി 6–7–1978, 30–10–1978 എന്നീ തീയതികളിലും. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 7–7–1978, 23–11–1978 എന്നീ തീയതികളിലും നാം വിളിച്ചുകൂട്ടി ആലോചിച്ചു. പ്രസ്തുത തീയതികളിൽ കൂടിയ മാനേജിങ്ങ് കമ്മററിയുടെ ആലോചനയോടുകൂടിയും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ ശുപാർശ അനുസരിച്ചും തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ അമേരിക്കാ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയും, സ്തേപ്പാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെ കൽക്കട്ടാ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയും, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് എപ്പിസ്ക്കോപ്പായെ തിരുവനന്തപുരം മെത്രാസന ഇടവകയുടെ എപ്പിസ്ക്കോപ്പാ ആയും, സഖറിയാ മാർ ദീവന്നാസ്യോസ് എപ്പിസ്ക്കോപ്പായെ മദ്രാസ് മെത്രാസന ഇടവകയുടെ എപ്പിസ്ക്കോപ്പാ ആയും, യാക്കോബ് മാർ പോളികാർപ്പോസ് എപ്പിസ്ക്കോപ്പായെ കൊച്ചി ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായും, കോട്ടയം ഇടവകമെത്രാപ്പോലീത്തായുടെ വാർദ്ധക്യത്തിൽ 'ഒരു ഫുൾടൈം' അസിസ്റ്റൻറ് ആവശ്യമാകയാൽ, ഇപ്പോൾ കോട്ടയം ഇടവകമെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായിരിക്കുന്നതോടൊപ്പം കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താകൂടിയായിരിക്കുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ കോട്ടയം ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറുസ്ഥാനത്തുനിന്നു വിടുർത്തി, യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പായെ കോട്ടയംഇടവകമെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായും, പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അങ്കമാലിമെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി തുടരുന്നതോടൊപ്പം ബോംബേ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താകൂടി ആയും, മത്യൂസ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായെ അങ്കമാലി ബോംബേ ഇടവകകളുടെ മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായും നാം നിയമിക്കുകയും സഭാഭരണഘടനയ്ക്കും അതിൽ പറഞ്ഞിട്ടുള്ള കാനോനും വിധേയമായി അതതു മെത്രാസനത്തിൻെറ ഭരണകാര്യങ്ങൾ നിർവ്വഹിക്കാൻ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താ ആയി തുടരുന്നതോടൊപ്പം, സഭാഭരണകാര്യങ്ങളിൽ നമ്മെ സഹായിക്കാനും നാം ചുമതലപ്പെടുത്തിയിരിക്കുന്നു. പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഡൽഹി ഇടവകയുടെ മെത്രാപ്പോലീത്താ ആയും, മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കൊല്ലം ഇടവകയുടെ മെത്രാപ്പോലീത്താ ആയും തുടരുന്നതാണ്.

മേൽവിവരിച്ചിട്ടുള്ള മെത്രാസന ഇടവകകളുടെ രൂപീകരണവും അതനുസരിച്ചുള്ള മെത്രാപ്പോലീത്തന്മാരുടെയും എപ്പിസ്ക്കോപ്പന്മാരുടെയും നിയമനവും 1–1–1979 മുതൽ പ്രാബല്യത്തിൽ വരുന്നതും ആകുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളും എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1978 ഡിസംബർ 8–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 218/78 OES

നമ്മുടെ ....പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

മുൻ ബാഹ്യകേരളമെത്രാസന ഇടവകയെ മദ്രാസ്, ബോംബേ, ഡൽഹി എന്ന മൂന്നു മെത്രാസന ഇടവകകളായി വിഭജിച്ചതും, അവയിൽ മദ്രാസ് ഇടവകയുടെ മെത്രാപ്പോലീത്താ ആയി സ്തേപ്പാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെയും, ബോംബേ ഇടവകയുടെ മെത്രാപ്പോലീത്താ ആയി തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെയും, ഡൽഹി ഇടവകയുടെ മെത്രാപ്പോലീത്താ ആയി പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെയും നിയമിച്ചതും ആ വിഭജനം ആ മൂന്നു മെത്രാസന ഇടവകകളെ പുനർവിഭജനം ചെയ്യുകയോ, അവ ഓരോന്നിലും ഏതെല്ലാം പള്ളികൾ ഉൾപ്പെടുത്തണമെന്നുള്ള കാര്യം പുന:പരിശോധിച്ചു നിർണ്ണയിക്കുകയോ ചെയ്യുന്നതുവരെ മാത്രം പ്രാബല്യത്തിൽ ഇരിക്കുന്നതാണെന്നും നാം 1976 മാർച്ച് 27–ാം തീയതി അയച്ച 58/76–ാം നമ്പർ കല്പനമൂലം അറിയിച്ചിരുന്നല്ലോ. അപ്രകാരം നടന്നുവരവേ, ആ മൂന്നു മെത്രാസന ഇടവകകളിൽ ഉൾപ്പെടുത്തിയിരുന്ന പള്ളികൾ അതിവിസ്തൃതമായ ഭൂവിഭാഗങ്ങളിൽ ചേർന്നു കിടക്കുന്നതുകൊണ്ട്, ആ പള്ളികൾക്ക് മെത്രാസനകേന്ദ്രവുമായി ഉണ്ടായിരിക്കേണ്ട സാമീപ്യത്തെയും അവയുടെ ഭരണസൌകര്യത്തെയും അടിസ്ഥാനപ്പെടുത്തി അവയെ പുനർവിഭജനം ചെയ്യണമെന്ന് അഭിപ്രായമുണ്ടാകയാൽ, മലങ്കര അസോസ്യേഷൻ മാനേജിങ്ങ്കമ്മററിയുടെ അപേക്ഷപ്രകാരം, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മദ്രാസ്, ബോംബേ, ഡൽഹി, എന്നീ മെത്രാസന ഇടവകകളെ മദ്രാസ്, ബോംബേ, ഡൽഹി, കൽക്കട്ടാ, അമേരിക്ക എന്നിങ്ങനെ അഞ്ചു മെത്രാസന ഇടവകകളായും, കൂടാതെ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു മെത്രാസന ഇടവക ഉണ്ടാകേണ്ടതു് അത്യാവശ്യമാകയാൽ കൊല്ലം മെത്രാസന ഇടവകയെ കൊല്ലം,തിരുവനന്തപുരം എന്നിപ്രകാരം രണ്ടു മെത്രാസന ഇടവകകളായും വിഭജിക്കുകയും അവ ഓരോന്നിൻെറയും അതിർത്തികൾ നിർണ്ണയിച്ച് അവ ഓരോന്നിലും ഏതെല്ലാം പള്ളികൾ ഉൾപ്പെടുത്തണമെന്നു തീരുമാനിക്കുകയും ചെയ്തു. അങ്ങനെ പുതുതായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഏഴു മെത്രാസന ഇടവകകൾ ഓരോന്നിലും ഉൾപ്പെടുത്തിയിട്ടുള്ള പള്ളികളുടെ ലിസ്ററിൻെറ ഒരു പ്രതി ഇതോടൊന്നിച്ച് അയച്ചിരിക്കുന്നു.

മേൽപറഞ്ഞ ഏഴു പുതിയ മെത്രാസന ഇടവകകൾക്കും ഇടവകമെത്രാപ്പോലീത്തന്മാരെ നിയമിക്കുന്നതിനെപ്പററിയും, 1977 മേയ് 16–ാം തീയതി കൂടിയ മലങ്കരസുറിയാനിക്രിസ്ത്യാനി അസോസ്യേഷൻ യോഗം മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും 8–7–77–ൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും ചെയ്തതനുസരിച്ച് 1978 മേയ് 15–ാം തീയതി പഴഞ്ഞി സെൻറു് മേരീസ് പള്ളിയിൽവച്ച് വാഴിക്കപ്പെട്ട യാക്കോബ് മാർ പോളികാർപ്പോസ്, സഖറിയാസ് മാർ ദീവന്നാസ്യോസ്, മത്യൂസ് മാർ ബർന്നബാസ്, ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നീ എപ്പിസ്ക്കോപ്പന്മാർക്കു ഇടവകകൾ തിരിച്ചുകൊടുക്കുന്നതിനെപ്പററിയും, മലങ്കര അസോസ്യേഷൻ മാനേജിങ്ങ്കമ്മററി 6–7–1978, 30–10–1978 എന്നീ തീയതികളിലും, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 7–7–1978, 23–11–1978 എന്നീ തീയതികളിലും നാം വിളിച്ചുകൂട്ടി ആലോചിച്ചു. പ്രസ്തുത തീയതികളിൽ കൂടിയ മാനേജിങ്ങ് കമ്മററിയുടെ ആലോചനയോടുകൂടിയും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ ശുപാർശ അനുസരിച്ചും തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ അമേരിക്കാ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയും, സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെ കൽക്കട്ടാ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയും ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് എപ്പിസ്ക്കോപ്പായെ തിരുവനന്തപുരം മെത്രാസന ഇടവകയുടെ എപ്പിസ്ക്കോപ്പാ ആയും, സഖറിയാ മാർ ദീവന്നാസ്യോസ് എപ്പിസ്ക്കോപ്പായെ മദ്രാസ് മെത്രാസന ഇടവകയുടെ എപ്പിസ്ക്കോപ്പാ ആയും, യാക്കോബ് മാർ പോളികാർപ്പോസ് എപ്പിസ്ക്കോപ്പായെ കൊച്ചി ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായും, കോട്ടയം ഇടവകമെത്രാപ്പോലീത്തായുടെ വാർദ്ധക്യത്തിൽ 'ഒരു ഫുൾടൈം' അസിസ്റ്റൻറു് ആവശ്യമാകയാൽ, ഇപ്പോൾ കോട്ടയം ഇടവകമെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായിരിക്കുന്നതോടൊപ്പം കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താകൂടിയായിരിക്കുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ കോട്ടയം ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറുസ്ഥാനത്തുനിന്നു വിടുർത്തി, യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പായെ കോട്ടയംഇടവകമെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായും, പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അങ്കമാലിമെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി തുടരുന്നതോടൊപ്പം ബോംബേ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താകൂടി ആയും, മത്യൂസ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായെ അങ്കമാലി ബോംബേ ഇടവകകളുടെ മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറായും നാം നിയമിക്കുകയും സഭാഭരണഘടനയ്ക്കും അതിൽ പറഞ്ഞിട്ടുള്ള കാനോനും വിധേയമായി അതതു മെത്രാസനത്തിൻെറ ഭരണകാര്യങ്ങൾ നിർവ്വഹിക്കാൻ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താ ആയി തുടരുന്നതോടൊപ്പം, സഭാഭരണകാര്യങ്ങളിൽ നമ്മെ സഹായിക്കാനും നാം ചുമതലപ്പെടുത്തിയിരിക്കുന്നു. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഡൽഹി ഇടവകയുടെ മെത്രാപ്പോലീത്താ ആയും, മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കൊല്ലം ഇടവകയുടെ മെത്രാപ്പോലീത്താ ആയും തുടരുന്നതാണ്.

മേൽവിവരിച്ചിട്ടുള്ള മെത്രാസന ഇടവകകളുടെ രൂപീകരണവും അതനുസരിച്ചുള്ള മെത്രാപ്പോലീത്തന്മാരുടെയും എപ്പിസ്ക്കോപ്പന്മാരുടെയും നിയമനവും 1–1–1979 മുതൽ പ്രാബല്യത്തിൽ വരുന്നതും ആകുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ളീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.......

1978 ഡിസംബർ 8–ാം തീയതി

നമ്പർ 201/78

നമ്മാലേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പി. കെ. ജേക്കബു കത്തനാർക്കു വാഴ്വ്.

പ്രിയനെ,

തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിൽ കൊല്ലങ്കോട്ട വില്ലേജിൽ പാലവിള ദേശത്ത് പ്രിയനും കൂടി ബന്ധപ്പെട്ട് ആരംഭിച്ച സെൻ്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപള്ളിയിലെ ഇപ്പോഴത്തെ വികാരി സി. സി. കോര കത്തനാർ ആണല്ലോ. ആ പള്ളിയിൽ കൂടി നടക്കുന്നവരിൽ ചിലർ പ. സഭയുടെ ആരാധനാരീതികളും നടപടികളും വിട്ടുപോകത്തക്ക വണ്ണം കോര കത്തനാരുടെ അറിവോടും സമ്മതത്തോടും കൂടി വിടുതൽ ഗ്രൂപ്പെന്ന അറിയപ്പെടുന്ന സംഘക്കാർ ഇപ്പോൾ അവിടെ പ്രവർത്തിച്ചു കൊണ്ടിരിക്കയാണെന്ന് നാം അറിയുന്നു. ഈ പ്രസ്ഥാനത്തെയും അതിൻ്റെ പ്രവർത്തനങ്ങളെയും ഉപദേശങ്ങളെയും വിവേചനാപൂർവ്വം വീക്ഷിക്കേണ്ടതാണെന്നുള്ള പ. സുന്നഹദോസിൻ്റെ നിശ്ചയം 1978 ആഗസ്റ്റ് 4–ാം നു–ലെ 131/78–ാം ES/DHS നമ്പർ കല്പന മുഖാന്തിരം എല്ലാ പള്ളിക്കാരെയും അറിയിച്ചിരുന്നിട്ടും ഈ പ്രകാരം പാലവിളയിൽ വിടുതൽ ഗ്രൂപ്പുകാർ പ്രവർത്തിക്കുവാൻ ഇടയാകുന്നതു ഖേദകരമാണ്. അതേ ഇടവകയിൽപ്പെട്ട ഡേവിഡ് തങ്കരാജ്, എസ്. വിൽസൺ എന്നിവർ ഇവിടെ വന്ന് അവിടുത്തെ വിവരങ്ങൾ നമ്മെ അറിയിക്കുകയും അവിടുത്തെ ദുസ്ഥിതിക്കു പരിഹാരം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആകയാൽ, പ്രിയൻ ഉടൻ തന്നെ താമസിയാതെ അവിടെ എത്തി വികാരി കോര അച്ചനുമായി

സമ്പർക്കം പുലർത്തി അവിടെയുള്ള നമ്മുടെ ആളുകൾ പ. സഭയുടെ വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഉറച്ചു നില്ക്കത്തക്കവണ്ണം വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വിവരം നമ്മുടെ പക്കൽ റിപ്പോർട്ടു ചെയ്യുകയും വേണം.

ദൈവം അനുഗ്രഹിക്കട്ടെ.

1978 നവംബർ മാസം 24-ാം
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്. (P.T.O)

നമ്പർ 145/79

നമ്മുടെ ....പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നാം 1979 ഫെബ്രുവരി 14–ാം തീയതി 21/79–ാം നമ്പരായി നിങ്ങൾക്കയച്ച കല്പനയിൽ കാതോലിക്കാദിനപ്പിരിവിലേക്ക് ഓരോ ഗൃഹനാഥനും സ്വന്തമായി വരുമാനമുള്ള മററംഗങ്ങളും ഉദാരമായി സംഭാവന നൽകണമെന്നും പിരിവ് 1979 ഏപ്രിൽ 22–ാം തീയതി (പുതുഞായറാഴ്ച) ക്കകം പൂർത്തിയാക്കണമെന്നും മററും ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 1979 മെയ് 10–ാം തീയതിയിലെ നമ്മുടെ 44/79–ാം നമ്പർ കല്പനയിൽ ആ മെത്രാസനത്തിലെ പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും മീററിംഗ് കൂടുന്നതിനുള്ള സ്ഥലവും തീയതിയും നിങ്ങളെ അറിയിക്കുകയും കാതോലിക്കാദിനപ്പിരിവ് പ്രസ്തുത മീററിംഗിൽവച്ച് നമ്മെ ഏല്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ പള്ളിയെ പ്രതിനിധീകരിച്ച് ആരുംതന്നെ പ്രസ്തുത മീററിംഗിൽ സംബന്ധിക്കുകയോ കാതോലിക്കാദിനപ്പിരിവ് നമ്മെ ഏല്പിക്കുകയോ ചെയ്തില്ല. തന്നെയുമല്ല, പ്രസ്തുത പിരിവ് നാളതുവരെ നമ്മുടെ പേർക്ക് അയച്ചുതന്നിട്ടുമില്ല. ഇതിൽ നമുക്ക് മനസ്താപമുണ്ട്. ഇപ്രകാരം സംഭവിച്ചതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയതു് നമ്മെ അറിയിക്കണം. പിരിവുതുക 1979 നവംബർ 15–ാം തീയതിക്കു മുൻപായി നമ്മെ ഏല്പിക്കുകയും വേണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1979 ഒക്ടോബർ 20–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 137/78

നമ്മുടെ ....
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ വൈദിക സെമിനാരി സഭയുടെ അഭിമാനസ്തംഭമായി പുരോഗതി പ്രാപിക്കുകയാണ്. ആവശ്യത്തിന് സ്ഥലസൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും പല അററകുററപ്പണികൾ ചെയ്യുന്നതിനും ഈ വർഷത്തിൽ സാധിച്ചു. പുരാതനമായ നമ്മുടെ സഭയുടെ ചരിത്രത്തോടു ബന്ധപ്പെട്ട രേഖകളും വസ്തുക്കളും ശേഖരിക്കുവാനും സൂക്ഷിക്കുവാനും ഒരു പുരാവസ്തു സംരക്ഷണകേന്ദ്രവും സെമിനാരിയിൽ ആരംഭിച്ചിട്ടുണ്ട്. സന്ദർശകർക്കും ഗവേഷകർക്കും പ്രയോജനപ്രദമാകുന്ന ഈ സംരംഭത്തെ വിജയിപ്പിക്കുവാനായി, അവിടെ സൂക്ഷിക്കുവാൻ പര്യാപ്തമായ പുരാതന രേഖകളോ സാധനങ്ങളോ മററു വല്ലതുമോ കൈവശമുള്ളവർ അവ സെമിനാരിക്ക് നൽകണമെന്ന് നാം താല്പര്യപ്പെടുന്നു.

ഇപ്പോൾ സെമിനാരിയിൽ 74 വിദ്യാർത്ഥികളാണ് അഭ്യസനം നടത്തുന്നത്. റവ. ഐ. വറുഗീസ് ശെമ്മാശ്ശൻ B. D, M. Th–നെയും, എം. ജേക്കബ് കുര്യൻ ശെമ്മാശ്ശൻ M. A, B. D, M. Th–നെയും ഈ വർഷം അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. ഈ വർഷത്തെ സെറാമ്പൂർ പരീക്ഷകളിൽ നമ്മുടെ സെമിനാരിയിലെ ബേബി വറുഗീസ് ശെമ്മാശ്ശൻ ബി. ഡി. ക്ക് ഒന്നാം ക്ലാസ്സും ഒന്നാം റാങ്കും നേടി പ്രശസ്തമായ വിജയം സമ്പാദിച്ചിട്ടുണ്ട് എന്നതും പ്രസ്താവ്യമാണ്.

ഇങ്ങനെ സന്തോഷിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും നമ്മുടെ സെമിനാരിമൂലം നമുക്ക സാധിക്കുമ്പോൾ, അതിന്റെ സാമ്പത്തിക സ്ഥിതിയും നാം മനസ്സിലാക്കണം. പുതിയ കെട്ടിടം പണിത ഇനത്തിൽ മുക്കാൽ ലക്ഷം രൂപാ ഇപ്പോൾ കടമുണ്ട്. എൻഡോവ്മെന്റ് പലിശയും സഭാകേന്ദ്രത്തിൽ നിന്നു കൊടുക്കുന്ന വിഹിതവും കൂടാതെ

നമ്പർ 130/78

നമ്മുടെ ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന നമ്മുടെ കാതോലിക്കേറ്റ് അരമനപള്ളിയിലെ പ്രധാന പെരുനാളായ ശൂനോയോ പെരുനാളും പ. അബ്ദേദുമശിഹാ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപ്പെരുനാളും ആഗസ്റ്റ് 14, 15 എന്നീ തീയതികളിൽ പതിവുപോലെ നടത്തപ്പെടുന്നതാണ്. 14–ാം തീയതി തിങ്കളാഴ്ച സന്ധ്യാനമസ്ക്കാരത്തിലും 15–ാം തീയതി ചൊവ്വാഴ്ച രാവിലെ വി. കുർബാനയിലും നേർച്ചകാഴ്ചകളോടുകൂടി വന്നു സംബന്ധിച്ച് അനുഗ്രഹംപ്രാപിച്ചുപോകണമെന്നു നിങ്ങളെ നാം ഓർമ്മപ്പെടുത്തുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

എന്ന്,
1978 ആഗസ്റ്റ് 3–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നു്

നമ്പർ 122/78 O.E.S./D.H.S.

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ.. ....പള്ളിവികാരിയും, ദേശത്തു് പട്ടക്കാരും, പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വു്.

പ്രിയരെ,

1977 ജൂലൈ 5 മുതൽ 9 വരെ തീയതികളിൽ കൂടിയ പരിശുദ്ധ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ തീരുമാനപ്രകാരം ആണ്ടുതോറും ശൂനോയോ പെരുനാൾ ദിവസമായ ആഗസ്റ്റ് 15-ാം തീയതി മർത്തമറിയം സമാജാംഗങ്ങൾ 'സമാജദിനമായി' ആഘോഷിക്കണമെന്നു് നാം പ്രഖ്യാപിച്ചിരിക്കുന്നു. സമാജാംഗങ്ങൾ എല്ലാവരും സത്യകുമ്പസാരം നടത്തി അന്നേദിവസം വി. കുർബാന അനുഭവിക്കുകയും വി. കുർബാനയ്ക്കുശേഷം സമാജദിനത്തിനനുയോജ്യമായ മീററിംഗുകൾ, ക്ളാസ്സുകൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ മുതലായവ നടത്തുകയും ചെയ്യണം. ഈ കാര്യത്തിൽ ഓരോ ഇടവകയും കഴിവുള്ള സഹായസഹകരണങ്ങൾ അതാതു് ഇടവക സമാജത്തിനു് നല്കേണ്ടതുമാകുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

എന്നു്,
1978 ജൂലൈ 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റു്
അരമനയിൽനിന്നു്

നമ്പർ 52/78 O.E.S./F.

നമ്മുടെ...
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വു്.

പ്രിയരെ,

പൌരാണികമായ പൗരസ്ത്യ കാതോലിക്കേററിൻെറ മഹിമയ്ക്കു് അനുയോജ്യമായ ഒരു ആസ്ഥാനം ഇല്ലെന്നുള്ള കുറവു് പരിഹരിക്കണമെന്നുള്ള ആഗ്രഹം നിമിത്തം പ. പിതാവായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ പണി ആരംഭിച്ച കാതോലിക്കേററു് അരമന കെട്ടിടം ഇപ്പോഴും പൂർത്തിയാകാതെ സ്ഥിതിചെയ്യുന്നതിൽ നമുക്കു് അഗാധമായ കുണ്ഠിതമുണ്ടു്. അരമന കെട്ടിടം പൂർത്തിയാക്കണമെന്നുള്ളതു് തിരുമേനിയുടെ അന്ത്യാഭിലാഷങ്ങളിൽ ഒന്നായിരുന്നു. "ഇതിൻെറ ബാക്കി പണികൾ ശരീരപ്രകാരം നിങ്ങളുടെകൂടെ ഇരുന്നു നിർവ്വഹിപ്പാൻ നമുക്കു സമയം അനുവദിക്കപ്പെട്ടിട്ടില്ല. ഈ അരമന പൂർത്തിയാകുന്നേ സംഗതിയിൽ നിങ്ങളേവരും സർവ്വാത്മനാ നമ്മുടെ പിൻഗാമിയോടു സഹകരിക്കണം" എന്നാണു് ആ വന്ദ്യപിതാവു് തൻെറ അന്ത്യ സന്ദേശത്തിൽ നാം എല്ലാവരോടും കല്പിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ പിൻഗാമി പ. ബസ്സേലിയോസ് ഔഗേൻ ബാവാ തിരുമേനിയും ഈ അരമനയുടെ പണി പൂർത്തിയായി കാണുവാൻ അതിയായി ആഗ്രഹിച്ചിരുന്നു. എന്നാൽ പലേ പ്രയാസങ്ങളേയും പ്രാതികൂല്യങ്ങളേയും തരണം ചെയ്യേണ്ടിവന്നതിനാൽ അദ്ദേഹത്തിൻെറ ആഗ്രഹം നടപ്പിലായില്ല. നമ്മുടെ മുൻഗാമികളായ രണ്ടു് പരിശുദ്ധ പിതാക്കന്മാരുടെയും അഭിലാഷം എത്രയും വേഗം സഫലമാക്കേ

ണത്തു് നമ്മുടെ കടമയായി നാം കരുതുന്നു. ഇക്കാര്യത്തെപ്പററി നമ്മുടെ പ. സുന്നഹദോസുമായി നാം ആലോചിച്ചതിൽ അരമന പണി ഉടൻതന്നെ ആരംഭിക്കണമെന്നു് എല്ലാ മെത്രാപ്പോലീത്തന്മാരും ഒരുപോലെ അഭിപ്രായപ്പെട്ടു. സഭാംഗങ്ങളായ ഏവരുടെയും അഭിവാഞ്ഛ ഇതുതന്നെ ആണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

അരമനചാപ്പലിൻെറ വടക്കുവശത്തു് ഇപ്പോഴുള്ള കെട്ടിടത്തോടു ചേർത്തു് സുന്നഹദോസു് കൂടുന്നതിനുള്ള ചേംബർ, മാനേജിംഗ് കമ്മററി, വർക്കിംഗ് കമ്മററി മുതലായവ കൂടുന്നതിനുള്ള ഹാളുകൾ, വിശിഷ്ടാതിഥികളും, നമ്മുടെ മെത്രാപ്പോലീത്തന്മാരും മററും വരുമ്പോൾ അവർക്കു താമസിക്കുന്നതിനുള്ള പ്രത്യേകം മുറികൾ, നമ്മുടെ താമസത്തിനുള്ള സൗകര്യങ്ങൾ, പ്രൈവററു് ചാപ്പൽ, ലൈബ്രറി, സ്വീകരണമുറി, ഡൈനിംഗ് ഹാൾ എന്നിങ്ങനെയുള്ളവയാണു് തല്ക്കാലം പണിയിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അവയുടെ പണി പൂർത്തിയാകുമ്പോൾ അരമനയുടെ ബാഹ്യദർശനം എങ്ങിനെയിരിക്കുമെന്നു് ഇതോടൊന്നിച്ചു് അയയ്ക്കുന്ന പ്ലാനിൽനിന്നു് മനസ്സിലാക്കാവുന്നതാണു്. മേല്പറഞ്ഞ വിധത്തിൽ അരമനപണി പൂർത്തിയാക്കുന്നതിനു് കുറഞ്ഞതു് ഏഴര ലക്ഷം രൂപാ വേണമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ സംഖ്യ സഭാംഗങ്ങളായ നമ്മുടെ വാത്സല്യമക്കളിൽനിന്നും പിരിച്ചെടുക്കുകയല്ലാതെ മററു മാർഗ്ഗമൊന്നുമില്ല. അരമനയുടെ പൂർത്തീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സഭയുടെ കേന്ദ്രസ്ഥാനമായ ഈ അരമനയുടെ നിർമ്മാണത്തിൽ സഹകരിക്കാൻ നിങ്ങൾക്കു് ഏവർക്കും അർഹതയും ചുമതലയും ഉണ്ടല്ലോ. നിങ്ങളിൽ സ്വന്തമായ വരുമാനമുള്ളവർ എല്ലാവരും ഈ ആവശ്യത്തിലേക്കു് പ്രാപ്തിക്കനുസരിച്ചു് സംഭാവന ചെയ്യണം. നിങ്ങൾക്കു് ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം കല്പന അയയ്ക്കാൻ വളരെ അധികം ബുദ്ധിമുട്ടുള്ളതുകൊണ്ടാണു് എല്ലാവർക്കും കൂടി ഒരുമിച്ചു് ഈ കല്പന അയയ്ക്കുന്നതു്. നിങ്ങളുടെ കഴിവനുസരിച്ചു് നിങ്ങൾ സംഭാവന ചെയ്യുന്ന തുക എത്ര കുറവായിരുന്നാലും സന്തോഷപൂർവം സ്വീകരിക്കുന്നതാണു്. നിങ്ങളുടെ സംഭാവനകൾ കഴിവതുംവേഗം നമ്മുടെ പേർക്കു് അയച്ചുതരണമെന്നു നാം താല്പര്യപ്പെടുന്നു. സംഭാവനകൾ നമ്മുടെപേർക്കു് നേരിട്ടു് അയച്ചുതരാൻ സൗകര്യമില്ലാത്തവർ അ വ വികാരിയെ ഏല്പിക്കേണ്ടതും വികാരി അപ്രകാരം കിട്ടുന്ന സംഭാവനകൾ ശേഖരിച്ചു് ലിസ്ററു സഹിതം 1978 ജൂൺ 15-ാം തീയതിക്കുമുമ്പു് അയച്ചുതരേണ്ടതും ആകുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യക മറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധ പിതാക്കന്മാരായ ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും ഔഗേൻ പ്രഥമൻ ബാവായുടെയും പ്രാർത്ഥനകളാൽതന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1978 ഏപ്രിൽ 21-ാം തീയതി
കോട്ടയം കാതോലിക്കേററു്
അരമനയിൽനിന്നു്.

നമ്പർ 45/78 O.E.S.

നമ്മുടെ..പള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരൻമാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു് വാഴ്വ്.

പ്രിയരെ,

നാം നിങ്ങൾക്ക് 1978 ജനുവരി 21–ാം തീയതി അയച്ച 5/78—O. E. S. നമ്പർ കല്പന അനുസരിച്ച് ഇക്കൊല്ലത്തെ കാതോലിക്കാദിനം (സഭാ ദിനം) നിങ്ങൾ ഭംഗിയായി ആചരിക്കുകയും കാതോലിക്കാ ദിനപ്പിരിവും റിശീസാപ്പിരിവും ഊർജ്ജിതമായി നടത്തുകയും ചെയ്തിരിക്കുമല്ലൊ. കഴിഞ്ഞ കൊല്ലത്തെപ്പോലെ ഈ വർഷവും കേരളത്തിലുള്ള അതതു മെത്രാസനങ്ങളിൽപ്പെട്ട എല്ലാ പള്ളികളിലെയും വികാരിമാർ, കൈക്കാരൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗങ്ങൾ നിശ്ചിത തീയതികളിൽ നമ്മുടെ അദ്ധ്യക്ഷതയിൽ ചേരണമെന്നും ആ യോഗങ്ങളിൽവച്ച് കാതോലിക്കാ ദിനപ്പിരിവും റിശീസാപ്പിരിവും നാം തന്നെ നേരിട്ടു സ്വീകരിക്കണമെന്നുമാണ് നിശ്ചയിച്ചിരിക്കുന്നത്.

അതനുസരിച്ച് ക്നാനായ മെത്രാസനത്തിലെ യോഗം 1978 ഏപ്രിൽ 27–ാം തീയതി വ്യാഴാഴ്ച രാവിലെ 10–30 നു് തിരുവല്ലാ ബഥനി അരമനയിൽവച്ച് കൂടുന്നതാണ്. ആ പള്ളിയിൽനിന്നു് വികാരിയും, കൈക്കാരനും, സെക്രട്ടറിയും ആ യോഗത്തിൽ വന്നു സംബന്ധിക്കുകയും കാതോലിക്കാ ദിനപ്പിരിവും റിശീസാപ്പിരിവും അവയുടെ ലിസ്റ്റുകളും നമ്മെ ഏല്പിക്കുകയും ചെയ്യണം.

1977–ലെ കാതോലിക്കാ ദിനപ്പിരിവിലേക്ക് ആ മെത്രാസനത്തിൽപ്പെട്ട പള്ളികളിൽ, താരതമ്യേന ഏറ്റവും കൂടുതൽ സംഭാവന ചെയ്തിട്ടുള്ള പള്ളികൾക്കുള്ള ഷീൽഡുകളും സർട്ടിഫിക്കറ്റുകളും പ്രസ്തുത യോഗത്തിൽവച്ച് നൽകുന്നതായിരിക്കും.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1978 ഏപ്രിൽ 7–ാം തീയതി

നമ്പർ 24/78 – C.O./D

നമ്മുടെ ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ഏതാനും വർഷങ്ങളായി നമ്മുടെ സഭ ഗുരുതരമായ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണല്ലോ. സഭയിലെ ഒരു വിഭാഗം ആളുകൾ വിഘടിച്ച് കലാപങ്ങൾ സൃഷ്ടിക്കുകയും സഭവക സ്വത്തുക്കൾ കൈവശപ്പെടുത്തുവാൻ ശ്രമങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ അക്രമങ്ങളെ ആത്മസംയമനത്തോടെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽകൂടി സഭ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ അടുത്തകാലത്തു് അവർ അതിരുവിട്ട് അക്രമാസക്തരായിതീർന്നിരിക്കുന്നു. അവരുടെ നിയമലംഘനങ്ങളെ തടയുന്നതിനു ചുമതലപ്പെട്ട ഗവർമ്മെന്റ് ഫലപ്രദമായ നടപടികൾ യഥാവസരം സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല, നമ്മുടെ ന്യായമായ അവകാശങ്ങൾ അവഗണിക്കുകയുമാണു ചെയ്തിട്ടുള്ളതു്.

ഈ സാഹചര്യത്തിൽ, നമ്മുടെ സഭാ സംരക്ഷണസമിതിയുടെയും, ആക്ഷൻ കമ്മററിയുടെയും, സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളുടെയും സംയുക്ത യോഗങ്ങൾ ചേർന്നു് 'മലങ്കര ഓർത്തഡോക്സ് സഭാ അവകാശസംരക്ഷണ സമിതി' എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. നമ്മുടെ കൊല്ലം മെത്രാസനത്തിന്റെ മത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഈ സമിതി കേരളാ മുഖ്യമന്ത്രിയെയും സഹമന്ത്രിമാരെയും 31—1—78–ൽ കണ്ടു് ഒരു അവകാശപത്രിക സമർപ്പിക്കുകയുണ്ടായി. അതിൽ 16—6—1977–ൽ മന്ത്രിസഭ നൽകിയ ഉറപ്പിൻപ്രകാരം കോടതി വിധികൾ നടപ്പിലാക്കുക, കോടതി വിധികൾക്കു വിധേയമായി 'സ്റ്റാററസ്കോ' നിലനിർത്തുക, മന്ത്രിസഭയെ പ്രതിനിധീകരിച്ചു് മന്ത്രി ബേബിജോൺ മന്ത്രി നാരായണക്കുറുപ്പ് എന്നിവർ ദേവലോകം അരമനയിൽവച്ച് നൽകിയ ഉറപ്പനുസരിച്ച് തൃക്കുന്നത്തു സിമ്മനാരിപള്ളിയിൽ ദിവ്യശുശ്രൂഷകൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുക, തുടങ്ങിയ അടിയന്തരമായ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. എന്നാൽ ഗവർമ്മെന്റ് അതനുസരിച്ച്

ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി അറിയുന്നില്ല. ആകയാൽ നമ്മുടെ എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിനിധികളെയും അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങളെയും ഈ കാര്യങ്ങൾ മനസ്സിലാക്കി അവരുമായി ആലോചിച്ച് അടിയന്തരമായി സ്വീകരിക്കേണ്ട പരിപാടികൾക്ക് രൂപം കൊടുക്കണമെന്ന് തീരുമാനിച്ചിരിക്കുന്നു. അതിലേക്ക്, നമ്മുടെ അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങളുടെയും, പള്ളി പ്രതിനിധികളുടെയും ഒരു സംയുക്ത പൊതുസമ്മേളനം 1978 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച പകൽ രണ്ടു മണിക്ക് കോട്ടയം എം. ഡി. സിമ്മനാരി അങ്കണത്തിൽ കൂടുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ആ സമ്മേളനത്തിലേക്ക് ആ പള്ളി വികാരിയെയും സഹപട്ടക്കാരുണ്ടെങ്കിൽ അവരെയും കൈക്കാരനെയും സെക്രട്ടറിയെയും പള്ളിച്ചെലവിൽ അയയ്ക്കണമെന്ന് നാം താല്പര്യപ്പെടുന്നു. കൈക്കാരനോ സെക്രട്ടറിക്കോ വന്നുചേരുവാൻ സൌകര്യമില്ലാത്തപക്ഷം അവർക്കു പകരം ആളുകളെ ഇടവക മാനേജിംഗ് കമ്മററിയിൽനിന്ന് വികാരിക്ക് നിയോഗിക്കാവുന്നതാണ്. പ്രതിനിധികൾ സമ്മേളനദിവസം 12 മണിക്കും ഒന്നര മണിക്കും ഇടയ്ക്ക് കോട്ടയം മാർ ബസ്സേലിയോസ് കോളജ് ഹോളിൽ താല്ക്കാലികമായി സജ്ജീകരിക്കുന്ന അതാതു മെത്രാസന ഓഫീസുകളിൽ വേണ്ട സാക്ഷ്യത്തോടുകൂടി ഹാജരായി യോഗത്തിൽ സംബന്ധിക്കുന്നതിനുള്ള പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.............

1978 മാർച്ച് 1-ാം തീയതി

നമ്പർ 22/78 – C.O./F

നമുക്ക് ഏത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ [illegible] ______ വാഴ്‌വ്.

പ്രിയനെ,

ആലുവാ തൃക്കുന്നത്തു സിമ്മനാരി പിടിച്ചടക്കാൻ വിഘടിതർ നടത്തിയ സമരകാലത്തു്, ഏററം ഭീകരമായ ആക്രമണത്തിനു വിധേയമായ ഒരു പ്രസ്ഥാപനമാണ് അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട പള്ളിക്കര മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പുത്തൻ പള്ളി. കാതോലിക്കേററിന്റെ പേരിലുള്ള ഈ മനോഹരമായ ദേവാലയത്തിൽ വച്ചാണ് ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ പള്ളിക്കരയിലും ചുററുപാടുമുള്ള നമ്മുടെ ആളുകളുടെ ആത്മീയ ആവശ്യങ്ങൾ നടത്തിവരുന്നതു്. അതുകൊണ്ടു തന്നെയായിരിക്കണം ഇതിന്റെ നേരെ ആക്രമണം കേന്ദ്രീകരിക്കുവാനിടയായതു്. പള്ളി ഡൈനാമിററുകൾ വച്ചു തകർക്കുവാൻ ശ്രമിച്ചതിന്റെ ഫലമായി അതിന്റെ പല ഭാഗങ്ങൾക്കും പ്രത്യേകിച്ചുവി. മദ്ബഹായുടെ ഭിത്തികൾക്കും മററും സാരമായ കേടുപാടുകൾ വന്നിട്ടുണ്ട്. നാം തന്നെ പ്രസ്തുത പള്ളി സന്ദർശിച്ചു അതിന്റെ ഇന്നത്തെ സ്ഥിതി നേരിൽ മനസ്സിലാക്കിയിട്ടുള്ളതാണ്. ദൈവത്തിന്റെ ഭവനമായ ദേവാലയം ഈ സ്ഥിതിയിലാക്കത്തക്കവണ്ണം പ്രവർത്തിച്ചതിനെക്കുറിച്ച് ഓർക്കുമ്പോൾ നാം ദുഃഖിക്കുന്നു. ഇനു പലതുകൊണ്ടും അതു ഒരു പ്രധാനപ്പെട്ട പള്ളിയായതിനാലും ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിലും ഏത്രയും വേഗം അതിന്റെ അപകടാവസ്ഥ മാററി എടുക്കേണ്ടതു ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണ്. അത്യാവശ്യ കേടുപാടുകൾ മാററുന്നതിനും മററുമായി ഉദ്ദേശം 25000 രൂപായോളം വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഈ കാര്യത്തിൽ ആത്മാർത്ഥമായി സഹകരിച്ചും കഴിവുള്ള സംഭാവനകൾ നല്കിയും ഈ ഉദ്യമത്തെ വിജയിപ്പിക്കണമെന്നു നിങ്ങളുടെ സ്നേഹത്തെ നാം അറിയിക്കുന്നു. സംഭാവനകൾ പള്ളിക്കൈക്കാരൻ സി. എം. തരകന്റെ പേർക്കു പുത്തൻ ബംഗ്ലാവ്, കുമാരപുരം പി. ഒ. ആലുവാ എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ഈ നല്ലകാര്യത്തിൽ സഹകരിക്കുന്നവരെ ദൈവം അനുഗ്രഹിക്കും.

1978 ഫെബ്രുവരി 21-ാം തീയതി

നമ്പർ 5/78 - O.E.S.

നമ്മുടെ ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

ഈ കൊല്ലം വലിയ നോമ്പ് ഫെബ്രുവരിമാസം 6-ാം തീയതി ആണ് ആരംഭിക്കുന്നത്. കർത്താവ് തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് നാല്പതു ദിവസം നോമ്പു നോററതായി വിശുദ്ധ വേദത്തിൽ നാം വായിക്കുന്നു. സർവ്വശക്തനായ ദൈവം മനുഷ്യാവതാരം ചെയ്തപ്പോൾ നോമ്പാചരിക്കേണ്ടതാവശ്യമായി വന്നെങ്കിൽ, ബലഹീനരായ നാം നോമ്പു നോൽക്കേണ്ടതു് എത്രയോ കൂടുതൽ ആവശ്യമാണ്. പ്രത്യേകിച്ചും നമ്മുടെ സഭ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെ തരണം ചെയ്യുന്നതിന് വേണ്ട ദൈവാത്മശക്തി ലഭിക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ അനുഷ്ഠാനങ്ങളോടും കൂടി നിങ്ങളേവരും നോമ്പ് ആചരിക്കണം.

നോമ്പാചരണത്തിൽ അന്തർഭവിച്ചിരിക്കുന്ന ഒരു പ്രധാന ഘടകമാണ് സ്നേഹം. തമ്മിൽ തമ്മിലുള്ള സ്നേഹവും സഭയോടുള്ള സ്നേഹവും കൂടുതൽ ദൃഢപ്പെടുത്തുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഈ നോമ്പുകാലം പരമാവധി പ്രയോജനപ്പെടുത്തണം. ഓരോ ഇടവകയിലുമുള്ള ആത്മീയ സംഘടനകളിൽ ചേർന്ന് സജീവമായി പ്രവർത്തിക്കുകയും, അനാഥസംരക്ഷണം, ആതുര സേവനം, സാമൂഹ്യക്ഷേമം, മിഷ്യനറിപ്രവർത്തനം മുതലായ കാര്യങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ പ്രത്യേകമായി നാം നിങ്ങളെ ഉൽബോധിപ്പിക്കുന്നു. കൂടാതെ, സഭയിൽ സമാധാനം പുനഃസ്ഥാപിതമാകുവാൻ മുട്ടിപ്പായി പ്രാർത്ഥിക്കുകയും, സഭയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനും അതിന്റെ ഉന്നമനത്തിനും വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധരാവുകയും ചെയ്യണം.

നോമ്പിലെ 36-ാം ഞായറാഴ്ച (കാതോലിക്കാദിനം) സഭാദിനമായി ആഘോഷിക്കണം. ആഘോഷ പരിപാടികൾ, സഭാംഗങ്ങൾക്ക് സഭാകാര്യങ്ങളിൽ കൂടുതൽ ഔത്സുക്യവും തീക്ഷ്ണതയും ഉളവാകത്തക്കവണ്ണം ക്രമീകരിക്കണം. സഭാദിനത്തോടനുബന്ധിച്ച് നടത്തുന്ന കാതോലിക്കാദിനപ്പിരിവിലേക്ക് ഓരോ ഗൃഹനാഥനും സ്വന്തമായി വരുമാനമുള്ള മററംഗങ്ങളും ഉദാരമായി സംഭാവന നൽകണം. കുറഞ്ഞതു് ഒരു ദിവസത്തെ മൊത്തവരുമാനമാണ് ഓരോരുത്തരിൽനിന്നും പ്രതീക്ഷിക്കുന്നതു്. പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും റീശീസാ കൊടുക്കണം. കാതോലിക്കാദിനപ്പിരിവും റീശീസാപ്പിരിവും പുതുഞായറാഴ്ചയ്ക്കകം പൂർത്തിയാക്കേണ്ടതാകുന്നു. സഭാദിനാഘോഷം സംബന്ധിച്ചും പിരിവുകൾ സംബന്ധിച്ചും ഉള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ ഓഫീസിൽ നിന്നും യഥാകാലം അറിയിക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1978 ജനുവരി 21-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 162/77 – O.E.S.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തിട്ട 75 വർഷം ഈ നവംബർ 2-ാം തീയതി തികയുകയാണല്ലോ. തിരുമനസ്സിലെ ഓർമ്മപ്പെരുന്നാൾ പ്ലാററിനംജൂബിലി ആഘോഷിക്കുന്ന ഈ വർഷം സഭാംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്കനുയോജ്യമായ പരിപാടികളോടുകൂടി അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന പരുമല സെമ്മിനാരിയിൽ ഈ മാസം 26-ാം തീയതി മുതൽ നവംബർ രണ്ടു വരെയുള്ള തീയതികളിലും അദ്ദേഹം റമ്പാനായി പല വർഷങ്ങൾ താമസിച്ചിരുന്ന മുളന്തുരുത്തി വെട്ടിക്കൽ ദയറായിൽ ഡിസംബർ 10-ാം തീയതിയും കൊണ്ടാടുന്നതാണ്. നമ്മുടെ ആത്മീയ മക്കൾ നേർച്ചകാഴ്ചകളോടുകൂടി ആ ആഘോഷങ്ങളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണം. കൂടാതെ മലങ്കരയുടെ ആത്മീക വെളിച്ചമായ പരുമല തിരുമേനിയുടെ ഈ ജൂബിലി മഹാമഹത്തിൽ ഏതെങ്കിലും വിധത്തിൽ സംബന്ധിച്ച അനുഗ്രഹം പ്രാപിക്കേണ്ടതു എവരുടെയും കടമയാണ്. ആയതിനാൽ നവംബർ 3 മുതൽ ഡിസംബർ 9 വരെയുള്ള ദിവസങ്ങളിൽ അവരവരുടെ സൗകര്യം അനുസരിച്ച ഇടവകകളായും പല ഇടവകകൾ ചേർന്നും ഭദ്രാസന അടിസ്ഥാനത്തിലും മററും പരിശുദ്ധന്റെ ജൂബിലി ഭക്തിപൂർവ്വം കൊണ്ടാടണം.

തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് എവർക്കും കോട്ടയും കാവലും ആയിരിക്കട്ടെ.

എന്ന്

1977 ഒക്ടോബർ 20-ാം തീയതി

നമ്പർ 155/77 – O.E.S./S.C./Bd.

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന ...... റമ്പാന് വാഴ്വ്,

പ്രിയനെ,

പുതിയതായി മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട് റമ്പാൻ സ്ഥാനം പ്രാപിച്ചിട്ടുള്ളവരെക്കുറിച്ച് 1977 August 17-ാംനു കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ Standing Committee സ്വീകരിച്ച താഴെപ്പറയുന്ന തീരുമാനം നാം പ്രിയനെ അറിയിക്കുന്നു.

" അദ്ധ്യക്ഷൻ അനുവദിച്ചതനുസരിച്ച് നിയുക്ത മെത്രാന്മാരായ യാക്കോബ്, സഖറിയ, മാത്യൂസ്, ഗീവറുഗീസ്, യൂഹാനോൻ എന്നി റമ്പാന്മാരുടെ സ്ഥാനാരോഹണം നടക്കുന്നതുവരെയുള്ള കാലയളവിൽ അവരുടെ താമസം പ്രവർത്തനം മുതലായവയെപ്പറ്റി കമ്മറ്റി ചിന്തിച്ചു. അവർ ഏർപ്പെട്ടിരിക്കുന്ന ജോലികാര്യങ്ങളിൽ നിന്ന് പൂർണ്ണമായി വിട്ടുമാറുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനു വേണ്ടി തല്ക്കാലം ശ്രദ്ധ പതിപ്പിക്കയും, പിന്നീട് മേല്പട്ട സ്ഥാനികൾക്കാവശ്യമായ അംശവസ്ത്രങ്ങൾ, സാധന സാമഗ്രികൾ എന്നിവയും, പട്ടംകൊ ചണ്ണി കൂദാശ മുതലായ ശുശ്രൂഷകൾക്കാവശ്യമായ പുസ്തകങ്ങളും സംഭരിക്കുകയും, അതിനുശേഷം അവർക്കു വേണ്ട പ്രായോഗിക പരിശീലനം ലഭിക്കത്തക്കവണ്ണം പ്രത്യേക സമയം നിശ്ചയിച്ച് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ വേ അഭ്യസനം കൊടുക്കുകയും ചെയ്യണമെന്നു നിശ്ചയിച്ചു".

മേല്പറഞ്ഞ തീരുമാനം അനുസരിച്ച് പ്രിയൻ പ്രവർത്തിച്ചു കൊള്ളണം. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

1977 Sept. 7-ാംനു കോട്ടയം

നമ്പർ 144/77 – C.O.M.C.

നമ്മുടെ ....പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കവാഴ്വ്.

പ്രിയരെ,

വിവാദവിഷയമായിരിക്കുന്ന ക്രിസ്ത്യൻ പിന്തുടർച്ചാവകാശത്തിന്റെ കാര്യത്തിൽ വിശിഷ്യാ തിരുവിതാംകൂറിലെയും കൊച്ചിയിലെയും മലബാറിലെയും പിന്തുടർച്ചാവകാശനിയമം ഏകീകരിച്ച് ഇൻഡ്യയിലെ ക്രൈസ്തവർക്ക് പൊതുവായിട്ടുള്ള ഒരു നിയമം നിർമ്മിക്കുന്നതിന് വിവിധ സഭാവിഭാഗങ്ങൾ ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തിവരുന്ന സാഹചര്യത്തിൽ മലങ്കരസഭയുടെ അഭിപ്രായം വ്യക്തമാക്കുന്നതിനായി ഈ പ്രശ്നത്തിന്റെ നാനാവശങ്ങളെക്കുറിച്ചു പഠിച്ച് മാനേജിംഗ്കമ്മറ്റിയിൽ റിപ്പോർട്ടു സമർപ്പിക്കുന്നതിന് പ്രസ്തുത കമ്മറ്റിയുടെ ശുപാർശപ്രകാരം അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസിഡന്റായും, അലക്സാണ്ടർ കാരയ്ക്കൽ കൺവീനറായും, ഫാ. കെ. സി. ഉമ്മൻ, [illegible], പി. ജെ. തോമസ് എം. എൽ. എ. എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മീഷനെ നാം നിയമിച്ചിട്ടുണ്ട്. അതിനും പുറമെ ഇൻഡ്യൻ സ്ത്രീധന നിരോധന ആക്ടിന്റെ വെളിച്ചത്തിൽ പള്ളികൾക്ക് സ്ത്രീധനത്തിന്റെ അടിസ്ഥാനത്തിൽ പതാരമായി ലഭിച്ചുവരുന്ന വരുമാനമാർഗ്ഗത്തിന്റെ നിയമപരമായ വശത്തെ സംബന്ധിച്ച് പരിശോധിച്ചു റിപ്പോർട്ടു ചെയ്യുന്നതിനും നാം പ്രസ്തുത കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ക്രിസ്ത്യൻ വിഭാഗങ്ങളുടെ പ്രതിനിധികളെയും നേതാക്കന്മാരെയും കണ്ട് അവരുടെ അഭിപ്രായങ്ങൾ അറിഞ്ഞ് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് പല കാരണങ്ങളാലും കമ്മീഷനു സാദ്ധ്യമല്ലാത്തതിനാൽ പ്രസക്തമായ കാര്യങ്ങളെ സംബന്ധിച്ചു ഒരു ചോദ്യാവലി തയ്യാറാക്കി ഇടവകാംഗങ്ങൾക്കും മറ്റു സുഹൃത്തുക്കൾക്കും അയച്ചുകൊടുത്ത് അവരുടെ അഭിപ്രായങ്ങൾ ശേഖരിച്ചും മറ്റു വിധത്തിലും സമുദായത്തിന്റെ ചിന്താഗതി മനസ്സിലാക്കി ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനാണ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നത്.

നമ്മുടെ സഭയുടെ ഭാവിയെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങൾ പലതും ഉൾക്കൊള്ളുന്നതുകൊണ്ട് [illegible] കൗൺസിലും [illegible] ഇടവകയും പ്രത്യേക യോഗങ്ങൾ വിളിച്ചുകൂട്ടി ഇതോടൊപ്പം അയയ്ക്കുന്ന ചോദ്യാവലി വിശദമായി പഠിച്ച് ഉത്തരങ്ങൾ തയ്യാറാക്കണമെന്നു നാം താല്പര്യപ്പെടുന്നു. നിങ്ങളുടെ ഉത്തരങ്ങളും പ്രസ്തുത വിഷയത്തിൽ പ്രസക്തമെന്നു തോന്നുന്ന മറ്റു സംഗതികളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും 1977 സെപ്റ്റംബർ 30–നു മുമ്പായി കമ്മീഷന്റെ കൺവീനറുടെ പേർക്ക് അലക്സാണ്ടർ കാരയ്ക്കൽ, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട, കേരളം എന്ന വിലാസത്തിൽ അയച്ചുകൊടുത്തു പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തെ വിജയകരമാക്കിത്തീർക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ആവശ്യപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. [illegible] ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമാ ശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1977 ആഗസ്റ്റ് 30–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്

നമ്പർ 120/77 – C/A

നമ്മുടെ...
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കാതോലിക്കേറ്റ് അരമനപള്ളിയിലെ പ്രധാന പെരുനാളായ വി. ദൈവമാതാവിന്റെ ശൂനോയോ പെരുനാളും പ. അബ്ദേദമിശിഹാ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപ്പെരുനാളും ആഗസ്റ്റ് 14, 15 എന്നീ തീയതികളിൽ പതിവുപോലെ നടത്തപ്പെടുന്നതാണ്. 14–ാം തീയതി ഞായറാഴ്ച സന്ധ്യാനമസ്ക്കാരത്തിലും, 15–ാം തീയതി തിങ്കളാഴ്ച രാവിലെ വി. കർബാനയിലും നേർച്ചകാഴ്ചകളോടുകൂടി എല്ലാവരും വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുപോകണമെന്ന് നിങ്ങളെ നാം ഓർമ്മപ്പെടുത്തുന്നു. ശേഷം പിന്നാലെ.

ത്രിയേകദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1977 ആഗസ്റ്റ് 4–ാം തീയതി

നമ്പർ 98/77 – C.O./F.

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന...

....വാഴ്‌വ്.

പ്രിയനെ,

അങ്കമാലിയിലും പരിസരപ്രദേശങ്ങളിലുമുള്ള നമ്മുടെ [illegible] ജനങ്ങളുടെ ആത്മീയ ആവശ്യങ്ങൾക്കും മററുമായി ഒരു കാതോലിക്കേറ്റ് സെൻറർ പണിയുന്നതിലേക്കായി അങ്കമാലി റെയിൽവേസ്റ്റേഷന്റെ സമീപവും നാഷനൽ ഹൈവേയോട് ചേർന്നും അനുയോജ്യമായ 30 സെൻറ് സ്ഥലം വാങ്ങിക്കുവാൻ നിശ്ചയിക്കുകയും അതിനു ആവശ്യമായ 30000 രൂപയോളം ഈ കഴിഞ്ഞ മാവേലിക്കര അസോസ്യേഷനിൽവച്ച സഭാസ്നേഹികൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. സഭാവിശ്വാസികൾ ഒരുമിച്ചുകൂടി സഭാകാര്യങ്ങളെക്കുറിച്ചും മററും പഠനം നടത്തുവാനും ആരാധനയിൽ പങ്കെടുക്കുവാനും ഉപയോഗപ്പെടത്തക്കവണ്ണം ഒരു കാതോലിക്കേറ്റ് സെൻറർ ഉണ്ടാക്കുന്നതിനു ഏതാണ്ട് ഒന്നര ലക്ഷത്തോളം രൂപാ ചെലവുവരും. അവിടെയുള്ള സഭാംഗങ്ങൾ അവരാൽ ആവതു ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. എങ്കിലും ഉദാരമതികളും സമ്പത്തുള്ളവരുമായ സഭാമക്കളുടെ കൈതുറന്ന സഹായവും ആത്മാർത്ഥമായ സഹകരണവും അവർക്കു ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ നല്ല കാര്യത്തിനു ഉദാരമായി സംഭാവനചെയ്തു ഈ സംരംഭത്തെ വിജയിപ്പിക്കണം. ദൈവം അനുഗ്രഹിക്കട്ടെ.

1977 ജൂൺ 7-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 81/77 – C.O./F.

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

1977 മാർച്ച് ഒന്നാം തീയതി 41/77-ാം നമ്പരായി നാം അയച്ച കല്പനയിൽ വി. മൂറോൻ കൂദാശയ്ക്കും, ഈ മാസം 16-ാം തീയതി കൂടുവാൻ നിശ്ചയിച്ചിട്ടുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗത്തിന്റെ നടത്തിപ്പിനും ഉള്ള ചെലവുകൾക്കായി ആ പള്ളിയിൽനിന്നു അയച്ചുതരണമെന്നാവശ്യപ്പെട്ടിരുന്ന തുക ഇതുവരെ കിട്ടിയിട്ടില്ല. അതു ഉടനെ നമ്മുടെ പേർക്കു അയച്ചുതരണം.

ആ മെത്രാസനത്തിലെ പള്ളി പ്രതിനിധികളുടെയും മററും യോഗം ഈ മാസത്തിൽ നടത്തുന്നതാണെന്നു നാം അറിയിച്ചിട്ടുണ്ടല്ലൊ. അതിനു മുൻപായി ആ തുക അയയ്ക്കുവാൻ ഏതെങ്കിലും കാരണവശാൽ സാധിക്കുന്നില്ലെങ്കിൽ പ്രസ്തുത മീററിംഗ്സ്ഥലത്തു വച്ച് അതു നമ്മെ ഏല്പിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1977 മെയ് 4-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 78/77

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്‌വ്.

പ്രിയരെ,

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസ് 1977 മെയ് 20, 21, 22 തീയതികളിൽ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഇംഗ്ലീഷ്മീഡിയം സ്കൂളിൽ വച്ചു നടക്കുന്നതാണ്. 'സെക്കുലർ സമൂഹത്തിൽ സഭ' എന്ന വിഷയത്തെക്കുറിച്ചു് മെത്രാപ്പോലീത്തന്മാരും മററു പ്രഗത്ഭമതികളും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. കോലഞ്ചേരിയുള്ള നമ്മുടെ ആത്മീയ മക്കൾ കോൺഫറൻസിന്റെ വിജയത്തിനുവേണ്ടി ഉത്സാഹമായി വേണ്ട സജ്ജീകരണങ്ങൾ ചെയ്തുവരുന്നതിൽ നാം സന്തോഷിക്കുന്നു. വടക്കൻ മേഖലയിൽ വച്ചു നടക്കുന്ന ഒരു പരിപാടിയെന്ന നിലയിൽ ഇതിനു കൂടുതൽ പ്രാധാന്യവുമുണ്ട്.

അതിനാൽ ആ പള്ളിയിൽനിന്നും സമാജസെക്രട്ടറിയെയും മറെറാരു പ്രതിനിധിയെയും പള്ളിച്ചെലവിൽ അയയ്ക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

കൂടുതൽ വിവരങ്ങൾ ജനറൽ സെക്രട്ടറി നമ്മുടെ വാത്സല്യവാൻ കെ. എം. മാത്യു (എം. ജി. എം. ഹൈസ്കൂൾ, തിരുവല്ലാ) നിങ്ങളെ അറിയിക്കുന്നതാണ്.

പ്രസ്ഥാനം പ്രസിഡണ്ട് തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ വിദേശപര്യടനത്തിലാകയാലാണ് നാം ഈ കല്പന അയയ്ക്കുന്നത്. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ളീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ. . . .

1977 മെയ് 2-ാം തീയതി

നമ്പർ 75/77 - C.O./F.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്‌വ്.

പ്രിയരെ,

ഒരു സമൂഹത്തിന്റെ നല്ല ഭാവിയെ വിഭാവന ചെയ്യുന്ന അതിന്റെ വിധാതാക്കൾ ഭാവിതലമുറയെ കരുപ്പിടിപ്പിക്കുന്ന വിദ്യാഭ്യാസപ്രസ്ഥാനത്തിന് ഭാവിക്ക് അനുയോജ്യമായ ഒരു രൂപം കൊടുക്കുകയാണ് ചെയ്യുന്നതു്. ഇന്നത്തെ ലൗകികവിദ്യാഭ്യാസത്തിൽ സാന്മാർഗ്ഗികവിദ്യാഭ്യാസത്തിന് വേണ്ടത്ര സ്ഥാനം കൊടുക്കാതെ വലിയൊരു വിടവു വരുത്തിയിരിക്കുകയാണ്. ആ വിടവിനെ നികത്തുവാനും ദൈവഭക്തിയും സത്യവിശ്വാസവും കുഞ്ഞുങ്ങളിൽ നട്ടുവളർത്തുവാനും നാം സ്വീകരിച്ചിരിക്കുന്ന ഏററവും പ്രധാനപ്പെട്ട പദ്ധതിയാണ് സണ്ടേസ്ക്കൂൾ വിദ്യാഭ്യാസം. സണ്ടേസ്ക്കൂൾ കേന്ദ്രതലത്തിൽ വേണ്ടപ്പെട്ട തീക്ഷ്ണതയോടും താല്പര്യത്തോടുംകൂടി പ്രവർത്തിക്കുന്നുണ്ടെന്നു് നമുക്ക് ബോദ്ധ്യമാണ്. പല പള്ളിക്കാരും അപ്രകാരം ചെയ്യുന്നുണ്ട്. എല്ലാ പള്ളിക്കാരും വേണ്ടിടത്തോളം സഹകരിച്ചിരുന്നുവെങ്കിൽ ഈ പ്രസ്ഥാനം ആഴത്തിലും പരപ്പിലും കൂടുതൽ അഭിവൃദ്ധിപ്പെടുമായിരുന്നു.

പെന്തിക്കോസ്തി ഞായറാഴ്ച എല്ലാ വർഷവും സണ്ടേസ്ക്കൂൾ ദിനമായി ആചരിക്കുകയാണല്ലോ പതിവു്. ഈ വർഷവും മെയ് 29-ാം തീയതി, പെന്തിക്കോസ്തി ഞായറാഴ്ച, സണ്ടേസ്ക്കൂൾ ദിനമായി ആചരിക്കണം. അന്നേദിവസം സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പട്ടക്കാർ സണ്ടേസ്ക്കൂൾ ദിനത്തിലെ പ്രത്യേക പരിപാടികൾക്ക് ആവശ്യമായ നേതൃത്വം നൽകുകയും ചെയ്യണം.

പെന്തിക്കോസ്തി ഞായറാഴ്ചത്തെ കാണിക്ക സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിലേക്ക വേർതിരിച്ചിരിക്കുകയാണ്. പ്രത്യേകാൽ മൂലധനം ഒന്നും ഇല്ലാത്ത നമ്മുടെ സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ധനാഗമമാർഗ്ഗമാണ് ഈ കാണിക്ക ശേഖരം. ആയതിനാൽ നമ്മുടെ ആളുകൾ അവരവരുടെ ശക്തിക്കനുസരണമായ തുകകൾ പെന്തിക്കോസ്തി ഞായറാഴ്ച പള്ളികളിൽ കാണിക്കയായി സമർപ്പിച്ചു് നമ്മുടെ സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തെ വിജയിപ്പിക്കണം. പെന്തിക്കോസ്തി ഞായറാഴ്ചത്തെ കാണിക്ക പള്ളികളിൽനിന്നു് തിങ്കളാഴ്ചതന്നെ സണ്ടേസ്ക്കൂൾ ഡയറക്ടർ ജനറൽ സി. വി. ജോർജ്ജ് കോറെപ്പിസ്കോപ്പായുടെ പേർക്ക് (സണ്ടേസ്ക്കൂൾ ഓഫീസ്, ദേവലോകം, കോട്ടയം-4 എന്ന വിലാസത്തിൽ) അയച്ചുകൊടുക്കണം. ശേഷം പിന്നാലെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

എന്നു്
1977 ഏപ്രിൽ 28-ാംതീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്

നമ്പർ 70/77

നമ്മുടെ ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

ഈ ആണ്ടത്തെ കാതോലിക്കാദിനം സഭാദിനമായി എല്ലാ ഇടവകകളിലും പൂർവ്വാധികം ഭംഗിയായി ആചരിച്ചു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്. ഇതിനകം ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കുവാൻ കഴിയുന്നതു് ബഹുഭൂരിപക്ഷം പള്ളികളിലും കാതോലിക്കാദിനപ്പിരിവ് ഊർജ്ജിതമായി നടത്തിയെന്നും അതു് യഥാകാലം പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ്. നാം മെത്രാസനസന്ദർശനം നടത്തുമ്പോൾ പിരിവുതുക നേരിട്ട് ഏറ്റുവാങ്ങുന്നതാണെന്നുള്ള വിവരം മുൻകൂട്ടി അറിയിച്ചിരുന്നല്ലോ. ഈ മെയ്മാസത്തിൽതന്നെ ഓരോ മെത്രാസനത്തിലും പള്ളി പ്രതിനിധികളുടെയും ആത്മീയസംഘടനാ പ്രതിനിധികളുടെയും അതതു് മെത്രാസനത്തിലെ അസോസ്യേഷൻ മാനേജിങ്ങ്കമ്മററി അംഗങ്ങളുടെയും മീററിംഗ് കൂടണമെന്നും തദവസരത്തിൽ കാതോലിക്കാദിനപിരിവും റിശീസായും നേരിട്ടു സ്വീകരിക്കണമെന്നുമാണ് ഉദ്ദേശിക്കുന്നതു്.

നിരണം മെത്രാസനത്തിലെ മീററിംഗ് 1977 മെയ് മാസം 20-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് തിരുവല്ലാ ബഥനി അരമനയിൽവച്ച് നടത്തുന്നതാണ്.

ആ പള്ളിയിൽനിന്ന് വികാരിയും കൈക്കാരനും സെക്രട്ടറിയും ആത്മീയസംഘടനാപ്രതിനിധികളും പ്രസ്തുത മീററിംഗിൽ സംബന്ധിക്കുകയും കാതോലിക്കാദിനപ്പിരിവു തുകയും റിശീസായും, രണ്ടു പിരിവുകളുടെയും ലിസ്റ്റുകളും നമ്മെ ഏല്പിക്കുകയും ചെയ്യണം.

ഏതെങ്കിലും ഇടവകയിലെ പിരിവ് ഇതിനകം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ ഉടനെ തന്നെ അതു് പൂർത്തിയാക്കേണ്ടതാണ്. മുൻ നിർദ്ദേശമനുസരിച്ച് കാതോലിക്കാദിനപ്പിരിവു ലിസ്റ്റ് ഇടവകാംഗങ്ങളുടെ അറിവിലേക്കായി അതാതു പള്ളികളിൽ പ്രസിദ്ധപ്പെടുത്തണം.

സഭയെ സ്നേഹിക്കുകയും അതിനുവേണ്ടി അദ്ധ്വാനിക്കുകയും, അല്പമായോ അധികമായോ അതിനെ സഹായിക്കുകയും ചെയ്യുന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

നമ്പർ 44/77 – C.O./F.

നമ്മുടെ.. പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

കാതോലിക്കാദിനം 'സഭാദിനം' ആയി ആചരിക്കണമെന്നുള്ള തീരുമാനം നമ്മുടെ ഓഫീസിൽനിന്ന് അയച്ചിരുന്നിട്ടുള്ള വിജ്ഞാപനത്തിൽനിന്നും ഇതിനകം നിങ്ങളേവരും അറിഞ്ഞിരിക്കുമല്ലോ. അന്നത്തെ ആഘോഷപരിപാടികളെപറ്റി വിശദീകരിക്കുന്നതിനും പ്രസ്തുത ദിനത്തോടനുബന്ധിച്ച നടത്തുന്ന പണപ്പിരിവ് വിജയിപ്പിക്കുന്നതിനുമായി കേരളത്തിലുള്ള മെത്രാസനങ്ങളിൽ പള്ളിപ്രതിനിധികളുടെയും ആത്മീയസംഘടനാഭാരവാഹികളുടെയും യോഗങ്ങൾ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ ഫിനാൻസ് കമ്മററി പ്രസിഡണ്ട് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും, അസോസ്യേഷൻ സെക്രട്ടറി പി. സി. എബ്രഹാമും, ഫിനാൻസ് കമ്മററി കൺവീനർ പി. ജെ. കോശിയും മററും സംബന്ധിച്ചിരുന്നു. എന്നാൽ കേരളത്തിനു വെളിയിലുള്ള മെത്രാസനങ്ങളിൽ ഇപ്രകാരമുള്ള യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് കൂടുതൽ പ്രയാസമുണ്ട്. അതിനാലാണ് ഇപ്രകാരം ഒരു സന്ദേശം പ്രത്യേകമായി നിങ്ങൾക്കയയ്ക്കുന്നതു്.

ഭാഗ്യസ്മരണാർഹനായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് കഴിഞ്ഞ ഫെബ്രുവരി 21 മുതൽ 25 വരെ സഭയിലെ മേല്പട്ടക്കാരുടെ ധ്യാനവും തുടർന്നു് മൂന്നു ദിവസം നീണ്ടുനിന്ന പ. സുന്നഹദോസും നടത്തപ്പെടുകയുണ്ടായി. ആദ്ധ്യാത്മീകമായി സഭ പൂർവാധികം ശക്തി പ്രാപിക്കുന്നതിന് പര്യാപ്തമായ പരിപാടികൾ പലതും പ്രസ്തുത സുന്നഹദോസിൽവച്ച് ആവിഷ്ക്കരിക്കപ്പെട്ടു. അവ നടപ്പാക്കുന്നതിനാവശ്യമായ പണം കാതോലിക്കാദിനപ്പിരിവ് വർദ്ധിപ്പിക്കുന്നതുവഴി ലഭ്യമാകേണ്ടതായിട്ടാണിരിക്കുന്നതു്. കേരളത്തിലുള്ള മെത്രാസനങ്ങളിൽ ഇതു സംബന്ധമായുണ്ടായിട്ടുള്ള പ്രതികരണം വളരെയധികം പ്രോത്സാഹജനകമാണ്. മുൻകൊല്ലത്തെ അപേക്ഷിച്ച് മൂന്നും നാലും മടങ്ങായി പിരിവ് വർദ്ധിപ്പിക്കാമെന്ന് അവർ വാഗ്ദാനം ചെയ്തിരിക്കയാണ്. കാതോലിക്കാദിനപ്പിരിവിന്റെ ഒരു നല്ല ഭാഗം ബാഹ്യകേരള ഇടവകകളിൽനിന്നാണ് ലഭിച്ചുകൊണ്ടിരിക്കുന്നതു്. തുടർന്നും അപ്രകാരം ലഭിക്കുമെന്ന് നമുക്കുറപ്പുണ്ട്. ഒരാളുടെ ഒരു ദിവസത്തെ ശരാശരി മൊത്ത വരുമാനം ഏററവും കുറഞ്ഞ തോതിലുള്ള സംഭാവന മാത്രമാണ്. അതിൽ കൂടുതലാണ് നിങ്ങൾ ഓരോരുത്തരിൽനിന്നും പ്രതീക്ഷിക്കുന്ന സംഭാവന.

1976-ലെ കാതോലിക്കാദിനപ്പിരിവിന്റെ കണക്കുകളോടൊപ്പം സഭാദിനം എപ്രകാരം ആചരിക്കണമെന്നതിനെപററിയുള്ള വിവരണവും മേൽ സൂചിപ്പിച്ച വിജ്ഞാപനത്തിൽ ചേർത്തിട്ടുണ്ട്. നമ്മുടെ സഭയുടെ സൽപേരു് ഉയർത്തിപ്പിടിക്കത്തക്കവണ്ണവും, സഭയോടുള്ള സ്ഥായിയായ കൂറും ഭക്തിയും, സഭയ്ക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാനുള്ള സന്നദ്ധതയും, സഭാംഗങ്ങളിൽ വർദ്ധിച്ചുവരുവാൻ തക്കവണ്ണവും, സഭാദിനം ആചരിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

1977 മാർച്ച് 12-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്
1977 ഏപ്രിൽ 21-ാം തീയതി
കോട്ടയം കാതോലിക്കേററ്

നമ്പർ 41/77 - C.O./F.

നമ്മുടെ ....പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമേനി 1967 ഡിസംബറിൽ കൂദാശ ചെയ്ത വി. മൂറോനാണ് നമ്മുടെ സഭയിൽ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാമല്ലൊ. അതു് മിക്കവാറും തീർന്നിരിക്കയാണ്. വി. മൂറോൻ, മാമോദീസാ, പള്ളികൂദാശ ആദിയായ കർമ്മാനുഷ്ഠാനങ്ങൾക്ക് അത്യന്താപേക്ഷിതമാകയാൽ അതിന്റെ കൂദാശ നീട്ടിവയ്ക്കാവുന്നതല്ല. അതുകൊണ്ട് ആക്കാര്യത്തെ പററി പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആലോചിക്കുകയും, വി. മൂറോൻ ഈ വലിയനോമ്പിലെ 40-ാം വെള്ളിയാഴ്ച, (ഏപ്രിൽ 1-ാം തീയതി) കോട്ടയം പഴയസിമ്മനാരിയിൽവച്ച് കൂദാശ ചെയ്യണമെന്ന് നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. ആ കർമ്മാനുഷ്ഠാനം ദൈവഹിതത്തിന് അനുയോജ്യവും നമുക്ക് ഏവർക്കും അനുഗ്രഹപ്രദവും ആയിരിക്കാൻ നിങ്ങൾ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും നല്ല ഒരുക്കത്തോടുകൂടിവന്ന് അതിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുപോകുകയും ചെയ്യണമെന്നു നാം താല്പര്യപ്പെടുന്നു. വി. മൂറോൻകൂദാശയ്ക്കു് ആവശ്യമുള്ള സൈത്തിന്റെയും സുഗന്ധദ്രവ്യങ്ങളുടെയും വില വളരെ അധികം വർദ്ധിച്ചിരിക്കയാണ്. അതിനാൽ അവ വാങ്ങിക്കുന്നതിനു കുറഞ്ഞപക്ഷം അറുപതിനായിരം രൂപയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതു്. കൂടാതെ 1977 മെയ് 16-ാം തീയതി കൂടുവാൻ നിശ്ചയിച്ചിട്ടുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗത്തിന്റെ നടത്തിപ്പിന് ഉദ്ദേശം പതിനയ്യായിരം രൂപയും ആവശ്യമുണ്ട്. അങ്ങനെ മൊത്തം എഴുപത്തയ്യായിരം രൂപ ഉടനെതന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ തുക പള്ളികളിൽനിന്നു പിരിച്ചെടുക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്. അതിനാൽ ആ പള്ളിയിൽനിന്ന് മേല്പറഞ്ഞ ആവശ്യങ്ങൾക്കായി .... രൂപാ നമ്മുടെ പേർക്ക് ഈ മാസം 15-ാം തീയതിക്കു മുമ്പായി അയച്ചുതരണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാവർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1977 മാർച്ച് 1-ാംതീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്

നമ്പർ 35/77 - C.O./F.

നമ്മുടെ..പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

മലങ്കരസഭാസ്വാതന്ത്ര്യത്തിനുവേണ്ടി ആജീവനാന്തം പോരാടി ആ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാസിംഹാസനം മലങ്കരയിൽ പുനസ്ഥാപിക്കുന്നതിന് മുൻകയ്യെടുത്തു പ്രവർത്തിക്കുകയും മലങ്കരസഭയെ ഒരു വിപത്ഘട്ടത്തിൽ വിജയത്തിലേക്കു സുധീരം നയിക്കുകയും ചെയ്ത ഭാഗ്യസ്മരണാർഹനായ ''മലങ്കരസഭാഭാസുരൻ'' വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 43-ാം ഓർമ്മപ്പെരുനാൾ ഫെബ്രുവരി 23-ാം തീയതിയാണല്ലൊ. ഈ വർഷം ആ തീയതി വലിയനോമ്പിലാകയാൽ പെരുനാൾ 25, 26 (വെള്ളി, ശനി) തീയതികളിലാണ് നടത്തപ്പെടുന്നതു്. കോട്ടയം പഴയസെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന ഈ പുണ്യപിതാവിന്റെ സ്മരണ എക്കാലവും നിലനിർത്തേണ്ടതു് സഭാംഗങ്ങളുടെ കടമയാണ്. ആകയാൽ പെരുനാൾ പൂർവ്വാധികം ആഘോഷമായി കൊണ്ടാടണമെന്ന് ഈ മാസം 15-ാം തീയതി പഴയസെമിനാരിയിൽ നമ്മുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആലോചനായോഗം തീരുമാനിക്കുകയും അതിലേക്കു വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

പെരുനാൾ സംബന്ധിച്ച വിശദപരിപാടികൾ അടങ്ങിയ നോട്ടീസ് ഇതോടൊന്നിച്ച് അയയ്ക്കുന്നു. ആ പള്ളിയിൽനിന്ന് കഴിവുള്ളിടത്തോളം ആളുകൾ നേർച്ചകാഴ്ചകളുമായി വന്ന് പെരുനാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുപോകണം. കോട്ടയത്തും ചുററുപാടുമുള്ള പള്ളിക്കാർ പെരുനാൾ ഭംഗിയാക്കിത്തീർക്കത്തക്കവണ്ണം പ്രത്യേകം ഉത്സാഹമായി പ്രവർത്തിക്കുകയും പെരുനാൾദിനത്തിൽ നേർച്ച വിളമ്പുന്നതിന് നെയ്യപ്പവും പഴവും കൊണ്ടുവരികയും ചെയ്യണം. ശേഷം പിന്നാലെ.

1977 ഫെബ്രുവരി 17-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്

നമ്പർ 38/77

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

ഈ ആണ്ടിൽ, ഫെബ്രുവരിമാസം 21–ാം തീയതി വലിയനോമ്പ് ആരംഭിക്കുകയാണല്ലോ. നോമ്പും ഉപവാസവും പ്രാർത്ഥനയും ആത്മീകജീവിതത്തിന്റെ ഉന്നതമേഖലകളിലേക്ക് നമ്മെ നയിക്കും. നോമ്പുകാലത്ത് നമ്മുടെ ഭവനങ്ങളിൽ പ്രാർത്ഥനകൾ കൃത്യമായി നടത്തുക, പള്ളികളിൽ ആളുകൾ സംഘമായി ചേർന്ന് ധ്യാനനിരതരായി ഉപവാസവും പ്രാർത്ഥനയും നടത്തുക, ഉപവാസംമൂലം ലാഭിക്കുവാൻ സാധിക്കുന്ന തുകകൾ സംഭരിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവിടുക തുടങ്ങിയ കാര്യങ്ങളിൽ എല്ലാ സഭാംഗങ്ങളും പ്രത്യേകശ്രദ്ധ പതിപ്പിക്കണം. ഇവ സംബന്ധിച്ച് പള്ളികളിൽനിന്ന് വേണ്ട നേതൃത്വം കൊടുക്കേണ്ടതാണ്. ബഹുവിധ ബലഹീനതകൾക്ക് വശംവദനാകുന്ന മനുഷ്യന് അവയെ ജയിക്കുവാൻ നോമ്പും ഉപവാസവും പ്രാർത്ഥനയും മൂലം ലഭിക്കുന്ന ആത്മനിയന്ത്രണം, അഥവാ മാനസിക അച്ചടക്കം ശക്തി നൽകുന്നു. നമ്മുടെ മിക്കപള്ളികളിലും ആരാധന നടക്കുന്നത് പാവനമായ അന്തരീക്ഷത്തിൽ അച്ചടക്കത്തോടുകൂടിയാണെന്നു കാണുന്നത് സന്തോഷാവഹമാണ്. എന്തെങ്കിലും കുറവുകൾ എവിടെഎങ്കിലും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള ഒരു തീവ്രശ്രമം ഈ നോമ്പുകാലത്ത് ആരംഭിക്കുന്നത് സമുചിതമായിരിക്കുമെന്നു കരുതുന്നു.

വി. കർബാന, മറുവുദാശകൾ, പ്രാർത്ഥന, പ്രസംഗം ഇവ നടക്കുന്ന സമയത്ത് പള്ളിയിലും പരിസരങ്ങളിലും പൂർണ്ണമായ നിശ്ശബ്ദത പാലിക്കുക, പള്ളിയിൽ സമയം തെറ്റാതെ ഹാജരായി ക്രമമായി നിൽക്കുക, റാസ, പ്രദക്ഷിണം, വിലാപയാത്ര തുടങ്ങിയവയിൽ എല്ലാവരും അണിയണിയായി നടന്ന് ഭക്തിപൂർവ്വം പങ്കെടുക്കുക, കുരിശുകമ്പിടീൽ, കൈമുത്ത്, വി.കർബാനാനുഭവം മുതലായവ നടക്കുമ്പോൾ തിക്കും തിരക്കും ഒഴിവാക്കത്തക്കവണ്ണം ലൈനായി മുന്നോട്ടു നീങ്ങുക, എന്നിങ്ങനെ എല്ലാകാര്യങ്ങളിലും പ്രത്യേകമായി ശ്രദ്ധിക്കുന്നത് ഭക്തിസംവർദ്ധകവും അനുഗ്രഹപ്രദവുമായിരിക്കും. നാം സഭയായും സമൂഹമായും ശക്തിയാർജ്ജിക്കുന്നതിന് അച്ചടക്കം അനുപേക്ഷണീയമാണല്ലോ. നമ്മുടെ ആത്മീകസംഘടനകളെ കൂടുതൽ ശക്തിപ്പെടുത്തുവാനും ഈ നോമ്പുകാലം പ്രയോജനപ്പെടുത്തണം. ഓരോ സഭാംഗവും ഏതെങ്കിലും ഒരു സംഘടനയിലെങ്കിലും ചേർന്ന് പ്രവർത്തിക്കുകയും സംഘടനകൾ ക്രൈസ്തവാദർശങ്ങൾക്കനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും വേണം.

കാതോലിക്കാദിനമായ വലിയനോമ്പിലെ 36–ാം ഞായറാഴ്ച (മാർച്ച് 27–ാം തീയതി) സഭാദിനമായി വിവിധ പരിപാടികളോടുകൂടി ആചരിക്കേണ്ടതാകുന്നു. കാതോലിക്കാദിനത്തോടനുബന്ധിച്ചു നടത്തുന്ന പണപ്പിരിവിനുള്ള കവറുകളും ഫോറങ്ങളും തത്സംബന്ധമായ വിജ്ഞാപനവും, 1976–ലെ പിരിവിന്റെ വിശദമായ കണക്കും ഭദ്രാസനാടിസ്ഥാനത്തിൽ കൂടുന്ന പള്ളിപ്രതിനിധികളുടെയും ആത്മീകസംഘടനാ പ്രതിനിധികളുടെയും യോഗങ്ങളിൽവച്ച് വിതരണം ചെയ്യുന്നതാണ്. ഇതു സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ അതാതു ഇടവക മെത്രാപ്പോലീത്താ യഥാസമയം അറിയിക്കും. 1976–ലെ വിജ്ഞാപനത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ താരതമ്യേന കൂടുതൽ തുക അയച്ചുതന്ന പള്ളികൾക്കുള്ള പ്രശംസാപത്രങ്ങൾ 16–5–1977–ൽ കൂടുന്ന മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗത്തെ തുടർന്ന് നടത്തുന്ന സമ്മേളനത്തിൽവച്ച് നൽകപ്പെടുന്നതായിരിക്കും.

കാതോലിക്കാദിനപ്പിരിവിലേയ്ക്ക് ഓരോ ഗൃഹനായകനും, സ്വന്തമായി വരുമാനമുള്ള മറ്റംഗങ്ങളും അവരവരുടെ ഒരുദിവസത്തെ ശരാശരി മൊത്തവരുമാനമെങ്കിലും സംഭാവന ചെയ്യണം. കാതോലിക്കാദിനാചരണവും കാതോലിക്കാദിനപ്പിരിവും വിജയിപ്പിക്കുന്നതിന് ഓരോ സഭാംഗവും പരമാവധി ശ്രമിക്കേണ്ടതാകുന്നു.

ഇരുപത്തൊന്നു വയസ്സ് പൂർത്തിയായിട്ടുള്ള എല്ലാപുരുഷന്മാരും റിശീസാ തരേണ്ടതാണ്. കാതോലിക്കാദിനപ്പിരിവും റിശീസാപ്പിരിവും പുതുഞായറാഴ്ച (ഏപ്രിൽ 17)യ്ക്കകം പൂർത്തിയാക്കുകയും പിരിവുതുകകളും ലിസ്റ്റുകളും പിറ്റേദിവസംതന്നെ നമ്മുടെ പേർക്ക് അയച്ചുതരികയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാവർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1977 ഫെബ്രുവരി 12–ാംതീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

നമ്പർ എ 28/77

പൌരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിലെ മേല്പട്ട
ക്കാരും കോറെപ്പിസ്കോപ്പാമാരും, കശ്ശീശന്മാരും
ശേഷം വൈദിക ഗണങ്ങളും, ശെമ്മാശന്മാരും ജനങ്ങളും
കണ്ടെന്നാൽ നമ്മുടെ കർത്താവിൽ നിങ്ങൾക്കു സമാധാനം:
നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്ന
തെന്തെന്നാൽ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
യിൽപെട്ട കുന്നംകുളം ഭദ്രാസനത്തിലെ തിരുവഞ്ചൂർ
ആർത്താറ്റ് സെന്റ് മേരീസ് ഉൾപ്പെട്ട പള്ളി വികാരിയും,
അതു ഇടവകാംഗവുമായ പുലിക്കോട്ടിൽ അബ്രഹാം
കശ്ശീശാ നമ്മുടെ സഭയിൽ പൂർവ്വികമായി നില
നിന്നു പോരുന്ന കോറെപ്പിസ്കോപ്പാ സ്ഥാനത്തിന
സർവ്വദാ യോഗ്യനാകുന്നുവെന്ന് വൈദികരും, അ
ത്മായക്കാരും ഒരു പോലെ സാക്ഷ്യം പറയുകയും,
അവരുടെ സാക്ഷ്യം യഥാർത്ഥമാണെന്ന് നമ്മുടെ പരി
ശോധനയിൽ നാം കാണുകയും ചെയ്തതിനാൽ,
ടി അബ്രഹാം കത്തനാർക്കു കോറെപ്പിസ്കോപ്പാസ്ഥാ
നം കൊടുക്കുന്ന കാര്യം, സകലവും ഗ്രഹിക്കുകയും,
സകലവും പരിശോധിക്കുകയും ചെയ്യുന്നവനായ പിതാവാം
ദൈവത്തിങ്കലും, സകല മനുഷ്യരേയും പ്രകാശിപ്പിക്കു
ന്ന സത്യപ്രകാശവും, കൃപയും സത്യവും നിറഞ്ഞവനാ
യവന്റെ നിറവിൽനിന്ന് നമുക്കെല്ലാവർക്കും കൃപമേൽ
കൃപ നൽകുന്നവനും, സാക്ഷാൽ വഴിയും സത്യവും
ജീവനുമാകുന്ന ദൈവപുത്രന്റെ സന്നിധിയിലും, സക
ലവും ഉപദേശിച്ചു തരികയും, സകല സത്യത്തിലും
വഴി നടത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സന്നിധിയിലും

സമർപ്പിക്കുകയും, ആയതു സംബന്ധിച്ച വേണ്ടി പ്രാർത്ഥ
നകളെ [illegible] അർപ്പിക്കുകയും ചെയ്ത
തിന്റെ ഫലമായി പ്രസ്തുതകാര്യം സർവ്വദാ അനു
[illegible] വെന്ന് അറിയാൽ നമുക്കു ബോധ്യ
മാകുകയാൽ 1977 ഫെബ്രുവരി മാസം 7-ാം തിയതി
തിങ്കളാഴ്ച ആർത്താറ്റ് പള്ളിയിൽ നാം വി
ശുദ്ധ കുർബ്ബാന അർപ്പിക്കുകയും, വിശുദ്ധ കുർബ്ബാന
മദ്ധ്യേ നിരണം ഭദ്രാസന ഇടവകയുടെ ഗീവറുഗീസ്
മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെയും
ഒട്ടേറെ വൈദികരുടെയും ഒരു വലിയ ജന
സമൂഹത്തിന്റെയും സാന്നിധ്യത്തിൽ നമ്മുടെ വലി
യ കൈവെപ്പാൽ അബ്രഹാം കത്തനാർക്കു നാം
ഉന്നതവും, ശ്രേഷ്ഠവും, പൂർവ്വികവുമായ
കോറെപ്പിസ്കോപ്പാ സ്ഥാനം പരിശുദ്ധ റൂഹാ മൂല
നൽകുകയും, ദേവാലയത്തിൽ സന്നിഹിതരാ
യിരുന്ന സർവ്വജനങ്ങളും ഏകകണ്ഠമായി
ഉച്ചസ്വരത്തിൽ "ഓക്സിയോസ്, ഓക്സിയോസ്,
ഓക്സിയോസ്", കോറെപ്പിസ്കോപ്പാ സ്ഥാനത്തിന്
കുന്നംകുളം ഭദ്രാസനത്തിലെ ആർത്താറ്റ് സെന്റ് മേരീസ്
പള്ളി വികാരി അബ്രഹാം കത്തനാർ യോഗ്യൻ
യോഗ്യൻ, യോഗ്യൻ" എന്നു [illegible]

ഹസിച്ചു പറയുകയും ചെയ്തു. തന്റെ ദിവ്യപരി-
പാലനത്തിൽ ഭദ്രമായി ദിവ്യശ്രീ അബ്ര-
ഹാം കോറെപ്പിസ്കോപ്പായെ സമുന്നതമായ
ആ പദവിക്കു വിളിച്ചുയർത്തിയ ത്രിയേക ദൈ-
വത്തിന്റെ അനന്തമായ സ്നേഹത്തിനു സ്തുതി.

വാത്സല്യ സഹോദരങ്ങളെ, അബ്രഹാം
കോറെപ്പിസ്കോപ്പാ, തന്റെ വിളിയുടെ പാവ-
നത്വത്തിൽ, ദിവ്യരഹസ്യങ്ങളുടെ നല്ല ശുശ്രൂ-
ഷകനായും, തന്റെ ദിവ്യ പരിപാലനയിൽ
ഏല്പിക്കുന്ന ജനസമൂഹത്തിന്റെ ഐശ്വര്യത്തെ കാ-
ത്തുള്ള ഉപചാരികൾ, വചനത്തിനനുസൃത
കോറെപ്പിസ്കോപ്പായും, പരിപാലകനുമായ ദൈ-
വ കല്പനയും അനുശാസനയും, സ്വന്തം
നായ ഈശോമിശിഹായുടെ കാരുണ്യവും
വിനോട് നിങ്ങൾ ഒന്നായി പ്രാർത്ഥിക്കണം.

പ്രിയരെ,

അബ്രഹാം കോറെപ്പിസ്കോപ്പായോടു നിങ്ങൾ
ഭക്തിപൂർവ്വം വർത്തിക്കുകയും, അദ്ദേഹത്തിന്റെ
കോറെപ്പിസ്കോപ്പാ സ്ഥാനത്തിനു വിധേയരായിരി-
ക്കുന്ന ബഹുമാനാദരവുകൾ കാണിക്കുകയും ചെ-
യ്യണം. അദ്ദേഹത്തെ അനുസരിക്കുകയും,
ബഹുമാനിക്കുകയും ചെയ്യുന്നവൻ നമ്മെ ബഹു-
മാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. നമ്മെ
അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവൻ
ദൈവത്തെ തന്നെ ബഹുമാനിക്കുകയും
അനുസരിക്കുകയും ചെയ്യുന്നതെന്നോർക്കണം.

വാത്സല്യമുള്ളവരെ,

പൗരസ്ത്യ കാതോലിക്കായും, മലങ്കര
മെത്രാപ്പോലീത്തായുമെന്ന നിലകളിൽ നമ്മോടും,
നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസിനോ-
ടുമുള്ള പരിപൂർണ്ണ വിധേയത്വത്തോടും, മലങ്കര
ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന
അനുസരിച്ചും പ്രവർത്തിക്കുവാൻ അബ്രഹാം കോ-
റെപ്പിസ്കോപ്പായും, ആ വിധത്തിൽ അദ്ദേഹ-
ത്തോടു ചേർന്നു നിന്നു പ്രവർത്തിക്കുവാൻ നിങ്ങളും കടപ്പെട്ട-
വരാകുന്നു. ദൈവം തന്നെ അദ്ദേഹത്തോടു
കൂടിയിരുന്ന്, കരുണയോടുകൂടി അദ്ദേഹത്തെ
കാത്തു കൊള്ളുകയും, അദ്ദേഹത്തെ ദീർഘായു-
ഷ്മാനാക്കുകയും, ദീർഘിപ്പിക്കപ്പെടുന്നവയുമായ

... കാര്യങ്ങളും ദൈവഹിതപ്രകാരം അനുഷ്ഠിക്കു-
വാൻ കൃപയും ജ്ഞാനവും അദ്ദേഹത്തിനു നൽ-
കട്ടെ. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ നമു-
ക്കെല്ലാവർക്കും സഹായമായും ഉറപ്പായും
... ചെയ്യുമാറാകട്ടെ. ആമീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും,
ഏക പുത്രന്റെ കൃപയും, പരിശുദ്ധറൂഹായുടെ

[illegible]ങ്ങളും സഹായവും നിങ്ങളുടെമേൽ
[illegible]ആത്മാക്കളുടെ ഉപകാരത്തിന്നായി — ഉണ്ടായിരിക്കട്ടെ —
ആമ്മീൻ

[illegible] ദൈവമാതാവായ പരിശുദ്ധ
കന്യക മർത്ത് മറിയത്തിന്റെയും, ഇൻഡ്യയുടെ കാവൽ
പിതാവും, പൗരസ്ത്യ ദേശ ഗുരുവുമായ
അപ്പോസ്തോലനായ മാർ തോമാ ശ്ലീഹാ-
യുടെയും ശേഷം സകല പരിശുദ്ധന്മാരുടെ-
യും, സഹദേന്മാരുടെയും പ്രാർത്ഥനകളാൽ
തന്നെ — ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ - - -
1977 ഫെബ്രുവരി മാസം 7-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

[signature]

നമ്പർ എ 142/81

നമ്മുടെ...

പള്ളിവികാരിയും, ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നാം 1981 മാർച്ച് 26–ാം തീയതി 87–A/81–ാം നമ്പരായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച്, നിങ്ങൾ സഭാദിനം (കാതോലിക്കാദിനം) വിവിധപരിപാടികളോടുകൂടി ആചരിക്കുകയും കാതോലിക്കാദിനപ്പിരിവും റീശീസാ പിരിവും പൂർവ്വോപരി വിജയകരമായി നടത്തുകയും, ആ രണ്ടുപിരിവുകളും ഏപ്രിൽ മാസാവസാനത്തോടുകൂടി പൂർത്തിയാക്കുകയും ചെയ്തിരിക്കുമല്ലോ. മുന്നാണ്ടുകളിലെ പോലെ ഈക്കൊല്ലവും കേരളത്തിലുള്ള മെത്രാസനങ്ങളിൽ പെട്ട പള്ളികളിലെ പിരിവുതുകകൾ നാം നേരിട്ടു സ്വീകരിക്കണമെന്നും അതിലേക്ക് ഓരോ മെത്രാസനത്തിലും അതതു മെത്രാസനത്തിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരണമെന്നും ആണ് നിശ്ചയിച്ചിരിക്കുന്നത്. ആ നിശ്ചയപ്രകാരം മലബാർ മെത്രാസനത്തിലെ യോഗം 1981 ജൂലൈ മാസം 1-ാം തീയതി ബുധനാഴ്ച പകൽ പത്തര മണിക്ക് കോഴിക്കോട്ട് സെൻറു ജോർജ്ജ് കത്തീഡ്രലിൽവച്ച് കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ ഇടവകമെത്രാപ്പോലീത്തായെ കൂടാതെ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായും, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും സംബന്ധിക്കുന്നതാണ്. ആ യോഗത്തിലേക്കു് ആ പള്ളിവികാരിയെയും കൈക്കാരനെയും സെക്രട്ടറിയെയും പള്ളിച്ചെലവിൽ അയയ്ക്കണം. കാതോലിക്കാദിനപ്പിരിവും റീശീസാ പിരിവും ആ പിരിവുകളുടെ ലിസ്റ്റുകളും അവർ വശം കൊടുത്തയയ്ക്കുകയും ചെയ്യണം. മുൻ കൊല്ലങ്ങളിൽ ചില പള്ളികൾ പിരിവുകൾ യഥാസമയം പൂർത്തിയാക്കുകയോ പിരിവുസംഖ്യകൾ യോഗത്തിൽ വച്ച് ഏല്പിക്കുകയോ ചെയ്യാതിരുന്നിട്ടുണ്ട്. ഈ വർഷം അങ്ങനെയുള്ള വീഴ്ചകൾ ഒന്നും വരാതിരിക്കാൻ എല്ലാ പള്ളിക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

1980–ലെ കാതോലിക്കാദിനപ്പിരിവിലേക്കു് ആ മെത്രാസനത്തിൽപെട്ട പള്ളികളിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ള പള്ളികൾക്കുള്ള ഷീൽഡുകളും സർട്ടിഫിക്കേറ്റുകളും പ്രസ്തുത യോഗത്തിൽവച്ച നല്കുന്നതാണ്.

ശേഷം പിന്നാലെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1981 ജൂൺ 10-ാം തീയതി

[signature]

നമ്പർ എ 12/77

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

റഷ്യൻ ഓർത്തഡോക്സ് സഭയുടെ തലവനായ പ. പീമെൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിലുള്ള ഒരു പ്രതിനിധിസംഘം 1977 ജനുവരി 22 മുതൽ ഫെബ്രുവരി രണ്ടുവരെ ഇന്ത്യ സന്ദർശിക്കുന്നതാണെന്നുള്ള വിവരം ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. നമ്മുടെ സഭയുടെ ക്ഷണമനുസരിച്ചുള്ള ഈ സന്ദർശനം ഏററവും ആകർഷണീയവും ഫലപ്രദവുമാകാൻ സഭാംഗങ്ങളായ എല്ലാവരും താല്പര്യപൂർവ്വം പ്രവർത്തിക്കണം.

ജനുവരി 23-ാം തീയതി ഞായറാഴ്ച 12.25-ന് തിരുവനന്തപുരത്തെത്തുന്ന ഡലിഗേഷന് വിമാനത്താവളത്തിൽവച്ച് നല്കുന്ന സ്വീകരണത്തിൽ നാമും സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും പങ്കെടുക്കും. തുടർന്ന് കാറുകളുടെ അകമ്പടിയോടുകൂടി പാത്രിയർക്കീസും പാർട്ടിയും അവരുടെ താമസസ്ഥലമായ മസ്കററ് ഹോട്ടലിലേക്കു പോകും. അവിടെനിന്ന് 5 1/2 മണിക്കു തിരുവനന്തപുരം സെൻറ് ജോർജ്ജ് പള്ളിയിലേയ്ക്ക് ആനയിക്കപ്പെടും. 24-ാം തീയതി തിങ്കളാഴ്ച രാവിലെ തിരുവനന്തപുരത്തുനിന്നും തിരിച്ച്, കൊല്ലം, കൊട്ടാരക്കര, അടൂർ, പന്തളം, ചെങ്ങന്നൂർ വഴി നാലുമണിയോടുകൂടി പരുമല സിമ്മനാരിയിൽ എത്തിച്ചേരുന്നതാണ്. പരുമലയിലെ സ്വീകരണത്തിനും വിശ്രമത്തിനുംശേഷം അഞ്ചുമണിക്ക് തിരുവല്ലാവഴി കോട്ടയത്തേയ്ക്ക് യാത്രതിരിക്കുകയും ഉദ്ദേശം ആറുമണിക്ക് കോട്ടയത്തെത്തി ഓർത്തഡോക്സ് സ്റ്റുഡൻറ് സെൻററിൽ അല്പനേരം വിശ്രമിക്കുകയും ചെയ്യും. അവിടെനിന്നും കോട്ടയം മാർ ഏലിയാ കത്തീഡ്റലിലേയ്ക്ക് ഒരു വൻപിച്ച ഘോഷയാത്രയായി പാത്രിയർക്കീസ് ബാവായും പാർട്ടിയും ആനയിക്കപ്പെടുന്നതും, തുടർന്ന് കത്തീഡ്റൽ അങ്കണത്തിൽവച്ച് സ്വീകരണസമ്മേളനം നടത്തപ്പെടുന്നതുമായിരിക്കും.

ജനുവരി 26-ാം തീയതി തേക്കടിയിലേയ്ക്ക് പോകുന്ന പാത്രിയർക്കീസ് ബാവായും പാർട്ടിയും അന്നേദിവസം രാവിലെ 9 1/2 മണിക്കു കങ്ങഴ എം. ജി. ഡി. എം. ആശുപത്രി സന്ദർശിക്കുന്നതാണ്. 27-ാം തീയതി തേക്കടിയിൽനിന്നു കോട്ടയത്തു എത്തി ലഞ്ചിനുശേഷം എറണാകുളത്തേക്കു തിരിക്കും. 5 മണിയോടുകൂടി എറണാകുളത്തെത്തി അവിടുത്തെ സ്വീകരണത്തിൽ സംബന്ധിക്കും. 28-ാം തീയതി രാവിലെ കോലഞ്ചേരി മെഡിക്കൽമിഷ്യൻ ആശുപത്രി സന്ദർശനം കഴിഞ്ഞ് എറണാകുളത്തു തിരിച്ചെത്തി ലഞ്ചിനുശേഷം ആലപ്പുഴവഴി കൊല്ലത്തേക്കുപോകും. വൈകിട്ടു കൊല്ലം ഭദ്രാസന അരമനയിൽവച്ചുള്ള സ്വീകരണത്തിൽ സംബന്ധിക്കുന്നതും തുടർന്നു തിരുവനന്തപുരത്തേക്കു പോകുന്നതുമാണ്.

ജനുവരി 29-ാം തീയതി 12.40-ന് മദ്രാസിലേയ്ക്കു പോകുന്ന പാത്രിയർക്കീസ് ബാവാ 30-ാം തീയതി ഞായറാഴ്ച മദ്രാസ് ഓർത്തഡോക്സ് പള്ളിയിലെ വി. കർബാനയിൽ പങ്കെടുക്കുന്നതും, വൈകിട്ട് ന്യൂഡൽഹിയിലെത്തി അവിടെ താമസിക്കുന്നതുമാണ്. 31-ാം തീയതി ഡൽഹിയിൽവച്ചുള്ള സ്വീകരണങ്ങൾക്കും സന്ദർശനങ്ങൾക്കും ശേഷം ഫെബ്രുവരി 1-ാം തീയതി ആഗ്രാ സന്ദർശിക്കുകയും പിറേറദിവസം ഇന്ത്യ വിടുകയും ചെയ്യുന്നതായിരിക്കും.

തിരുവനന്തപുരം, പരുമല, കോട്ടയം, എറണാകുളം എന്നീ സ്ഥലങ്ങളിൽവച്ചുള്ള സ്വീകരണങ്ങളിൽ നമ്മുടെ സഭയുടെ അന്തസ്സിനും അഭിമാനത്തിനും അനുയോജ്യമായവിധം സഭാംഗങ്ങൾ ധാരാളമായി പങ്കെടുക്കേണ്ടതു് ഏററവും ആവശ്യമാണ്. കൂടാതെ പാത്രിയർക്കീസ് ബാവായും പാർട്ടിയും കടന്നുപോകുന്ന വഴിയുടെ സമീപത്തു് സ്ഥിതിചെയ്യുന്ന പള്ളികളുടെ ചുമതലയിൽ ആർക്കുകളും, കമാനങ്ങളും, ബാനറുകളും മററും കെട്ടി അലങ്കരിക്കുക, കഴിയുന്നത്ര കാറുകൾ അതാതു ഭദ്രാസനത്തിന്റെ അതൃത്തിക്കുള്ളിലെങ്കിലും അനുയാത്ര ചെയ്യുക തുടങ്ങിയ എല്ലാ കാര്യങ്ങളിലും എല്ലാവരും ഉത്സാഹപൂർവ്വം സഹകരിക്കണം.

24-ാം തീയതി തിങ്കളാഴ്ച കോട്ടയത്തുവച്ചുള്ള സ്വീകരണം സഭ പൊതുവായി നൽകുന്നതാകയാൽ അതിൽ എല്ലാവരും വന്നു സംബന്ധിച്ച് പരമാവധി വിജയിപ്പിക്കണം. അവിടെയുള്ള ഘോഷയാത്രയിൽ കോട്ടയം ഭദ്രാസനത്തിൽപെട്ട പള്ളിക്കാർ കുരിശു്, കുട മുതലായ പള്ളിസാധനങ്ങളോടുകൂടി വന്നു് സംബന്ധിക്കേണ്ടതാകുന്നു.

ഓർത്തഡോക്സ് സഭകളിൽവച്ചേററവും വലുതും ഉദ്ദേശം 500 ലക്ഷം അംഗസംഖ്യയും നൂറിലധികം ബിഷപ്പന്മാരും ഉള്ള റഷ്യൻ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ ഇദംപ്രഥമമായാണ് നമ്മുടെ സഭ സന്ദർശിക്കുന്നതു്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി നിങ്ങളെല്ലാവരും ഉത്സാഹപൂർവ്വം പ്രവർത്തിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

1977 ജനുവരി 15-ാംതീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്

നമ്പർ എ 129/81

നമ്മുടെ.... ....പള്ളിവികാരിയും, ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ.

നാം 1981 മാർച്ച് 16–ാം തീയതി 89/81–ാം നമ്പരായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച്, നിങ്ങൾ സഭാദിനം (കാതോലിക്കാദിനം) വിവിധ പരിപാടികളോടുകൂടി ആചരിക്കുകയും കാതോലിക്കാദിനപ്പിരിവും റീശീസാ പിരിവും പൂർവ്വോപരി വിജയകരമായി നടത്തുകയും, ആ രണ്ടു പിരിവുകളും മെയ് മാസാവസാനത്തോടുകൂടി പൂർത്തിയാക്കുകയും ചെയ്തിരിക്കുമല്ലോ. സഭയിലെ വിവിധ സ്ഥാപനങ്ങൾക്കും ആപ്പീസുകൾക്കും ആവശ്യമായ ചെലവ് അടിക്കടി വർദ്ധിച്ചുവരികയാണ്. അങ്കമാലി, കണ്ടനാട്, കൊച്ചി, മലബാർ എന്നീ മെത്രാസനങ്ങളിലെ പല കേന്ദ്രങ്ങളിലും നമ്മുടെ ആളുകൾ സഭയിലെ ഇപ്പോഴുള്ള ഭിന്നതമൂലം ആരാധനാ സൌകര്യങ്ങളില്ലാതെ ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരിക്കുന്നു. അവിടെയുള്ള പട്ടക്കാർ വരുമാന മാർഗ്ഗമില്ലാതെ വിഷമിക്കുന്നുമുണ്ട്. ആയതിനാൽ ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവിൻെറ ഒരു നല്ല ഭാഗം കാതോലിക്കേറ്റ് സെൻററുകളുടെ നിർമ്മാണത്തിനും വരുമാനം കുറവുള്ള പട്ടക്കാരുടെ ക്ഷേമത്തെ ഉദ്ദേശിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഫണ്ട് പോഷിപ്പിക്കുന്നതിനുമായി നീക്കിവയ്ക്കേണ്ടിയിരിക്കുന്നു. കൂടാതെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും മിഷ്യൻ വേലയ്ക്കും മററുമുള്ള ചെലവും കാലാനുസൃതം വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവിനത്തിൽ മുൻ കല്പനയിൽ നാം സൂചിപ്പിച്ചിരുന്നതുപോലെ അഞ്ചു ലക്ഷം രൂപാ ശേഖരിക്കേണ്ടിയിരിക്കുന്നു. ആ ഇടവകയിൽ നിന്നു് പിരിച്ചയയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള സംഖ്യ ഏററവും ചുരുങ്ങിയ തുക എന്ന നിലയ്ക്കാണ്. നിങ്ങളേവരും ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിച്ചാൽ അതിൽ കൂടുതൽ സംഖ്യ അയയ്ക്കുവാൻ സാധിക്കുമെന്നു് നമുക്കുറപ്പുണ്ട്.

കാതോലിക്കാദിനപ്പിരിവും റീശീസാ പിരിവും മെയ് മാസാവസാനത്തോടുകൂടി പൂർത്തിയാക്കി രണ്ടു പിരിവുകളും ജൂൺമാസം 30–ാം തീയതിക്ക് മുൻപ് നമ്മുടെ പേർക്ക് അയച്ചു തരണമെന്നാണല്ലോ മുൻ കല്പനയിൽ ആവശ്യപ്പെട്ടിരുന്നതു്. ഏതെങ്കിലും കാരണവശാൽ അതിനു് സാധിച്ചില്ലെങ്കിൽ ജൂലൈ 15–ാം തീയതിക്ക് മുൻപെങ്കിലും അയച്ചുതരണം. ശേഷം പിന്നാലെ.

ത്രിയേകദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ എല്ലായ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........... ഇത്യാദി.

എന്നു്

- -

നമ്മുടെ...

പള്ളിവികാരിയും, ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കാണുന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

നാം 1981 മാർച്ച് 26–ാം തീയതി 87-A/81–ാം നമ്പരായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച്, നിങ്ങൾ സഭാദിനം (കാതോലിക്കാദിനം) വിവിധപരിപാടികളോടുകൂടി ആചരിക്കുകയും കാതോലിക്കാദിനപ്പിരിവും റീശീസാ പിരിവും പൂർവ്വോപരി വിജയകരമായി നടത്തുകയും, ആ രണ്ടുപിരിവുകളും ഏപ്രിൽ മാസാവസാനത്തോടുകൂടി പൂർത്തിയാക്കുകയും ചെയ്തിരിക്കുമല്ലോ. മുന്നാണ്ടുകളിലെ പോലെ ഇക്കൊല്ലവും കേരളത്തിലുള്ള മെത്രാസനങ്ങളിൽ പെട്ട പള്ളികളിലെ പിരിവുതുകകൾ നാം നേരിട്ടു സ്വീകരിക്കണമെന്നും അതിലേക്ക് ഓരോ മെത്രാസനത്തിലും അതതു മെത്രാസനത്തിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരണമെന്നും ആണ് നിശ്ചയിച്ചിരിക്കുന്നതു്. ആ നിശ്ചയപ്രകാരം നിരണം മെത്രാസനത്തിലെ യോഗം 1981 മേയ് മാസം 27–ാം തീയതി ബുധനാഴ്ച പകൽ പത്തര മണിക്ക് തിരുവല്ലാ ബഥനി അരമനയിൽ വച്ചു കൂടുന്നതാണ്. ആ യോഗത്തിലേക്കു് ആ പള്ളിവികാരിയെയും കൈക്കാരനെയും സെക്രട്ടറിയെയും പള്ളിച്ചെലവിൽ അയയ്ക്കണം. കാതോലിക്കാദിനപ്പിരിവും റീശീസാ പിരിവും ആ പിരിവുകളുടെ ലിസ്റ്റുകളും അവർ വശം കൊടുത്തയയ്ക്കുകയും ചെയ്യണം. മുൻ കൊല്ലങ്ങളിൽ ചില പള്ളികൾ പിരിവുകൾ യഥാസമയം പൂർത്തിയാക്കുകയോ പിരിവുസംഖ്യകൾ യോഗത്തിൽ വച്ചു ഏല്പിക്കുകയോ ചെയ്യാതിരുന്നിട്ടുണ്ട്. ഈ വർഷം അങ്ങനെയുള്ള വീഴ്ചകൾ ഒന്നും വരാതിരിക്കാൻ എല്ലാ പള്ളിക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

- -

1980–ലെ കാതോലിക്കാദിനപ്പിരിവിലേക്കു് ആ മെത്രാസനത്തിൽപെട്ട പള്ളികളിൽ ഏററവും കൂടുതൽ സംഭാവന നൽകിയിട്ടുള്ള പള്ളികൾക്കുള്ള ഷീൽഡുകളും സർട്ടിഫിക്കേററുകളും പ്രസ്തുത യോഗത്തിൽവച്ചു നല്കുന്നതാണ്.

ശേഷം പിന്നാലെ. സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1981 മേയ് 7-ാം തീയതി
കോട്ടയം കാതോലിക്കേററ്

നമ്പർ എ 89/81

നമ്മുടെ...
പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

ഇക്കൊല്ലം സഭാദിനം (കാതോലിക്കാദിനം) ഏപ്രിൽ 5–ാം തീയതി ഞായറാഴ്ച ആണല്ലൊ. അന്നു രാവിലെ കൃത്യം 7 മണിക്കു് പള്ളിയിൽ പതാക ഉയർത്തുകയും വി. കർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യണം. വി. കർബ്ബാനയ്ക്കുശേഷം യോഗം ചേർന്നു് സഭാചരിത്രം, കാതോലിക്കാസിംഹാസനചരിത്രം, സഭയുടെ സ്വാതന്ത്ര്യസംരക്ഷണം ആദിയായ വിഷയങ്ങളിൽ ഇടവകാംഗങ്ങൾക്കു് വിജ്ഞാനം നൽകുന്ന പ്രസംഗങ്ങൾ ചെയ്യുക, അതു കഴിഞ്ഞു് എല്ലാവരും കാതോലിക്കേററ് പതാകയുടെ കീഴിൽ അണിനിരന്നു് സഭാദിനപ്രതിജ്ഞ എടുക്കുക, കാതോലിക്കാ മംഗളഗാനം ആലപിക്കുക മുതലായ പരിപാടികളും ഉണ്ടായിരിക്കേണ്ടതാകുന്നു. കാതോലിക്കാദിനാചരണത്തോടു് അനുബന്ധിച്ചു് നടത്തിവരുന്ന കാതോലിക്കാദിനപ്പിരിവു് ഈ വർഷവും നടത്തണം. കാതോലിക്കാദിനപ്പിരിവിനത്തിൽ ആണ്ടുതോറും പിരിഞ്ഞുകിട്ടുന്ന തുക കാതോലിക്കേററ് അരമന, എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആപ്പീസ്, കാതോലിക്കേററ് ആപ്പീസ്, മെത്രാസന ആപ്പീസുകൾ, വൈദികസിമ്മനാരി, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ, മിഷ്യനറിപ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, അനാഥസംരക്ഷണം, ആതുരസേവനം അവികസിത പള്ളികളുടെ ഉദ്ധാരണം, കാതോലിക്കേററ് സെൻററുകളുടെ നിർമ്മാണം, മുതലായവയ്ക്കാണല്ലോ വിനിയോഗിച്ചുകൊണ്ടിരിക്കുന്നതു്. മേൽപറഞ്ഞ സ്ഥാപനങ്ങൾക്കും ആപ്പീസുകൾക്കും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ട ചെലവു് അടിക്കടി വർദ്ധിച്ചുവരികയാണു്. അതുകൊണ്ടു് ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവു് പൂർവ്വാധികം വിജയകരമായി നടത്തേണ്ടിയിരിക്കുന്നു. ഇക്കൊല്ലം അഞ്ചു ലക്ഷം രൂപാ ശേഖരിക്കാനാണു് ലക്ഷ്യംവച്ചിട്ടുള്ളതു്. അതിനാൽ ആ പള്ളിയിൽനിന്നു.....................രൂപയിൽ കുറയാതെ ഈ പിരിവിലേക്കു് നൽകേണ്ടതാകുന്നു. ആ തുകയിൽ കുറയാതെ പിരിഞ്ഞു കിട്ടത്തക്കവണ്ണം എല്ലാ ഗൃഹനായകന്മാരും സ്വന്തമായി വരുമാനമുള്ള മററു് അംഗങ്ങളും ഈ വർഷം മുൻ കൊല്ലങ്ങളെ അപേക്ഷിച്ചു് കൂടുതൽ ഉദാരമായി സംഭാവന ചെയ്യണമെന്നു് നാം താല്പര്യപ്പെടുന്നു. കാതോലിക്കാദിനപ്പിരിവിനുള്ള കവറുകളും ഫാറങ്ങളും നിങ്ങൾക്കു് നേരത്തെ അയച്ചുതന്നിട്ടുണ്ടല്ലൊ. കാതോലിക്കാദിനപ്പിരിവുസംബന്ധിച്ച വിജ്ഞാപനത്തിൻെറ പ്രതികളും ഗൃഹനാഥന്മാർക്കു കൊടുക്കാനുള്ള ഫോറംഡറുകളും ഉടനെ തന്നെ അയച്ചുതരുന്നതാണ്. കവറുകളിലും ഫോറംഡറുകളിലും അതതു ഗൃഹനാഥൻെറ പേരും വീട്ടുപേരും എഴുതിച്ചേർത്തു് അവ എല്ലാ ഭവനങ്ങളിലും സഭാദിനത്തിനു മുമ്പു് എത്തിച്ചുകൊടുക്കുന്നതിലും, പള്ളികമ്മററിക്കാരും ആത്മീയസംഘടനാ പ്രതിനിധികളും സ്ക്വാഡുകളായി തിരിഞ്ഞു് പട്ടക്കാരുടെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ചു് സംഭാവന തുകകൾ അടക്കം ചെയ്തിട്ടുള്ള കവറുകൾ തിരിച്ചു വാങ്ങിക്കുന്നതിലും, മെയ് മാസാവസാനത്തിനു മുമ്പായി പിരിവു് പൂർത്തിയാക്കുന്നതിലും, പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരിൽനിന്നുമുള്ള റീശീസാ പിരിവും മെയ് മാസാവസാനത്തോടുകൂടി പൂർത്തിയാക്കേണ്ടതാകുന്നു. ഈ രണ്ടു പിരിവുകളും ജൂൺ മാസം 30–ാം തീയതിക്കു മുമ്പായി നമ്മുടെപക്കൽ അയച്ചുതരികയും ചെയ്യണം.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1981 മാർച്ച് 16–ാം തീയതി

നമ്പർ എ 28/77

നമ്മുടെ...
പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

ഇക്കൊല്ലം സഭാദിനം (കാതോലിക്കാദിനം) ഏപ്രിൽ 5–ാം തീയതി ഞായറാഴ്ച ആണല്ലൊ. അന്നു രാവിലെ കൃത്യം 7 മണിക്കു് പള്ളിയിൽ പതാക ഉയർത്തുകയും വി. കർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യണം. വി. കർബ്ബാനയ്ക്കുശേഷം യോഗം ചേർന്നു് സഭാചരിത്രം, കാതോലിക്കാസിംഹാസനചരിത്രം, സഭയുടെ സ്വാതന്ത്ര്യസംരക്ഷണം ആദിയായ വിഷയങ്ങളിൽ ഇടവകാംഗങ്ങൾക്കു് വിജ്ഞാനം നൽകുന്ന പ്രസംഗങ്ങൾ ചെയ്യുക, അതു കഴിഞ്ഞു് എല്ലാവരും കാതോലിക്കേററ് പതാകയുടെ കീഴിൽ അണിനിരന്നു് സഭാദിനപ്രതിജ്ഞ എടുക്കുക, കാതോലിക്കാ മംഗളഗാനം ആലപിക്കുക മുതലായ പരിപാടികളും ഉണ്ടായിരിക്കേണ്ടതാകുന്നു. കാതോലിക്കാദിനാചരണത്തോടു് അനുബന്ധിച്ചു് നടത്തിവരുന്ന കാതോലിക്കാദിനപ്പിരിവു് ഈ വർഷം പൂർവ്വാധികം വിജയകരമായി നടത്തേണ്ടതിൻെറ ആവശ്യം നാം 1981 ജനുവരി 24–ാം തീയതി അയച്ച 54/81–ാം നമ്പർ കല്പനയിൽ വ്യക്തമാക്കിയിരുന്നു. ഇക്കൊല്ലം അഞ്ചു ലക്ഷം രൂപാ ശേഖരിക്കാനാണു് ലക്ഷ്യം വച്ചിട്ടുള്ളതു്. അതിൽ ഗണ്യമായ ഒരു ഭാഗം കാതോലിക്കേററ് സെൻററുകൾ നിർമ്മിക്കുന്നതിനും അദ്ധ്യാത്മികസംഘടനകൾക്കു് ഗ്രാൻറു കൊടുക്കുന്നതി

ം ആതുരസേവനം അനാഥസംരക്ഷണം മുതലായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക വിനിയോഗിക്കുന്നതി മായി 1981–82–ലെ ബജററിൽ നീക്കിവച്ചിരിക്കയാണ്. മേല്പറഞ്ഞ കല്പനപ്രകാരം .... മെത്രാസന ഇടവകയിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരു ടെയും അദ്ധ്യാത്മികസംഘടനാപ്രതിനിധികളുടെയും യോഗം കൂടി ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരി ു സംബന്ധിച്ച കാര്യങ്ങളെപററി ആലോചിച്ചതിൽ ആ പള്ളിയിൽനിന്ന് ഈ പിരിവിലേക്ക്........ രൂപയിൽ കുറയാതെ നല്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ആ തുകയിൽ കുറയാതെ പിരിഞ്ഞു കിട്ടത്തക്കവണ്ണം എല്ലാ ഗൃഹനായകന്മാരും സ്വന്തമായി വരുമാനമുള്ള മററ് അംഗങ്ങളും ഈ വർഷം മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉദാരമായി സംഭാവന ചെയ്യേണ്ടിയിരിക്കുന്നു. കാതോ ലിക്കാദിനപ്പിരിവിനുള്ള കവറുകളും ഫാറങ്ങളും നിങ്ങൾക്ക് നേരത്തെ അയച്ചുതന്നിട്ടുണ്ട്. കാതോലിക്കാ ദിനപ്പിരിവ് സംബന്ധിച്ച വിജ്ഞാപനത്തിന്റെ പ്രതികളും ഗൃഹനാഥന്മാർക്ക കൊടുക്കാനുള്ള ഫോറങ്ങളു ളും മെത്രാസന ആപ്പീസുകൾവഴി ഉടനെതന്നെ അയച്ചുതരുന്നതാണ്. കവറുകളിലും ഫോറങ്ങളിലും അതതു ഗൃഹനാഥന്റെ പേരും വീട്ടുപേരും എഴുതിച്ചേർത്ത് അവ എല്ലാ ഭവനങ്ങളിലും സഭാദിനത്തിനു മുമ്പ് എത്തിച്ചുകൊടുക്കുന്നതിലും, പള്ളികമ്മററിക്കാരും ആത്മീയസംഘടനാപ്രതിനിധികളും സ്ക്വാഡു കളായി തിരിഞ്ഞ് പട്ടക്കാരുടെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ച് സംഭാവനത്തുകകൾ അട ച്ചു ചെയ്തിട്ടുള്ള കവറുകൾ തിരിച്ചു വാങ്ങിക്കുന്നതിലും ഏപ്രിൽ മാസാവസാനത്തിനു മുമ്പായി പിരിവ് പൂർത്തിയാക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരിൽനിന്നു മുള്ള റീശീസാ പിരിവും ഏപ്രിൽ മാസാവസാനത്തോടുകൂടി പൂർത്തിയാക്കേണ്ടതാകുന്നു. ഈ രണ്ടു പിരിവു കളും പൂർത്തിയായശേഷം, അവ ശേഖരിക്കുന്നതിന് മെത്രാസനതലത്തിൽ യോഗം ചേരുന്നതും ആ യോഗം കൂടുന്നതു സംബന്ധിച്ച വിശദവിവരങ്ങൾ നാം പിന്നാലെ അറിയിക്കുന്നതുമാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധി ച്ചിരിക്കുമാറാകട്ടെ.

1981 മാർച്ച് 13–ാം തീയതി

നമ്മുടെ ....പള്ളി വികാരിയും ശേഷം പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്ന് കാതോലിക്കാദിനപ്പിരിവാണെന്നു നിങ്ങൾക്ക് അറിയാമല്ലോ. കാതോലിക്കാദിനപ്പിരിവിനത്തിൽ ആണ്ടുതോറും പിരിഞ്ഞുകിട്ടുന്ന തുക കാതോലിക്കേററ് അരമന, എപ്പിസ്കോപ്പൽ സുന്നഹദോസ് ആപ്പീസ്, കാതോലിക്കേററ് ആപ്പീ സ്, മെത്രാസന ആപ്പീസുകൾ, വൈദികസിമ്മനാരി, വിദ്യാർത്ഥി പ്രസ്ഥാനം, യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ, മിഷ്യനറി പ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, അനാഥസംരക്ഷണം, ആതുരസേ വനം, അവികസിത പള്ളികളുടെ ഉദ്ധാരണം, കാതോലിക്കേററ് സെൻററുകളുടെ നിർമ്മാണം മുതലായ വക്കു് വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. മേൽപറഞ്ഞ സ്ഥാപനങ്ങൾക്കും ആപ്പീസുകൾക്കും സംഘട നകൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ട ചെലവ് അടിക്കടി വർദ്ധിച്ചുവരികയാണ്. അതുകൊണ്ടു കാതോലിക്കാദിനപ്പിരിവും മുൻകൊല്ലത്തെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിപ്പിക്കേണ്ടതാ ണല്ലൊ. ആ സ്ഥിതിക്ക് ഇക്കൊല്ലം മലബാർ മെത്രാസന ഇടവകയിൽനിന്ന് പതിനയ്യായിരം രൂപ യിൽ കുറയാതെ ശേഖരിക്കേണ്ടിയിരിക്കുന്നു. എല്ലാ പള്ളി ഇടവകകളും ആത്മാർത്ഥമായി ശ്രമിച്ചാൽ ഈ തുക പ്രയാസംകൂടാതെ പിരിച്ചെടുക്കാൻ കഴിയും. പക്ഷെ പല ഇടവകകളും മുൻകൊല്ലങ്ങളിൽ യഥാശ ക്തി സഹകരിച്ചതായി കാണുന്നില്ല. അതുകൊണ്ട് പ്രസ്തുത തുക പിരിഞ്ഞു കിട്ടത്തക്കവണ്ണം പള്ളി ഇട വകകൾക്ക ക്വോട്ടാ നിശ്ചയിക്കുന്നതിനെ പററിയും പ്രചരണ പരിപാടികൾ ഏർപ്പെടുത്തുന്നതിനെപററി യും ആലോചിക്കുന്നതിനായി ആ മെത്രാസന ഇടവകയിൽ ഉൾപ്പെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും അദ്ധ്യാത്മികസംഘടനകളുടെ പ്രതിനിധികളുടെയും ഒരു യോഗം 1981 മാർച്ച് 26–ാം തീയതി വ്യാഴാഴ്ച, പകൽ പത്തരമണിക്ക് കോഴിക്കോട് സെൻറ് ജോർജ് കത്തീഡ്രലിൽവച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിലേക്ക് ആ പള്ളിവികാരിയെയും കൈക്കാരനെയും സെക്രട്ടറിയെയും അദ്ധ്യാത്മിക സംഘടനകളുടെ പ്രതിനിധികളെയും പള്ളിച്ചെല വിൽ അയയ്ക്കണം. ആ യോഗത്തിൽ ഇടവകമെത്രാപ്പോലീത്തായും ഫിനാൻസ് കമ്മററി പ്രസിഡണ്ടു് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും സൌകര്യമുള്ളപക്ഷം നാമും സംബന്ധിക്കുന്ന തായിരിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1981 മാർച്ച് 9–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്മുടെ..
പള്ളിവികാരിയും, ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്,

പ്രിയരെ,

സഭാ മാസ്യരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 47-ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിട്ടുള്ള പഴയ സിമ്മനാരി ചാപ്പലിൽ ഭക്തിനിർഭരമായ പരിപാടികളോടുകൂടി ഈ മാസം 23, 24 (തിങ്കൾ, ചൊവ്വ) എന്നീ തീയതികളിൽ ആഘോഷിക്കുന്നതാണ്. ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നിങ്ങളെല്ലാവരും അഭയം പ്രാപിക്കുകയും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളിൽ വന്നു സംബന്ധിക്കുകയും ചെയ്യണമെന്നു താല്പര്യപ്പെടുന്നു.

നമ്മുടെ എല്ലാ പള്ളികളിലും 22-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയിൽ അദ്ദേഹത്തെ ഓർക്കുകയും ധൂപ പ്രാർത്ഥന നടത്തുകയും ചെയ്യണം.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1981 ഫെബ്രുവരി 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

നമ്മുടെ..
പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

അമ്പതുനോമ്പിലേക്കു നാം വന്നിരിക്കയാണ്. നമ്മുടെ കർത്താവിന്റെ കാൽവറികുരിശിന്മേലുള്ള പരമയാഗത്തെയും, മൂന്നാം ദിവസത്തെ ഉയിർപ്പുമൂലമുള്ള വിജയത്തെയും ഭക്തിപൂർവ്വം സ്മരിച്ച്, കല്പിക്കപ്പെട്ടിട്ടുള്ള അനുഷ്ഠാനങ്ങളോടുകൂടി ആചരിച്ച് പശ്ചാത്തപിച്ച നമ്മുടെ പാപപരിഹാരം വരുത്തുന്നതിനുള്ള കാലയളവാണല്ലോ ഈ നോമ്പിന്റെ ദിവസങ്ങൾ.

നോമ്പും ഉപവാസവും മനുഷ്യജീവിതത്തെ ധന്യമാക്കുന്നതിന് സഹായിക്കുന്നു. നോമ്പാചരണത്താൽ മേൽക്കുമേൽ നാം പുണ്യം സമ്പാദിക്കുകയും, ആത്മീയാന്തരീക്ഷത്തിലേക്ക് ഉയരുകയും ചെയ്യുന്നുവെന്നുള്ള വസ്തുത വിസ്മരിക്കാവതല്ല. സീനായ് മലയിൽവച്ച് മോശ നാല്പതു ദിവസം ഉപവസിച്ച്, പ്രകാശിതനായി. ദൈവതൃക്കരങ്ങളിൽനിന്ന് കല്പലകൾ പ്രാപിച്ചശേഷം മടങ്ങി പാളയത്തിൽ വന്നപ്പോൾ, മോശയുടെ മുഖത്ത് നോക്കുവാൻ യിസ്രായേൽ മക്കൾക്ക് പ്രയാസമായിരുന്നു. അദ്ദേഹം അത്രമാത്രം തേജസ്സുള്ളവനും, ആത്മീയചൈതന്യം ഉൾക്കൊണ്ടവനുമായി തീർന്നിരുന്നു. ശരിയായി നോമ്പനുഷ്ഠിക്കുന്ന ഏതൊരു വ്യക്തിയുടെയും അവസ്ഥ ഇതുതന്നെയാണ്. വ്രതാനുഷ്ഠാനങ്ങളിൽക്കൂടെ ദൈവത്തിൽനിന്ന് ശക്തി പ്രാപിപ്പാൻ നമുക്കു കഴിയുന്നതാണ്.

ആത്മസംയമനം സാദ്ധ്യമാക്കിത്തീർക്കുന്നുവെന്നതാണ്" നോമ്പും ഉപവാസവുംകൊണ്ടുള്ള വലിയ പ്രയോജനം. വികാരങ്ങൾക്ക് അധീനരാകാതെയും, രോഷാവേശങ്ങൾക്ക് അടിമപ്പെടാതെയും, സമചിത്തതയോടുകൂടി ഏതു പ്രതികൂല സാഹചര്യങ്ങളെയും, ജഢീകപരീക്ഷകളെയും അതിജീവിക്കുന്നതിനുള്ള പ്രാപ്തിയും ആത്മധൈര്യവും നോമ്പനുഷ്ഠാനംകൊണ്ടു് പ്രാപിപ്പാൻ കഴിയുന്നതാണ്. ആത്മീയ ഔന്നത്യത്തിലേക്ക് നോമ്പ് നമ്മെ ആരോഹണം ചെയ്യിക്കുന്നു. അതിനാലത്രെ സഭാപിതാക്കന്മാർ പറഞ്ഞിരിക്കുന്നത്, 'നോമ്പും പ്രാർത്ഥനയുമാകുന്ന ഇരുചിറകുകളാലത്രെ മനുഷ്യൻ ആത്മീയലോകത്തിലേക്ക് പറന്നുയരുന്ന'തെന്ന്.

സാത്താന്റെ പരീക്ഷകളിൽനിന്നും, പൈശാചികപീഡകളിൽനിന്നും വിടുതൽ പ്രാപിപ്പാനുള്ള സുപ്രധാനമാർഗ്ഗവും നോമ്പും, ഉപവാസവും, പ്രാർത്ഥനയും മാത്രമാകുന്നു. 'ഉപവാസത്താലും പ്രാർത്ഥനയാലു

മല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകുന്നില്ലെ'ന്നു് നമ്മുടെ കർത്താവു് കല്പിച്ചിട്ടുമുണ്ടല്ലോ. ആധുനികകാലത്തു് വ്യക്തികളിലും, കുടുംബങ്ങളിലും, സമൂഹങ്ങളിലും, സാത്താന്റെ തേർവാഴ്ച സ്പഷ്ടമായി കാണപ്പെടുന്നുണ്ടു്. ജീവിതത്തിലെ പാളിച്ചകൾ, മദ്യപാനാസക്തി, കവർച്ച, കൊലപാതകം, ദുർമ്മാർഗ്ഗജീവിതം, മുതലായവയും, അവരവരുടെ സ്വന്തഭവനങ്ങളിലും, പള്ളിഇടവകകളിലും, സഭാതലത്തിലും, രാഷ്ട്രീയം, സാമൂഹ്യം എന്നിങ്ങനെയുള്ള പൊതുജീവിതത്തിലും കാണിക്കുന്ന അച്ചടക്കരാഹിത്യം, ക്രമക്കേടുകൾ, ആദർശശുദ്ധിയില്ലായ്മ എന്നിവയും മററും സാത്താന്റെ പ്രേരണകളുടെ പ്രതിഫലനങ്ങളാണു്. ഈ ദുസ്ഥിതി മാറി, നല്ല ശിക്ഷണവും, ആത്മീയ ഉണർവും, ചുമതലാബോധവും, പരിശുദ്ധജീവിതവും ഉള്ളവരായി തീരുന്നതിനു്, നോമ്പും, ഉപവാസവും, പ്രാർത്ഥനയും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്.

ദൈവം നമ്മിൽ പ്രവർത്തിക്കുന്നതിനും, ദൈവത്തിൽനിന്നു് വൻകാര്യങ്ങൾ സാധിച്ചുകിട്ടുന്നതിനും, നോമ്പു് നല്ല മാർഗ്ഗമാകുന്നു. നമ്മുടെ സഭയുടെ ശാശ്വതസമാധാനത്തിനുവേണ്ടി ഈ നോമ്പുകാലങ്ങളിൽ വിശ്വാസികളേവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നു് നാം ആഗ്രഹിക്കുന്നു. കൂടാതെ, ലോകസമാധാനത്തിനുവേണ്ടിയും, നമ്മുടെ മാതൃരാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും, ഈ അവസരത്തിൽ ദൈവത്തോടു് പ്രാർത്ഥിക്കേണ്ടതു് നമ്മുടെ കടമയാകുന്നു.

ആകയാൽ, ഭക്തിപൂർവ്വം ഈ വർഷത്തെ നോമ്പു് ആചരിച്ചു് തേജസ്കരണം പ്രാപിക്കണമെന്നു് സഹോദരങ്ങളായ നിങ്ങളേവരെയും നാം ഉത്ബോധിപ്പിക്കുന്നു.

ത്രിയേകദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ എല്ലായ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........................ഇത്യാദി.

എന്നു്

1981 ഫെബ്രുവരി 12—ാം തീയതി

നമ്പർ 14/81

നമ്മുടെ ....പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വു്.

പ്രിയരെ,

നമ്മുടെ സഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നു് കാതോലിക്കാദിനപ്പിരിവാണെന്നു് നിങ്ങൾക്കു് അറിയാമല്ലോ. കാതോലിക്കാദിനപ്പിരിവിനത്തിൽ ആണ്ടുതോറും പിരിഞ്ഞുകിട്ടുന്ന തുക കാതോലിക്കേററു് അരമന, എപ്പിസ്കോപ്പൽ സുന്നഹദോസ് ആപ്പീസ്, കാതോലിക്കേററു് ആപ്പീസു്, മെത്രാസന ആപ്പീസുകൾ, വൈദികസെമിനാരി, വിദ്യാർത്ഥി പ്രസ്ഥാനം, യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ, മിഷ്യനറി പ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, അനാഥസംരക്ഷണം, ആതുരസേവനം, അവികസിത പള്ളികളുടെ ഉദ്ധാരണം, കാതോലിക്കേററു് സെൻററുകളുടെ നിർമ്മാണം മുതലായ വകയ്ക്കു് വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. മേൽപറഞ്ഞ സ്ഥാപനങ്ങൾക്കും ആപ്പീസുകൾക്കും സംഘടനകൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ട ചെലവു് അടിക്കടി വർദ്ധിച്ചുവരികയാണു്. അതുകൊണ്ടു കാതോലിക്കാദിനപ്പിരിവും മുൻകൊല്ലത്തെ അപേക്ഷിച്ചു് ഗണ്യമായി വർദ്ധിപ്പിക്കേണ്ടതാണല്ലൊ. ആ സ്ഥിതിക്കു് ഇക്കൊല്ലം കോട്ടയം മെത്രാസന ഇടവകയിൽനിന്നു് അമ്പതിനായിരം രൂപയിൽ കുറയാതെ ശേഖരിക്കേണ്ടിയിരിക്കുന്നു. എല്ലാ പള്ളി ഇടവകകളും ആത്മാർത്ഥമായി ശ്രമിച്ചാൽ ഈ തുക പ്രയാസംകൂടാതെ പിരിച്ചെടുക്കാൻ കഴിയും. പക്ഷെ പല ഇടവകകളും മുൻകൊല്ലങ്ങളിൽ യഥാശക്തി സഹകരിച്ചതായി കാണുന്നില്ല. അതുകൊണ്ടു് പ്രസ്തുത തുക പിരിഞ്ഞു കിട്ടത്തക്കവണ്ണം പള്ളി ഇടവകകൾക്കു ക്വോട്ടാ നിശ്ചയിക്കുന്നതിനെ പററിയും പ്രചരണ പരിപാടികൾ ഏർപ്പെടുത്തുന്നതിനെപററിയും ആലോചിക്കുന്നതിനായി ആ മെത്രാസന ഇടവകയിൽ ഉൾപ്പെട്ട ഹൈറേഞ്ചിലുള്ള പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും ആദ്ധ്യാത്മികസംഘടനകളുടെ പ്രതിനിധികളുടെയും ഒരു യോഗം 1981 മാർച്ചു് 6-ാം തീയതി വെള്ളിയാഴ്ച പകൽ പതിനൊന്നു മണിക്കു് കട്ടപ്പന മർച്ചൻറ്സ് അസോസ്യേഷൻ ടൌൺഹോളിൽവച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിലേക്കു് ആ പള്ളിവികാരിയെയും കൈക്കാരനെയും സെക്രട്ടറിയെയും ആദ്ധ്യാത്മിക സംഘടനകളുടെ പ്രതിനിധികളെയും പള്ളിച്ചെലവിൽ അയയ്ക്കണം. ആ യോഗത്തിൽ ഇടവകമെത്രാപ്പോലീത്തായുടെ അസിസ്ററൻറു് മാത്യൂസ് മാർ ബർന്നബാസ് എപ്പിസ്കോപ്പായും ഫിനാൻസ് കമ്മററി പ്രസിഡൻറു് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും സൌകര്യമുള്ളപക്ഷം നാമും സംബന്ധിക്കുന്നതായിരിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1981 ജനുവരി 24—ാം തീയതി

No. 253/80

His Holiness Pope John Paul II
Vatican City, Europe.

Your Holiness,

Once again during this Season of expectant hope when we a await the Advent of our Lord, we send Your Holiness our humble greetings in the name of Our Lord Jesus Christ.

The world is clouded - acute fear of war, persistant poverty, ineradicable social injustice, growing human cruelty and crime, and a general feeling of uncertainty about the future of our human race and our civilizations. To extend any false hope to a despondant world would bring no healing. Christ is Lord. He has won the victory. In Him alone can we set our hope.

May this Christmas bring to Your Holiness, to all the bishops, priests and people of your great Church, the joy and the peace that comes from Hope in Christ and the knowledge of His love. Please remember us and our Church here in Your Holiness' prayers and Eucharists.

We still entertain the hope that it will be possible for us to meet soon, either in the soil of India or at the tomb of the Apostles Peter and Paul.

Meanwhile may we extend to Your Holiness our best wishes and prayers for special blessings from the Lord in the Coming Year as you carry on your great ministry.

No.252/80 13-12-1980

His Beatitude Justin
Orthodox Patriarch of Romania
29, rue Antim
BUCAREST - ROMANIA.

Your Holiness,

In this joyous season when we await the Advent of our Lord, let me extend to Your Holiness our warmest good wishes for Christmas and the New Year.

The World groans under the burden of human sin. Wars and rumours of wars spread over the globe, particularly in Europe and Asia. The Pwace of Christ does not rule in the affairs of men.

Let us join in prayer that God would grant wisdom and peace to all nations and peoples, that they may learn to make ploughshares out of their swords and work with their hands, not for mutual destruction, but for mutual sustenance.

We remember Your Holiness in our humble prayers, and request you to remember us and our ancient Church in

this land. May God grant to Your Holiness the joy and peace of Christ at Christmas and in the New Year.

Your Brother in Our Lord,

Baselius Mar Thoma Mathews I
Catholicos of the East.

No. 251/80
THOMA MATHEWS I
LICOS OF
RONE OF ST. THOMAS
AND
METROPOLITAN



CATHOLICATE PALACE
KOTTAYAM 686004
KERALA, INDIA

13. 12. 1980

His Holiness Patriarch Justin
Romanian Orthodox Patriarchate
Bucharest, Romania.

Your Holiness, Our beloved brother in the Lord,

We avail ourselves of this blessed season of the Advent of our Lord to extend to Your Holiness, and to all brother bishops, clergy and people of the Romanian Orthodox Church our greetings and felicitations for the Feast of the Nativity of our Lord and for the New Year. We remember with great joy the magnificent reception given to us and our delegation during our visit to Romania, and the great love and hospitality of your people.

We hope that Your Holiness would soon find it possible to visit us. It would have given us a lot of joy if Your Holiness could come for the New Year, for the feast of St. Basil and St. Gregory, and for the dedication of our modest new residence. We know this is very short notice. But we await Your Holiness coming to us early in 1981, at a date mutually convenient. Please let us have a word soon indicating Your Holiness' conveniences.

May the New Year bring new joy to Your Holiness and to your people. May Christ be born in all the people of the great Romanian Orthodox Church during this season of the Feast of His Nativity. Please remember us also in Your prayers and Eucharists, as we also remember you.

Baselius Marthoma Mathews I
Catholicos of the East.

നമ്പർ 248/80

നമ്മുടെ ....
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

കോട്ടയം കാതോലിക്കേററ് അരമനചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുനാൾ ആഘോഷമായി കൊണ്ടാടുന്നതിനെപ്പററി ആലോചിക്കുന്നതിനായി 1980 ഡിസംബർ 15—ാം തീയതി തിങ്കളാഴ്ച പകൽ 4 മണിക്ക് ഇവിടെവച്ചു് ഒരു യോഗം കൂടുന്നതാണ്. അതിൽ ആ പള്ളിവികാരിയും മാനേജിങ്ങ് കമ്മററി അംഗങ്ങളും സൗകര്യമുള്ള മററ് ആളുകളും വന്നു സംബന്ധിക്കണമെന്നു നാം താല്പര്യപ്പെടുന്നു.

സർവ്വശക്തനായ ദൈത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1980 ഡിസംബർ 8—ാം തീയതി
കോട്ടയം കാതോലിക്കേററ്

നമ്പർ 232/80

പ്രിയനെ,


ഇന്നത്തെ ചുററുപാടുകളിൽ സഭാംഗങ്ങൾക്ക് ഒരു ആത്മീക നവോത്ഥാനം ഉണ്ടാകേണ്ടതു് അത്യാവശ്യമാണെന്നു പൊതുവെ അഭിപ്രായമുണ്ട്. അതിനു വേണ്ട നേതൃത്വം കൊടുക്കേണ്ടതു മേൽപട്ടക്കാരും പട്ടക്കാരും മററുമാണല്ലോ. പ്രസ്തുത ഉദ്ദേശ സാദ്ധ്യത്തിനുവേണ്ടി നാം ഒരുമിച്ചു ചേർന്നു പ്രാർത്ഥിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. തൽകാര്യാർത്ഥം നാം അദ്ധ്യക്ഷനായും നിരണം മെത്രാസന ഇടവകയുടെ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കൺവീനറായും മേല്പട്ടക്കാരുടെ ഒരു കമ്മററിയെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കമ്മററി മാവേലിക്കര സെ. പോൾസ് മിഷ്യൻ ട്രെയിനിങ്ങ് സെൻററിൽ കൂടി ആലോചിക്കുകയും ആത്മീക നവോത്ഥാനത്തിനു അനുഷ്ഠിക്കേണ്ട കാര്യങ്ങളുടെ വിശദ രൂപമുണ്ടാക്കുന്നതിന് ഇടവകകളിൽ പ്രവർത്തിക്കുന്ന പട്ടക്കാരുടെ അഭിപ്രായം അറിയത്തക്കവണ്ണം പ്രാരംഭമായി ഒരു ചോദ്യാവലി ഉണ്ടാക്കി സഭയിലെ വൈദികർക്ക് അയച്ചു കൊടുക്കണമെന്നും വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും ഒരു ത്രിദിന സമ്മേളനം നടത്തണമെന്നും നിശ്ചയിക്കുകയും ചെയ്തു. കമ്മററിയുടെ നിശ്ചയമനുസരിച്ച് ഒരു ചോദ്യാവലി ഉണ്ടാക്കി ഓരോ വൈദികനും അയച്ചു തന്നിട്ടുള്ളതാകുന്നു. അതു് ഇതിനകം കിട്ടിക്കാണുമെന്നു വിചാരിക്കുന്നു.

കമ്മററിയുടെ രണ്ടാമത്തെ യോഗം കോട്ടയം പഴയ സിമ്മനാരിയിൽ വച്ചു കൂടി ത്രിദിന സമ്മേളനത്തിൻെറ വിശദവിവരങ്ങളെ സംബന്ധിച്ചു ചിന്തിച്ചു തീരുമാനങ്ങളെടുത്തു. അതനുസരിച്ചു സമ്മേളനം പരുമല സിമ്മനാരിയിൽ വച്ച് 1980 ഡിസംബർ മാസം 29—ാം തീയതി തിങ്കളാഴ്ച സന്ധ്യാനമസ്കാരത്തോടുകൂടി ആരംഭിക്കുകയും 31—ാം തീയതി ബുധനാഴ്ച ഉച്ച കഴിഞ്ഞു് 3 മണിയോടുകൂടി സമാപിക്കുകയും ചെയ്യുന്നതാണ്. നാമും മററു മേല്പട്ടക്കാരും സമ്മേളനത്തിൽ സംബന്ധിക്കുന്നതായിരിക്കും. പ്രിയൻ സമ്മേളനത്തിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് അറിയിക്കുന്നു. ഏതെങ്കിലും കാരണത്താൽ സംബന്ധിക്കുവാൻ കഴിയാതെ വന്നാൽ വിവരം ഇടവക മെത്രാപ്പോലീത്തായെ അറിയിച്ച് അദ്ദേഹത്തിൽനിന്ന് ഒഴിവു വാങ്ങേണ്ടതാകുന്നു. പ്രിയൻ സംബന്ധിക്കുന്ന വിവരം ഓഫീസ് സെക്രട്ടറി എം. എ. വറുഗീസ് പണിക്കർ കത്തനാരെ ഡിസംബർ 10—ാം തീയതിക്കു മുമ്പ് സെ. പോൾസ് മിഷ്യൻ സെൻറർ, മാവേലിക്കര എന്ന വിലാസത്തിൽ അറിയിക്കണം. നേരത്തെ അയച്ചുതന്നിട്ടുള്ള ചോദ്യാവലി പൂരിപ്പിച്ച് അയച്ചുകൊടുത്തിട്ടില്ലെങ്കിൽ ആയതു് എത്രയും വേഗം പൂരിപ്പിച്ച് അയാളുടെ പേർക്ക് അയയ്ക്കുകയും വേണം.

സമ്മേളനം വിജയകരമായിരിക്കുന്നതിനും തന്മൂലം സഭാംഗങ്ങൾക്ക് ആത്മീകാഭിവൃദ്ധി ഉണ്ടാകുന്നതിനും വേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കണമെന്ന് ഓർപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

1980 നവംബർ 17—ാം തിയതി



നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

ദൈവകൃപയാൽ നമ്മുടെ വൈദികസെമിനാരി ഉത്തരോത്തരം വളർന്നു വരുന്നതിൽ നമുക്കു് അഭിമാനവും സന്തോഷവുമുണ്ടു്. വൈദികരുടെ ദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്നതിനാൽ ഈ വർഷം സെമിനാരിയിൽ പുതുതായി 30 വിദ്യാർത്ഥികളെ എടുക്കണമെന്നു് നമ്മുടെ സുന്നഹദോസ് തീരുമാനിച്ചു. ഇപ്പോൾ സെമിനാരിയിൽ ആകെ 92 വിദ്യാർത്ഥികൾ ആണു് പഠിക്കുന്നതു്. ദൈവശാസ്ത്രത്തിൽ മാസ്റ്റർ (M. Th.) ബിരുദം നൽകുന്നതിനുള്ള പഠനപദ്ധതിയും ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ടു്. അതുകൊണ്ടു് സെമിനാരി ലൈബ്രറി കൂടുതലായി വികസിപ്പിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചതിനാലും, ലൈബ്രറി വികസിപ്പിക്കേണ്ടതിനാലും, പൊതുജീവിതചെലവു് വളരെയധികം ഉയർന്നതിനാലും സെമിനാരിയുടെ അത്യാവശ്യചെലവുകൾക്കായി കവർപിരിവിനത്തിൽതന്നെ ഒന്നര ലക്ഷം രൂപ ലഭിച്ചേ മതിയാവൂ. മററുപല പിരിവുകൾ സഭയിൽ ഉണ്ടെങ്കിലും സെമിനാരി പിരിവിന്റെ പ്രാധാന്യം മനസ്സിലാക്കി നിങ്ങൾ എല്ലാവരും സർവ്വാത്മനാ അതിൽ സഹകരിക്കണമെന്നു് നാം നിങ്ങളുടെ സ്നേഹത്തോടു് നിർബ്ബന്ധിക്കുന്നു.

ഈ വരുന്ന ഒക്ടോബർ 5–ാം തീയതി ഞായറാഴ്ച സെമിനാരി ദിനമായി ആചരിക്കേണ്ടതാണു്. അന്നേദിവസം സെമിനാരിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തുകയും കവർ പിരിവു് വിജയിപ്പിക്കയും വേണം.

കവർപിരിവും കാണിക്കയും പള്ളിയിൽനിന്നുള്ള പ്രത്യേക സംഭാവനയും ചേർത്തു് ഒക്ടോബർ മാസാവസാനം വൈദികസെമിനാരി പ്രിൻസിപ്പലിന്റെ പേർക്കു് അയച്ചുകൊടുക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1980 ആഗസ്റ്റ് 21–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്.

നമ്പർ 147/80



നമ്മുടെ ....
............................പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്‌വ്.

പ്രിയരെ,

നമ്മുടെ വൈദികസിമ്മനാരിയിൽ ഈ വർഷം ചേർന്നു പഠിക്കുന്നതിന് അപേക്ഷിച്ച വിദ്യാർത്ഥികളുടെ ഇൻറർവ്യൂ ഈ കഴിഞ്ഞ ദിവസം നടത്തുകയുണ്ടായി. എങ്കിലും അവരെ സംബന്ധിച്ചുള്ള തീരുമാനം എടുക്കുന്നതിനു മുമ്പ് (അവരെപ്പററി) വേണ്ട അന്വേഷണങ്ങൾ നടത്തി അവരുടെ യോഗ്യത നിർണ്ണയിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതു്. ആ വിധത്തിൽ ചെയ്യുന്നതിന് പ്രിൻസിപ്പാളിന് നാം നിർദ്ദേശം നൽകിയിട്ടുണ്ട്. ആ ഇടവകയിൽപെട്ട ....,............
മകൻ .... ഒരു അപേക്ഷകനാണ്. അയാൾ ഈ കാര്യത്തിൽ യോഗ്യനല്ലെന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ കാരണസഹിതം പ്രിൻസിപ്പാളിനെ രണ്ടാഴ്ചയ്ക്കുള്ളിൽ രേഖാമൂലം അറിയിക്കണം. അപ്രകാരമുള്ള കത്തു് രഹസ്യമായി സൂക്ഷിക്കുന്നതാണ്. പേരും മേൽവിലാസവും വയ്ക്കാതെ അയയ്ക്കുന്ന അറിയിപ്പുകൾ പരിഗണിക്കപ്പെടുന്നതല്ല.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

എന്നു്
1980 ജൂലൈ 24—ാം തീയതി
കോട്ടയം കാതോലിക്കേററു്
അരമനയിൽനിന്നു്.

നമ്മുടെ..പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

നാം 1980 ഫെബ്രുവരി 8—ാം തീയതി 17/80—ാം നമ്പരായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച്, ഈ കൊല്ലത്തെ സമാദിനം (കാതോലിക്കാദിനം) നിങ്ങൾ യഥോചിതം ആചരിക്കുകയും കാതോലിക്കാദിനപ്പിരിവും റീശീസാപ്പിരിവും വിജയകരമായി നടത്തുകയും ചെയ്തിരിക്കുമല്ലോ. മുന്നാണ്ടത്തെപ്പോലെ ഈ വർഷവും കേരളത്തിലുള്ള മെത്രാസനങ്ങളിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും യോഗങ്ങൾ അതതു മെത്രാസനത്തിൽ ചേരണമെന്നും ആ യോഗങ്ങളിൽവച്ച് കാതോലിക്കാദിനപ്പിരിവും റീശീസാപ്പിരിവും സ്വീകരിക്കണമെന്നുമാണ് നിശ്ചയിച്ചിരിക്കുന്നതു്. നമ്മുടെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായും നമ്മുടെ അസിസ്ററൻറും ഫിനാൻസ്കമ്മററി പ്രസിഡണ്ടുമായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും പ്രസ്തുത മീററിംഗുകളിൽ സംബന്ധിച്ച് നമുക്കുവേണ്ടി പിരിവുതുകകൾ സ്വീകരിക്കുന്നതായിരിക്കും. അതാതിടവകകളിലെ മെത്രാപ്പോലീത്താമാരും സൌകര്യമുള്ളപക്ഷം നാമും യോഗങ്ങളിൽ സംബന്ധിക്കുന്നതാണ്.

അനുസരിച്ച് കൊല്ലം മെത്രാസനത്തിലെ യോഗം 1980 ജൂൺ 19-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30-ന് അടൂർ കണ്ണംകോട്ട് സെൻറ് തോമസ് പള്ളിയിൽവച്ചു കൂടുന്നതാണ്. ആ യോഗത്തിലേക്ക് ആ പള്ളിയിൽനിന്ന് വികാരിയെയും കൈക്കാരനെയും സെക്രട്ടറിയെയും പള്ളിച്ചെലവിൽ അയയ്ക്കുകയും കാതോലിക്കാദിനപ്പിരിവും റിശീസാപ്പിരിവും അവയുടെ ലിസ്റ്റുകളും അവർവശം കൊടുത്തയയ്ക്കുകയും ചെയ്യണം. വിവിധ ആത്മീയ സംഘടനകളിലെ പ്രവർത്തകരും താല്പര്യമുള്ള മററാളുകളും യോഗത്തിൽ സംബന്ധിക്കുന്നതുകൊള്ളാം. എല്ലാ പള്ളിക്കാരും യോഗദിവസത്തിനു മുൻപ് പിരിവുകൾ പൂർത്തിയാക്കിയിരിക്കേണ്ടതും പിരിവുസംഖ്യകൾ മുഴുവനും യോഗത്തിൽവച്ച് ഏല്പിക്കേണ്ടതുമാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1980 മേയ് 12-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 62/80

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം 1980 മേയ് 1-ാം തീയതി കൂടുന്ന വിവരം നിങ്ങൾക്ക് അറിയാമല്ലൊ. ഈ യോഗത്തിന്റെ നടത്തിപ്പിന് ഉദ്ദേശം 45000 രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ തുക സാമ്പത്തികശക്തിയുള്ള ഏതാനും പള്ളികളിൽനിന്നും വ്യക്തികളിൽനിന്നും ഒരു പിരിവു നടത്തി ശേഖരിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ആ പള്ളിയിൽനിന്ന് പ്രസ്തുത യോഗം സംബന്ധിച്ച ചെലവുകൾക്ക് .... രൂപയിൽ കുറയാതെ, ഈ മാസാവസാനത്തിനു മുമ്പായി, അയച്ചു തരണമെന്ന് നാം താല്പര്യപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1980 ഏപ്രിൽ 21-ാം തീയതി

നമ്പർ 46/80

നമ്മുടെ...മെത്രാപ്പോലീത്തായ്ക്ക് /
എപ്പിസ്കോപ്പായ്ക്ക്...കർത്താവിൽ സമാധാനം.

1980 മേയ് 1-ാം തീയതി കൂടുവാൻ നിശ്ചയിച്ചിട്ടുള്ള മലങ്കര അസോസ്യേഷൻ യോഗം സംബന്ധിച്ച് നാം 1980 ജനുവരി 7-ാം തീയതി മെത്രാച്ചന്റെ പേർക്ക് അയച്ചുതന്ന 8/80-ാം നമ്പർ നോട്ടീസും, അസോസ്യേഷൻ നടപടിചട്ടങ്ങളുടെ ഒരു പ്രതിയും കിട്ടിയിട്ടുണ്ടല്ലോ. പ്രസ്തുത നടപടിചട്ടങ്ങൾ 5-ാം ഭാഗം IX-ാം വകുപ്പ്, ഉപവകുപ്പ് 2-ൽ "അസോസ്യേഷൻ യോഗത്തിന്റെ നോട്ടീസ് അനുസരിച്ച് ഓരോ പള്ളി ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷന്മാരും മാനേജിങ് കമ്മററി അംഗങ്ങളും അവരവരുടെ മെത്രാസനകേന്ദ്രങ്ങളിൽ പ്രസിഡണ്ട് അതിലേക്ക് നിശ്ചയിച്ച് അധികാരപ്പെടുത്തിയിട്ടുള്ള മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പ്രസിഡണ്ട് നിശ്ചയിച്ച് അറിയിക്കുന്ന തീയതികളിൽ യോഗം കൂടേണ്ടതും അതതു മെത്രാസനത്തിൽനിന്ന് അസോസ്യേഷൻ മാനേജിങ് കമ്മററിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അതതു യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷം അനുകൂലിക്കുന്നവരെ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റും അതോടുകൂടി അതതു യോഗത്തിന്റെ മിനിട്ട്സ് അദ്ധ്യക്ഷൻ ഒപ്പുവച്ച് അതും അസോസ്യേഷൻ യോഗത്തിന് രണ്ടാഴ്ച മുമ്പ് സെക്രട്ടറിക്ക് കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കേണ്ടതുമാകുന്നു" എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ആ വ്യവസ്ഥ അനുസരിച്ച്.... ......മെത്രാസനത്തിൽനിന്നു മാനേജിങ് കമ്മററിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിനായി ആ മെത്രാസനത്തിൽപെട്ട പള്ളികളിൽനിന്നുള്ള പ്രതിപുരുഷന്മാരുടെയും ആ മെത്രാസനത്തിൽപെട്ട മാനേജിങ് കമ്മററി അംഗങ്ങളുടെയും ഒരു യോഗം 1980 ഏപ്രിൽ.....................................പകൽ പത്തു മണിക്ക്...................
....വച്ചു കൂടുന്നതിനു നാം നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും അതു നടത്തുകയും ചെയ്യുന്നതിന് മെത്രാച്ചനെ നാം നിയോഗിക്കുകയും അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

മേൽപറഞ്ഞ യോഗം ചേരുന്നതിനുള്ള നോട്ടീസും അതിൽ സംബന്ധിക്കാൻ ഹാജരാകുന്ന പ്രതിപുരുഷന്മാർ കൊണ്ടുവരേണ്ട സാക്ഷിപത്രത്തിന്റെ ഫാറവും പള്ളികൾക്ക് നാം അയച്ചുകൊടുത്തിട്ടുണ്ട്. മാനേജിങ്ങ് കമ്മററി അംഗങ്ങൾക്കുള്ള നോട്ടീസും [illegible] അയച്ചിട്ടുണ്ട്. അവയുടെ ഓരോ പ്രതികൾ മെത്രാച്ചന്റെ അറിവിലേക്കായി ഇതോടൊന്നിച്ച് അയച്ചിരിക്കുന്നു.

ആ മെത്രാസനത്തിൽനിന്നുള്ള പ്രതിപുരുഷന്മാരുടെയും മാനേജിങ്ങ് കമ്മററി അംഗങ്ങളുടെയും പേരും മേൽവിലാസവും അസോസ്യേഷൻ സെക്രട്ടറി ആ മെത്രാസന ആപ്പീസിലേക്ക് പിന്നാലെ അയച്ചുതരുന്ന അസോസ്യേഷൻ അംഗങ്ങളുടെ [illegible] ലിസ്ററിൽ വിവരിച്ചിരിക്കുന്നതും അവർക്കുമാത്രം മേല്പറഞ്ഞ യോഗത്തിൽ സംബന്ധിക്കാൻ അർഹത ഉള്ളതും ആകുന്നു.

1965 ഡിസംബർ 28-ാം തീയതി കൂടിയ മലങ്കര അസോസ്യേഷൻ യോഗതീരുമാനമനുസരിച്ച് അസോസ്യേഷൻ മാനേജിങ്ങ് കമ്മററിയിലേക്ക് എൺപത്താറുപേരെയാണ് അസോസ്യേഷൻ തെരഞ്ഞെടുക്കേണ്ടതു്. ആ തീരുമാനമനുസരിച്ച് [illegible] തിരുവനന്തപുരം, കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കണ്ടനാട്, അങ്കമാലി, കൊച്ചി, മലബാർ, മദ്രാസ്, ബാഹ്യകേരളം, കൽക്കട്ടാ, ഡൽഹി എന്നീ പതിമ്മൂന്നു മെത്രാസനങ്ങളിൽ ഓരോന്നിലുംനിന്ന് രണ്ടു പട്ടക്കാരും നാല് അത്മേനികളും ഉൾപ്പെടെ ആറു പേർ എന്ന കണക്കിൽ എഴുപത്തെട്ടു പേരെയും അമേരിക്കാ മെത്രാസനത്തിൽനിന്ന് ഒരു പട്ടക്കാരനും രണ്ട് അത്മേനികളും ഉൾപ്പെടെ മൂന്നു പേരെയും, ക്നാനായ മെത്രാസനത്തിൽനിന്ന് രണ്ടു പട്ടക്കാരും മൂന്ന് അത്മേനികളും ഉൾപ്പെടെ അഞ്ചുപേരെയും.

നമ്പർ 37/80

നമ്മുടെ........ ....പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

1980 മെയ് 1-ാം തീയതി കൂടുവാൻ നിശ്ചയിച്ചിട്ടുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗംസംബന്ധിച്ച് നാം 1980 ജനുവരി 2-ാം തീയതി അയച്ച 3/80-ാം നമ്പർ നോട്ടീസ് കല്പനയും അതിൽ വിവരിച്ചിട്ടുള്ള അധികാരപത്രഫാറം, തെരഞ്ഞെടുപ്പ് അറിയിപ്പ ഫാറം, അസോസ്യേഷൻ യോഗനടപടിച്ചട്ടങ്ങൾ എന്നിവയും കിട്ടിയിട്ടുണ്ടല്ലൊ. പ്രസ്തുത നടപടി ചട്ടങ്ങൾ 5-ാം ഭാഗം IX-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ പറയുന്ന പ്രകാരം ക്നാനായ മെത്രാസനത്തിൽനിന്ന് മാനേജിങ്ങ്കമ്മററി അംഗങ്ങളായി പുതുതായി തെരഞ്ഞെടുക്കപ്പെടുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിലേക്കായി ആ മെത്രാസനത്തിൽപെട്ട പള്ളി ഇടവകകളിൽ നിന്നു മേൽ പറഞ്ഞ അസോസ്യേഷൻ യോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷന്മാരുടെയും ആ മെത്രാസനത്തിൽപെട്ട അസോസ്യേഷൻ മാനേജിങ്ങ്കമ്മററി അംഗങ്ങളുടെയും ഒരു യോഗം 1980 ഏപ്രിൽ 11-ാം തീയതി വെള്ളിയാഴ്ച പകൽ 10 മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ കോട്ടയം കാതോലിക്കേററ് അരമനയിൽവച്ച് കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആ യോഗം രണ്ടു പട്ടക്കാരും മൂന്ന് അയ്മേനികളും ഉൾപ്പെടെ അഞ്ചു പേരെയാണ് നാമനിർദ്ദേശം ചെയ്യേണ്ടതു്. അതിനാൽ ആ പള്ളിഇടവകയോഗം നമ്മുടെ മേൽപറഞ്ഞ 3/80-ാം നമ്പർ നോട്ടീസ്കല്പന അനുസരിച്ച് തെരഞ്ഞെടുക്കുന്ന പ്രതിപുരുഷന്മാരെ 1980 ഏപ്രിൽ 11-ാം തീയതി വെള്ളിയാഴ്ച കോട്ടയം കാതോലിക്കേററ് അരമനയിൽവച്ചു കൂടുന്ന യോഗത്തിലേക്കു ഇതോടൊന്നിച്ച് അയയ്ക്കുന്ന ഫാറത്തിലുള്ള സാക്ഷിപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

1980 മാർച്ച് 1-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്.

നമ്പർ 17/80

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും ദേശത്തു പട്ടക്കാർക്കും പള്ളികൈക്കാരന്മാർക്കും ശേഷം ജനങ്ങൾക്കും വാഴ്വ്.

പ്രിയരെ,

വലിയനോമ്പു്, ഈ വർഷം ഫെബ്രുവരിമാസം 18-ാം തീയതി ആരംഭിക്കുകയാണ്. നോമ്പു് ആചരിക്കേണ്ടതിന്റെ ആവശ്യകതയേയും അതിൽനിന്നു് ലഭിക്കുന്ന അനുഗ്രഹങ്ങളെയുംപററി നമ്മുടെ മുൻഗാമികളും, നാം തന്നെയും, കാലാകാലങ്ങളിൽ നമ്മുടെ ആത്മീയമക്കളെ ഉത്ബോധിപ്പിച്ചിട്ടുള്ളതാണല്ലോ. സാന്ദർഭികമായി വലിയനോമ്പു് ആരംഭിക്കുന്നതിനുമുമ്പു് വീണ്ടും ഈ കാര്യത്തെപ്പററി നാം നിങ്ങൾക്ക് എഴുതുകയാണ്.

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയ്ക്കും, ക്രൂശുമരണത്തിനുംവേണ്ടിയുള്ള ഒരുക്കംകൂടിയായിരുന്നു നാല്പതു ദിവസത്തെ തന്റെ നോമ്പു്. നോമ്പുകാലത്തു് നമ്മുടെ കർത്താവു് തന്റെ പിതാവുമായുള്ള നിരന്തര സംസർഗ്ഗംവഴി ശക്തിയും, ധൈര്യവും ആർജ്ജിച്ചു. അതുപോലെ നാമും നമ്മുടെ ജീവിതം ധന്യമാക്കുന്നതിനു്, ദൈവീക സംസർഗ്ഗംവഴി ലഭ്യമാകുന്ന ശക്തിയും കൃപയും പ്രാപിക്കേണ്ടിയിരിക്കുന്നു. ഞാൻ വന്നതു് നിങ്ങൾക്ക് ജീവൻ നൽകുവാനും അതു് സമൃദ്ധിയായി നൽകുവാനുമായിട്ടത്രെ എന്നു് നമ്മുടെ കർത്താവു് കല്പിച്ചിട്ടുണ്ടല്ലോ. സമൃദ്ധിയായ ജീവൻ ഉണ്ടാകുവാൻ നോമ്പാചരണം അത്യന്താപേക്ഷിതമാണ്.

നമ്മുടെ ജീവിതവിജയം, ക്രിസ്തുവിൽനിന്നും നാം പ്രാപിക്കുന്ന ചൈതന്യസമ്പൂർണ്ണമായ ജീവനെ ആശ്രയിച്ചാണിരിക്കുന്നതു്. യേശുക്രിസ്തു പ്രദാനംചെയ്യുന്ന സമൃദ്ധിയായ ഈ ജീവനെ കാത്തിരുന്നു് പ്രാപിക്കുന്നതിനു് ഉപവാസം ഏററവും പ്രയോജനകരമാണ്. കൂടാതെ ഉപവാസാനുഷ്ഠാനം ശരീരത്തിനും മനസ്സിനും പ്രയോജനകരമാണെന്നു് ആധുനിക വൈദ്യശാസ്ത്രവും അനുശാസിക്കുന്നുണ്ടു്. ഭക്ഷ്യസാധനങ്ങളിൽകൂടെയും, രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതുമൂലവും മനുഷ്യശരീരത്തിൽ കാലക്രമേണ അടിഞ്ഞുകൂടുന്ന വിഷാംശങ്ങളിൽനിന്നും, തന്മൂലമുണ്ടാകുന്ന അലർജി, ഏമ്പ്രോക്കം മുതലായവയിൽനിന്നും രക്ഷ നേടുന്നതിനു്, ഉപവാസാനുഷ്ഠാനം ഒരു ദിവ്യഔഷധമാണെന്നാണ് വൈദ്യസിദ്ധാന്തം.

പുരോഗമനജീവിതത്തെ ലക്ഷ്യമാക്കി ആവിഷ്ക്കരിക്കപ്പെടുന്ന നമ്മുടെ കർമ്മപദ്ധതികൾ, ഫലപ്രദമാകാതെപോകുന്നതു് കർത്താവിൽനിന്നും പ്രാപിക്കുന്ന സമൃദ്ധിയായ ജീവന്റെ അഭാവംമൂലമാണ്. ആകയാൽ നമ്മുടെ ആത്മീയമക്കളെ നാം ഉത്ബോധിപ്പിക്കുന്നതെന്തെന്നാൽ, നിങ്ങളേവരും, വ്യക്തികളായും, കുടുംബങ്ങളായും ഇടവകകളായും അങ്ങിനെ സഭ മൊത്തത്തിൽ ഉപവാസം, പ്രാർത്ഥന, ധ്യാനം, ജാഗരണം തുടങ്ങിയ എല്ലാ അനുഷ്ഠാനങ്ങളോടുംകൂടി ഈ വലിയനോമ്പു് ആചരിക്കണം.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും ദേശത്തു പട്ടക്കാർക്കും പള്ളികൈക്കാരന്മാർക്കും ശേഷം ജനങ്ങൾക്കും വാഴ്‌വ്.

പ്രിയരെ,

വലിയനോമ്പ്, ഈ വർഷം ഫെബ്രുവരിമാസം 18–ാം തീയതി ആരംഭിക്കുകയാണ്. നോമ്പ് ആചരിക്കേണ്ടതിന്റെ ആവശ്യകതയേയും അതിൽനിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളെയുംപറ്റി നമ്മുടെ മുൻഗാമികളും, നാം തന്നെയും, കാലാകാലങ്ങളിൽ നമ്മുടെ ആത്മീയമക്കളെ ഉത്ബോധിപ്പിച്ചിട്ടുള്ളതാണല്ലോ. സാന്ദർഭികമായി വലിയനോമ്പ് ആരംഭിക്കുന്നതിനുമുമ്പ് വീണ്ടും ഈ കാര്യത്തെപ്പറ്റി നാം നിങ്ങൾക്ക് എഴുതുകയാണ്.

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയ്ക്കും, ക്രൂശുമരണത്തിനും‌വേണ്ടിയുള്ള ഒരുക്കംകൂടിയായിരുന്നു നാല്പതു ദിവസത്തെ തന്റെ നോമ്പ്. നോമ്പുകാലത്ത് നമ്മുടെ കർത്താവ് തന്റെ പിതാവുമായുള്ള നിരന്തര സംസർഗ്ഗംവഴി ശക്തിയും, ധൈര്യവും ആർജ്ജിച്ചു. അതുപോലെ നാമും നമ്മുടെ ജീവിതം ധന്യമാക്കുന്നതിന്, ദൈവീക സംസർഗ്ഗംവഴി ലഭ്യമാകുന്ന ശക്തിയും കൃപയും പ്രാപിക്കേണ്ടിയിരിക്കുന്നു. ഞാൻ വന്നതു് നിങ്ങൾക്ക് ജീവൻ നൽകുവാനും അതു് സമൃദ്ധിയായി നൽകുവാനുമായിട്ടത്രെ എന്ന് നമ്മുടെ കർത്താവ് കല്പിച്ചിട്ടുണ്ടല്ലോ. സമൃദ്ധിയായ ജീവൻ ഉണ്ടാകുവാൻ നോമ്പാചരണം അത്യന്താപേക്ഷിതമാണ്.

നമ്മുടെ ജീവിതവിജയം, ക്രിസ്തുവിൽനിന്നും നാം പ്രാപിക്കുന്ന ചൈതന്യസമ്പൂർണ്ണമായ ജീവനെ ആശ്രയിച്ചാണിരിക്കുന്നതു്. യേശുക്രിസ്തു പ്രദാനംചെയ്യുന്ന സമൃദ്ധിയായ ഈ ജീവനെ കാത്തിരുന്നു് പ്രാപിക്കുന്നതിന് ഉപവാസം ഏററവും പ്രയോജനകരമാണ്. കൂടാതെ ഉപവാസാനുഷ്ഠാനം ശരീരത്തിനും മനസ്സിനും പ്രയോജനകരമാണെന്ന് ആധുനിക വൈദ്യശാസ്ത്രവും അനുശാസിക്കുന്നുണ്ട്. ഭക്ഷ്യസാധനങ്ങളിൽക്കൂടെയും, രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതുമൂലവും മനുഷ്യശരീരത്തിൽ കാലക്രമേണ അടിഞ്ഞുകൂടുന്ന വിഷാംശങ്ങളിൽനിന്നും, തന്മൂലമുണ്ടാകുന്ന അലർജി, ഹൃദ്രോഗം മുതലായവയിൽനിന്നും രക്ഷ നേടുന്നതിന്, ഉപവാസാനുഷ്ഠാനം ഒരു ദിവ്യഔഷധമാണെന്നാണ് വൈദ്യസിദ്ധാന്തം.

പുരോഗമനജീവിതത്തെ ലക്ഷ്യമാക്കി ആവിഷ്ക്കരിക്കപ്പെടുന്ന നമ്മുടെ കർമ്മപദ്ധതികൾ, ഫലപ്രദമാകാതെപോകുന്നതു് കർത്താവിൽനിന്നും പ്രാപിക്കുന്ന സമൃദ്ധിയായ ജീവന്റെ അഭാവംമൂലമാണ്. ആകയാൽ നമ്മുടെ ആത്മീയമക്കളെ നാം ഉത്ബോധിപ്പിക്കുന്നതെന്തെന്നാൽ, നിങ്ങളേവരും വ്യക്തികളായും, കുടുംബങ്ങളായും ഇടവകകളായും അങ്ങിനെ സഭ മൊത്തത്തിൽ ഉപവാസം, പ്രാർത്ഥന, ധ്യാനം, ജാഗരണം തുടങ്ങിയ എല്ലാ അനുഷ്ഠാനങ്ങളോടുംകൂടി ഈ വലിയനോമ്പ് ആചരിക്കണം.

മുൻപതിവുപോലെ 36–ാം ഞായറാഴ്ച (മാർച്ച് 23–ാം തീയതി) സഭാദിനം—കാതോലിക്കാദിനം—ആയി എല്ലാ പരിപാടികളോടുംകൂടി ആഘോഷിക്കണം. സഭാദിനത്തോടനുബന്ധിച്ച നടത്തുന്ന കാതോലിക്കാദിനപ്പിരിവിലേക്ക്, ഓരോ ഗൃഹനാഥനും, സ്വന്തമായി വരുമാനമുള്ള മററംഗങ്ങളും, കുറഞ്ഞതു് ഒരു ദിവസത്തെ ശരാശരി മൊത്തവരുമാനം സംഭാവന ചെയ്യണം. പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും റിശീശാ കൊടുക്കണം. സഭാദിനാഘോഷം സംബന്ധിച്ചും, പിരിവുകൾ സംബന്ധിച്ചും ഉള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ ഓഫീസിൽനിന്നും യഥാകാലം അറിയിക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...................

നമ്പർ 3/80

നമ്മുടെ ....പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ഒരു യോഗം 1980 മേയ് 1–ാം തീയതി വ്യാഴാഴ്ച പകൽ ഒരു മണിക്ക് താഴെ പറയുന്ന വിഷയങ്ങളെ പററി ആലോചിച്ചു നിശ്ചയം ചെയ്യുന്നതിനു് കോട്ടയം എം. ഡി. സിമ്മനാരി അങ്കണത്തിൽവച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

ആലോചനാവിഷയങ്ങൾ

1. കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കുക.

2. അത്മായട്രസ്റ്റിയായിരുന്ന ഉപ്പൂട്ടിൽകുര്യൻ ഏബ്രഹാമിന്റെ നിര്യാണംമൂലം അത്മായ ട്രസ്ററിസ്ഥാനം ഒഴിവായിരിക്കുകയാൽ തൽസ്ഥാനത്തേക്ക് (അത്മായട്രസ്ററിയായി) ഒരാളെ തെരഞ്ഞെടുക്കുക.

3. 1965 ഡിസംബർ 28-ാം തീയതി കൂടിയ മലങ്കര സുറിയായി ക്രിസ്ത്യാനി അസോസ്യേഷൻയോഗം നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് അസോസ്യേഷൻ മാനേജിങ്ങ്കമ്മററി അംഗങ്ങളായി അസോസ്യേഷൻ തെരഞ്ഞെടുക്കേണ്ട എൺപത്താറു പേരെ പുതുതായി തെരഞ്ഞെടുക്കുക.

4. പുനർവിഭജനം മൂലം മെത്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാൽ മാനേജിങ്ങ് കമ്മററി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമോയെന്നും, വർദ്ധിപ്പിക്കണമെങ്കിൽ ആകെ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അവരിൽ എത്ര പേരെ അസോസ്യേഷൻ തെരഞ്ഞെടുക്കണമെന്നും എത്ര പേരെ മലങ്കര മെത്രാപ്പോലീത്താ നോമിനേററു ചെയ്യണമെന്നും തീരുമാനിക്കുക.

പ്രസ്തുത അസോസ്യേഷൻ യോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയെ പ്രതിനിധീകരിച്ച് മേൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടുചെയ്യുന്നതിനും ആയി ഒരു പട്ടക്കാരനെയും രണ്ട് അയ്മേനികളെയും സഭാ ഭരണഘടന 12–ാം വകുപ്പ് അനുസരിച്ച് പള്ളി ഇടവകയോഗം കൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്തു് ഇതോടുകൂടി അയയ്ക്കുന്ന ഫാറത്തിലുള്ള അധികാരപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പു് അറിയി പ്പു ഫാറവും ഇതോടൊന്നിച്ചു് അയയ്ക്കുന്നു. ആ ഫാറം പൂരിപ്പിച്ചു് അസോസ്യേഷൻ സെക്രട്ട റിക്കു് അസോസ്യേഷൻ യോഗദിവസത്തിനു് കുറഞ്ഞപക്ഷം ഏഴു് ആഴ്ച മുമ്പു് കിട്ടത്തക്കവണ്ണം കാതോലിക്കേററു് ആപ്പീസ്, കോട്ടയം-4 എന്ന വിലാസത്തിൽ) വികാരി അയച്ചുകൊടുക്കണം.

പ്രതിപുരുഷന്മാർ കോട്ടയം ബസ്സേലിയോസ് കോളജു് കെട്ടിടത്തിൽ യോഗദിവസം പകൽ ൻപത്തു മണിമുതൽ പന്ത്രണ്ടര മണി വരെയുള്ള സമയത്തു് ഹാജരായി അസോസ്യേഷൻ സെക്രട്ടറി ി. സി. ഏബ്രഹാമിനെ അധികാരപത്രം ഏല്പിക്കയും ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും യോഗ ഥലത്തു പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങിക്കൊള്ളുകയും യോഗസമയത്തിനു് അര ന്നിക്കൂർ മുമ്പു് യോഗസ്ഥലത്തു് അവരവർക്കു നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിൽ ഇരിക്കുകയും ചയ്യേണ്ടതാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിനു് ആവശ്യം വന്നാൽ അതിലേക്കു് ികാരിയോ മററു പട്ടക്കാരനോ നേരിട്ടു് സ്ഥലത്തുവച്ചു സാക്ഷ്യം കൊടുക്കേണ്ടതാകുന്നു.

പ്രതിപുരുഷന്മാരുടെ സ്ഥാനസാധുത്വത്തെപററി പരാതി ഉണ്ടായാൽ അതു കേട്ടു തീരുമാ നിക്കുന്നതിനും മററുമായി പീലിപ്പോസു് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും, ന്നലിൽ യാക്കോബു കത്തനാർ, കെ. കോരുതു്, എം. ഏബ്രഹാം, കെ. ജോർജ്ജ്, തോമസ് രാജൻ ന്നിവർ അംഗങ്ങളുമായി ഒരു ട്രിബൂണലിനെ അസോസ്യേഷൻ മാനേജിങ്ങ്കമ്മററിയുമായി ആലോചിച്ചു് നാം നിയമിച്ചിരിക്കുന്നു. ട്രിബൂണൽ പരാതി വിചാരണയ്ക്കായി 1980 മാർച്ചു് 31 തൽ ഏപ്രിൽ 2 വരെയുള്ള തീയതികളിൽ പകൽ 9 മണി മുതൽ 5 മണിവരെ കോട്ടയം മാർ ്ലിയാ കത്തീഡ്രൽ കെട്ടിടത്തിൽ കൂടുന്നതാകുന്നു. ട്രിബൂണൽ ചെയ്യുന്ന തീരുമാനം അവസാന ീരുമാനം ആയിരിക്കും. യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനോ, യോഗാരംഭത്തിനുശേഷം യാഗം തുടർന്നു നടത്തിക്കൊണ്ടു പോകുന്നതിനോ, നടത്തുന്നതിനു നമ്മെ സഹായിക്കുന്നതിനോ വൈസ് പ്രസിഡണ്ടന്മാരിൽ ആരെ എങ്കിലും നിയോഗിക്കുന്നതിനു് നമുക്കു് സ്വാതന്ത്ര്യം ഉണ്ടാ ിരിക്കുന്നതാകുന്നു.

യോഗം സംബന്ധിച്ച ക്രമീകരണങ്ങളെയോ യോഗനടപടികളെയോ പററി നാം നേരിട്ടോ മ്മുടെ ആപ്പീസ് മുഖാന്തരമോ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു് നട ക്കേണ്ടതാകുന്നു.

മേൽ വിവരിച്ചിട്ടുള്ള അസോസ്യേഷൻ യോഗം കൂടുന്നതും തെരഞ്ഞെടുപ്പുകൾ നടത്തുന്നതും ററും 15-9-1970 മുതൽ നടപ്പിലിരിക്കുന്ന നടപടി ചട്ടങ്ങൾ അനുസരിച്ചു് ആയിരിക്കുന്നതാകുന്നു. ആ നടപടി ചട്ടങ്ങളുടെ ഒരു പ്രതി നമ്മുടെ മുദ്രവച്ചു് ഇതോടൊന്നിച്ചു് അയച്ചിരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ ർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യ ുടെ കാവൽ പിതാവായ മാർ തോമ്മാശ്ളീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.......ഇത്യാദി

980 ജനുവരി 2—ാം തീയതി

നമ്പർ 170/79

നമ്മുടെ ....
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെ ന്നാൽ നിങ്ങൾക്കു വാഴ്വു്.

പ്രിയരെ,

പൗരസ്ത്യകാതോലിക്കാമാർ ആരുടെ അപരാഭിധാനത്തിൽ അറിയപ്പെടുന്നുവോ ആ പരിശുദ്ധനും പണ്ഡിതനും സന്യാസിശ്രേഷ്ഠനും കപ്പദോക്യയിലെ കൈസര്യയുടെ മേല്പട്ടക്കാരനുമായിരുന്ന മഹാനായ മാർ ബസ്സേലിയോസിൻെറ 16—ാം ചരമ ശതാബ്ദി ആഘോഷങ്ങളുടെ സമാപനവും കോട്ടയം ദേവലോകം അരമനചാപ്പലിൽ കബറടങ്ങിയി രിക്കുന്ന പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപെരുന്നാളും 1980 ജനുവരി 1 മുതൽ 5 വരെയുള്ള തീയതികളിൽ (കോട്ടയം) ദേവലോകം അരമന ചാപ്പലിൽ ഭക്തിനിർഭരമായ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണു്. സഭാമക്കൾ ഏവരും പരിശുദ്ധ പിതാ

ക്കന്മാരുടെ ഓർമ്മപെരുനാളിൽ വന്നു സംബന്ധിച്ച അനുഗ്രഹം പ്രാപിക്കണമെന്നു നാം താല്പര്യപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1979 ഡിസംബർ 19–ാം തീയതി

No. 168/79

His Holiness Catholicos Vasken I
The Armenian Orthodox Church
Holy Echmiadzine
Armenian S.S.R, U.S.S.R.

Your Holiness,

It gives us great joy to extend to Your Holiness our warm felicitations and greetings in this season of the Nativity and Epiphany of our Lord.

May the Peace and Joy of Christ fill the hearts and minds of Your Holiness, and all the bishops, priests and people of Your Church. May Christ be born in the hearts of all, and may the world know the Peace of Christ. May wars cease, and may all the peoples of the world learn to live together in peace with justice, respecting the diginity and rights of all.

May the New Year bring to Your Holiness and people new joys, new occasions for praising the Lord, and a new sense of His presence, guidance, protection and care, by the prayers of the Blessed and Ever Virgin Mary and all the Saints.

Baselius Marthoma Mathews I.
Catholicos of the East.

H. H. Catholicos Karekin
Armenian Catholicossate of Cilicia, Benfaya, Via Beirut, Lebanon
H.G.Donal Coggen
Archbishop of Canterbury, Lambeth Plance, London, S. .I.
His Beatitutde Patriarch Justin
Patriarch of the Romanian Orthodox Church.

No. 166/79

His Holiness Patriarch Shenooda
Pope and Patriarch of the See of St. Mark
El -Amba, Rweis Bldg., Ramses St. Cairo.

Your Holiness,Our brother in the Lord,

It gives us so much pleasure to send our humble greetings in this season of the Nativity and Epiphany of our Lord. May the Peace of Christ be with Your Holiness and with the bishops, priests and people of our beloved Sister Church of Alexandria.

It is our hope that some day soon Your Holiness will be able to pay us a visit, to give spiritual inspiration and encouragement to our people. You know about all our trials and tribulations; how we are afflicted by ~~the~~ uncanonical and illegal actions ~~of certain prelates~~. Our Church, as Your Holiness well knows, is of apostolic origin and by the grace of God does not need to be in tutelage to any other church. We need to have fraternal relations in Christ with all our sister churches and especially with the ancient Church of Alexandria.

It is also important for us to discuss together the possibilities of joint actions by our Churches both in the ecumenical field, especially in relation to the Byzantine Orthodox Churches, but also about common projects for the spiritual welfare of our people. It is our hope that Your Holiness will pay us a visit, if possible soon after Easter 1980, possibly during the last week of April and first week of May.

May the joy of Christ fill Your Holiness' heart, and May the New Year bring new joys and new opportunities to serve the Lord.

No. 165/79

His Holiness Patriarch Dimitrios of Constantinople
Phanar, Istanbul, Turkey.

Your Holiness, Our esteemed brother in the Lord,

It gives us much joy in this season of our Lord's Nativity and Epiphany to send to Your Holiness, to Your bishops, priests and people our humble and heartfelt greetings for Christmas and the New Year.

All our churches are called upon to undergo various trials and tribulations, especially in the present time. We hear frequently about many churches all over the world, including yours, which are unjustly oppressed and unfairly afflicted. It is our Lord who gives us courage and confidence in the midst of suffering, and trustful hope in the midst of affliction and opposition. We can cast our burdens upon the Lord who has known suffering and has given it to us to

complete the measure of His suffering. May the Lord grant Your Holiness and your fellow bishops great confidence and courage in these difficult times.

We are anxious to see that the official steps for bringing our two families of churches should proceed faster than they have in the past few years. We are sure that Your Holiness is deeply interested in this and will soon take necessary steps so that all the Orthodox churches of the world can soon come together and celebrate our common unity around the altar of the Lord.

No. 164/79

His Beatitude Patriarch Ignatius Hazim
Greek Orthodox Patriarchate of Antioch
Damascus, Syria.

Your Beatitude, Our brother in the Lord,

It gives us special pleasure to send our greetings and good wishes to Your Beatitude on this first anniversary of Your patriarchate. May the peace of Christ fill the hearts and minds of all the bishops, priests and peoples of Your venerable Orthodox Church.

We know that Your Beatitude has always taken a keen interest in the mutual reunion of our two families of churches. It is our desire that Your Beatitude will give a personal lead in this matter, and help activate the steps already decided upon for the overcoming of a conflict that has lasted for a millennium and a half.

It would give us a great deal of pleasure for us to welcome Your Beatitude to India and to our Church. We hope this will soon be possible. Your Beatitude will always find a warm welcome among our people, and you can bring to us the benefit of your great erudition and wisdom.

May the grace, mercy, peace and joy of our Lord be always with Your Beatitude and your people, especially in the coming New Year. May Christ be born afresh in the hearts of all our peoples.

No. 106/79

Blessings to ....

....beloved of the Lord

We are immensely pleased to issue this encyclical on the less privileged children of God: viz., the orphans and the destitutes.

1. Are they Destined to Suffer?

The United Nations has declared 1979 as the Year of the Child to draw the attention of the whole world towards 'the child' 'who is the father of man.' We strongly feel that it was the wise counselling of the Holy Spirit that prevailed over the world body which advocated the need for a fresh outlook on the child, its needs and aspirations. As the Rights of the child were declared in 1959, so its 20th Anniversary is declared as the International Year of The Child.

An individual or an institution cannot work out an adequate solution to the problems faced by the child especially the less privileged—the orphans, the handicapped and the destitutes. We would therefore advocate for a co-ordinated effort which would solve the problems of the less privileged children of God. We lift our eyes to the Throne of Grace and invoke Blessings on all those who show concern and act for the less privileged children.

The child is the gift of God (Gen. 33: 5, Ps. 127: 3) created in the image of God (Gen. 1: 27). To have a child was considered a blessing (Pro. 17: 6). Procreation and child-birth were a part of God's eternal plan. God has a plan even for invalids who are born. Moses was not eloquent and was slow of speech and of a slow tongue (Ex. 4: 10). Nevertheless God used Moses to deliver His people from the bonds of Egypt. He was a great prophet—recognised by the three great religions of the world—Judaism, Christianity and Islam. Even the man born blind had a purpose in the Divine Scheme (Jn. 9: 1-3). Each birth has a purpose in God's eternal plan.

What about children born out of illegal sex relations? They are innocent and therefore they also have a place in this world.

2. How do Orphans and destitutes come into being?

Poverty is the primary cause. When parents find it difficult to bring up their children, they are forced to turn to the streets; much against the wish of their parents.

Illiteracy and lack of education are graded next to poverty.

Illegal sex relations also produce orphans and destitutes; and these innocent children are thrown into the streets to the care of nature.

There is a fourth cause too, namely natural calamities. Unexpected natural calamities like floods, cyclone, fire and the like make a good percentage of orphans and destitutes.

In other words, children who become orphans/destitutes are forced to be so because of certain factors which are beyond their control.

3. Our Lord did not want children to suffer

He loved them so much that He told His disciples "suffer little children and forbid them not to come unto me; for such is the Kingdom of Heaven" (Mt. 19: 14, Mk. 10: 15, Lk. 18: 16). Our Lord laid His hands on them and prayed. He wants children to be brought to Him so that they may experience the immeasurable love of God. What right do we have then to debar them from experiencing the love of God?

There is a sociological side to the problem of the orphans and the destitutes. We generally ignore this aspect of the problem. If there is no one to take care of the orphans and destitutes, they turn to the streets where the struggle for existence has established a world of its own—a world where hatred and fighting are the rules of life—a world where love does not exist....An innocent child exposed to this type of life, becomes a part and parcel of the underworld; for whom thefts, burglary, lawlessness are only minor acts of daily life. The society or its legal entity called the government, steps into the arena at this stage to check it with an iron hand. But there is again a contradiction. The government which is supposed to uphold justice and truth fails miserably to bring about the required effect because the actions are devoid of real love. In other words, human efforts devoid of love fail to produce the required result. The churches have a tremendous responsibility in this matter.

4. The moral/ethical side of this problem.

A child born to rich parents will have ample opportunities for development. Does it mean that a child born on the road side/in a hut without a silver spoon in its mouth does not deserve even the basic amenities for its development?

Psychologically speaking, the intelligence quotient of a child born in a rich family and another born in a hut shall be the same at birth. The rich is blessed with ample opportunities while the poor is barred from all such opportunities, but left to the care of the street and nature. Is it not a just act–an act acceptable in the eyes of our Lord to give equality of opportunities to all children irrespective of the economic status of the parents?

In communist countries, the child is the property of the state and all opportunities are given to all the children to have a harmonious development of their personalities. But the child cannot find 'God' who 'is love' in such an atmosphere saturated with communist ideas.

5. International Year of the Child and our Church

The Holy Synod that met on Feb. 24th, 1979 has decided to collect necessary funds for the benefit of the handicapped, orphaned and destitute children. Again the Synod which met on July 7th, 1979 decided to give subsidies from the Children's Welfare Fund to such Dioceses which are able to provide the necessary land, initiative and personnel to run Children's Home. We are aware of the fact that at present only four out of fifteen dioceses of our Church have institutions for the care of destitute children and none of them is under the auspices of the Diocese. We hope that the decision of the Holy Synod will be taken seriously by the whole Church and that within a few years each Diocese will have at least one children's home. We suggest that our Ashrams & Convents take up this challenge and start a wing for the welfare of the handicapped or orphaned or destitute children. We also ask rich families to adopt a few needy children and to educate them as their own children.

Why not send without delay a donation to our Eight Lakh Rupees Children's Welfare Fund opened by the Children's Welfare Fund Committee appointed by the Holy Synod? You can send your donation to His Grace Mar Osthathios, President of the Children's Welfare Fund Committee, Sophia Centre, Post Box No: 98, Kottayam—686001, Kerala.

Remember our Lord's words "What you have done to the least of them, you have done unto me".

No. 35/79

His Eminence
Franciscus Cardinal Koenig
Archbishop of Vienna
Vienna, Austria.

Your Eminence,

We regret very much that your letter of September 28th, 1978, failed to reach Us only now we have received the letter and its enclosures in duplicate.

We have now placed these documents before the Holy Synod, and they have appointed a special committee to study these documents. We shall communicate to you the views of the Synod in due course.

Meanwhile let me express to you Our deep appreciation for the leadership and support given by Your Eminence in this matter, as well as the assurances of Our high personal regard.

നമ്പർ 24/79

പ്രിയരെ,

പ്രിയ കുടുംബാംഗങ്ങൾക്കും
കാതോലിക്കാദിന മംഗളങ്ങൾ
നാം ആശംസിക്കുന്നു.

നമ്മുടെ സഭയിൽ പതിവായി ആഘോഷിച്ചു കൊണ്ടിരിക്കുന്ന സഭാദിനമാകുന്ന കാതോലിക്കാദിനം ഈ വർഷം ഏപ്രിൽ ഒന്നാം തീയതി ആണല്ലോ. സഭയിൽ പല വിധത്തിലുള്ള അസ്വസ്ഥതകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പ്രിയ കുടുംബാംഗങ്ങളും സഭക്കു വേണ്ടിയും കാതോലിക്കാ സിംഹാസനത്തിനു വേണ്ടിയും ബലഹീനനായ നമുക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും സഭാദിനത്തിലെ ആഘോഷ പരിപാടികളിൽ സജീവമായി പങ്കുകൊള്ളുകയും ചെയ്യണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ആവശ്യപ്പെടുന്നു.

സഭാദിനാഘോഷങ്ങളോടനുബന്ധിച്ച് ആണ്ടിലൊരിക്കൽ നടത്തുന്ന കാതോലിക്കാദിന പിരിവ് നമ്മുടെ സഭയിലെ ആത്മീയ സംഘടനകൾ, വൈദികസെമിനാരി, കാതോലിക്കേറ്റ് അരമന, ആഫീസ്, മെത്രാസന ആഫീസുകൾ, ആതുരസേവനം, മിഷ്യനറി പ്രവർത്തനം, സാമൂഹ്യക്ഷേമം മുതലായവക്ക് വേണ്ടി വിനിയോഗിക്കുന്നതാണ്. സഭയുടെ പ്രവർത്തന മണ്ഡലങ്ങൾ വികസിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ആവശ്യങ്ങൾക്കുള്ള ചെലവുകൾ വർദ്ധിച്ചു വരികയാണ്. അതിലേക്ക് ഇക്കൊല്ലം അഞ്ചുലക്ഷം രൂപ സ്വരൂപിക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ സഭയിലെ എല്ലാ ഗൃഹനായകന്മാരും സ്വന്തമായി വരുമാനമുള്ള മറ്റ് അംഗങ്ങളും ഉദാരമായി സംഭാവനകൾ നൽകി ഈ വർഷത്തെ പിരിവ് വിജയിപ്പിക്കണം. പ്രിയൻ ഒരു ദിവസത്തെ മൊത്തവരുമാനം ഇതിലേക്ക് സംഭാവന ചെയ്യുമെന്ന് നാം പ്രതീക്ഷിക്കുന്നു (കഴിഞ്ഞ വർഷത്തെ കാതോലിക്കാദിന പിരിവിന്റെ കണക്ക് ഇതോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്)

ദൈവം പ്രിയനെയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ.

1979 ഫെബ്രുവരി 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

നമ്പർ 22/79

നമ്മുടെ ....
................പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നോൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

മലങ്കര മെത്രാപ്പോലീത്തായായിരുന്ന സുദീർഘകാലം ഈ സഭയെ ദൈവയിഷ്ടപ്രകാരം നയിച്ച ഭാഗ്യസ്മരണാർഹനായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുനാൾ അദ്ദേഹം കബറടങ്ങിയിട്ടുള്ള പഴയസിമ്മനാരി ചാപ്പലിൽ ഭക്തിനിർഭരമായ വിവിധ പരിപാടികളോടുകൂടി ഈ മാസം 22, 23 (വ്യാഴം, വെള്ളി) എന്നീ തീയതികളിൽ ആഘോഷിക്കുന്നതാണ്. അടിയുറച്ച സത്യവിശ്വാസം, ജീവിതവിശുദ്ധി, ദൈവഭക്തി മുതലായ സദ്ഗുണങ്ങളാൽ ഏവർക്കും മാതൃകാപരമായ ജീവിതം നയിച്ച ഈ പിതാവിൻെറ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതു് അനുഗ്രഹപ്രദമായിരിക്കും. നിങ്ങൾ നേർച്ചകാഴ്ചകളോടുകൂടി ഈ പെരുനാളിൽ വന്നു സംബന്ധിക്കണമെന്നു് നാം താല്പര്യപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

നമ്പർ 21/79

പ്രിയരെ,

ഈ കൊല്ലം വലിയനോമ്പ് ഫെബ്രുവരിമാസം 26–ാം തീയതി ആണ് ആരംഭിക്കുന്നത്. ഓരോ പ്രാവശ്യവും നോമ്പ് ആചരിച്ചുകഴിയുമ്പോൾ സ്വർണ്ണം അഗ്നിയിൽ സ്ഫുടം ചെയ്യപ്പെടുന്നതുപോലെ കൂടുതൽ കൂടുതൽ വിശുദ്ധീകരിക്കപ്പെടുന്ന ഒരനുഭവം നമുക്കുണ്ടാകണം. നാം മാമോദീസാ കൈക്കൊള്ളുന്ന സമയം മുതൽ ലോകം, ജഡം, പിശാച് എന്നീ ശത്രുക്കളോടുള്ള പോരാട്ടം തുടങ്ങുന്നുണ്ട്. നമ്മുടെ കർത്താവ് വാഗ്ദത്തം ചെയ്തിട്ടുള്ള 'ജീവന്റെ കിരീടം' ഈ പോരാട്ടത്തിൽ ജയിക്കുന്നവർക്കുള്ളതാണ്. ഇപ്രകാരമുള്ള വിജയത്തിന് നോമ്പാചരണം അത്യന്താപേക്ഷിതമാണ്. വിജയത്തിലേക്കുള്ള പ്രയാണത്തിൽ, മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കൂടുതൽ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടതായിട്ടുണ്ട്. നാമോരുത്തരുടെയും ജീവിതത്തിലെന്നതുപോലെ സമൂഹത്തിലും സഭയിലും പ്രതിബന്ധങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. കാറ്റും കോളും നിറഞ്ഞിരിക്കുന്ന ഒരു അന്തരീക്ഷത്തിലൂടെയാണ് നമ്മുടെ സഭ ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അഭിപ്രായസംഘട്ടനങ്ങളും ദുസ്തർക്കങ്ങളും കേസുകളും നാം പരിപാവനമായി കരുതുന്ന ആരാധനാകേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെപോലും പുരോഗതിക്ക് ബാധകമായി നില്ക്കുന്നു. ഇപ്രകാരമുള്ള പ്രതിബന്ധങ്ങൾ നീങ്ങിക്കിട്ടുന്നതിന് ഈ നോമ്പുകാലത്ത് ഉപവാസത്തോടുകൂടെ നാമേവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

നോമ്പാചരണം ആത്മാവിനു മാത്രമല്ല, ശരീരത്തിനും മനസ്സിനും ഒന്നുപോലെ ആരോഗ്യപ്രദമാണെന്നാണ് ആധുനിക വൈദ്യശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്. ആയതിനാൽ കല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ അനുഷ്ഠാനങ്ങളോടുംകൂടി നിങ്ങളേവരും നോമ്പ് ആചരിക്കണം.

മുൻ പതിവുപോലെ 36–ാം ഞായറാഴ്ച സഭാദിനം (കാതോലിക്കാദിനം) ആയി ആഘോഷിക്കണം. സഭാകാര്യങ്ങളിൽ സഭാംഗങ്ങൾക്ക് കൂടുതൽ ഔത്സുക്യവും തീഷ്ണതയും ഉളവാകത്തക്കവണ്ണം ആഘോഷപരിപാടികൾ ക്രമീകരിക്കേണ്ടതാവശ്യമാണ്. സഭാദിനത്തോടനുബന്ധിച്ച് നടത്തുന്ന കാതോലിക്കാദിനപ്പിരിവിലേക്ക് ഓരോ ഗൃഹനാഥനും സ്വന്തമായി വരുമാനമുള്ള മറ്റ് അംഗങ്ങളും ഉദാരമായി സംഭാവന നൽകണം. കുറഞ്ഞത് ഒരു ദിവസത്തെ മൊത്ത വരുമാനമാണ് ഓരോരുത്തരിൽനിന്നും പ്രതീക്ഷിക്കുന്നത്. ഓരോ കൊല്ലവും പിരിഞ്ഞുകിട്ടുന്ന സംഖ്യ ആത്മീക സംഘടനകൾ, വൈദിക സെമിനാരി, കാതോലിക്കേറ്റ് അരമന, ഓഫീസ്, ഭദ്രാസന ഓഫീസുകൾ, അനാഥസംരക്ഷണം, ആതുരസേവനം, മിഷ്യനറിപ്രവർത്തനം, സാമൂഹ്യക്ഷേമം മുതലായവയ്ക്ക് വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. 1978–ലെ പിരിവിന്റെ വിശദവിവരങ്ങളടങ്ങുന്ന കണക്ക് പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും റീശീസാ കൊടുക്കണം. കാതോലിക്കാദിനപ്പിരിവും റീശീസാപ്പിരിവും പുതുഞായറാഴ്ചയ്ക്കകം പൂർത്തിയാക്കേണ്ടതാകുന്നു. സഭാദിനാഘോഷം സംബന്ധിച്ചും പിരിവുകൾ സംബന്ധിച്ചും ഉള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ ഓഫീസിൽനിന്നും യഥാകാലം അറിയിക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...................

എന്ന്,
1979 ഫെബ്രുവരി 14–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്

നമ്പർ 4/79

നമ്മുടെ.. പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുവാനായി തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന പരുമല സെമിനാരിയിൽ വരുന്ന തീർത്ഥാടകരുടെ എണ്ണം അടുത്തകാലത്ത് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. സെമിനാരിയുടെ പ്രവർത്തനമണ്ഡലം നാൾക്കുനാൾ വികസിച്ചുവരികയാണ്. അതിന്റെ ആഭിമുഖ്യത്തിൽ ഒരു ആശുപത്രി സ്ഥാപിച്ച് നടത്തിവരുന്നുണ്ട്. തീർത്ഥാടകരുടെയും മറ്റും ഉപയോഗത്തിനായി മൂന്നു നിലയിലുള്ള ഒരു ധ്യാനമന്ദിരം പൂർത്തിയായിവരികയാണ്. ഈ കാര്യങ്ങൾ പരിഗണിച്ച് പരുമല സെമിനാരിക്ക് ഒരു ഭരണക്രമം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് പ. സുന്നഹദോസ് പര്യാലോചിക്കുകയും, 1978 നവമ്പർ 23–ാം തീയതി ഒരു താല്ക്കാലിക ഭരണക്രമം പാസ്സാക്കുകയും ചെയ്തു. ഇതനുസരിച്ച് സെമിനാരിയിലെ ആദ്ധ്യാത്മിക ചൈതന്യം നിലനിറുത്തുന്നതിനും, പരിശുദ്ധന്റെ കബറിങ്കൽ രോഗശാന്തിക്കായും മറ്റും നിത്യേന വന്നു ചേരുന്ന ആയിരക്കണക്കിനുള്ള തീർത്ഥാടകരുടെ ആത്മീകാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും അവരുടെ ആത്മീയോൽകർഷത്തിനാവശ്യമായ ഉപദേശങ്ങൾ കൊടുക്കുന്നതിനുമായി റമ്പാന്മാരും ദയറായ പട്ടക്കാരും അടങ്ങുന്ന ഒരു സംഘത്തെ നിയമിക്കുന്നതാണ്. സെമിനാരി സന്ദർശിക്കുന്ന തീർത്ഥാടകരും മറ്റുള്ളവരും ഒരുക്കത്തോടുകൂടെ വരേണ്ടതും ശുശ്രൂഷകളിൽ ഭക്തിപൂർവ്വം സംബന്ധിക്കേണ്ടതും സെമിനാരിയിലും പരിസരങ്ങളിലും പൂർണ്ണമായ അച്ചടക്കം പാലിക്കേണ്ടതുമാണ്.

പുതിയ ഭരണക്രമമനുസരിച്ച്, സെമിനാരി ഭരണത്തിൽ മലങ്കര മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും ഒരു കൗൺസിൽ രൂപീകരിക്കപ്പെടുന്നതാണ്. മലങ്കരമെത്രാപ്പോലീത്താ ഈ കൗൺസിലിന്റെ പ്രസിഡണ്ടും നിരണം ഇടവകയുടെ മെത്രാപ്പോലീത്തായും, പ. സുന്നഹദോസ് നോമിനേറ്റ് ചെയ്യുന്ന ഒരു മേൽപട്ടക്കാരനും വൈസ് പ്രസിഡണ്ടന്മാരും, പ. സുന്നഹദോസ് നോമിനേറ്റ് ചെയ്യുന്ന രണ്ടു പട്ടക്കാരും, മാനേജിംഗ്കമ്മററി തെരഞ്ഞെടുക്കുന്ന ഒരു പട്ടക്കാരനും ഒരു അയ്മേനിയും. സെമിനാരി മാനേജരും സമുദായ സെക്രട്ടറിയും ഇതിലെ അംഗങ്ങളുമായിരിക്കും. സെമിനാരിവക പണം മലങ്കര മെത്രാപ്പോലീത്തായുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കുക, മാനേജിംഗ് കമ്മററി നിയമിക്കുന്ന ആഡിററർ കണക്കുകൾ പരിശോധിക്കുക, കൗൺസിൽ പാസ്സാക്കുന്ന വാർഷിക ബജററും കണക്കും വാർഷിക റിപ്പോർട്ടും പ. സുന്നഹദോസ് അംഗീകരിച്ചശേഷം മാനേജിംഗ് കമ്മററിയിൽ വയ്ക്കുക, കൗൺസിൽ നാ

മ നിർദ്ദേശം ചെയ്യുന്നവരുടെ സാന്നിദ്ധ്യത്തിൽ മാത്രം ഭണ്ഡാരങ്ങൾ തുറന്ന് എണ്ണുക തിട്ടപ്പെടുത്തുക, അഞ്ഞൂറു രൂപായിൽ കവിയുന്ന എല്ലാ ചെലവുകളും ചെക്കു മുഖേന കൊടുക്കുക, മുതലായവ ഭരണക്രമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചില കാര്യങ്ങളാണ്.

29–12–1978–ലെ നമ്മുടെ പ്രഖ്യാപന പ്രകാരം 1979 ജനുവരി ഒന്നുമുതൽ പുതിയ ഭരണക്രമം പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. അടുത്ത മാസത്തിൽ കൂടുന്ന പ. സുന്നഹദോസും മാനേജിംഗ് കമ്മററിയും കൗൺസിൽ അംഗങ്ങളെ നിശ്ചയിക്കുന്നതുമാണ്. കൗൺസിൽ അവസാനമായി രൂപീകൃതമാകുന്നതുവരെ കാര്യങ്ങൾ ഭംഗിയായി നടത്തപ്പെടുന്നതിനു വേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ഇതിനകം തന്നെ നാം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഭരണക്രമം താല്ക്കാലികമാണ്. കൂടുതൽ വിശദാംശങ്ങളടങ്ങുന്ന ഒരു ഭരണഘടന പ. സുന്നഹദോസും മാനേജിംഗ് കമ്മററിയും പാസ്സാക്കുന്നതുവരെ മാത്രമെ ഈ ഭരണക്രമം നിലവിലിരിക്കയുള്ളു. ഇതിന്റെ ഒരു പ്രതി ഇതോടൊന്നിച്ചയയ്ക്കുന്നു.

പ്രിയമുള്ളവരെ,

നമ്മുടെ സഭയുടെ പുരോഗതിയെ കുറെയൊക്കെ തടസ്സപ്പെടുത്തുന്ന ചില അസ്വാസ്ഥ്യതകളും ദുഷ്പ്രവണതകളും ഏതാനും വർഷങ്ങളായി നിലവിലുണ്ടല്ലോ. ഈ അവസരത്തിൽ നാം ദൈവത്തോട് കൂടുതൽ അടുക്കേണ്ടിയിരിക്കുന്നു. ഉപവാസത്താലും പ്രാർത്ഥനയാലുമല്ലാതെ ഈ വ്യാധി ഒഴിഞ്ഞു പോവുകയില്ല എന്ന് നമ്മുടെ കർത്താവ് കല്പിച്ചിട്ടുണ്ടല്ലൊ. നിങ്ങളെല്ലാവരും സഭയുടെ കെട്ടുറപ്പിനും ഭദ്രതയ്ക്കും വേണ്ടി ദൈവതിരുമുൻപാകെ മുട്ടിപ്പായി പ്രാർത്ഥിക്കണം. പരിശുദ്ധ ഗ്രീഗോറിയോസ് തിരുമേനിയുടെയും ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...............

എന്ന്,
1979 ജനുവരിമാസം 8–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 326/82

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം കാതോലിക്കേററ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ 1983 ജനുവരി 2, 3 (ഞായർ, തിങ്കൾ) തീയതികളിൽ അരമന ചാപ്പലിൽ ഭക്തിനിർഭരമായ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണ്. പെരുന്നാളിനോടനുബന്ധിച്ച് 2–ാം തീയതി വൈകിട്ട് തീർത്ഥയാത്രക്കാരെ കോടിമതയിൽവച്ച് സ്വീകരിച്ച് ഏലിയാ കത്തീഡ്രലിലേക്ക് ആനയിക്കും, അവിടെനിന്നും പുറപ്പെടുന്ന റാസയിലും, 3–ാം തീയതി രാവിലെ വി. കുർബ്ബാനയിലും മററ് പെരുന്നാൾ ചടങ്ങുകളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1982 ഡിസംബർ 14–ാം തീയതി

നമ്പർ 317/82

നമ്മുടെ [illegible] പള്ളി വികാരിയും
ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:

പ്രിയരെ,

കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ ആഘോഷമായി കൊണ്ടാടുന്നതിനെപറ്റി ആലോചിക്കുന്നതിനായി 1982 ഡിസംബർ 14-ാം തിയതി ചൊവ്വാഴ്ച പകൽ 4 മണിക്ക് നമ്മുടെ കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് ഒരു യോഗം കൂടുന്നതാണ്. അതിൽ ആ പള്ളി വികാരിയും മാനേജിംഗ് കമ്മറ്റി അംഗങ്ങളും താൽപര്യമുള്ള മറ്റ് ആളുകളും വന്നു സംബന്ധിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

[illegible],

1982 ഡിസംബർ 9-ാം തിയതി

നമ്പർ 290/82

നമ്മുടെ നാട്ടാശ്ശേരി സെന്റ് തോമസ് പള്ളി വികാരിയച്ചനും ജനങ്ങൾക്കു വാഴ്വ്

പ്രിയരെ,

ആ ഇടവകയിൽ പെട്ട [illegible] വറുഗീസിന്റെ മകൻ കെ. വി. വറുഗീസിന്റെ രണ്ടാം വിവാഹത്തിൽ നിന്നും ഉണ്ടായിട്ടുള്ള [illegible] അവന്റെ വല്യപ്പന്റെ [illegible] മാമോദീസാ [illegible] അനുവദിച്ചതനുസരിച്ച് അങ്ങനെ ചെയ്തിട്ടുള്ളതാകുന്നു. അങ്ങനെ അനുവദിച്ചിട്ടുള്ളത്, അയാളുടെ ആദ്യഭാര്യയുമായുള്ള [illegible] വേർപെടുത്തി ഇപ്പോഴത്തെ ഭാര്യയെ വിവാഹം കഴിക്കുന്നതിനെ ന്യായീകരിക്കുന്നതിനുള്ള തെളിവുകൾ [illegible] ഹാജരാക്കാതിരുന്നതുകൊണ്ടാണ്. ഇപ്പോൾ അയാൾക്കു രണ്ടാം വിവാഹത്തിൽ നിന്നും ഒരു കുട്ടി ഉണ്ടായിട്ടുണ്ട്. ആ പെൺകുട്ടിക്കു ഇപ്പോൾ ഒരു വയസ്സോളം ആയി. അതിനെ മാമോദീസാ മുക്കുന്നതിന് [illegible] വേണമെങ്കിൽ ആവശ്യപ്പെട്ടതനുസരിച്ച് [illegible] അതിനെ [illegible] ആദ്യത്തെ [illegible] വിൽ ഈ കുഞ്ഞിനെയും മുക്കുന്നതിന് അനുവദിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

1982 ഒക്ടോബർ 31-ാം തിയതി
കോട്ടയം കാതോലിക്കേറ്റ്
[illegible]യിൽ നിന്ന്.

നമ്പർ 267/82

നമുക്ക് എത്രയും സ്നേഹമുണ്ടായിരിക്കുന്ന നമ്മുടെ ജോസഫ് അലക്സാണ്ടർക്ക് വാഴ്വ്.

പ്രിയനെ,

നമ്മുടെ സമുദായം വകയായി ഒരു എൻജിനിയറിംഗ് കോളജ് സ്ഥാപിച്ചു നടത്തുന്നതു സംബന്ധിച്ച് ഒരു പ്രോജക്റ്റ് റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കാൻ 79/82-ാം നമ്പറായി 1982 മാർച്ച് 10-ാം തിയതി അയച്ച കല്പനപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള കമ്മറ്റിയിലെ അംഗങ്ങളുമായി 1982 ആഗസ്റ്റ് 31-ാം തിയതി കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയോഗത്തിന്റെ നിശ്ചയമനുസരിച്ച് നമ്മുടെ എം.റ്റി. പോളിനെയും (ഇൻഡ്യൻ അലുമിനിയം കമ്പനി, ഉദ്യോഗമണ്ഡൽ, ആലുവാ) പി.എം. പൈലി പിള്ളയേയും (പെരുമ്പിള്ളി, കോലഞ്ചേരി, എറണാകുളം Dt.) നാം നിയമിച്ചിരിക്കുന്നു. എൻജിനിയറിംഗ് കോളജിനുള്ള പ്രോജക്റ്റ് 1982 ഒക്ടോബർ 31-ാം തിയതിക്കു മുമ്പായി ഗവൺമെന്റിനു കൊടുക്കേണ്ടതാകയാൽ പ്രസ്തുത പ്രോജക്റ്റ് റിപ്പോർട്ട് 1982 ഒക്ടോബർ 16-ാം തിയതിക്കു മുമ്പാകെ സമർപ്പിക്കേണ്ടതാകുന്നു.

ശേഷം പിന്നാലെ - ഏക ദൈവം അനുഗ്രഹിക്കട്ടെ.

1982 സെപ്റ്റംബർ 22-ാം തിയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

നമ്പർ 262/82

പ്രിയരെ,

ശരിയായ പരിശീലനവും ജീവിതസമർപ്പണവുമുള്ള വൈദികരെ ആശ്രയിച്ചാണ് ഇടവകകളുടെ പുരോഗതി മുഖ്യമായി സ്ഥിതിചെയ്യുന്നത്. വൈദികപരിശീലനത്തിൽ നമ്മുടെ സെമിനാരിയുടെ സേവനം പ്രശംസാർഹംതന്നെ.

ഈ വർഷം പുതുതായി ചേർന്ന 23 വിദ്യാർത്ഥികൾ ഉൾപ്പെടെ ഇപ്പോൾ 98 പേർ സിമ്മനാരിയിൽ പഠിക്കുന്നുണ്ട്. ഇവരിൽ നാലു പേർ M. Th. ന പഠിക്കുന്നവരാണ്. ഒരേ സമയം ഇത്രയും വിദ്യാർത്ഥികൾ മുമ്പ് ഇവിടെ പഠിച്ചിട്ടില്ല. എങ്കിലും വൈദികരുടെ ദൗർലഭ്യം നിലനിൽക്കുന്നു.

സെമിനാരിയുടെ നടത്തിപ്പിന് പ്രധാനമായി ആശ്രയിക്കുന്നത് ഒക്ടോബർ ആദ്യ വാരത്തിൽ നടത്തുന്ന സെമിനാരിദിനപ്പിരിവാണ്. ഓരോ വർഷവും ഈ പിരിവിലേക്കുള്ള സംഭാവനകൾ വർദ്ധിച്ചുവരുന്നു എന്നതിൽ നാം സന്തോഷിക്കുന്നു. ഈ വർഷം രണ്ടു ലക്ഷം രൂപയാണ് സെമിനാരിദിനപ്പിരിവിൽ ലഭിക്കേണ്ടത്. ഉത്സാഹപൂർവ്വം സഹകരിച്ച് മുന്നാണ്ടത്തേക്കാൾ കൂടുതൽ സംഭാവന നൽകണമെന്ന് നിങ്ങളുടെ സ്നേഹത്തെ നിർബന്ധിക്കുന്നു.

ഈ വരുന്ന ഒക്ടോബർ 3–ാം തീയതി ഞായറാഴ്ച സെമിനാരിദിനമായി ആചരിക്കണം. അന്നേ ദിവസം സെമിനാരിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും, കവർ പിരിവ് വിജയിപ്പിക്കയും വേണം.

കവർ പിരിവും, കാണിക്കയും പള്ളിയിൽനിന്നുള്ള പ്രത്യേക സംഭാവനയും ഒക്ടോബർ 31–ന മുമ്പ് സെമിനാരി പ്രിൻസിപ്പലിന്റെ പേർക്ക് അയച്ചുകൊടുക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1982 സെപ്റ്റംബർ 15-ാം തീയതി

നമ്പർ 258/82

നമ്മുടെ ....പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്‌വു്.

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ഒരു യോഗം 1982 ഡിസംബർ 28–ാം തീയതി ചൊവ്വാഴ്ച പകൽ ഒരു മണിക്ക് താഴെ പറയുന്ന വിഷയങ്ങളെ പററി ആലോചിച്ച് നിശ്ചയം ചെയ്യുന്നതിനു് തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ അങ്കണത്തിൽവച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

ആലോചനാവിഷയങ്ങൾ

1. മേല്പട്ടസ്ഥാനത്തേക്ക് അഞ്ചു പേരെ തെരഞ്ഞെടുക്കുക.

2. ഇപ്പോഴത്തെ വൈദികട്രസ്റ്റി വ. ദി. ശ്രീ. ററി. എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പാ ശാരീരാസ്വാസ്ഥ്യം മൂലം തൽസ്ഥാനത്തു് തുടരുന്നതിനു് പ്രയാസമുള്ളതിനാൽ മറെറാരു പട്ടക്കാരനെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുക്കുക.

പ്രസ്തുത അസോസ്യേഷൻ യോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയെ പ്രതിനിധീകരിച്ച് മേൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടുചെയ്യുന്നതിനും ആയി ഒരു പട്ടക്കാരനെയും രണ്ടു് അയ്മേനികളെയും സഭാഭരണഘടന 12–ാം വകുപ്പ് അനുസരിച്ച് പള്ളി ഇടവകയോഗം കൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്തു് ഇതോടുകൂടി അയയ്ക്കുന്ന ഫാറത്തിലുള്ള അധികാരപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പ ഫാറവും ഇതോടൊന്നിച്ച് അയയ്ക്കുന്നു. ആ ഫാറം പൂരിപ്പിച്ച് അസോസ്യേഷൻ സെക്രട്ടറിക്ക് അസോസ്യേഷൻ യോഗദിവസത്തിനു് കുറഞ്ഞപക്ഷം ഏഴ് ആഴ്ച മുമ്പ് കിട്ടത്തക്കവണ്ണം (കാതോലിക്കേററ് ആപ്പീസ്, കോട്ടയം-38 എന്ന വിലാസത്തിൽ) വികാരി അയച്ചുകൊടുക്കണം.

പ്രതിപുരുഷന്മാർ തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ കെട്ടിടത്തിൽ യോഗദിവസം പകൽ ഒൻപതു മണി മുതൽ പന്ത്രണ്ടര മണി വരെയുള്ള സമയത്തു് ഹാജരായി അസോസ്യേഷൻ സെക്രട്ടറി ഇ. ജെ. ജോസഫിനെ അധികാരപത്രം ഏല്പിക്കയും ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും യോഗസ്ഥലത്തു പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങിക്കൊള്ളുകയും യോഗസമയത്തിനു് അര മണിക്കൂർ മുമ്പ് യോഗസ്ഥലത്തു് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിനു് ആവശ്യം വന്നാൽ അതിലേക്ക് വികാരിയോ മററു പട്ടക്കാരനോ നേരിട്ടു് സ്ഥലത്തുവച്ച് സാക്ഷ്യം കൊടുക്കേണ്ടതാകുന്നു.

പ്രതിപുരുഷന്മാരുടെ സ്ഥാനസാധുത്വത്തെപററി പരാതി ഉണ്ടായാൽ അതു കേട്ടു തീരുമാനിക്കുന്നതിനും മററുമായി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും, മണലിൽ യാക്കോബ് കത്തനാർ, കെ. കോരുത്, എം. ഏബ്രഹാം, കെ. ജോർജ്ജ് എന്നിവർ അംഗങ്ങളുമായി ഒരു ട്രിബൂണലിനെ അസോസ്യേഷൻ മാനേജിങ്ങ് കമ്മററിയുമായി ആലോചിച്ച് നാം നിയമിച്ചിരിക്കുന്നു. ട്രിബൂണൽ പരാതി വിചാരണയ്ക്കായി 1982 നവംബർ 23 മുതൽ 25 വരെയുള്ള തീയതികളിൽ പകൽ 9 മണി മുതൽ 5 മണി വരെ കോട്ടയം കാതോലിക്കേററ് അരമനയിൽ കൂടുന്നതാകുന്നു. ട്രിബൂണൽ ചെയ്യുന്ന തീരുമാനം അവസാന തീരുമാനം ആയിരിക്കും.

യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനോ, യോഗാരംഭത്തിനുശേഷം യോഗം തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിനോ, നടത്തുന്നതിനു നമ്മെ സഹായിക്കുന്നതിനോ വൈസ്പ്രസിഡണ്ടുമാരിൽ ആരെ എങ്കിലും നിയോഗിക്കുന്നതിനു് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

യോഗം സംബന്ധിച്ച ക്രമീകരണങ്ങളെയോ യോഗനടപടികളെയോ പററി നാം നേരിട്ടോ നമ്മുടെ ആപ്പീസ് മുഖാന്തരമോ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടക്കേണ്ടതാകുന്നു.

മേൽ വിവരിച്ചിട്ടുള്ള അസോസ്യേഷൻ യോഗം കൂടുന്നതും തെരഞ്ഞെടുപ്പുകൾ നടത്തുന്നതും മററും 15-9–1970 മുതൽ നടപ്പിലിരിക്കുന്ന നടപടി ചട്ടങ്ങൾ അനുസരിച്ച് ആയിരിക്കുന്നതാകുന്നു. ആ നടപടി ചട്ടങ്ങളുടെ ഒരു പ്രതി നമ്മുടെ മുദ്രവച്ച് ഇതോടൊന്നിച്ച് അയച്ചിരിക്കുന്നു.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....... ഇത്യാദി

1982 സെപ്റ്റംബർ 4–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്.

നമ്പർ 241/82

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും കമ്മററി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

പൌരസ്ത്യ കാതോലിക്കാസിംഹാസനം മലങ്കരയിലേക്ക് മാററി സ്ഥാപിച്ചിട്ട് എഴുപതു വർഷങ്ങൾ തികയുന്നതു സംബന്ധിച്ചുള്ള കാതോലിക്കേററ് പുനഃസ്ഥാപന സപ്തതി ആഘോഷങ്ങളെപ്പററി നമ്മുടെ കല്പനകളിൽനിന്നും പത്രറിപ്പോർട്ടുകളിൽനിന്നും മററും നിങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുകയാണല്ലൊ. കാതോലിക്കാസ്ഥാപനം മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിൻെറയും സ്വശീർഷകത്വത്തിൻെറയും പ്രതീകമാകയാൽ ഈ സപ്തതി ആഘോഷങ്ങൾ അതിയായ പ്രാധാന്യമർഹിക്കുന്നു. കാതോലിക്കാ സിംഹാസനപുനഃസ്ഥാപനം സംബന്ധിച്ച് ഇതിനുമുമ്പ് അതിൻെറ രജതജൂബിലിയോ, സുവർണ്ണജൂബിലിയോ, വജ്രജൂബിലിയോ ആഘോഷിക്കുന്നതിന് തദവസരങ്ങളിൽ സഭ അഭിമുഖീകരിച്ചിരുന്ന പ്രതികൂലസാഹചര്യങ്ങൾ നിമിത്തം നമുക്കു സാധിച്ചില്ല. ഈ കുറവ് പരിഹരിക്കേണ്ടതു് അത്യന്താപേക്ഷിതമാകയാൽ നമ്മുടെ വർക്കിംഗ്കമ്മററി, മാനേജിംഗ്കമ്മററി, പരിശുദ്ധ സുന്നഹദോസ് എന്നീ സമിതികളുമായി ആലോചിച്ച് കാതോലിക്കേററ് പുനഃസ്ഥാപനസപ്തതി ആഘോഷിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതാകുന്നു. ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്, സഭാകേന്ദ്രം, ഭദ്രാസന കേന്ദ്രങ്ങൾ, പ്രധാനപ്പെട്ട ചില പള്ളികൾ എന്നിവിടങ്ങളിലെ ആഘോഷ പരിപാടികളാണ്. എന്നാൽ സഭയിലെ എല്ലാ പള്ളി ഇടവകകളിലും, സ്കൂളുകൾ, കോളജുകൾ, ആശുപത്രികൾ മുതലായ പൊതുസ്ഥാപനങ്ങളിലും, സഭാംഗങ്ങളുടെ ഭവനങ്ങളിലും ഇതു് ആഘോഷിക്കേണ്ടതു് അത്യാവശ്യമാകയാൽ താഴെപ്പറയുന്ന പരിപാടികൾ പള്ളികളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും നടപ്പാക്കണം. സപ്തതി ആഘോഷങ്ങളുടെ ആത്മീയ വശത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ് പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നതു്.

1. സപ്തതി ആഘോഷങ്ങൾ ആരംഭിക്കുന്നതായ സെപ്ററംബർ അഞ്ചാംതീയതി ഞായറാഴ്ച കാലത്തു് എല്ലാ പള്ളികളിലും പ്രഭാതനമസ്ക്കാരത്തിനു മുമ്പ് ഒരേസമയത്തു് (ഏഴു മണിക്കു്) പള്ളിമണി അടിക്കുകയും കതിനാവെടികൾ മുഴക്കുകയും ചെയ്യണം. സപ്തതിയെ അനുസ്മരിപ്പിക്കത്തക്കവണ്ണം ദീർഘനേരം മണി അടിക്കുകയും അതിനു ശേഷം 70 വെടികൾ വയ്ക്കുകയും ചെയ്യണം. (സൗകര്യാർത്ഥം കതിനാവെടികളോ പടക്കങ്ങളോ ആകാം.) തദവസരത്തിൽ എല്ലാ ഭവനങ്ങളിലും പടക്കം പൊട്ടിക്കുന്നതു കൊള്ളാം.

2. 9 മുതൽ 11 വരെയുള്ള തീയതികളിൽ എല്ലാ പള്ളികളും പരിസരങ്ങളും സ്ഥാപനങ്ങളും ഭവനങ്ങളും കുരുത്തോലകളാലും തോരണങ്ങളാലും അലങ്കരിക്കണം. 9–ാം തീയതി സന്ധ്യാനമസ്ക്കാരത്തിനുമുമ്പ് എല്ലാ പള്ളികളിലും കാതോലിക്കേററ് പതാക ഉയർത്തണം.

3. എല്ലാ പള്ളികളിലും 9 മുതൽ 11 വരെയുള്ള തീയതികളിൽ സന്ധ്യാനമസ്ക്കാരം നടത്തണം. നമസ്ക്കാരത്തിൻെറ അവസാനം ധൂപപ്രാർത്ഥന നടത്തുമ്പോൾ സാദീക്കോ വേളയിൽ മാർത്തോമ്മാ ശ്ലീഹായുടെ പേരു് ഓർക്കുകയും സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തുകയും ചെയ്യണം. (കാതോലിക്കാദിനത്തിൽ ഉപയോഗിക്കുന്നതായ പ്രാർത്ഥന). സന്ധ്യാനമസ്ക്കാരത്തിൽ ഇടവകാംഗങ്ങൾ എല്ലാവരും സംബന്ധിക്കണം.

4. 11–ാം തീയതി ശനിയാഴ്ച പെരുനാളായി കൊണ്ടാടണം. 10–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് നമസ്ക്കാരം തുടങ്ങുന്നതിനു മുമ്പ് 5–ാം തീയതിയിലെപോലെ മണി അടിക്കുകയും വെടി വയ്ക്കുകയും ചെയ്യണം. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു് കാതോലിക്കേററിനെപ്പററിയുള്ള പ്രസംഗം ഉണ്ടായിരിക്കണം. പ്രസംഗത്തിനുശേഷം പള്ളിക്കു ചുററും പ്രദക്ഷിണം നടത്തണം. അതിനു ശേഷം പള്ളിയിൽ പ്രവേശിച്ച് കാതോലിക്കാദിനപ്രാർത്ഥന നടത്തുകയും കാതോലിക്കാ മംഗളഗാനം പാടി പരിപാടികൾ അവസാനിപ്പിക്കുകയും വേണം.

5. 11–ാം തീയതി ശനിയാഴ്ച കാലത്തു് എല്ലാ പള്ളികളിലും വി. കർബാന ഉണ്ടായിരിക്കണം. കർബാനമദ്ധ്യേ പ്രസംഗിക്കുകയും ചെയ്യണം. പ്രസംഗവിഷയം 'മാർത്തോമ്മാ ശ്ലീഹായും അദ്ദേഹത്തിൻെറ ഇന്ത്യൻ പ്രേഷിതവേലയും', 'കാതോലിക്കേററു സ്ഥാപനവും, അതിൻെറ പുനഃസ്ഥാപനവും' എന്നിവ ആയിരിക്കണം. വി. കർബാനയ്ക്കു ശേഷം പള്ളിക്കു ചുററും പ്രദക്ഷിണവും, അതു കഴിഞ്ഞു് പള്ളിയിൽ പ്രവേശിച്ച് ധൂപം വച്ച് സാദീക്കോ ചൊല്ലുകയും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും കാതോലിക്കാ മംഗളഗാനം പാടുകയും വേണം. നേർച്ച വിളമ്പിനുള്ള ക്രമീകരണവും ചെയ്യേണ്ടതാണ്.

6. 10–ഉം 11–ഉം തീയതികളിൽ നടത്തുന്ന ചടങ്ങുകളിൽ വാദ്യമേളങ്ങൾ ഉണ്ടായിരിക്കുന്നതു കൊള്ളാം.

7. 5 മുതൽ 12 വരെയുള്ള തീയതികളിൽ സൗകര്യംപോലെ ഇടവകാംഗങ്ങളെല്ലാവരും വി. കുമ്പസാരം നടത്തി വി. കർബാന അനുഭവിക്കണം.

8. സൺഡേസ്കൂൾ പ്രവർത്തകരും മററ് ആത്മീയ സംഘടനാംഗങ്ങളും മേല്പറഞ്ഞ ചടങ്ങുകളിലെല്ലാം മുൻകൈ എടുത്തു പ്രവർത്തിക്കണം.

9. 12–ാം തീയതി അഖില മലങ്കരാടിസ്ഥാനത്തിൽ കോട്ടയത്തുവച്ചു നടത്തുന്ന സപ്തതി ആഘോഷങ്ങളിലും പൊതുയോഗത്തിലും എല്ലാവരും വന്നു സംബന്ധിക്കണം.

ത്രിയേകദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യക മർത്ത മറിയാമിൻെറയും ഇന്ത്യയുടെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥതയാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...................

എന്നു്,
1982 ആഗസ്റ്റ് 23–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്

നമ്പർ 180/82

നമ്മുടെ.. പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നമ്മുടെ കർത്താവിന്റെ ശിഷ്യനായ മാർ തോമ്മാശ്ലീഹായാൽ ഈ ഭാരതത്തിൽ സ്ഥാപിതമായ നമ്മുടെ സഭ പലപ്പോഴും പ്രയാസങ്ങളും പ്രതിസന്ധികളും നേരിടേണ്ടിവന്നിട്ടുണ്ടെങ്കിലും ഇതുവരെയും സത്യവിശ്വാസം അഭംഗുരം പുലർത്തി ലോകസഭകളുടെയിടയിൽ അദ്വിതീയമായ ഒരു സ്ഥാനം പ്രാപിച്ചിട്ടുണ്ട് എന്നതിൽ നമുക്കു് അഭിമാനിക്കാവുന്നതാണ്.

സെലൂക്യാ ആസ്ഥാനമായിരുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭ എ. ഡി. 231-ൽ യറുശലേം സുന്നഹദോസിനാൽ ഒരു കാതോലിക്കേറ്റായി അംഗീകരിക്കപ്പെട്ട എന്ന് ബാർ എബ്രായയുടെ സഭാചരിത്രം സാക്ഷിക്കുന്നു. എന്നാൽ പിൽക്കാലത്തു് കാതോലിക്കേറ്റിൽ, നെസ്തോർ വിശ്വാസം പ്രബലപ്പെടുകയും രാഷ്ട്രീയ സ്വാധീനം അവർക്കു ലഭിക്കുകയും ചെയ്തതു മൂലം അന്നത്തെ കാതോലിക്കാതന്നെ സത്യവിശ്വാസം വെടിഞ്ഞ് നെസ്തോറിയനായി. അതിനെ തുടർന്നു് സത്യവിശ്വാസം സംരക്ഷിക്കുന്നതിന് കാതോലിക്കാസിംഹാസനം തിഗ്രീസിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടു.

കാലക്രമേണ പേർഷ്യൻ രാജ്യങ്ങളിൽ ഉണ്ടായ മതപീഡനംമൂലവും മറ്റും അവിടെ സഭ ശോഷിക്കുകയും കാതോലിക്കാ സിംഹാസനത്തിൽ ആളില്ലാതെ വരികയും ചെയ്തു. ഈ അവസരത്തിൽ നമ്മുടെ സഭ അന്ത്യോഖ്യാപാത്രിയർക്കീസന്മാരുമായി ബന്ധം പുലർത്തിയിട്ടുണ്ട്. നമ്മുടെ പിതാക്കന്മാർ ഇവിടെ ഒരു കാതോലിക്കേറ്റിനുവേണ്ടി ആകാംക്ഷയോടെ കാത്തിരുന്നു. ഈ കാത്തിരിപ്പ് സഫലമായതു് 1912 സെപ്റ്റംബർ 12-ാം തീയതി ആണ്. അന്നാണ് അന്ത്യോഖ്യയുടെ പരിശുദ്ധ അബ്ദേദ് മശിഹാ പാത്രിയർക്കീസുബാവായുടെ സഹകരണത്തോടുകൂടി മലങ്കരയിലെ പൗരസ്ത്യ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെലൂക്യയിൽനിന്നു തിഗ്രീസിലേക്കു മാറ്റപ്പെട്ടിരുന്ന കാതോലിക്കാ സിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കുകയും പരിശുദ്ധ മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളിയിൽ വച്ച് കണ്ടനാട്ട് ഇടവകയുടെ മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കാതോലിക്കായായി വാഴിച്ച് അവരോധിക്കുകയും ചെയ്തതു്.

മലങ്കരസഭാ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി അന്നു മുതൽ ഈ കാതോലിക്കാസിംഹാസനം ഇവിടെ നിലനിന്നുവരുന്നു. കാതോലിക്കാസിഹാസനം മലങ്കരയിലേക്കു മാറ്റിസ്ഥാപിച്ചിട്ട്, 1982 സെപറ്റംബർ 12-ാം തീയതി 70 വർഷം തികയുകയാണ്. ഈ സപ്തതി, ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് നമ്മുടെ സഭാ മാനേജിംഗ് കമ്മറ്റി തീരുമാനിക്കുകയും പരിശുദ്ധ സുന്നഹദോസ് അതു് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആഘോഷങ്ങൾ സംബന്ധിച്ച വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും അതിലേക്ക് പ്രത്യേകം കമ്മറ്റികളെ ചുമതലപ്പെടുത്തുകയും ചെയ്തുകഴിഞ്ഞു.

സെപ്റ്റംബർ 5-ാം തീയതി എറണാകുളത്തുവച്ച് സപ്തതി ആഘോഷങ്ങളുടെ ഉത്ഘാടനവും 12-ാം തീയതി കോട്ടയത്തുവച്ച് അഖില മലങ്കരാടിസ്ഥാനത്തിലുള്ള പ്രധാന ചടങ്ങുകളും 13-ാം തീയതി തിരുവനന്തപുരത്തുവച്ച് സമാപന സമ്മേളനവും നടത്തത്തക്കവണ്ണമാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു്. കൂടാതെ ഭദ്രാസനതലങ്ങളിൽ പ്രത്യേകം ആഘോഷ പരിപാടികളും ഉണ്ടായിരിക്കും.

സപ്തതി ആഘോഷങ്ങളിൽ സംബന്ധിക്കുന്നതിന് വിവിധ ഓർത്തഡോക്സ് സഭകളെയും, മറ്റു വിദേശ സഭകളെയും പ്രതിനിധീകരിച്ച് എപ്പിസ്ക്കോപ്പൽ ഡലിഗേഷൻസ് ഇവിടെ എത്തുന്നതാണ്. അവർക്കു് സമുചിതമായ സ്വീകരണം നൽകുകയും ആഘോഷപരിപാടികൾ ഏറ്റവും വിജയ പ്രദമാക്കുകയും ചെയ്യുന്നതിന് നമ്മുടെ എല്ലാപള്ളിക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

കൂടാതെ സപ്തതി സ്മാരകമായി ഒരു ഭവനനിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനും അതിന്റെ പ്രാരംഭമായി 70 വീടുകൾ സാധുക്കൾക്കു വച്ചുകൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സപ്തതി ആഘോഷങ്ങൾ കേവലം പ്രകടനങ്ങൾ മാത്രമല്ല, സൃഷ്ടിപരവും, ജീവകാരുണ്യപരവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ പിന്നാലെ നിങ്ങളെ അറിയിക്കുന്നതായിരിക്കും. ഈ പരിപാടികൾ വിജയിപ്പിക്കുന്നതിൽ നിങ്ങൾ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമീൻ,

1982 ജൂലൈ 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

കർത്താവിൽ നമ്മുടെ സഹോദരൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം.

നമ്മുടെ കോട്ടയം മെത്രാസന ഇടവകയെ മൂന്നു മെത്രാസന ഇടവകകളായി വിഭജിക്കണമെന്ന് അഭിപ്രായമുണ്ടാകയാൽ, ആ മെത്രാസന ഇടവകയെ അപ്രകാരം വിഭജിക്കുന്നതിനെ പറ്റിയും അങ്ങനെ രൂപീകരിക്കുന്ന മെത്രാസന ഇടവകകൾക്ക് ഇടവകമെത്രാപ്പോലീത്തന്മാരെ നിയമിക്കുന്നതിനെപറ്റിയും മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മറ്റി 4-3-1981, 10-9-81, 8-1-1982 എന്നീ തീയതികളിൽ കൂടി ആലോചിച്ചു ചെയ്ത നിശ്ചയങ്ങളും ശുപാർശകളും 1982 ഫെബ്രുവരി 22 മുതൽ 26 വരെ തീയതികളിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതനുസരിച്ച് ഇപ്പോഴത്തെ കോട്ടയം മെത്രാസന ഇടവകയെ കോട്ടയം സെൻട്രൽ, കോട്ടയം, ഇടുക്കി എന്നീ മൂന്നു മെത്രാസന ഇടവകകളായി നാം വിഭജിക്കുകയും മെത്രാച്ചനെ ഇടുക്കി മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി നിയമിക്കുകയും നമ്മുടെ സഭയുടെ ഭരണഘടനയ്ക്കും അതിൽ പറഞ്ഞിട്ടുള്ള കാനോനും വിധേയമായി ആ മെത്രാസന ഇടവകയുടെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുവാൻ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മേൽപറഞ്ഞ മൂന്നു മെത്രാസന ഇടവകകളുടെ രൂപീകരണവും മെത്രാച്ചനെ ഇടുക്കി മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി നിയമിച്ചതും 1982 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാകുന്നു. മെത്രാച്ചൻ ഇടുക്കി ഇടവകയുടെ മെത്രാപ്പോലീത്തായായിരിക്കുന്നതോടൊപ്പം, നാം 1980 ജൂലൈ 24-ാം തീയതി മെത്രാച്ചനു അയച്ചിട്ടുള്ള 148/80-ാം നമ്പർ കല്പനയിൽ വിവരിച്ചിട്ടുള്ള പ്രകാരം മറ്റൊരു തീരുമാനം ഉണ്ടാകുന്നതുവരെ കോട്ടയം ഇടവകമെത്രാപ്പോലീത്തായുടെ അസിസ്റ്റന്റുകൂടിയായിരിക്കുന്നതാകുന്നു. മെത്രാച്ചന്റെ കർത്തവ്യങ്ങൾ കാര്യക്ഷമമായും ദൈവഹിതപ്രകാരവും നിർവ്വഹിക്കാൻ ദൈവം തിരുവുള്ളമായി മെത്രാച്ചനു അറിവും കഴിവും പ്രദാനം ചെയ്യാൻ നാം പ്രാർത്ഥിക്കുന്നു. ശേഷം പിന്നാലെ

1982 ഏപ്രിൽ 21-ാം തീയതി

നമ്പർ 110/82

നമ്മുടെ ....

പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

നമ്മുടെ കോട്ടയം മെത്രാസന ഇടവകയിൽപെട്ട, ഹൈറേഞ്ചുപ്രദേശത്തുള്ള പള്ളികൾ മെത്രാസന കേന്ദ്രത്തിൽനിന്ന് വളരെ അകന്നും മെത്രാസന ഇടവകയുടെ ശേഷം ഭാഗത്തുനിന്ന് ഒററപ്പെട്ടും സ്ഥിതിചെയ്യുന്നതിനാൽ, ആ പള്ളികൾക്ക് മെത്രാസന കേന്ദ്രവുമായോ മെത്രാസന ഇടവകയിലുള്ള മററു പള്ളികളുമായോ സമ്പർക്കം പുലർത്തുന്നതിന് വളരെ അധികം പ്രയാസമുണ്ടാകുന്നതുകൊണ്ട് അതു് ഒഴിവാക്കുന്നതിനും കോട്ടയം മെത്രാസന ഇടവകയിൽ പെട്ട പള്ളികളിൽ, മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്ന പള്ളികൾക്ക്, കോട്ടയം മെത്രാസന ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനും, സണ്ടേസ്കൂൾ അസോസ്യേഷൻ മർത്തമറിയം വനിതാസമാജം ആദിയായ ആദ്ധ്യാത്മിക സംഘടനകളിൽ ചേരുന്നതിനും മററും ചില പ്രതിബന്ധങ്ങൾ ഉണ്ടാകുന്നതുകൊണ്ടും അങ്ങനെ ആ പള്ളികൾക്ക് മെത്രാസന തലത്തിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടും ആ പ്രതിബന്ധങ്ങൾ നീക്കുന്നതിനും കോട്ടയം മെത്രാസന ഇടവകയെ മൂന്ന് മെത്രാസന ഇടവകകളായി വിഭജിക്കണമെന്ന് അഭിപ്രായമുണ്ടാകയാൽ, ആ മെത്രാസന ഇടവകയെ അപ്രകാരം വിഭജിക്കുന്നതിനെപററിയും അങ്ങനെ രൂപീകരിക്കുന്ന മെത്രാസന ഇടവകകൾക്ക് ഇടവക മെത്രാപ്പോലീത്തന്മാരെ നിയമിക്കുന്നതിനെപററിയും മലങ്കര അസോസ്യേഷൻ മാനേജിങ്ങ് കമ്മററി 4–3–81, 10–9–81, 8–1–82 എന്നീ തീയതികളിൽ കൂടി ആലോചിച്ചു ചെയ്ത നിശ്ചയങ്ങളും ശുപാർശകളും 1982 ഫെബ്രുവരി 22 മുതൽ 26 വരെ തീയതികളിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

അംഗീകരിച്ചതനുസരിച്ച്, ഇപ്പോഴത്തെ കോട്ടയം മെത്രാസന ഇടവകയെ, കോട്ടയം സെൻട്രൽ, കോട്ടയം, ഇടുക്കി എന്നീ മൂന്നു മെത്രാസന ഇടവകകളായി നാം വിഭജിച്ചിരിക്കുന്നു. ഈ മൂന്നു മെത്രാസന ഇടവകകളിൽ ഓരോന്നിലും ഉൾപ്പെടുത്തിയിട്ടുള്ള പള്ളികളുടെ ലിസ്റ്റിന്റെ ഒരു പ്രതി നമ്മുടെ മുദ്രവച്ച് ഇതോടൊന്നിച്ച് അയയ്ക്കുന്നു. പ്രസ്തുത മൂന്നു മെത്രാസന ഇടവകകളിൽ, കോട്ടയം സെൻട്രൽ മെത്രാസന ഇടവകയും, മറെറാരു ക്രമീകരണം ഉണ്ടാകുന്നതുവരെ കോട്ടയം മെത്രാസന ഇടവകയും, മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്നതാണ്. ഇടുക്കി മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി മത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ നാം നിയമിച്ചിരിക്കുന്നതും അദ്ദേഹം ഇടുക്കി ഇടവകയുടെ മെത്രാപ്പോലീത്താ ആയിരിക്കുന്നതോടൊപ്പം, മറെറാരു തീരുമാനം ഉണ്ടാകുന്നതുവരെ കോട്ടയം ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറുകൂടി ആയിരിക്കുന്നതും ആകുന്നു.

മേൽപറഞ്ഞ മെത്രാസന ഇടവകകളുടെ രൂപീകരണവും അവയുടെ ഭരണ ക്രമീകരണവും ഇടവക മെത്രാപ്പോലീത്തായുടെ നിയമനവും 1982 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളോടു എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

ആമീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1982 ഏപ്രിൽ 21-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്.

നമ്പർ 89/82

നമ്മുടെ..
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ഇക്കൊല്ലം സഭാദിനം (കാതോലിക്കാദിനം) മാർച്ച് 28-ാം തീയതി ആണല്ലൊ. അന്നു് കൃത്യം ഏഴു മണിക്കു് പള്ളിയിൽ പതാക ഉയർത്തുകയും വി. കർബാനമദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും വി. കർബാനയ്ക്കുശേഷം യോഗം കൂടി സഭയുടെ വിശ്വാസം, ചരിത്രം, സ്വാതന്ത്ര്യം, പുരോഗമനപദ്ധതികൾ, കാതോലിക്കാസിംഹാസനം മുതലായവയെപ്പററി ഇടവകാംഗങ്ങൾക്കു് പ്രബോധനം നൽകുകയും ചെയ്യണം. യോഗം കഴിഞ്ഞു് എല്ലാവരും കാതോലിക്കേററ് പതാകയുടെ കീഴിൽ അണിനിരന്നു് സഭാദിനപ്രതിജ്ഞ എടുക്കുകയും കാതോലിക്കാ മംഗളഗാനം ആലപിക്കുകയും മററും ചെയ്യേണ്ടതാകുന്നു.

കാതോലിക്കാദിനാചരണത്തോടു് അനുബന്ധിച്ച നടത്തിവരുന്ന കാതോലിക്കാദിനപ്പിരിവ് ഈ വർഷം പൂർവ്വാധികം വിജയകരമാക്കേണ്ടതിന്റെ ആവശ്യം നാം 1982 ഫെബ്രുവരി 22-ാം തീയതി 65/82-ാം നമ്പരായി അയച്ച കല്പനയിൽ പ്രസ്പഷ്ടമാക്കിയിരുന്നു. ആ കല്പനപ്രകാരം............
...............മെത്രാസനത്തിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും ആദ്ധ്യാത്മിക സംഘടനാപ്രതിനിധികളുടെയും തല്പരരായ മററുള്ളവരുടെയും യോഗംകൂടി ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവു സംബന്ധിച്ച കാര്യങ്ങളെപററി ആലോചിച്ചതിൽ, ആ പള്ളിയിൽനിന്നു് രൂപയിൽ കുറയാതെ സംഭാവന ചെയ്യണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. അതുകൊണ്ടു് അതിൽ കുറയാത്ത ഒരു തുക ശേഖരിക്കത്തക്കവണ്ണം എല്ലാ ഗൃഹനായകന്മാരും സ്വന്തമായി വരുമാനമുള്ള മററു് അംഗങ്ങളും ഉദാരമായി സംഭാവന ചെയ്യണം. കാതോലിക്കാദിനപ്പിരിവിനുള്ള കവറുകൾ, ഫാറങ്ങൾ, വിജ്ഞാപനങ്ങൾ, ഫോൾഡറുകൾ മുതലായവ മേൽ പറഞ്ഞ യോഗത്തിൽവച്ച് പള്ളികൾക്കു് കൊടുത്തിട്ടുണ്ടു്. അവ ആ പള്ളിക്കു് ഇതിനകം കിട്ടിയിട്ടില്ലെങ്കിൽ, മെത്രാസന ആപ്പീസിൽനിന്നു് ഉടനെതന്നെ ഏററുവാങ്ങിക്കൊള്ളേണ്ടതാകുന്നു. കവറുകളിലും ഫോൾഡറുകളിലും ഗൃഹനാഥന്റെ പേരും വീട്ടുപേരും എഴുതി ചേർത്തു് അവ എല്ലാ ഭവനങ്ങളിലും സഭാദിനത്തിനു മുമ്പ് എത്തിച്ചുകൊടുക്കുകയും ഇടവക മാനേജിങ്ങ്കമ്മററി അംഗങ്ങളും ആത്മീയസംഘടനാ പ്രതിനിധികളും സ്ക്വാഡുകളായി പിരിഞ്ഞു് പട്ടക്കാരുടെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ച് സംഭാവനത്തുകകൾ അടക്കംചെയ്തിട്ടുള്ള കവറുകൾ തിരിച്ചു വാങ്ങിക്കുകയും പിരിവ് മേയ് മാസാവസാനത്തിനു മുമ്പായി പൂർത്തിയാക്കുകയും ചെയ്യണം. റീശീസാപ്പിരിവും മേയ് മാസാവസാനത്തിനു മുമ്പായി പൂർത്തിയാക്കേണ്ടതാകുന്നു. ഈ പിരിവു തുകകൾ ശേഖരിക്കുന്നതിനു് മുൻകൊല്ലങ്ങളിലെപ്പോലെ മെത്രാസനതലത്തിൽ യോഗം ചേരുന്നതായിരിക്കും. ആ യോഗം ചേരുന്ന വിവരത്തിനു് നാം പിന്നാലെ കല്പന അയയ്ക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1982 മാർച്ച് 17-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്.

നമ്പർ 85/82

നമ്മുടെ.................................... .. ....,.. ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്‌വ്.

പ്രിയരെ,

പുണ്യശ്ലോകനായ പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 17-ാം ശ്രാദ്ധപ്പെരുന്നാൾ ഏപ്രിൽ 5-ാം തീയതി ആണ്. എന്നാൽ ഈ വർഷം ആ ദിവസം ഹാശാആഴ്ചയിലെ തിങ്കളാഴ്ചയായതിനാൽ ഏപ്രിൽ 11, 12 തീയതികളിൽ (ഞായർ, തിങ്കൾ) ശ്രാദ്ധപ്പെരുന്നാൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 12 മണിവരെ പാമ്പാടി ദയറായിൽവച്ച് കോട്ടയം ഭദ്രാസനത്തിലെ ആദ്ധ്യാത്മികസംഘടനാപ്രവർത്തകരുടെ ധ്യാനയോഗവും 2.30-ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഒരു അനുസ്മരണായോഗവും ചേരുന്നതാണ്. നമ്മുടെ എല്ലാ പള്ളികളിൽനിന്നും കഴിവുള്ളിടത്തോളം ആളുകൾ ധ്യാനയോഗത്തിലും, അനുസ്മരണായോഗത്തിലും സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. പെരുന്നാൾ നടത്തിപ്പിനായി ഐക്കരപ്പടവിൽ പി. പി. ഗീവറുഗീസ് കത്തനാരെ കൺവീനറായും, പട്ടശ്ശേരിൽ ഡോ. തോമസ് മാണിയെ ജോയിന്റ് കൺവീനറായും നാം നിയമിച്ചിരിക്കുന്നു.

ഏപ്രിൽ 11-ാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണിക്ക് പാമ്പാടി മാർ യൂഹാനോൻ വലിയ പള്ളിയിൽനിന്ന് കബറിങ്കലേക്ക് പതിവുപോലെ റാസയും, 12-ാം തീയതി തിങ്കളാഴ്ച ദയറാ ചാപ്പലിൽ വി. മൂന്നിന്മേൽ കുർബാനയും മറ്റു പെരുന്നാൾ ചടങ്ങുകളും ഉണ്ടായിരിക്കുന്നതാണ്. നിങ്ങൾ ഏവരും നേർച്ചകാഴ്ചകളോടുകൂടി പെരുന്നാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

1982 മാർച്ച് 15-ാം തീയതി

No. 68/82

To

His Grace The Archbishop of Canterbury
LAMBETH PALACE
LONDON, SE 1 7JU

Your Grace, Our beloved Brother in Christ,

We are very happy to receive your kind letter of 18th January, 1982, and for your kind greetings and good wishes, which we heartily reciprocate.

We have received a letter also from Bishop John Howe, about the visit of Rt.Revd. Henry Hill. We have asked our Metropolitan of Delhi His Grace Dr.Paulose Mar Gregorios to make the necessary arrangements for Bishop Hill's visit.

When Bishop Hill comes here, we shall gladly discuss any proposals he may have for theological dialogue between our Churches.

May God the Holy Spirit bring us all into unity in Christ and may He grant peace and justice in the world.

Your Grace's Brother in Christ,

No. 67/82

To

His Holiness Patriarch Justin
Romanian Orthodox Patriarchate
Bucharest, Romania.

Your Holiness, Our dearly beloved Brother in the Lord,

We are very glad to hear that Your Holiness can come to visit us this year, in the first half of September 1982. We are eagerly looking forward to this visit and are asking His Grace Paulose Mar Gregorios, Metropolitan of Delhi and Secretary for Inter-Church Relations of our Church to workout the detailed programme of Your Holiness' visit.

Meanwhile let us renew to Your Holiness our heartfelt good wishes for the health of Your Holiness and for the welfare of the great Church of Rominia. May the Peace of Christ be with you all.

Your Holiness' Brother in Christ,

നമ്മുടെ..
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരേ,

കാലംചെയ്ത വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 48-ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോട്ടയം പഴയസെമിനാരിയിൽ ഫെബ്രുവരി 23, 27 എന്നീ തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഇന്നലെ പഴയസെമിനാരിയിൽ കൂടിയ ആലോചനായോഗം തീരുമാനിച്ചു. ആ ദിവസങ്ങളിൽ കഴിവതും കൂടുതൽ ആളുകൾ വന്നു സംബന്ധിച്ച് പെരുന്നാൾ പൂർവ്വാധികം ഭംഗിയാക്കണമെന്നാണ് എല്ലാവരുടെയും അഭിപ്രായം.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജന്മസ്ഥലമായ മല്ലപ്പള്ളി ഉൾപ്പെട്ട നിരണം ഭദ്രാസനത്തിലെ കിഴക്കൻ മേഖലയിലെ പള്ളിക്കാരും ജനങ്ങളും പെരുന്നാളിൽ

ഏതുവിധത്തിൽ ഭാഗഭാക്കാകണമെന്ന് ആലോചിച്ച് തീരുമാനിക്കുന്നതിന് അവരുടെ ഒരു യോഗം ഈ മാസം 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പുതുപ്പള്ളി ബഥനി പള്ളിയിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ ആ പള്ളി വികാരിയും കൈക്കാരനും മറ്റ് കമ്മറ്റി അംഗങ്ങളും താല്പര്യമുള്ള ഇടവകാംഗങ്ങളും വന്നു സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്,
1982 ഫെബ്രുവരി 5-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

12-1-1982.

.5/82.

Apostolic Salutations and greetings to our beloved and esteemed brother in Christ,

Bishop Marcos of the Coptic Orthodox Eparchie of France,

Your Grace,

Greetings to you in our Lord. We extend to you our sincere good wishes in this season of the birth and epiphany of our Lord. May the blessing of God Almighty, Father, Son and Holy Spirit abide with you, with your people and with our beloved sister Church in Egypt.

We are most grateful to you for the troubles you have taken and are taking to secure for us the precious relics of the most venerable holy apostles St.Thomas and St.Bartholomew. There is no more precious gift we can receive at this time. And we would joyously welcome a visit from you and your C0r-Bishop Athanasius, as you have proposed in your letter, soon after Easter. Please work out a schedule with our Metropolitan Paulose Mar Gregorios of Delhi, who will soon contact you about this.

Some of our scholars have raised some questions whether the relics of St.Thomas in Ortona are genuinely those of St.Thomas the Apostle or of another St.Thomas of Ortona itself - an Italian Saint. We will therefore be most grateful for any historical investigation you can make as to how the relics of the Apostle St.Thomas came to be translated from Edessa to Ortona and whether the story of their survival after the fire of 1566 is reliable. If you can conclusively prove that these are the relics of the Apostle St.Thomas, then this would be such a precious gift, to us, that we would ask one of our bishops to accompany you as you translate these sacred and precious relics from Venice to Kottayam. At least

our representative should receive the sacred relics ceremonially when you arrive in India and then give an occasion for our people in Bombay and Delhi and Madras to venerate these remains of the precious body of our Founder and Patron Saint, taken away from us in the 4th century.

As regards the relics of the Holy Apostle Bartholomew, these would also be equally treasured by us, since the early Church Historians like Eusebius, Socrates and Hippolytus mention him, as preaching in India, although there is no local tradition. We would be grateful to have these also.

Would you correspond on these matters in detail with His Grace Dr.Paulose Mar Gregorios, our Metropolitan of Delhi, whom you know and who is being asked to contact you.

With the renewed expressions of our gratitude and interest, we remain,

Baselius Mar Thoma Mathews I

നമ്പർ 239/81

നമ്മുടെ.. ....പള്ളിവികാരിയും, ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ കൂടിയ നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസ്, ഇക്കാലത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ധാർമ്മികാധഃപതനത്തെപ്പററി ഗൗരവമായി ചിന്തിക്കയുണ്ടായി. മദ്യപാനം ആദിയായ ദുർവൃത്തികൾ അടിക്കടി വദ്ധിച്ചുവരികയാണ്. ഇന്ന് വിദ്യാർത്ഥികൾപോലും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ലഹരിയിൽപെട്ട് നട്ടംതിരിയുന്നുണ്ട്. സദാചാരബോധം നഷ്ടപ്പെടുത്തി, ദാമ്പത്യബന്ധങ്ങളും, കുടുംബജീവിതവും തകർക്കുന്ന കൊടിയ ശത്രുക്കളാണ് മദ്യപാനവും മററു ദുർവൃത്തികളും. ധാർമ്മികവും ആത്മീയവുമായ ജീവിതം അസാദ്ധ്യമാക്കിത്തീർക്കുന്ന ഈ വിപത്തിനെ ഫലപ്രദമായി തടയേണ്ടത് ആവശ്യമാകയാൽ, ആയതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന്, നമ്മുടെ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായും, സി. യു. മാത്യു സെക്രട്ടറിയായും ഒരു കമ്മററിയെ പ. സുന്നഹദോസ് നിയോഗിക്കയുണ്ടായി. പ്രസ്തുത കമ്മററിയുടെ റിപ്പോർട്ട് നമുക്കു ലഭിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ധാർമ്മികാധഃപതനത്തിനെതിരായ പ്രവർത്തനം നടത്തേണ്ടത്, ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രകാരം, പ്രധാനമായും ഇടവകതലത്തിലാകയാൽ അതിലേക്ക് ഓരോ പള്ളിയിലും സന്നദ്ധസംഘങ്ങൾ രൂപീകരിക്കേണ്ടതാവശ്യമാണ്. ഓരോ ഇടവകയിലുമുള്ള മാനേജിംഗ് കമ്മററി അംഗങ്ങളെയും ആത്മീയ സംഘടനകളിൽ പെട്ടവരെയും ഇക്കാര്യത്തിൽ തല്പരരായ മററു സ്ത്രീപുരുഷന്മാരെയും ചേർത്ത് പട്ടക്കാരുടെ നേതൃത്വത്തിലായിരിക്കണം സന്നദ്ധസംഘം രൂപവൽക്കരിക്കേണ്ടത്. മദ്യപന്മാരും അസന്മാർഗ്ഗികളുമായ ആളുകളെ സന്നദ്ധസംഘക്കാർ സമീപിച്ച് ഗുണദോഷിച്ചും ഉപദേശിച്ചും മററു വിധത്തിലും അധഃപതിച്ച ജീവിതത്തിൽനിന്നും അവരെ പിൻതിരിപ്പിക്കുവാൻ ശ്രമിക്കണം. വഴി തെററിപ്പോകുന്ന ആടിനെ തിരിച്ചുകൊണ്ടുവരുന്നതുവരെ ഇടയൻ അതിന്റെ പിന്നാലെ പോകുന്നതുപോലെ മദ്യപാനത്തിലും, ദുർമ്മാർഗ്ഗത്തിലും കഴിയുന്ന ആളുകൾ മനസ്സു തിരിഞ്ഞു വരുന്നതുവരെ സന്നദ്ധസംഘാംഗങ്ങൾ അവിശ്രമം പ്രവർത്തിക്കേണ്ടതാണ്. ആയതിന് സന്നദ്ധ സംഘക്കാർക്കുതന്നെ യോഗ്യതയുണ്ടാകത്തക്കവണ്ണം പ്രാർത്ഥന, ഉപവാസം മുതലായ ആത്മീയായുധങ്ങൾ സ്വീകരിക്കേണ്ട ആവശ്യമുണ്ട്. ഇങ്ങനെയുള്ള നിരന്തര പരിശ്രമത്തിന്റെയും, അദ്ധ്വാനത്തിന്റെയും പ്രതിഫലമോ, നഷ്ടപ്പെട്ട ആളുകളെ വീണ്ടെടുക്കുന്നതിലുള്ള ഹൃദയസന്തോഷവും, ദൈവാനുഗ്രഹവുമാണ്. ഒരിടത്തും ഒരു മദ്യപാനിയോ ഒരു ദുർവൃത്തനോ അവശേഷിക്കാതിരിക്കുന്നതുവരെ സന്നദ്ധസംഘക്കാർ പ്രവൃത്തിനിരതരായിരിക്കണം. മാത്രമല്ല, പിന്തിരിഞ്ഞു വരുന്നവരും മററുള്ളവരും വഴിപിഴച്ച മാർഗ്ഗങ്ങളിലേക്കു പോകാതിരിക്കുവാൻ സന്നദ്ധസംഘക്കാർ ശ്രദ്ധാലുക്കളായിരിക്കുകയും വേണം.

ഇടവകതലത്തിലുള്ള സന്നദ്ധസംഘങ്ങളെ നയിക്കുന്നതിനും, അവർക്കു ഉത്തേജനവും, മാർഗ്ഗനിർദ്ദേശവും നൽകുന്നതിനും മെത്രാസനതലത്തിലും സന്നദ്ധസംഘം സംഘടിപ്പിക്കേണ്ടതാവശ്യമാണ്. ഭദ്രാസന മെത്രാപ്പോലീത്തന്മാർ അക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നതായിരിക്കും. ഈ സംഘടനയുടെ കേന്ദ്രകമ്മററിയുടെ പേര് "ഓർത്തഡോക്സ് സഭാ മദ്യവർജ്ജന–ദുർവൃത്തി നിവാരണ–കമ്മററി'' എന്നായിരിക്കും. ഇടവകതലത്തിലും ഭദ്രാസനതലത്തിലും നടക്കുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്രകമ്മറിയിൽ നിന്ന് ലഭിക്കുന്നതാണ്.

നമ്മുടെ ചില ഭവനങ്ങളിൽ നടത്തുന്ന വിരുന്നുകളിലും, സൽക്കാരങ്ങളിലും, വിരുന്നുവിഭവങ്ങളോടൊപ്പം മദ്യം പകരുന്ന ഒരു രീതി നിലവിലുള്ളതായി അറിയുന്നു. ആയതു് യാതൊരു കാരണവശാലും അനുവദനീയമല്ല. നമ്മുടെ വികാരിമാർ പ്രസ്തുത കാര്യത്തിൽ കർശനമായ നിർദ്ദേശങ്ങൾ ഇടവകക്കാർക്ക് നൽകണം. അങ്ങനെയുള്ള ചടങ്ങുകളിൽ അവർ പങ്കെടുക്കരുതു്. ഇക്കാര്യത്തിൽ നമ്മുടെ പട്ടക്കാർ ഉന്നതമായ മാനദണ്ഡം പുലർത്തണം. വേദപുസ്തകത്തിൽ വീഞ്ഞ് ഉപയോഗിക്കുന്നതിനെപററി പരാമർശിച്ചിട്ടുണ്ടെങ്കിലും മദ്യപാനത്തെ ന്യായീകരിക്കത്തക്ക വിധത്തിലല്ല അപ്രകാരം പറയുന്നതെന്ന് പ്രത്യേകം ധരിപ്പിച്ചിരിക്കണം. മദ്യപാനത്തെ വിശുദ്ധ വേദം ഉടനീളം അപലപിക്കുന്നുണ്ടു്.

നമ്മുടെ പള്ളികളിലെ പെരുനാളുകൾക്ക് കാലോചിതമായ മാററങ്ങൾ വരുത്തേണ്ട ആവശ്യത്തെപ്പററി കല്പനകൾ അയച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും നമ്മുടെ പല പള്ളികളിലും രാത്രികാലങ്ങളിൽ വളരെ വൈകി റാസ നടത്തുകയും തുടർന്നു അഭക്തിജന്യമായ കലാപരിപാടികൾ നടത്തി രാത്രിമുഴുവൻ സമയവും കഴിച്ചുകൂട്ടുകയും ചെയ്യുന്ന പതിവുണ്ടെന്ന് അറിയുന്നു. തൻനിമിത്തം മദ്യപാനം മുതലായ ദുർവൃത്തികൾക്ക് അവസരം ഉണ്ടാകുന്നുവെന്നു മാത്രമല്ലാ, പിറേറദിവസം നടക്കുന്ന വി. കുർബാനയിൽ ഭയഭക്തിയോടെ പങ്കെടുക്കുന്ന ആളുകളുടെ എണ്ണം വളരെ കുറവാകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ പെരുനാളുകളുടെ പ്രധാന ഉദ്ദേശം നിറവേററപ്പെടാതെ പോകുന്നു. അതിനാൽ മുൻകല്പനകളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ, തലേ ദിവസത്തെ പരിപാടികൾ പത്തു മണിയോടുകൂടി എങ്കിലും അവസാനിപ്പിക്കുവാൻ എല്ലാ പള്ളിക്കാരും നിഷ്കർഷമായി ശ്രദ്ധിക്കണമെന്നു പ്രത്യേകമായി നാം ഉദ്ബോധിപ്പിക്കുന്നു. സന്ധ്യാനമസ്ക്കാരവും, ഭക്തിനിർഭരമായ റാസയും ക്രിസ്തീയ ഗാനാലാപവും, പ്രസംഗങ്ങളും രാത്രിപരിപാടികൾക്ക് ക്രമീകരിക്കാവുന്നതാണ്. രാവിലെ നടക്കുന്ന വി. കുർബാനയിൽ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും പങ്കുകൊള്ളുകയും, ഒരുക്കത്തോടുകൂടി വി. കുർബാന അനുഭവിക്കുകയുംവേണം. വി. കുർബാനയെ തുടർന്നു പള്ളിക്കുചുററും പ്രദക്ഷിണവും സമൂഹഭക്ഷണവും, ഉച്ചയ്ക്കുശേഷം ഇടവകദിനം സംബന്ധിച്ച പൊതുസമ്മേളനവും നിർദോഷമായ മററു കലാപരിപാടികളും ഉൾപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ ഇടവക വികാരിമാരും ഭരണസമിതി അംഗങ്ങളും ആത്മാർത്ഥമായി ശ്രദ്ധിക്കണം.

ഇത്തരം പരിപാടികളാൽ പള്ളിപ്പെരുനാളുകളുടെ ദുർവഹമായ ചെലവുകൾ കുറയും, കലഹങ്ങൾ ഇല്ലാതാകും. സർവ്വോപരി സമാധാനവും ശാന്തിയും, സംതൃപ്തിയും ഇടവകകളിൽ നിലനില്ക്കുകയും ചെയ്യും.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

എന്നു്
1981 ഒക്ടോബർ 5–ാം തീയതി

No. 319/83

His Holiness Maxim
Patriarch of Bulgaria
Sofia - Bulgaria.

Your Holines, Our Brother in the Lord,

Greetings to you in this blessed season of the Nativity and Epiphany of Our Lord. Thank you for Your Holiness' kind Christmas and New Year Greetings.

We are proceeding in the assurance that Your Holiness will bless our Church with your august presence in the month

of February when we celebrate the 50th anniversary of the death of His Grace Geevarghese Mar Dionysius, the stalwart defender of the autocephaly of our Church and the one who took leadership in re-establishing in India the Catholicate of the East in 1912. We expect Your Holiness to arrive in India around the 15th of February and stay till at least the 29th of February 1984. Kindly confirm this by cable.

Your brother in Our Lord,

Baselius Marthoma Mathews I
Catholicos of the East.

No. 318/83

His Eminence Johannes Cardinal Willebrands
President, Secretariat for Promoting Church Unity
Citta del Vaticans,
Europe.

Your Eminence,

Thank you for your good letter of November 28th, and for the welcome information that Your Eminence will now be able to devote more time to your work for the Unity of the Church. We praise God that you are now able to devote your unusual gifts and rich experience to this most important work.

We remember with gratitude your care and hospitality during our last visit to Rome. We are also hoping that His Holiness the Pope will be visiting our country in the near future and that we will have the opportunity to reciprocate the magnificent hospitality we experienced during our visit to the Pope.

May the blessing of God be upon Your Eminence and your work. May the peace and joy of Our Lord be with you, especially in this season of the Nativity of Our Lord, and in the coming New Year.

Yours in Christ Our Lord,

Baselius Marthoma Mathews I
Catholicos of the East.

നമ്പർ 314/83

നമ്മുടെ...
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരൻമാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം കാതോലിക്കേററ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കൻമാരുടെ ഓർമ്മപ്പെരുനാൾ 1984 ജനുവരി 2, 3 (തിങ്കൾ, ചൊവ്വാ) തീയതികളിൽ അരമന ചാപ്പലിൽ ഭക്തിനിർഭരമായ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണ്. സഭാമക്കൾ ഏവരും പരിശുദ്ധ പിതാക്കൻമാരുടെ ഓർമ്മപ്പെരുനാളിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്നു് നാം താല്പര്യപ്പെടുന്നു.

രണ്ടാം തീയതി തിങ്കളാഴ്ച വൈകിട്ടു 6 മണിക്ക് കോടിമതയിൽ നിന്ന് കബറുങ്കലേക്ക് ആരംഭിക്കുന്ന തീർത്ഥയാത്രയിലും റാസയിലും മൂന്നാം തീയതി രാവിലെ വി. കുർബാനയിലും ആ പള്ളിയിൽ നിന്ന് കഴിവുള്ളിടത്തോളം ആളുകൾ വന്നു സംബന്ധിച്ച് പെരുനാൾ ചടങ്ങുകൾ ഭംഗിയാക്കിത്തീർക്കണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1983 ഡിസംബർ 16–ാം തീയതി

നമ്പർ 312/83

നമ്മുടെ വികാരിയും ദേ
ശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും
കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:
പ്രിയരെ,

കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബ
റടങ്ങിയിരിക്കുന്ന പ: ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, പ:
ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നി പിതാക്കന്മാരുടെ ഓർമ്മ
പെരുന്നാൾ ആഘോഷമായി കൊണ്ടാടുന്നതിനെ പറ്റി ആലോ
ചിക്കുന്നതിനായി കോട്ടയം ടൌണിലും പരിസരങ്ങളിലുമുള്ള
പള്ളിക്കാരുടെ ഒരു യോഗം 1983 ഡിസംബർ 15-ാം തീയതി വ്യാ
ഴാഴ്ച്ച പകൽ 4 മണിക്ക് നമ്മുടെ കാതോലിക്കേറ്റ് അരമനയിൽ വച്ചു
കൂടുന്നതാണ്. അതിൽ ആ പള്ളി വികാരിയും മാനേജിംഗ് കമ്മറ്റി
അംഗങ്ങളും താല്പര്യമുള്ള മറ്റ് ആളുകളും വന്നു സംബന്ധിക്കണമെന്ന്
ശേഷം പിന്നാലെ

നമ്പർ 308/83

നമ്മുടെ..
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരൻമാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

25 വർഷക്കാലം മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന് ധീരതയോടെ സഭയെ നയിച്ച മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാലംചെയ്തിട്ട് അടുത്ത ഫെബ്രുവരി 23–ാം തീയതി 50 വർഷം തികയുകയാണ്. തിരുമനസ്സിലെ നിര്യാണത്തിന്റെ കനകജൂബിലി വിപുലമായി ആഘോഷിക്കണമെന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസും, മാനേജിംഗ് കമ്മറ്റിയും തീരുമാനിച്ചതനുസരിച്ച് അതു സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവനെപോലും ബലികഴിക്കുവാൻ തയ്യാറായി ആജീവനാന്തം പോരാടി വിജയം വരിച്ച ഈ പുണ്യപിതാവിനെപ്പററി പുതിയ തലമുറ മനസ്സിലാക്കുന്നതിനും അദ്ദേഹത്തിന്റെ മാതൃക പിന്തുടരുന്നതിനും ഇടയായിത്തീരത്തക്കവണ്ണം അദ്ദേഹത്തിന്റെ സ്മരണ വർഷംതോറും ആഘോഷമായിത്തന്നെ കൊണ്ടാടേണ്ടതാണ്. ജൂബിലി ആഘോഷങ്ങൾ മുഖ്യമായും ഈ ലക്ഷ്യം മുൻനിർത്തിയായിരിക്കും നടത്തപ്പെടുന്നത്. സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കേററിന്റെ പുനഃസ്ഥാപനത്തിൽ അദ്ദേഹം സ്വീകരിച്ച ധീരമായ നിലപാട് മലങ്കരസഭാചരിത്രത്തിൽ എക്കാലവും സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തപ്പെടും എന്നുള്ളതിന് സംശയമില്ല.

ഈ പിതാവിന്റെ ചരമ കനകജൂബിലി ദിനം–1984 ഫെബ്രുവരി 23–നമ്മുടെ എല്ലാ പള്ളികളിലും പെരുന്നാളായി കൊണ്ടാടണം. എന്നാൽ സഭയുടെ പൊതുവായ ആഘോഷങ്ങൾ വിപുലമായ തോതിൽ കോട്ടയത്തുവച്ച് ഫെബ്രുവരി 26–ാം തീയതി ഞായറാഴ്ചയാണ് ആഘോഷിക്കുന്നത്. അതിൽ നമ്മുടെ എല്ലാ പള്ളിക്കാരും സഹക

ജൂബിലി ആഘോഷങ്ങളിൽ ബംഗേറിയൻ ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷൻ പ. മാക്സിം പാത്രിയർക്കീസു ബാവായും വിദേശ സഭാപ്രതിനിധികളും ദേശീയ നേതാക്കളും ഇതര സമുദായാദ്ധ്യക്ഷന്മാരും മററും സംബന്ധിക്കത്തക്കവണ്ണമാണ് പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. സ്മര്യപുരുഷന്റെ ജീവിതത്തിലെ വിവിധ വശങ്ങളെ വിലയിരുത്തി ഒരു സിമ്പോസിയം നടത്തിക്കഴിഞ്ഞു. ഇനി ഒരു സോവനീർ പ്രസിദ്ധപ്പെടുത്തുക, ഒരു സ്ഥിരമായ എൻഡോവ്മെൻറ് അദ്ദേഹത്തിന്റെ നാമത്തിൽ ഏർപ്പെടുത്തുക, പെരുന്നാൾ വിപുലമായ രീതിയിൽ കൊണ്ടാടുക, അന്നേദിവസം വിദേശ സഭാപ്രതിനിധികളെ സ്വീകരിച്ചുകൊണ്ട് ഒരു വലിയ ഘോഷയാത്രയും പൊതുസമ്മേളനവും നടത്തുക മുതലായ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

ആഘോഷപരിപാടികൾക്ക് ഒരു ലക്ഷം രൂപായും എൻഡോവ്മെൻറിന് അഞ്ചു ലക്ഷം രൂപായും ആണ് സ്വരൂപിക്കേണ്ടിയിരിക്കുന്നത്.

ഈ വക കാര്യങ്ങൾക്ക് നമുക്ക് പ്രത്യേക ഫണ്ട് ഒന്നും ഇല്ലെന്ന് നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. അതതവസരങ്ങളിൽ നമ്മുടെ പള്ളിക്കാരും ജനങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന സംഭാവനകൾ മൂലമാണ് ഈവിധ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നത്. ഈ കാര്യത്തിലും നിങ്ങൾ ആത്മാർത്ഥമായി സഹകരിക്കുകയും ആ പുണ്യപിതാവിന്റെ നാമത്തിൽ നടത്തപ്പെടുന്ന ഈ പരിപാടികൾക്ക് ആ പള്ളിയിൽനിന്ന് ....രൂപയിൽ കുറയാതെ 1984 ജനുവരി 15–ാം തീയതിക്കു മുമ്പ് ഇവിടെ ലഭിക്കത്തക്കവണ്ണം നമ്മുടെ പേർക്ക് അയച്ചുതരികയും ചെയ്യണമെന്ന് നാം താല്പര്യപ്പെടുന്നു.

ആഘോഷങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ യഥാസമയം നിങ്ങളെ അറി

യിക്കുന്നതായിരിക്കും.

ശേഷം പിന്നാലെ,

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യക മറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽതന്നെ ആമീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...........................

1983 ഡിസംബർ 3–ാം തീയതി

.300/93 24-11-1983

His Holiness Patriarch Maxim
Bulgarian Orthodox Church
Sofia, BULGARIA.

Your Holiness,

We confirm having cabled to Your Holiness as follows;

"FRATERNAL WARM GREETINGS IN THE NAME OF OUR HOLY SYNOD – CORDIALLY INVITE YOUR HOLINESS BE CHIEF GUEST AT FIFTIETH ANNIVERSARY OF THE FALLING ASLEEP OF GEEVARGHESE MAR DIONYSIUS METROPOLITAN CHAMPION DEFENDER OF OUR CHURCH'S AUTONOMY AND INDEPENDENCE (STOP) KINDLY PLAN KERALA VISIT FEBRUARY 15TH TO 25TH 1984 (STOP) CABLE CONFIRMATION".

This is a great festive occasion for our Church. It was during the leadership of His Grace Mar Dionysius that the Catholicate of the East was re-established in India (1912), and for us the memory of Mar Dionysius is most inspiring and his intercessions a powerful force in the life of our Church.

We have in the past been honoured by the visits of the Russian, Romanian and Georgian Patriarchs, and we are anxious to have Your Holiness' visit next year. We remember with deep gratitude the warm and cordial reception we received from your Church some years ago.

Please take this invitation as most important, and make every effort to spare two weeks for us in February next year.

With warm fraternal greetings and best wishes for the feast of the Nativity of Our Lord and for the coming year.

Your Holiness' Brother in Christ,

നമ്പർ 299/83

നമ്മുടെ...
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരൻമാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

വാകത്താനത്തു് വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയ പൌരസ്ത്യ കാതോലിക്കാ പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ തിരുമനസ്സിലെ 55–ാം ഓർമ്മ പെരുനാൾ വള്ളിക്കാട്ടു് സെ. മേരീസ് ദയറാ ചാപ്പലിൽ 1983 ഡിസംബർ 16, 17 (വെള്ളി, ശനി) എന്നീ തീയതികളിൽ ആഘോഷിക്കുന്നതാണ്. പെരുന്നാളിനോടനുബന്ധിച്ചുള്ള കൺവൻഷനിലും, റാസയിലും വി. കുർബാനയിലും മററു ചടങ്ങുകളിലും ആ പള്ളിയിൽ നിന്ന് വൈദികരും ജനങ്ങളും നേർച്ചകാഴ്ചകളോടുകൂടി വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

കൂടാതെ ഡിസംബർ 18–ാം തീയതി ഞായറാഴ്ച ആ പള്ളിയിൽ വി. കുർബാനയിൽ ആ പിതാവിനെ ഓർക്കുകയും പ്രത്യേകം ധൂപപ്രാർത്ഥനയും മററും നടത്തുകയും ചെയ്യണം. ആ പിതാവിൻെറ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...........................

1983 നവംബർ 23–ാം തീയതി

നമ്പർ 255/83

പ്രിയരെ,

1887-ൽ റോമൻ കത്തോലിക്കാസഭയിൽ നിന്നു നമ്മുടെ സഭയിലേക്കു ചേർന്ന അൽവാറീസ് അച്ചനെ 1889-ൽ ഗോവക്കാരുടെയും, സിലോണിന്റെയും മെത്രാപ്പോലീത്തായായി അൽവാറീസ് മാർ യൂലിയോസ് എന്ന പേരിൽ കോട്ടയത്തു വച്ച് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, കടവിൽ മാർ അത്താനാസ്യോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നി മെത്രാപ്പോലീത്തമാർ ചേർന്ന് വാഴിക്കുകയുണ്ടായി. 31 വർഷക്കാലം ആ ദേശങ്ങളുടെ ആത്മീയ ശുശ്രൂഷ ഭംഗിയാം വിധം നിർവഹിച്ചു് 1923 സെപ്റ്റംബർ 23-ാം തീയതി അദ്ദേഹം ഗോവയിൽ വച്ചു് കാലംചെയ്തു.

റോമാക്കാരുടെ പീഡനം മൂലമാണ് ഗോവാ മുൻസിപ്പൽ സിമിത്തേരിയിൽ അദ്ദേഹത്തെ സംസ്കരിക്കയാണുണ്ടായത്. എന്നാൽ നമ്മുടെ ആളുകൾ ഇടപെട്ട് അവിടെ താമസമായവരോടുകൂടി അദ്ദേഹത്തെ പററി കൂടുതൽ അറിയുന്നതിനും അദ്ദേഹം വഴിയുള്ള ഉണർവ് ഉണ്ടാകുന്നതിനും ഇടയായി. ഗോവയിൽ ഇപ്പോൾ നമുക്കു സ്വന്തമായി രണ്ടു പള്ളികളും ഒരു പട്ടക്കാരനും ഉണ്ടു്.

1979-ൽ ബോംബെ ഭദ്രാസനാധിപനായ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ,

റോമാ ഉർബൻ സെമിനാരിയിൽനിന്നു അദ്ദേഹത്തിന്റെ
തിരുശേഷിപ്പുകൾ റോമയിൽ പള്ളിയിൽ മുമ്പായി
ബഹു. നമ്മുടെ പള്ളിയിലേക്കു മാറ്റിസ്ഥാപിച്ചു.

ഈ മാസം 23-ാം തീയതി അദ്ദേഹത്തിന്റെ
60-ാം ചരമവാർഷികദിനമാണ്. റോമയിൽ അദ്ദേഹത്തെ
സംസ്കരിച്ചിരുന്ന പള്ളിയിൽ 25-ാം തീയതി ഞായറാഴ്ച
മാർ തെയോഫിലോസ് മെത്രാപ്പോലീത്താ. വി. കുർബാന
അർപ്പിക്കയും ഓർമ്മപ്പെരുന്നാൾ ആഘോഷപൂർവ്വം നടത്തു
കയും ചെയ്യും. നമ്മുടെ എല്ലാ പള്ളികളിലും അന്നു ഞായറാഴ്ച
വി. കുർബാന അർപ്പിക്കയും അദ്ദേഹത്തിനുവേണ്ടി
പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യണം. അദ്ദേഹ
ത്തിന്റെ പ്രാർത്ഥന നമുക്കെല്ലാവർക്കും കോട്ടയായിരിക്കട്ടെ

ശേഷം പിന്നാലെ

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും
അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ എപ്പോഴും ഉണ്ടായി
രിക്കട്ടെ

[illegible] ബാവാ - - - -

1983 സെപ്റ്റംബർ 21-ാം തീയതി

നമ്പർ 168/83

നമ്മുടെ ....

പള്ളി വികാരിയും, ട്രസ്റ്റി പട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

നാം 1983 മാർച്ച് 12-ാം തീയതി 44/83-ാം നമ്പറായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചിരുന്നത നുസരിച്ച് നിങ്ങൾ സഭാദിനം (കാതോലിക്കാദിനം) വിവിധ പരിപാടികളോടുകൂടി ആചരിക്കുകയും കാതോലിക്കാ ദിനപ്പിരിവും [illegible] പൂർവ്വോപരി വിജയകരമായി നടത്തുകയും ആ രണ്ടു പിരിവുകളും ഏപ്രിൽ മാസാവസാനത്തോടുകൂടി പൂർത്തിയാക്കുകയും ചെയ്തിരിക്കുമല്ലോ. മുന്നാണ്ടുകളിലെപോലെ ഇക്കൊല്ലവും കേരളത്തിലുള്ള മെത്രാസനങ്ങളിൽപെട്ട പള്ളികളിലെ പിരിവുതുകകൾ നാം നേരിട്ടു സ്വീകരിക്കണമെന്നും അതിലേക്ക് ഓരോ മെത്രാസനത്തിലും അതതു മെത്രാസനത്തിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരണമെന്നും ആണ് നിശ്ചയിച്ചിരിക്കുന്നത്. ആ നിശ്ചയപ്രകാരം നിരണം മെത്രാസനത്തിലെ സമ്മേളനം 22-6-83 വ്യാഴാഴ്ച പകൽ രണ്ടുമണിക്ക് തിരുവല്ലാ ബഥനി അരമനയിൽവച്ചു കൂടുന്നതാണ്. ആ യോഗത്തിലേക്ക് ആ പള്ളി വികാരിയെയും കൈക്കാരനെയും സെക്രട്ടറിയെയും പള്ളിച്ചെലവിൽ അയയ്ക്കണം. കാതോലിക്കാ ദിനപ്പിരിവും [illegible] ആ പിരിവുകളുടെ ലിസ്റ്റുകളും അവർവശം കൊടുത്തയയ്ക്കുകയും ചെയ്യണം. മുൻ കൊല്ലങ്ങളിൽ ചില പള്ളികളിലെ പിരിവുകൾ യഥാസമയം പൂർത്തിയാക്കുകയോ പിരിവുസംഖ്യകൾ യോഗത്തിൽവച്ച് ഏല്പിക്കുകയോ ചെയ്യാതിരുന്നിട്ടുണ്ട്. ഈ വർഷം അങ്ങനെയുള്ള വീഴ്ചകൾ ഒന്നും വരാതിരിക്കാൻ എല്ലാ പള്ളിക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

ഇടവകയിലെ എല്ലാ ഭവനങ്ങളെയും കാതോലിക്കാദിനപ്പിരിവിൽ സഹകരിപ്പിക്കേണ്ടതു ഏററവും ആവശ്യമാണ്. ഏതെങ്കിലും ഭവനത്തിൽനിന്ന് ഇതിനകം പിരിവു ലഭിച്ചിട്ടില്ലെങ്കിൽ ആ ഭവനം ഒന്നുകൂടി സന്ദർശിച്ച് ന്യായമായ നിർബന്ധംചെലുത്തി പ്രേരിപ്പിച്ച് പിരിവു ഏററുവാങ്ങണം.

എല്ലാ ഇടവകകളിലെയും പിരിവു നിർദ്ദിഷ്ടദിവസംതന്നെ ഏല്പിക്കണം. ഏതെങ്കിലും കാരണവശാൽ വികാരിക്കോ കൈക്കാരനോ സെക്രട്ടറിക്കോ അന്നേദിവസം വന്നുചേരുവാൻ സാധിക്കുന്നില്ലെങ്കിൽ അവർക്ക് വരാൻ സാധിക്കാത്തതു എന്തുകൊണ്ടാണെന്ന് വിശദമാക്കിക്കൊണ്ടുള്ള ഒരു കത്തു സഹിതം മറ്റൊരാളുടെ കൈവശം പിരിവുകളും ലിസ്റ്റുകളും കൊടുത്തയയ്ക്കണം. ഇതിനു വീഴ്ച വരുത്തരുത്.

ഓരോ ഇടവകയിലെയും പിരിവുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചേർത്തു പൂർത്തിയാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ഫാറം ഇതോടൊപ്പം അയയ്ക്കുന്നുണ്ട്. ഈ ഫാറം കൃത്യമായി പൂർത്തിയാക്കി ഇടവക വികാരിതന്നെ ഒപ്പിട്ട് പിരിവുതുകയോടൊപ്പം അതും ഏല്പിക്കേണ്ടതാകുന്നു.

1982–ലെ കാതോലിക്കാദിനപ്പിരിവിലേക്ക് ആ മെത്രാസനത്തിൽപെട്ട പള്ളികളിൽവച്ച് ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ള പള്ളികൾക്കുള്ള ഷീൽഡുകളും സർട്ടിഫിക്കേറ്റുകളും പ്രസ്തുത യോഗത്തിൽവച്ച് നൽകുന്നതാണ്. [illegible] [illegible].

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളോ എല്ലാവരോടുംകൂടെ സദാ വദ്ധിച്ചിരിക്കുമാറാകട്ടെ.

1983 [illegible] 17–ാം തീയതി

നമ്മുടെ..
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

ഇക്കൊല്ലം സഭാദിനം (കാതോലിക്കാദിനം) മാർച്ച് 20–ാം തീയതി ഞായറാഴ്ച ആണ്. അന്നു രാവിലെ കൃത്യം 7 മണിക്ക് പള്ളിയിൽ പതാക ഉയർത്തുകയും വി. കർബാനമദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. വി. കർബാനയ്ക്കുശേഷം യോഗം ചേർന്ന് സഭാചരിത്രം, കാതോലിക്കാസിംഹാസനചരിത്രം, സഭയുടെ സ്വാതന്ത്ര്യസംരക്ഷണം ആദിയായ വിഷയങ്ങളിൽ ഇടവകാംഗങ്ങൾക്ക് വിജ്ഞാനം നൽകുന്ന പ്രസംഗങ്ങൾ ചെയ്യുക, അതുകഴിഞ്ഞ് എല്ലാവരും കാതോലിക്കേററ് പതാകയുടെ കീഴിൽ അണിനിരന്ന് സഭാദിനപ്രതിജ്ഞ എടുക്കുക, കാതോലിക്കാമംഗളഗാനം ആലപിക്കുക മുതലായ പരിപാടികളും ഉണ്ടായിരിക്കേണ്ടതാകുന്നു.

സഭാദിനാചരണത്തോട് അനുബന്ധിച്ച് നടത്തിവരുന്ന കാതോലിക്കാദിനപിരിവ് ഈ വർഷവും നടത്തുന്നു. കാതോലിക്കാദിനപ്പിരിവിനത്തിൽ ആണ്ടുതോറും പിരിഞ്ഞുകിട്ടുന്ന തുക കാതോലിക്കേററ് അരമന, എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആപ്പീസ്, കാതോലിക്കേററ് ആപ്പീസ്, മെത്രാസന ആപ്പീസുകൾ, വൈദികസെമിനാരി, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ, മിഷ്യനറി പ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, അനാഥസംരക്ഷണം, ആതുരസേവനം, അവികസിത പള്ളികളുടെ ഉദ്ധാരണം, കാതോലിക്കേററ് സെൻററുകളുടെ നിർമ്മാണം മുതലായവയ്ക്കാണല്ലൊ വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. മേൽ പറഞ്ഞ സ്ഥാപനങ്ങൾക്കും ആപ്പീസുകൾക്കും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ട ചെലവ് അടിക്കടി വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവ് പൂർവ്വാധികം വിജയകരമായി നടത്തേണ്ടിയിരിക്കുന്നു. ഇക്കൊല്ലം 7 ലക്ഷം രൂപാ ശേഖരിക്കാനാണ് ലക്ഷ്യം വെച്ചിട്ടുള്ളത്. ആയതിനാൽ ആ പള്ളിയിൽനിന്ന് രൂപയിൽ കുറയാതെ ഈ പിരിവിലേക്ക് നൽകേണ്ടതാകുന്നു. ആ തുകയിൽ കുറയാതെ പിരിഞ്ഞുകിട്ടത്തക്കവണ്ണം എല്ലാ ഗൃഹനായകന്മാരും സ്വന്തമായി വരുമാനമുള്ള മററ് അംഗങ്ങളും ഈ വർഷം മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉദാരമായി സംഭാവന ചെയ്യണമെന്ന് നാം താല്പര്യപ്പെടുന്നു. കാതോലിക്കാദിനപ്പിരിവിനുള്ള കവറുകളും ഫാറങ്ങളും കാതോലിക്കാദിനപ്പിരിവു സംബന്ധിച്ച വിജ്ഞാപനത്തിന്റെ പ്രതികളും എല്ലാ ഗൃഹനാഥന്മാർക്കും കൊടുക്കാനുള്ള ഫോറങ്ങളും നിങ്ങൾക്ക് അയച്ചിട്ടുണ്ട്. കവറുകളിലും ഫോറങ്ങളിലും അതതു ഗൃഹനാഥന്റെ പേരും വീട്ടുപേരും എഴുതിച്ചേർത്ത് അവ എല്ലാ ഭവനങ്ങളിലും എത്തിച്ചുകൊടുക്കുന്നതിലും മെയ് മാസാവസാനത്തിനു മുമ്പായി പിരിവ് പൂർത്തിയാക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരിൽനിന്നുമുള്ള റീശീസാ പിരിവും മെയ് മാസാവസാനത്തോടുകൂടി പൂർത്തിയാക്കണം. ഈ രണ്ടു പിരിവുകളും ജൂൺ മാസം 30–ാം തീയതിക്കു മുമ്പായി നമ്മുടെ പേർക്ക് അയച്ചുതരികയും ചെയ്യണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളോ എല്ലാവരോടുംകൂടെ സദാ വദ്ധിച്ചിരിക്കുമാറാകട്ടെ.

1983 മാർച്ചു് 5–ാം തീയതി

നമ്മുടെ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, പ: ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ ആഘോഷമായി കൊണ്ടാടുന്നതിനെ പററി ആലോചിക്കുന്നതിനായി കോട്ടയം ടൌണിലും പരിസരങ്ങളിലുമുള്ള പള്ളിക്കാരുടെ ഒരു യോഗം 1984 ഡിസംബർ 16-ാം തിയതി ഞായറാഴ്ച പകൽ മൂന്നരമണിക്ക് നമ്മുടെ കാതോലിക്കേറ്റ് അരമനയിൽ വച്ചു കൂടുന്നതാ

ണ്. അതിൽ ആ പള്ളി വികാരിയും മാനേജിംഗ് കമ്മററി അംഗ
ങ്ങളും താല്പര്യമുള്ള മററ് ആളുകളും വന്നു സംബന്ധിക്കണം.
ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നി
ങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ - - -

1984 ഡിസംബർ 11-ാംതീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

No. 247/84

Shri.Rajiv Gandhi
Prime Minister of India
New Delhi.

Dear Prime Minister Sri.Rajiv Gandhi:

In this time of the nation's sorrow and distress following the inhuman assassination of our beloved late Prime Minister Indira Gandhi, God has raised you up to bring stability, strength and direction to our nation. We want you to know that the more than 15 lakh Christians of the Orthodox Church under Our leadership are fervantly praying for you, that God may grant you the great strength and wisdom needed to guide our nation in these perilous time. On their behalf We extend to you Our humble blessings and good wishes.

May God be with you and with your colleagues as you make the difficult decisions that affect the destiny of Our people. May He endow you with peace of mind and strength of will as well as a compassionate heart, so that the people of our land may rejoice and praise God for your leadership.

Yours sincerely,

Baselius Marthoma Mathews I
Catholicos of the East and
Malankara Metropolitan

നമ്പർ 234/84

നമ്മുടെ..പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരൻമാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

1984 ജൂൺമാസം 9-ാം തീയതി കൂടിയ കോട്ടയം മെത്രാസന പൊതുയോഗം ഈ മെത്രാസനത്തിൽ സേവനമനുഷ്ഠിക്കുന്ന പട്ടക്കാരുടെയും ശുശ്രൂഷകരുടെയും വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനുള്ള ശുപാർശകൾ തയാറാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള കമ്മററി അവരുടെ റിപ്പോർട്ട് നമുക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ സംഗ്രഹം ഇതോടൊന്നിച്ചയക്കുന്നു. ഈ റിപ്പോർട്ടിനെപ്പററി ആലോചിച്ച് ശമ്പള പരിഷ്ക്കാര നിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകുന്നതിന് കോട്ടയം മെത്രാസനപ്പൊതുയോഗം 1984 നവംബർ 17-ാം തീയതി ശനിയാഴ്ച രാവിലെ 10. 30-ന് കോട്ടയം ബസ്സേലിയോസ് കോളജിൽവച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. യോഗത്തിലേക്ക് ആ പള്ളി വികാരിയേയും മെത്രാസന പ്രതിനിധികളെയും പള്ളിച്ചെലവിൽ അയക്കണം.

ശേഷം പിന്നാലെ.

1984 ഒക്ടോബർ 19-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 171/84

നമ്മുടെ .... പള്ളി വികാരിയും ശെമ്മാശന്മാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

നമ്മുടെ കൊല്ലം മെത്രാസനത്തിൽപ്പെട്ട ഏഴംകുളം സെ. മേരീസ് പള്ളി വികാരി ജോർജ് പെറിയാൻ കത്തനാരെ കഴിഞ്ഞ ഏപ്രിൽ മാസം 23-ാം തീയതി കുറിച്ചി ഹോമിയോ കോളജിന് സമീപത്ത് നടന്ന ജോളിവധക്കേസുമായി ബന്ധപ്പെടുത്തി അറസ്റ്റ് ചെയ്ത് കോട്ടയം സബ്ജയിലിൽ താമസിപ്പിച്ചിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഈ ജൂലൈ സമ്മേളനം ഈ കേസ് സംബന്ധിച്ച വിശദ വിവരങ്ങൾ മനസ്സിലാക്കുന്നതിന് സുന്നഹദോസിന്റെ പ്രതിനിധികളായി തോമസ് മാർ തിമോത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ നിയോഗിക്കുകയും, അവർ കോട്ടയം സബ്ജയിലിൽ ചെന്ന് ജയിൽ സൂപ്രണ്ടിന്റെ ഓഫീസിൽവച്ചു ജോർജ് പെറിയാൻ കത്തനാരെ കാണുകയും വിവരങ്ങൾ വിശദമായി ആരാഞ്ഞറിയുകയുമുണ്ടായി. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുന്നഹദോസ് ഈ കാര്യത്തെ സംബന്ധിച്ച് ചിന്തിക്കുകയും കേസ് നടത്തേണ്ടതാവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും അതിനാവശ്യമായ പണം പള്ളികളിൽനിന്നും വ്യക്തികളിൽനിന്നും പിരിച്ചെടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

ആയതിനാൽ ആ പള്ളിയിൽനിന്ന് ഗണ്യമായ ഒരു തുക ഈ ആവശ്യത്തിന് കൊല്ലം ഇടവകയുടെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പേർക്ക് ബിഷപ്സ് ഹൗസ്, ക്രോസ് ജംഗ്ഷൻ, കൊല്ലം-1 എന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കണം.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1984 ജൂലൈ 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന.. ....

....പള്ളിവികാരിയ്ക്കും കൈക്കാരനും വാഴ്‌വ്.

പ്രിയരെ,

നാം തുമ്പമൺ മെത്രാസനത്തിലെ എല്ലാ പള്ളികൾക്കുമായി 84-ൽ 157-ാം നമ്പരായി അയച്ച കല്പനയിൽ ചില പ്രത്യേക കാരണങ്ങളാൽ 1984-ലെ കാതോലിക്കാദിനപ്പിരിവ് 1984 ജൂലൈ മാസം 20-ാം തീയതിക്ക് മുൻപായി നമ്മുടെ പേർക്ക് അയച്ചുതരികയോ നമ്മെ ഏല്പിക്കുകയോ ചെയ്യണമെന്ന് അറിയിച്ചിരുന്നല്ലോ. എന്നാൽ മെത്രാസന വിഭജനകാര്യത്തെപ്പററി സംസാരിക്കുന്നതിനായി 3-7-1984-ൽ പത്തനംതിട്ടയിൽ എത്തിയ ഏഴംഗകമ്മററി ഏതോ ചില ധാരണയിലെത്തിയെന്നും അതിന് വിപരീതമായിട്ടാണ് നാം മേല്പറഞ്ഞ കല്പന അയച്ചതെന്നും ഇടവക മെത്രാപ്പോലീത്തായുടെ ദേഹാസ്വാസ്ഥ്യം മാറികഴിഞ്ഞ് കാതോലിക്കാദിനപ്പിരിവ് സ്വീകരിക്കുന്നതിനുള്ള തീയതി നിശ്ചയിച്ച് അറിയിക്കുന്നതുവരെ പിരിവ് തുകകൾ പള്ളികളിൽ സൂക്ഷിക്കേണ്ടതാണെന്നും കാണിച്ച് മെത്രാച്ചൻ 10-7-1984-ലെ 84-ൽ C 6-ാം നമ്പരായി പള്ളികൾക്ക് കല്പന അയച്ചിട്ടുള്ളതായി അറിയുന്നു. ഇതിൽ നമുക്ക് അത്ഭുതവും ആശങ്കയും ഉണ്ട്. സഭയുടെ വിവിധ ആവശ്യങ്ങൾക്കായുള്ള കാതോലിക്കാദിനപ്പിരിവ് യഥാകാലം പിരിച്ചെടുക്കേണ്ടത് നമ്മുടെ ചുമതലയാണ്. കേരളത്തിലെ മററെല്ലാ മെത്രാസനങ്ങളിലെയും പിരിവു് നടത്തിക്കഴിഞ്ഞിട്ടും തുമ്പമൺ മെത്രാസനത്തിലെ പിരിവ് നടത്തുവാൻ തരപ്പെടാതിരുന്ന പരിതസ്ഥിതിയിൽ ആണ് കഴിഞ്ഞ ഏതാനും വർഷങ്ങളിലെ പിരിവ് രീതിയിൽനിന്ന് വ്യതിചലിച്ച് 1977-ന് മുൻപുണ്ടായിരുന്ന രീതിയിൽ തുമ്പമൺ മെത്രാസനത്തിലെ പള്ളികളിൽ നിന്ന് ഈ വർഷത്തെ പിരിവ് സ്വീകരിക്കാമെന്ന് തീരുമാനിച്ചത്. ഇപ്രകാരം ഒരു

തീരുമാനം ചെയ്യുവാൻ പിരിവ് നടത്തുന്നതിന് ചുമതലപ്പെട്ട നമുക്ക് സ്വാതന്ത്ര്യമുണ്ട്". എന്നിരുന്നാലും 1984 ജൂലൈ 5-ാം തീയതി വൈകുന്നേരം കൈപ്പട്ടൂർ സെന്റ് ഇഗ്നാത്യോസ് ആശുപത്രിയിൽചെന്ന് അപ്പോൾ അവിടെ ചികിത്സയിലിരുന്ന ഇടവകമെത്രാപ്പോലീത്തായെ കണ്ട് അദ്ദേഹവുമായി ആലോചിച്ചതിനുശേഷം അദ്ദേഹത്തിന്റെകൂടെ അഭിപ്രായമനുസരിച്ചാണ് മേൽപറഞ്ഞ 157-ാം നമ്പർ കല്പന നാം അയച്ചത്. പ്രസ്തുത കല്പന അയച്ചതിനുശേഷം കിട്ടിയ മെത്രാച്ചന്റെ ഒരു കത്തിൽ മെത്രാസന വിഭജനത്തെപററി ഒരു ധാരണയുണ്ടായതിനുശേഷം കാതോലിക്കാദിനപ്പിരിവ് ശേഖരിക്കുന്നതാണ് നല്ലതെന്നും മേൽപറഞ്ഞ ഏഴംഗക്കമ്മററിയുമായി അപ്രകാരമുള്ള ധാരണ 3-7-1984-ൽ നടന്ന ചർച്ചയിൽ ഉണ്ടായിട്ടുണ്ടെന്നും മററും വിവരിച്ചിരുന്നു. എന്നാൽ നമ്മുടെ കല്പനയിലെ താല്പര്യത്തിന് വിരുദ്ധമായി ഇടവകമെത്രാപ്പോലീത്താ മറെറാരു കല്പന പുറപ്പെടുവിക്കുമെന്ന് പ്രസ്തുത കത്തിൽ യാതൊരു സൂചനയുമില്ലായിരുന്നു.

3-7-84-ലെ ചർച്ചാവേളയിൽ കാതോലിക്കാദിനപ്പിരിവു കാര്യത്തെപററി ചിന്തിക്കുകയോ എന്തെങ്കിലും ധാരണ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല എന്നാണ് ചർച്ചയിൽ പങ്കെടുത്തവർ നമ്മെ അറിയിച്ചിട്ടുള്ളത്.

പ്രിയരെ,

സഭയിലെ കീഴ്വഴക്കങ്ങൾക്കും ഭരണഘടനയ്ക്കും അനുസൃതമായാണ് മെത്രാസന വിഭജനം സംബന്ധിച്ച നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നത്. നിലവിലുള്ള കൊല്ലം, തുമ്പമൺ, നിരണം എന്നീ മൂന്ന് മെത്രാസനങ്ങൾ പുനർവിഭജനം ചെയ്ത് ഒരു പുതിയ മെത്രാസനം കൂടെ രൂപീകരിക്കുമ്പോൾ നിലവിലുള്ള മെത്രാസനങ്ങൾക്ക് പ്രയാസങ്ങൾ വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ടല്ലോ. ഓരോ മെത്രാസനത്തിൽനിന്നും പുതിയ മെത്രാസനത്തിലേക്ക് ചേർക്കപ്പെടുന്ന പള്ളികളുടെ എണ്ണം തുല്യമായിരിക്കണമെന്നുള്ളതിനേക്കാളുപരി അവശേഷിക്കുന്ന മെത്രാസനങ്ങൾ പള്ളികളുടെ എണ്ണം കൊണ്ടും സാമ്പത്തികമായും മററുവിധത്തിലും ഏതാണ്ട് തുല്യമായിരിക്കണമെന്ന തത്വം മുൻനിർത്തി വിഭജനം നടത്തുകയാണല്ലോ വേണ്ടത്. അതേസമയം പുതുതായി രൂപീകരിക്കുന്ന മെത്രാസനം സാമ്പത്തികമായും മററും തീരെ അപര്യാപ്തതയുള്ളതായിരിക്കുവാനും പാടില്ലല്ലോ. മെത്രാസന വിഭജന കമ്മററിയിൽ മൂന്നു മെത്രാസനങ്ങളിലെയും സെക്രട്ടറിമാർ അംഗങ്ങളായിരുന്നു. അപ്രകാരം മാനേജിംഗ് കമ്മററി തീരുമാനിച്ചത് ബന്ധപ്പെട്ട മെത്രാച്ചന്മാരുടെയും അഭിപ്രായം അനുസരിച്ചാണ്. വിഭജന കമ്മററി അടിസ്ഥാനമാക്കിയത് മെത്രാസന ഓഫീസുകളിൽനിന്ന് അയച്ചുകൊടുത്ത സ്ഥിതിവിവരക്കണക്കുകൾ ആയിരുന്നു. തന്നെയല്ല പള്ളികളുടെ ലിസ്ററിൽ എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് നാമും ബന്ധപ്പെട്ട മെത്രാച്ചൻമാരും ചേർന്ന് ഒന്നുകൂടി പരിശോധിക്കുന്നതാണ്. അതിനുശേഷം പ. സുന്നഹദോസ് ഇതേ സംബന്ധിച്ച് തീരുമാനം ചെയ്യുമ്പോൾ എന്തെങ്കിലും പാകപ്പിഴകൾ അവശേഷിക്കുന്നതായി കണ്ടാൽ അവ പരിഹരിക്കാവുന്നതുമാണ്.

നമ്മുടെ സഹോദരൻ തുമ്പമൺ ഇടവകയുടെ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായോട് നമുക്ക് ബഹുമാനമുണ്ട്. തുമ്പമൺ ഇടവകയ്ക്കുവേണ്ടി എന്നതുപോലെ സഭയുടെ അഭ്യുന്നതിക്കും കെട്ടുറപ്പിനും വേണ്ടി കഴിഞ്ഞ 31 കൊല്ലം അദ്ദേഹം നിസ്വാർത്ഥമായി അനുഷ്ടിച്ച സേവനത്തെ ആർക്കും വിസ്മരിക്കാനാവില്ല. അതുപോലെ അച്ചടക്കമുള്ള ഒരു സഭയ്ക്കുവേണ്ടിയാണ് അദ്ദേഹം എക്കാലവും നിലകൊണ്ടിട്ടുള്ളത്. എന്നാൽ നിർഭാഗ്യവശാൽ അടുത്ത കാലത്ത് പള്ളികൾക്കും മററും അയയ്ക്കപ്പെട്ടിട്ടുള്ള അദ്ദേഹത്തിന്റെ ചില കല്പനകളിൽ സഭയിലെ അച്ചടക്കം അവഗണിക്കപ്പെട്ടു കാണുന്നു. ഇപ്രകാരമുള്ള കല്പനകൾ നല്ല ശരീരസുഖമില്ലാതെയിരിക്കുന്ന അദ്ദേഹത്തിന്റെ ശരിയായ അറിവോ സമ്മതമോ കൂടാതെ തയാറാക്കി അയയ്ക്കപ്പെട്ടിട്ടുള്ളതാണെന്നാണ് നമ്മുടെ ബോദ്ധ്യം. അദ്ദേഹത്തിന്റെമേൽ സൂചിപ്പിച്ച 10-7-1984-ലെ C 6/84-ാം നമ്പർ കല്പന ഇതിനുദാഹരണമാണ്. അതുകൊണ്ട് പ്രസ്തുത കല്പന പള്ളിയിൽ വായിക്കുകയോ വായിക്കുവാൻ അനുവദിക്കുകയോ ചെയ്യരുത്.

നമ്മുടെ 84-ൽ 157-ാം നമ്പർ കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം 1984-ലെ കാതോലിക്കാദിനപ്പിരിവും റിശീസാപ്പിരിവും ഈ മാസം 20-ാം തീയതിക്ക് മുൻപായി നമ്മുടെ പേർക്ക് അയച്ചു തരികയോ നമ്മെ ഏല്പിക്കുകയോ ചെയ്യണം.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

1984 ജൂലൈ 12-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്

നമ്പർ 155/84

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന.. ....

....വാഴ്വ്.

പ്രിയനെ,

കാലംചെയ്ത കോട്ടയം ഇടവകയുടെ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ജൻമശതവാർഷികവും ഇരുപതാം ചരമവാർഷികവും സംയുക്തമായി 1985 ഏപ്രിൽ മാസത്തിൽ ആഘോഷിക്കുവാൻ 1984 ജൂൺ 9-ാം തീയതി കോട്ടയം ബസേലിയോസ് കോളജിൽ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ കോട്ടയം മെത്രാസനപ്പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം നാം അംഗീകരിച്ചനുവദിച്ചിരിക്കുന്നു.

ശതാബ്ദി സ്മാരകമായി പാമ്പാടി മാർ കുറിയാക്കോസ് ദയറായോടു ചേർന്ന് അനാഥക്കുട്ടികളെ താമസിപ്പിച്ച്, സംരക്ഷിച്ച് അവർക്ക് വിദ്യാഭ്യാസം നൽകത്തക്ക വണ്ണമുള്ള ഒരു ബാലഭവൻ സ്ഥാപിക്കണമെന്നും കെട്ടിടനിർമ്മാണം നേരത്തേതന്നെ പൂർത്തിയാക്കിക്കൊണ്ട് ശതാബ്ദിയാഘോഷവേളയിൽ ഈ സ്ഥാപനം ഉത്ഘാടനം ചെയ്യണമെന്നുമാണ് യോഗം നിശ്ചയിച്ചിട്ടുള്ളത്. ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മഹത്തായ ജീവിതാദർശങ്ങളെ സമുചിതമായി പ്രകാശിപ്പിക്കുന്ന ഒരു ശതാബ്ദിസ്മരണിക പ്രസിദ്ധപ്പെടുത്തും. നാലഞ്ചുദിവസങ്ങൾകൊണ്ട് നിർവഹിക്കപ്പെടേണ്ട ശതാബ്ദിയാഘോഷപരിപാടികളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ഈ കാര്യങ്ങളുടെ നിർവഹണത്തിനും അവയ്ക്കാവശ്യമായ ഫണ്ട് ശേഖരിക്കുന്നതിനുമായി 101 പേരടങ്ങിയ ഒരു കമ്മററി ആവശ്യമാണ്. പ്രിയനെ ഈ കമ്മററിയിൽ മെമ്പറായി നാം നിയമിച്ചിരിക്കുന്നു. കമ്മററിയുടെ പ്രസിഡണ്ട് മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായും വൈസ്പ്രസിഡൻറ് പി. സി. യോഹന്നാൻ റമ്പാനും കൺവീനർ പാമ്പാടി കെ. ജി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. ടൈററസ് വർക്കിയുമായിരിക്കും. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

1984 ജൂലൈ 3-ാം തീയതി

നമ്പർ 140/84

കർത്താവിൽ നമ്മുടെ സഹോദരൻ ഡാനിയേൽ മാർ
പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം

മെത്രാച്ചന്റെ ഈ മാസം 4-ാം തീയതിയിലെ കല്പന അനുസരിച്ച് പാമ്പാക്കുട St. ജോൺസ് കത്തീഡ്രലിൽ വച്ച് ഒരു യോഗം ജൂൺ 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കൂടുന്നതാണെന്നും ആ യോഗം കൂടിയാൽ സഭയുടെയും മെത്രാസനത്തിന്റെയും [illegible] [illegible] [illegible] വരുന്നതാണെന്നും [illegible] [illegible] ആ യോഗം കൂടരുതെന്നും മറ്റും വിവരിച്ച് ആ മെത്രാസനത്തിൽ ഉൾപ്പെട്ട വി. ജെ. ജോസഫ് കത്തനാർ മുതൽ പേർ നമുക്ക് ഇന്നലെ ഒരു അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് അവർ മെത്രാച്ചന് അയച്ച അപേക്ഷയുടെ ഒരു പകർപ്പ് നമുക്കും കിട്ടിയിട്ടുണ്ട്. അപ്രകാരം ഒരു യോഗം കൂടുന്നത് [illegible] [illegible] [illegible] ആ യോഗം കൂടാതെ ഇരിക്കുന്നതാണ് നല്ലത്. മെത്രാച്ചൻ അപ്രകാരം പ്രവർത്തിക്കണം.

1984 ജൂൺ 7-ാം തീയതി

No. 127/84

His Holiness Vasken I
Supreme Catholicos of All Armenians
Etchmiadzin, Soviet Armenia
U. S. S. R.

Your Holiness,

Fraternal Greetings and Warm regards in the name of the Risen Christ our Lord.

We have received Your Holiness' letter regarding a consultation of the Oriental Orthodox Churches on the BEM document of the W.C.C. Our Metropolitan Paulos Mar Gregorios has also reported to Us his conversation with Your Holines on this subject some weeks ago in Etchmiadzin.

We are sure that Your Holiness' intention is not to produce a document which expresses the official view of the Oriental Orthodox Churches on the B.E.M. document. This would have to be left to the individual churches and I understand that some of them have already done so. A discussion among the Oriental Churches on this subject at this stage would be of limited use only, we feel.

It may be much more useful to consider together, ways and means of promoting unity within and among the Oriental Churches, and promoting better relations with other Christian Churches. We should also consider together the questions of peace and justice in the world today, for we are all worried about the absence of both. I hope Your Holiness can think of formulating a more relevant agenda for such an Oriental Orthodox meeting, in consultation with all the Churches. I hope this can be done soon.

Your Holiness has to be commended for taking the initative in this matter, Once the agenda is reformulated we would all be glad, I am sure, to respond to Your Holiness' invitiation. It is important, however, to

have some preliminary papers prepared by a small group and distributed to all the churches for their comment before the actual meeting.

May the grace and mercy of Our Lord be with Your Holiness, and with all the priests and people of your venerable Church. Pray for us also.

No. 126/84

His Eminence Archbishop Seraphim
Archbishop of Athens and All Greece
Athens, Greece.

Your Eminence,

Fraternal and Warm greetings to you in the name of the Risen Lord.

We were pleased to receive your letter of February 1st and to know of your keen interest in the plight of the poor and the hungry. In our country several hundred million people still go hungry every day. Common efforts of Christian Churches in this regard have been going on now for a long time through the World Council of Churches and other ecumenical agencies, and we are grateful for the same.

We would be interested in knowing more details about what Your Eminence has in mind. We shall be happy to co-operate with any reasonable programme that will genuinely help the poor.

Metropolitan Dr.Paulose Mar Gregorios of Delhi will be in a position to consult further with you in this matter as a representative of our Church. He has considerable experience and knowledge in this field, and will be glad to be of service to you out of his vast world-wide experience in this field. We are told that Mar Gregorios will be visiting Athens in the first week of June on other business. We have asked him to get in touch with Your Eminence in this matter.

May the spirit of Pentecost bless and guide all your efforts for the benefit of the poor and the hungry.

With love in Christ,

Baselius Marthoma Mathews I
Catholicos of the East

നമ്മുടെ...

പള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നാം 1984 മാർച്ച് 10-ാം തീയതി 79/84-ാം നമ്പരായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച് നിങ്ങൾ സഭാദിനം (കത്തോലിക്കാദിനം) വിവിധ പരിപാടികളോടുകൂടി ആചരിക്കുകയും കത്തോലിക്കാദിനപ്പിരിവും മിഷൻസൺഡേപ്പിരിവും പൂർവ്വാധികം വിജയകരമായി നടത്തുകയും ആ രണ്ടു പിരിവുകളും പൂർത്തിയാക്കുകയും ചെയ്തിരിക്കുമല്ലോ. മുൻവർഷങ്ങളിലെ പോലെ ഇക്കൊല്ലവും കേരളത്തിലുള്ള മെത്രാസനങ്ങളിൽപെട്ട പള്ളികളിലെ പിരിവുകൾ നാം നേരിട്ടു സ്വീകരിക്കുന്നതും അതിലേക്ക് ഓരോ മെത്രാസനത്തിലും അതതു മെത്രാസനത്തിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരുന്നതും ആണ് തീരുമാനിച്ചിരിക്കുന്നത്. ആ നിശ്ചയപ്രകാരം മലബാർ മെത്രാസനത്തിലെ യോഗം 28-6-84 വ്യാഴം പകൽ പതിനൊന്നു മണിക്ക് കോഴിക്കോട് സെന്റ് ജോർജ് കത്തീഡ്രലിൽവച്ച് കൂടുന്നതാണ്. ആ യോഗത്തിലേക്ക് ആ പള്ളി വികാരിയും കൈക്കാരനും സെക്രട്ടറിയും പള്ളിച്ചെലവിൽ വരേണ്ടതും [illegible] കത്തോലിക്കാദിനപ്പിരിവും മിഷൻസൺഡേപ്പിരിവും ആ പിരിവുകളുടെ ലിസ്റ്റുകളും [illegible] കൊടുക്കുകയും ചെയ്യണം. മുൻകൊല്ലങ്ങളിൽ ചില പള്ളികളിലെ പിരിവുകൾ [illegible] പൂർത്തിയാക്കാതെ പിരിവുസംഖ്യകൾ യോഗത്തിൽവച്ച് ഏല്പിക്കാതെ [illegible]. ഇ[illegible] വീഴ്ചകൾ ഈ വർഷത്തിൽ എല്ലാ പള്ളിക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

ഇടവകയിലെ എല്ലാ ഭവനങ്ങളും കത്തോലിക്കാദിനപ്പിരിവിൽ പങ്കെടുപ്പിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. ഏതെങ്കിലും ഭവനങ്ങളിൽനിന്ന് ഇതിനകം പിരിവ് ലഭിച്ചിട്ടില്ലെങ്കിൽ ആ ഭവനം ഒരിക്കൽകൂടി സന്ദർശിച്ച് ഗൃഹനാഥനെ നിർബന്ധപൂർവ്വം പ്രേരിപ്പിച്ച് പിരിവ് ഏറ്റുവാങ്ങണം.

എല്ലാ ഇടവകകളിലെയും പിരിവ് യോഗദിവസം തന്നെ ഏല്പിക്കണം. ഏതെങ്കിലും കാരണവശാൽ വികാരിക്കും കൈക്കാരനും സെക്രട്ടറിക്കും യോഗദിവസം വരുവാൻ സാധിക്കുന്നില്ലെങ്കിൽ [illegible] ഏല്പിക്കേണ്ടതാണ് [illegible] പിരിവുകളും ലിസ്റ്റുകളും കൊടുത്തയക്കണം. ഇതിന് വീഴ്ച വരുത്തരുത്.

ഓരോ ഇടവകയിലെയും പിരിവുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചേർത്ത് പൂരിപ്പിക്കേണ്ട ഒരു ഫാറം ഇതോടൊപ്പം അയയ്ക്കുന്നു. ഈ ഫാറം കൃത്യമായി പൂരിപ്പിച്ച് ഇടവക വികാരി ഒപ്പിട്ട് പിരിവുകളോടൊപ്പം തന്നെ ഏല്പിക്കേണ്ടതാകുന്നു.

1983-ലെ കത്തോലിക്കാദിനപ്പിരിവിലേക്ക് ആ മെത്രാസനത്തിൽപെട്ട പള്ളികളിൽവച്ച് ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ള പള്ളികളുടെ പിരിവുകളും [illegible] പ്രത്യേകം [illegible]. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങൾ എല്ലാവരോടുംകൂടെ [illegible].

1984 മെയ് 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 128/84

നമ്മുടെ...

പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നമ്മുടെ സഭയിലെ വിവിധ ആത്മീയ പ്രസ്ഥാനങ്ങൾ കൂടുതൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടാണ് ഇരിക്കുന്നത് എന്നുള്ളതിൽ നമുക്ക് സന്തോഷമുണ്ട്. കുഞ്ഞുങ്ങളെ ദൈവ ഭയത്തിലും, അന്യോന്യ സ്നേഹത്തിലും, സഭയോടും പിതാക്കന്മാരോടുമുള്ള അനുസരണത്തിലും, ശിക്ഷണത്തിലും വളർത്തുന്നതിന് സണ്ടേസ്കൂൾ പ്രസ്ഥാനം വളരെ സഹായിക്കുന്നുണ്ട്. ''ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, വൃദ്ധനായാലും അവൻ അതിൽ നിന്നുവിട്ടു മാറുകയില്ല'' എന്ന ജ്ഞാനിയായ ശലോമോന്റെ വചനങ്ങൾ ഏറ്റവും അർത്ഥവത്താണ്. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വെക്കേഷൻ ബൈബിൾ സ്കൂൾ ക്ലാസ്സുകൾ ഇക്കാര്യത്തിൽ വലിയ ഉത്തേജനം നൽകുന്നുണ്ട്. അതിനനുസരണമായ പാഠപുസ്തകങ്ങൾ സണ്ടേസ്കൂളിനും ഒ. വി. ബി. എസ്സിനും പുതുതായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടാണ് ഇരിക്കുന്നത്.

സണ്ടേസ്കൂൾ ദിനമായ പെന്തിക്കോസ്തി ഞായറാഴ്ച, പള്ളികളിൽ നിന്നു ലഭിക്കുന്ന കാണിക്കയും വ്യക്തികളിൽ നിന്നു ലഭിക്കുന്ന കവർ പിരിവുമാണ് സാമ്പത്തികമായി ഈ പ്രസ്ഥാനങ്ങൾക്കു ലഭിക്കുന്ന മുഖ്യ സഹായം. ഈ വർഷം പെന്തിക്കോസ്തി ഞായറാഴ്ച, ജൂൺ 10–ാം തീയതിയാണ്. അന്നു നടത്തുന്ന കവർപിരിവിൽ നമ്മുടെ ജനങ്ങൾ ആത്മാർത്ഥമായി സഹകരിച്ച് ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കണം. അന്നേ ദിവസത്തെ കാണിക്ക പ്രത്യേകമായി എടുത്ത് പള്ളിയിൽനിന്നുള്ള സംഭാവനയും ചേർത്ത് സണ്ടേസ്കൂൾ പ്രസ്ഥാനത്തിനു നൽകണം. അന്ന് വി. കുർബാന ഇല്ലാത്ത പള്ളികളിൽ അതിനടുത്ത ഞായറാഴ്ച, കാണിക്ക എടുത്ത് നൽകണം.

കാണിക്കയും കവർ പിരിവും സണ്ടേസ്കൂൾ കേന്ദ്ര ഓഫീസിലേക്ക് വെരി. റവ. റവി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ, സണ്ടേസ്കൂൾ കേന്ദ്ര ഓഫീസ് കോട്ടയം–686038 എന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കണം.

എന്ന്, 1984 മേയ് 4–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 80/84

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും സഹപട്ടക്കാർക്കും വാഴ്വ്.

പ്രിയരെ,

1983 ജൂലൈ 23–ാം തീയതി വടവാതൂർ സെ. തോമസ് അപ്പോസ്തോലിക സെമിനാരിയിൽ കൂടിയ വിവിധ ക്രൈസ്തവസഭാ മേലദ്ധ്യക്ഷൻമാരുടെ സമ്മേളനം നിയോഗിച്ച ബിഷപ്പ്സ് കൗൺസിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവന ഇതോടൊന്നിച്ച് അയയ്ക്കുന്നു. അതു പള്ളിയിൽ വായിക്കണം. പ. തോമ്മാശ്ലീഹാ നിലയ്ക്കൽ സ്ഥാപിച്ച പള്ളി നമുക്ക് നഷ്ടപ്പെട്ടുപോയെങ്കിലും അവിടെ കേരള ക്രൈസ്തവസഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പുതിയ പള്ളി പണിയാനുള്ള ഭാഗ്യം നമുക്ക് ഇപ്പോൾ കൈവന്നിരിക്കയാണ്. ഒരു താല്ക്കാലിക പള്ളി അവിടെ ഇപ്പോൾ പണിതീർന്നിട്ടുണ്ട്. ആ പള്ളിയുടെ പ്രതിഷ്ഠാകർമ്മം 1984 ഏപ്രിൽ 8–ാം തീയതി നടക്കുകയാണ്. അന്ന് നമ്മുടെ സഭാദിനം സംബന്ധിച്ച പരിപാടികൾ എല്ലാ പള്ളികളിലും ഉണ്ടെങ്കിലും കഴിവുള്ളിടത്തോളം നമ്മുടെ വൈദികരും ആളുകളും ഈ പ്രതിഷ്ഠാകർമ്മത്തിൽ സംബന്ധിക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ നല്കുകയും ചെയ്യണം.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

1984 മാർച്ച് 12–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

നമ്പർ 79/84

നമ്മുടെ.... ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരൻമാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ഇക്കൊല്ലം സഭാദിനം (കാതോലിക്കാദിനം) ഏപ്രിൽ 8-ാം തീയതി ആണല്ലോ. അന്ന് കൃത്യം ഏഴു മണിക്ക് പള്ളിയിൽ പതാക ഉയർത്തുകയും വി. കുർബാനമദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും വി. കുർബാനയ്ക്കുശേഷം യോഗംകൂടി സഭയുടെ വിശ്വാസം, ചരിത്രം, സ്വാതന്ത്ര്യം, ഭരണഘടനാപദ്ധതികൾ, കാതോലിക്കാസിംഹാസനം മുതലായവയെപ്പറ്റി ഇടവകാംഗങ്ങൾക്ക് പ്രബോധനം നൽകുകയും ചെയ്യണം. യോഗം കഴിഞ്ഞ് എല്ലാവരും കാതോലിക്കേറ്റ് പതാകയുടെ കീഴിൽ അണിനിരന്ന് സഭാദിനപ്രതിജ്ഞ എടുക്കുകയും കാതോലിക്കാ മംഗളഗാനം ആലപിക്കുകയും ചെയ്യേണ്ടതാകുന്നു.

കാതോലിക്കാദിനാചരണത്തോട് അനുബന്ധിച്ചു നടത്തിവരുന്ന കാതോലിക്കാദിനപ്പിരിവ് ഈ വർഷം പൂർവാധികം വിജയകരമാക്കേണ്ടതിന്റെ ആവശ്യം നാം 1984 ഫെബ്രുവരി 20-ാം തീയതി 57/84-ാം നമ്പരായി അയച്ച കല്പനയിൽ വ്യക്തമാക്കിയിരുന്നു. ആ കല്പനപ്രകാരം ആ മെത്രാസനത്തിൽപെട്ട പള്ളികളിലെ വികാരിമാരുടെയും കൈക്കാരൻമാരുടെയും സെക്രട്ടറിമാരുടെയും ആദ്ധ്യാത്മിക സംഘടനാപ്രതിനിധികളുടെയും തല്പരരായ മറ്റുള്ളവരുടെയും യോഗംകൂടി ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവു സംബന്ധിച്ച കാര്യങ്ങളെപ്പററി ആലോചിച്ചതിൽ, ആ പള്ളിയിൽനിന്ന് [illegible] രൂപയിൽ കുറയാതെ സംഭാവന ചെയ്യണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് അതിൽ കുറയാത്ത ഒരു തുക ശേഖരിക്കത്തക്കവണ്ണം എല്ലാ ഗൃഹനായകൻമാരും സ്വന്തമായി വരുമാനമുള്ള മററ് അംഗങ്ങളും ഉദാരമായി സംഭാവന ചെയ്യണം. കാതോലിക്കാദിനപ്പിരിവിനുള്ള കവറുകൾ, ഫാറങ്ങൾ, വിജ്ഞാപനങ്ങൾ, ഫോംഡറുകൾ മുതലായവ മേൽ പറഞ്ഞ യോഗത്തിൽവച്ച് പള്ളി

[illegible]

ആപ്പീസിൽനിന്ന് ഉടനെതന്നെ ഏററുവാങ്ങിക്കൊള്ളേണ്ടതാകുന്നു. കവറുക, ഫോംഡറുകളിലും ഗൃഹനാഥന്റെ പേരും വീട്ടുപേരും എഴുതി ചേർത്ത് എല്ലാ ഭവനങ്ങളിലും സഭാദിനത്തിനു മുമ്പ് എത്തിച്ചുകൊടുക്കുകയും ഇടവക ജിങ്ങ് കമ്മററി അംഗങ്ങളും ആത്മീയസംഘടനാപ്രതിനിധികളും സ്ക്വാഡുക പിരിഞ്ഞ് പട്ടക്കാരുടെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ച് സംഭാതുകകൾ അടക്കംചെയ്തിട്ടുള്ള കവറുകൾ തിരിച്ചു വാങ്ങിക്കുകയും പിരിവ് മാസാവസാനത്തിനു മുമ്പായി പൂർത്തിയാക്കേണ്ടതുമാകുന്നു. ഈ പിരിവു തുക ശേഖരിക്കുന്നതിന് മുൻകൊല്ലങ്ങളിലെപ്പോലെ മെത്രാസനതലത്തിൽ യോഗം ...ുന്നതായിരിക്കും. ആ യോഗം ചേരുന്ന വിവരത്തിന് നാം പിന്നാലെ കല്പന ...യ്ക്കുന്നതാണ്.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

... മാർച്ച് 10-ാം തീയതി
...ദ്ദയം കാതോലിക്കേററ്
...മനയിൽനിന്ന്

നമ്പർ 66/84

നമ്മുടെ..
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരൻമാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ കർത്താവിന്റെ ഉയിർപ്പ് പെരുനാളിൽ സംബന്ധിച്ച് പുതുജീവൻ പ്രാപിപ്പാൻ നമ്മെ ഒരുക്കുന്ന വിശുദ്ധ വലിയ നോമ്പ് ഈ വർഷം മാർച്ച് നാലാം തീയതി ആണല്ലോ ആരംഭിക്കുന്നത്. ലോകവ്യാപാരങ്ങളിൽ ഏർപ്പെട്ടുജീവിക്കുന്ന വ്യക്തികൾ ആത്മചൈതന്യം പ്രാപിക്കുവാൻ ഉതകുന്നതാണ് നോമ്പ്. നോമ്പു കാലങ്ങളിൽ പ്രാർത്ഥനയിലും ഉപവാസത്തിലും കൂടി ജീവിതം കൂടുതൽ ചിട്ടയിൽ കൊണ്ടു വരുന്നതിന് സാധിക്കുന്നു. ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിയാക്കുവാനും, ജഡമോഹങ്ങളെ നിരോധിച്ചുകൊണ്ട് ആത്മാവിനെ ദൈവിക കാര്യങ്ങളിലേക്ക് ഉയർത്തുവാനും നോമ്പ് സഹായിക്കുന്നു. ഉദരസ്നേഹം അനേക പാപങ്ങളുടെ മാതാവാകയാൽ അതിൽ നിന്ന് ഉളവാകുന്ന പാപങ്ങളെ നിയന്ത്രിക്കുവാൻ നോമ്പ് ഉപകരിക്കുന്നു. ഭക്ഷണ കാര്യങ്ങളിലുള്ള നിയന്ത്രണം പോലെതന്നെ അസൂയ, അഹങ്കാരം, ഗർവ്വം, വൈരാഗ്യം, വിദ്വേഷം മുതലായി മനുഷ്യരെ അധ:പതിപ്പിക്കുന്ന കാര്യങ്ങളെയും നിയന്ത്രിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നോമ്പുകാലങ്ങളിൽ ധ്യാനയോഗങ്ങളിലും അതുപോലെ പശ്ചാത്താപത്തിന് സഹായിക്കുന്ന ആദ്ധ്യാത്മിക പരിപാടികളിലും പങ്കു ചേർന്നുകൊണ്ട് യഥാർത്ഥമായ കുമ്പസാരം നടത്തി കർത്താവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുവാൻ കൂടുതൽ അവസരം ഉണ്ടാക്കണം. അപ്പോൾ വ്യക്തികൾക്ക് ജീവനും സമൃദ്ധിയായ ജീവനും ലഭിക്കുകയും സഭ കൂടുതൽ ചൈതന്യപ്രദമാകുകയും ചെയ്യും. ആതുര സേവനത്തിനും സഹായമർഹിക്കുന്നവർക്ക് അത് എത്തിച്ചുകൊടുക്കുന്നതിനും നോമ്പ് കാലത്ത് പ്രാർത്ഥനയ്ക്ക് കൊടുക്കുന്നതുപോലെ ശ്രദ്ധ നാം കാണിക്കണം. അങ്ങനെ ഉന്നതങ്ങളിൽ ദൈവത്തോടും സമാന്തരമായി സമസൃഷ്ടങ്ങളോടും ഉള്ള

നമ്പർ 42/84

നമ്മുടെ ഏറ്റം വാത്സല്യമക്കൾക്കു വാഴ്വ്

പ്രിയരെ, കഴിഞ്ഞ ഒമ്പതു വർഷങ്ങളായി നടന്നുവരുന്ന സഭാചരിത്രം ഈ നവംബർ 26-ാം തീയതിയോടു കൂടി പ്രസിദ്ധീകരിക്കുവാൻ ഇടവരുന്ന വിവരം അറിയുന്നതിൽ നാം അത്യധികം സന്തോഷിക്കുന്നു. വിശുദ്ധ സഭയുടെ സത്യവിശ്വാസാചാരങ്ങൾ നമ്മുടെ മക്കളിലേക്കു പകർന്നു കൊടുക്കുന്നതിൽ സഭാചരിത്രം പോലുള്ള പ്രസിദ്ധീകരണങ്ങൾ വളരെ സഹായിക്കുമെന്നുള്ളതിൽ സംശയമില്ല. സത്യസഭയുടെ പിതാക്കളും വിശ്വാസികളുടെ ധീരതയും സഭാചരിത്രത്തിൽ കാട്ടിക്കൊണ്ട് നാം അനുസ്മരിക്കുന്നു.

നമ്മുടെ വാത്സല്യമക്കളെ! നിങ്ങൾ ദൈവഭക്തിയിൽ വർദ്ധിക്കുന്നവരും സത്യവിശ്വാസത്തിൽ നിലനിൽക്കുന്നവരും ക്രിസ്തീയ ജീവിതത്തിൽ തളർന്നു പോകാതെ മുന്നേറുന്നവരും സഭയെ സ്നേഹിക്കുന്നവരും ആയിത്തീരുവിൻ.

നമ്മുടെ പൂർവ്വ പിതാക്കന്മാർ

ഏതു ത്യാഗം സഹിച്ചുമാണ് സഭാ മക്കളും സഭയ്ക്കു വേണ്ടി ...

ഭവിക്കുന്ന ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഓർത്തു നാം
ഹൃദയപൂർവ്വം ദുഃഖിക്കുകയും അവർക്കുവേണ്ടി
ദൈവത്തിനുമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിക്കുകയും
ചെയ്യുന്നു. സഭാമക്കൾ എല്ലാവരും അവർക്കുവേണ്ടി
എപ്പോഴും പ്രാർത്ഥിക്കേണ്ടതു എല്ലാവരുടേയും കർത്ത
വ്യമാകുന്നുവെന്ന് ഈ സമയത്തു നാം ഓർപ്പിക്കുന്നു.
അവരുടെ യാതനകൾക്കു ദൈവം തമ്പുരാൻ പ്രതിഫലം
നൽകട്ടെ. സഭാചരിത്രകാരുടെ പുനഃ പ്രസിദ്ധീകരണം
അവരുടെ നിലപാടുകളെ ചെയ്തുന്നങ്ങളെ അറിയി
ക്കുന്നതിനു അനുഭവ അവരിൽനിന്ന് സഹകരണവും
പ്രോത്സാഹനവും ലഭിക്കുന്നതിനു ഇടയാകുമെന്ന്
നാം വിശ്വസിക്കുന്നു

ദൈവം തമ്പുരാൻ നിങ്ങളെ എല്ലാവരേയും
അനുഗ്രഹിക്കട്ടെ.

1984 ജനുവരി 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

നമ്പർ 34/84

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഇടവക വികാരിമാർക്കും സഹപട്ടക്കാർക്കും വാഴ്വ്.

പ്രിയരെ,

ഈ വർഷം ദനഹാ പെരുന്നാളിനു ശേഷം 6 ഞായറാഴ്ചകരം കഴിഞ്ഞാണ് പട്ടക്കാരുടെ ഓർമ്മയുടെ ഞായർ. എന്നാൽ വായനക്കുറിപ്പിൽ 5 ഞായറാഴ്ചയ്ക്കുള്ള വായനകരം മാത്രമെ ക്രമീകരിച്ചിട്ടുള്ളു. അതുകൊണ്ട് ദനഹായ്ക്കു ശേഷം 6–ാം ഞായറാഴ്ച താഴെപ്പറയുന്ന വേദഭാഗങ്ങരം വായിക്കണം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

1984 ജനുവരി 4–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നു്

ദനഹാ കഴിഞ്ഞ് 6–ാം ഞായർ (1984 ഫെബ്രുവരി 12–ാം തീയതി)

സന്ധ്യ:
വി. മത്തായി 5: 1–16
വി. മത്തായി 13: 36–43

വി. കർബ്ബാനയ്ക്കു മുമ്പ്:
ആദ്യപുസ്തകം 32: 22–32
പുറപ്പാട് 15: 22–27
ന്യായാധിപന്മാർ 7: 1–8
1 ശമുവേൽ 7: 1–13
യെഹസ്കിയേൽ 36: 23–32

വി. കർബ്ബാനയ്ക്ക്:
അപ്പോ. പ്രവൃ. 19: 1–7
റോമർ 6: 12–23
വി. ലൂക്കോസ് 3: 1–14

നമ്പർ 363/85

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, പ. ബസേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുനാൾ 1986 ജനുവരി 2, 3 (വ്യാഴം, വെള്ളി) തീയതികളിൽ അരമന ചാപ്പലിൽ ഭക്തിനിർഭരമായ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണ്. സഭാമക്കൾ ഏവരും പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മ പെരുന്നാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

രണ്ടാം തീയതി വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് കോടിമതയിൽനിന്ന് കബറിങ്കലേക്ക് ആരംഭിക്കുന്ന തീർത്ഥയാത്രയിലും റാസയിലും, മൂന്നാം തീയതി രാവിലെ വി. കുർബാനയിലും ആ പള്ളിയിൽനിന്ന് ആളുകൾ വന്ന് സംബന്ധിച്ച് പെരുനാൾ ചടങ്ങുകൾ ഭംഗിയാക്കിതീർക്കണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1985 ഡിസംബർ 21-ാം തീയതി

നമ്പർ 346/85

നമ്മുടെ ....
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ മലബാർ ഭദ്രാസനം പല പ്രതികൂല സാഹചര്യങ്ങളും തരണംചെയ്ത് ക്രമേണ പുരോഗമിച്ചുവരികയാണ്. 1966-ൽ തോമസ് മാർ തീമോത്തിയോസ് മെത്രാച്ചനെ ആ ഭദ്രാസനത്തിന്റെ ചുമതല ഏല്പിച്ചതുമുതൽ അവിടെ ധാരാളം പുതിയ പള്ളികളും വിദ്യാലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആ മെത്രാസനം ഇന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുകയാണ്.

മലബാർ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് താമസിക്കുന്നതിന് സൗകര്യമായ ഒരു കെട്ടിടം ഇല്ല എന്നുള്ളത് ഒരു വലിയ പോരായ്മയായി നാം കാണുന്നു. പ്രാരംഭത്തിൽ അവിടെ ഒരു അരമന കെട്ടിടം ഉണ്ടാക്കിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആയത് വേണ്ടവിധം ബലവത്താക്കി പണിയാൻ സാധിക്കാതിരുന്നതിനാൽ ഇന്ന് അത് താമസയോഗ്യമല്ലാതായിതീർന്നിരിക്കുന്നു. ആയതിനാൽ പുതിയ ഒരു അരമനകെട്ടിടം പണിയിക്കുന്നതിന് പ്രാരംഭം ഇട്ടിരിക്കയാണ്. തീമോത്തിയോസ് മെത്രാച്ചനും അവിടെ അതിഥികളായി വരുന്ന മററ് മേല്പട്ടക്കാർക്കും വൈദികർക്കും മററുള്ളവർക്കും താമസിക്കുന്നതിനും ഭദ്രാസന ആപ്പീസിനും മററും വേണ്ട സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. 10 ലക്ഷം രൂപയിൽ കുറയാതെ ആയതിന് ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കാലത്ത് ഇത് ഒരു വലിയ സംഖ്യയല്ലെങ്കിലും മലബാർ ഭദ്രാസനത്തെ സംബന്ധിച്ചിടത്തോളം ഈ തുക അപ്രാപ്യമായ ഒന്നാണ്.

കെട്ടിടം പണിയിക്കുന്നതിനും മററുമായി തീമോത്തിയോസ് മെത്രാച്ചൻ വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. കഴിവുള്ള പള്ളികളും ജനങ്ങളും ഈ സംരംഭത്തിൽ മെത്രാച്ചനെ സഹായിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ സംഭാവനകൾ യഥാവസരം അദ്ദേഹത്തെ നേരിട്ടോ തപാൽ മുഖാന്തിരമോ ഏല്പിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

[illegible] നവംബർ 27-ാം തീയതി

നമ്പർ 327/85

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരൻമാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

വിസ്തൃതമായ മലബാർ മെത്രാസനം വിഭജിച്ചും മദ്രാസ് മെത്രാസനത്തിൽ നിന്ന് ഏതാനും പള്ളികൾ ചേർത്തും, സുൽത്താൻബത്തേരി കേന്ദ്രമാക്കി ഒരു പുതിയ മെത്രാസനം രൂപീകരിക്കുന്നത്, സഭയുടെ അഭിവൃദ്ധിക്കും വികസനത്തിനും ആവശ്യമാണെന്ന് അഭിപ്രായമുണ്ടാകയാൽ 1984 സെപ്റ്റംബർ 21-ാം തീയതി കൂടിയ മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടുകൂടിയും 1985 ഒക്ടോബർ 22-ാം തീയതി കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസിൻെറ ശുപാർശയനുസരിച്ചും താഴെ പേർ പറയുന്ന 57 പള്ളികൾ ഉൾപ്പെടുത്തി, സുൽത്താൻബത്തേരി കേന്ദ്രമാക്കി, സുൽത്താൻബത്തേരി മെത്രാസന ഇടവക എന്ന പേരിൽ ഒരു പുതിയ മെത്രാസന ഇടവക രൂപീകരിച്ചിരിക്കുന്നു എന്ന വിവരം ഇതിനാൽ നാം പ്രഖ്യാപിക്കുന്നു.

സുൽത്താൻ ബത്തേരി മെത്രാസനത്തിൽ പെട്ട പള്ളികൾ

A. മലബാർ മെത്രാസനത്തിൽ നിന്നുള്ളവ

1. അമ്പായത്തോട് സെ. മേരീസ് 2. അമ്പലവയൽ സെ. ജോർജ് 3. അമ്മേരിക്കൽപാറ സെ. ജോർജ് 4. ആറളം സെ. ജോർജ് 5. അറമ്പി മാർ യൂഹാനോൻ 6 അരിപ്രോഡ് സെ. തോമസ് 7. അയ്യങ്കൊല്ലി സെ. തോമസ് 8. ഇടവെട്ടി മാർ ഗ്രീഗോറിയോസ് 9. ഇരുമനത്തൂർ സെ. ജോൺസ് 10. കണിയാംപാറ സെ. ജോർജ് 11. കടൽമാട് സെ. മേരീസ് 12. കമ്മന താബോർ സെ. ജോർജ് 13. കമ്മന സീനായ്കുന്ന് സെ. ജോർജ് 14. കല്പറ്റ സെ. മേരീസ് 15. കാരക്കൊല്ലി സെ. മേരീസ്, 16. കാര്യമ്പാടി സെ. ജോർജ് 17. കല്ലുമുക്ക് സെ. ജോർജ് 18. കുറിച്ചിർമല സെ. മേരീസ് 19. കുറുമ്പാല സെ. ജോർജ് 20. കേളകം സെ. തോമസ് 21. കേളകം സെ. ജോർജ് 22. കൊളഗപ്പാറ സെ. തോമസ് 23. കൊളപ്പള്ളി സെ. പീറ്റേഴ്സ് 24. കൊമ്മേരി സെ. ജോർജ് 25. കോളിയാടി മാർ പൗലോസ് പൗലൂസ് 26. കോറോം സെ. മേരീസ് 27. ഗൂഡല്ലൂർ സെ. മേരീസ് 28. ചിതലയം സെ. ജോർജ് 29. ചീയമ്പം മാർ ബസേലിയോസ് 30. ചീങ്ങേരി സെ. മേരീസ് 31. ചെട്ടിയാമ്പാമ്പ് സെ. മേരീസ് 32. ചീരാൽ മാർ ബഹനാൻ 33. ചെറൂർ സെ. മേരീസ് 34. തരിയോട് സെ. മേരീസ് 35. തൃക്കൈപ്പറ്റ സെ. തോമസ് 36. താളൂർ സെ. മേരീസ് 37. തോട്ടാമൂല മാർ കുറിയാക്കോസ് 38. പട്ടാണിക്കൂപ്പ് സെ. മേരീസ് 39. പുത്തൂമല (ചൂരൽമല) സെ. ജോർജ് 40. പേരിയ മാർ ഗീവർഗീസ് 41. പൊൻവയൽ സെ. മേരീസ് 42. പുൽപ്പള്ളി സെ. ജോർജ് 43. ബഡേരി സെ. ജോർജ് 44. മങ്ങോട് സെ. ജോർജ് 45. മണിക്കോട് സെ. മേരീസ് 46. മാക്കടവ് സെ. ജോർജ് 47. മലങ്കരക്കുന്ന് സെ. തോമസ് 48. മാനന്തവാടി സെ. തോമസ് 49. മീനങ്ങാടി സെ. പീറ്റേഴ്സ് 50. മൂലങ്കാവ് സെ. ജോൺസ് 51. മേപ്പാടി സെ. ജോർജ് 52. വഞ്ചിയം സെ. ജോർജ് 53. വടക്കനാട് സെ. തോമസ് 54. വൈത്തിരി സെ. മേരീസ് 55. സുൽത്താൻ ബത്തേരി സെ. മേരീസ് കത്തീഡ്രൽ

B. മദ്രാസ് മെത്രാസനത്തിൽ നിന്നുള്ളവ

1. ഹെഗ്ഗ്ളാ മാർ ഗ്രീഗോറിയോസ് 2. സിദ്ദാപൂർ സെ. മേരീസ്

ഈ മെത്രാസന ഇടവക ഇന്ന് (23-10-1985) മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. പുതിയ മെത്രാസന ഇടവകയ്ക്ക് ഒരു മേൽപട്ടക്കാരനെ മുറപ്രകാരം നിയമിക്കുന്നതുവരെ ഈ മെത്രാസന ഇടവക നമ്മുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്നതാകുന്നു.

1985 ഒക്ടോബർ 23-ാം തീയതി

നമ്പർ 295/85

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മലങ്കരസുറിയാനിക്രിസ്ത്യാനി അസോസ്യേഷൻ മാനേജിംഗ് കമ്മററി മെംബർ...വാഴ്വ്.

പ്രിയനെ,

1985 ഒക്ടോബർ 23-ാം തീയതി ബുധനാഴ്ച കോട്ടയം എം. ഡി. സിമ്മനാരി അങ്കണത്തിൽ കൂടുവാൻ നിശ്ചയിച്ചിട്ടുള്ള മലങ്കര സുറിയാനിക്രിസ്ത്യാനി അസോസ്യേഷൻ യോഗം സംബന്ധിച്ച് നാം 1985 ജൂലൈ 10-ാം തീയതി അയച്ച 219 (a) / 85-ാം നമ്പർ നോട്ടീസ് കല്പനയും അസോസ്യേഷൻ യോഗനടപടിചട്ടങ്ങളും കിട്ടിയിട്ടുണ്ടല്ലോ. ആ നടപടിചട്ടങ്ങൾ 5-ാം ഭാഗം IX-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ പറയുന്നപ്രകാരം...................................മെത്രാസനത്തിൽ നിന്നും അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങളായി പുതുതായി തെരഞ്ഞെടുക്കുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിലേക്കായി ആ മെത്രാസനത്തിൽപെട്ട പള്ളികളിൽനിന്ന് പ്രസ്തുത അസോസ്യേഷൻ യോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷൻമാരുടെയും ആ മെത്രാസനത്തിൽപെട്ട അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ഒരു യോഗം 1985 ഒക്ടോബർ...................-ാം തീയതി...........................പകൽ.................മണിക്ക്...വച്ചു കൂടണമെന്ന് നാം നിശ്ചയിക്കുകയും ആ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനും അതു നടത്തുന്നതിനും നമ്മുടെ ....നാം നിയോഗിക്കുകയും അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആ യോഗം............ .. ..പട്ടക്കാരും........................ അയ്മേനികളും ഉൾപ്പെടെ.................................പേരെയാണ് നാമനിർദ്ദേശം ചെയ്യേണ്ടത്. ആ യോഗത്തിൽ പ്രിയൻ സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

1985 സെപ്ററംബർ 2-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്

നമ്പർ 231/85

നമ്മുടെ...പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരൻമാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നാം 1985 മാർച്ച് 1-ാം തീയതി 44/85-ാം നമ്പരായി നിങ്ങൾക്ക് അയച്ച കല്പനയിൽ നിർദ്ദേശിച്ചതനുസരിച്ച് നിങ്ങൾ സഭാദിനം (കാതോലിക്കാദിനം) വിവിധ പരിപാടികളോടുകൂടി ആചരിക്കുകയും കാതോലിക്കാദിനപ്പിരിവും റീശീസാപിരിവും പൂർവോപരി വിജയകരമായി നടത്തുകയും ആ രണ്ടു പിരിവുകളും പൂർത്തിയാക്കുകയും ചെയ്തിരിക്കുമല്ലോ.

തുമ്പമൺ മെത്രാസനത്തിലുൾപ്പെട്ട പള്ളികളിൽനിന്നുള്ള പിരിവുകൾ ശേഖരിക്കുന്നതിനെപററി ഇടവക മെത്രാപ്പോലീത്തായുമായി ആലോചിച്ചതിൽ കഴിഞ്ഞവർഷം ചെയ്തതുപോലെ ഈ വർഷവും പിരിവുതുകകളും ലിസ്ററുകളും നമ്മുടെ പേർക്ക് നേരിട്ടു അയച്ചുതരുവാൻ കല്പന അയയ്ക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ആയതിനാൽ ആ പള്ളിയിലെ 1985-ലെ കാതോലിക്കാദിനപിരിവും റീശീസാ പിരിവും അവയുടെ ലിസ്ററുകളും 1985 ജൂലൈ 31-ാം തീയതിക്ക് മുമ്പായി നമ്മുടെ പേർക്ക് അയച്ചുതരികയോ നമ്മേ ഏല്പിക്കുകയോ ചെയ്യണം.

ഇടവകയിലെ എല്ലാ ഭവനങ്ങളെയും കാതോലിക്കാദിനപിരിവിൽ സഹകരിപ്പിക്കേണ്ടത് ഏററവും ആവശ്യമാണ്. ഏതെങ്കിലും ഭവനത്തിൽനിന്ന് ഇതിനകം പിരിവ് ലഭിച്ചിട്ടില്ലെങ്കിൽ ആ ഭവനം ഒന്നുകൂടി സന്ദർശിച്ച് ഗൃഹനായകനെ നിർബന്ധപൂർവം പ്രേരിപ്പിച്ച് പിരിവ് ഏററുവാങ്ങണം. കവർപിരിവിന്റെകൂടെ സഭാദിനത്തിലെ കാണിക്കയും ചേർക്കേണ്ടതാണ്.

1984-ലെ കാതോലിക്കാദിനപ്പിരിവിലേക്ക് ആ മെത്രാസനത്തിൽപെട്ട പള്ളികളിൽവച്ച് താരതമ്യേന കൂടുതൽ തുക സംഭാവന ചെയ്തിട്ടുള്ള പള്ളികൾക്കുള്ള ഷീൽഡുകളും പ്രശംസാപത്രങ്ങളും പിന്നീട് നൽകുന്നതാണ്.

1985 ജൂലൈ 11-ാം തീയതി

നമ്പർ 230/85

നമ്മുടെ ....

പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയിൽപെട്ട ചില മെത്രാസന ഇടവകകൾ പുനർവിഭജനം ചെയ്ത് പുതിയ മെത്രാസനങ്ങൾ രൂപീകരിക്കേണ്ടത് സഭയുടെ വികസനത്തിനും അഭിവൃദ്ധിക്കും ഭരണസൗകര്യത്തിനും ആവശ്യമാണെന്ന് അഭിപ്രായമുണ്ടാകുകയും അതേപ്പററി നാം ആലോചിച്ചതിൽ യുക്തമെന്ന് തോന്നുകയും ചെയ്യുകയാൽ ആയതിലേക്ക് മുറപ്രകാരം ആവശ്യമായ നടപടികൾ നാം സ്വീകരിക്കുകയും തുമ്പമൺ, കൊല്ലം, നിരണം എന്നീ മെത്രാസന ഇടവകകൾ പുനർവിഭജനം ചെയ്ത് ചെങ്ങന്നൂർ കേന്ദ്രമാക്കി ഒരു പുതിയ മെത്രാസനം രൂപീകരിക്കണമെന്ന് 1984 മാർച്ച് 29-ാം തീയതി കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മററി ചെയ്ത തീരുമാനം 1984 ജൂലൈ 24 മുതൽ 28 വരെ തീയതികളിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതനുസരിച്ച് 1985 മാർച്ച് 10-ാം തീയതി മുതൽ ചെങ്ങന്നൂർ മെത്രാസനവും, 1984 സെപ്ററംബർ 21-ാം തീയതി കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മററി മുൻ കൊച്ചി മെത്രാസനം വിഭജിച്ച് കുന്നംകുളം കേന്ദ്രമാക്കി ഒരു പുതിയ മെത്രാസനം രൂപീകരിക്കണമെന്ന് ചെയ്ത തീരുമാനം 1985 ഫെബ്രുവരി 18 മുതൽ 22 വരെ തീയതികളിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതനുസരിച്ച് 1985 ഏപ്രിൽ 14-ാം തീയതി മുതൽ കുന്നംകുളം മെത്രാസനവും രൂപീകരിച്ചതായി നാം പ്രഖ്യാപിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുകയാണല്ലോ. ഈ പുതിയ രണ്ട് മെത്രാസനങ്ങളും, കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലംചെയ്തതു മുതൽ കോട്ടയം മെത്രാസനവും നമ്മുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ഇരിക്കുകയാണല്ലൊ. മേല്പറഞ്ഞ മൂന്നു മെത്രാസനങ്ങൾക്കും മേല്പട്ടക്കാരെ നിയമിക്കേണ്ടത് ആവശ്യമായി വന്നതു കൂടാതെ, തുമ്പമൺ മെത്രാസന ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കും കൊല്ലം മെത്രാസന ഇടവകയുടെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കും അസിസ്ററൻറന്മാരായി ഓരോ മേല്പട്ടക്കാരെ നിയമിക്കേണ്ടതും ആവശ്യമാണെന്ന് അഭിപ്രായമുണ്ടായി.

ഈ കാര്യങ്ങളെപ്പററി നാം ആലോചിക്കുകയും മുറപ്രകാരം വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തതിൽ, 1982 ഡിസംബർ 28-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും 1983 ഫെബ്രുവരി 21 മുതൽ 25 വരെ തീയതികളിൽ കൂടിയ പ. സുന്നഹദോസ് ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും 1985 മെയ്മാസം 15-ാം തീയതി മാവേലിക്കര പുതിയകാവ് സെ. മേരീസ് പള്ളിയിൽവച്ച്, മേല്പട്ടക്കാരായി വാഴിക്കുകയും ചെയ്ത അഞ്ചു പേരിൽ ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായെ കോട്ടയം ഇടവകയുടെ മെത്രാനായും, തോമസ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പായെ ചെങ്ങന്നൂർ ഇടവകയുടെ മെത്രാനായും, പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോപ്പായെ കുന്നംകുളം ഇടവകയുടെ മെത്രാനായും, മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്ക്കോപ്പായെ കൊല്ലം ഇടവകയുടെ മെത്രാപ്പോലീത്തായുടെ അസിസ്ററൻറായും, ഫിലിപ്പോസ് മാർ യൗസേബിയൂസ് എപ്പിസ്ക്കോപ്പായെ തുമ്പമൺ ഇടവകയുടെ മെത്രാപ്പോലീത്തായുടെ അസിസ്ററൻറായും 1985 ജൂൺ 20-ാം തീയതി കൂടിയ അസോസ്യേഷൻ മാനേജിംഗ് കമ്മററിയുടെ ആലോചനയോടുകൂടിയും 1985 ജൂലൈ 1 മുതൽ 5 വരെ തീയതികളിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ ശുപാർശ അനുസരിച്ചും നാം നിയമിക്കുകയും സഭാ ഭരണഘടനയ്ക്കും സഭയുടെ കാനോനാകൾക്കും പാരമ്പര്യങ്ങൾക്കും വിധേയമായി അവരവരുടെ ചുമതലകൾ നിർവഹിക്കുവാൻ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത നിയമനങ്ങൾ 1985 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

വാത്സല്യ മക്കളെ, സഭയിൽ പുതുതായി വാഴിച്ചു നിയമിക്കപ്പെട്ടിട്ടുള്ള ഈ മേല്പട്ടക്കാരോടു നിങ്ങൾ ഭക്തിയും, കൂറും ഉള്ളവരായി വർത്തിക്കുകയും അവരുടെ സ്ഥാനത്തിന് അനുയോജ്യമായി ആദരിക്കുകയും വേണം.

ഈ എപ്പിസ്ക്കോപ്പന്മാരുടെ സേവനം സഭയ്ക്കു പൊതുവായും അതാതു മെത്രാസനങ്ങൾക്ക് പ്രത്യേകമായും അനുഗ്രഹകരമായി ഭവിക്കുവാൻ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...........

1985 ജൂലൈ 11-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 219/85

നമ്മുടെ .... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ഒരു യോഗം 1985 ഒക്ടോബർ 23-ാം നം ബുധനാഴ്ച പകൽ ഒരു മണിക്ക് താഴെ പറയുന്ന വിഷയങ്ങളെ പറ്റി ആലോചിച്ച് നിശ്ചയം ചെയ്യുന്നതിന് കോട്ടയം എം. ഡി. സിമ്മനാരി അങ്കണത്തിൽവച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

ആലോചനാ വിഷയങ്ങൾ

1. 1980 മെയ് 1-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് അസോസ്യേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി അസോസ്യേഷൻ തെരഞ്ഞെടുക്കേണ്ട തൊണ്ണൂറുപേരെ പുതുതായി തെരഞ്ഞെടുക്കുക.

2. പുനർവിഭജനം മൂലം മെത്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാൽ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമോയെന്നും വർദ്ധിപ്പിക്കണമെങ്കിൽ ആകെ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും, അവരിൽ എത്രപേരെ അസോസ്യേഷൻ തെരഞ്ഞെടുക്കണമെന്നും, എത്ര പേരെ മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യണമെന്നും തീരുമാനിക്കുക.

പ്രസ്തുത അസോസ്യേഷൻ യോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയെ പ്രതിനിധീകരിച്ച് മേൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടു ചെയ്യുന്നതിനുമായി ഒരു പട്ടക്കാരനെയും രണ്ട് അയ്മേനികളെയും സഭാഭരണഘടന 12-ാം വകുപ്പ് അനുസരിച്ച് പള്ളി ഇടവകയോഗം കൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്ത് ഇതോടുകൂടി അയയ്ക്കുന്ന ഫാറത്തിലുള്ള അധികാരപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പ് ഫാറവും ഇതോടൊന്നിച്ച് അയയ്ക്കുന്നു. ആ ഫാറം പൂരിപ്പിച്ച് അസോസ്യേഷൻ സെക്രട്ടറിക്ക് അസോസ്യേഷൻ യോഗദിവസത്തിന് കുറഞ്ഞ പക്ഷം ഏഴ് ആഴ്ച മുമ്പ് (അതായത് [illegible] മുൻപ്) കിട്ടത്തക്കവണ്ണം കാതോലിക്കേറ്റ് ആപ്പീസ്, കോട്ടയം-38 എന്ന വിലാസത്തിൽ ഡാക്കായി അയച്ചു കൊടുക്കണം.

പ്രതിപുരുഷന്മാർ കോട്ടയം ബസേലിയോസ് കോളജ് കെട്ടിടത്തിൽ യോഗദിവസം പകൽ ഒൻപത് മണി മുതൽ പന്ത്രണ്ടര മണി വരെയുള്ള സമയത്ത് ഹാജരായി അസോസ്യേഷൻ സെക്രട്ടറി ഇ. ജെ. ജോസഫിനെ അധികാരപത്രം ഏല്പിക്കുകയും ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങിക്കൊള്ളുകയും, യോഗസമയത്തിന് അരമണിക്കൂർ മുൻപ് യോഗസ്ഥലത്ത് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതിലേക്ക് വികാരിയോ മററു പട്ടക്കാരനോ നേരിട്ട് സ്ഥലത്ത് വച്ച് സാക്ഷ്യം കൊടുക്കേണ്ടതാകുന്നു.

പ്രതിപുരുഷന്മാരുടെ സ്ഥാനസാധുത്വത്തെപ്പററി പരാതി ഉണ്ടായാൽ അതു കേട്ട് തീരുമാനിക്കുന്നതിനും മററുമായി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും മണലിൽ യാക്കോബു കത്തനാർ, കെ. ജെ. ജോനാ കത്തനാർ, കെ. കോരുത്, എം. ഏബ്രഹാം, കെ. ജോർജ്, എ. ഇസഡ്. ജേക്കബ് എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ അസോസ്യേഷൻ മാനേജിംഗ് കമ്മററിയുമായി ആലോചിച്ച് നാം നിയമിച്ചിരിക്കുന്നു. ട്രിബ്യൂണൽ പരാതി വിചാരണയ്ക്കായി 1985 സെപ്ററംബർ 18 ബുധനാഴ്ച മുതൽ 20 വെള്ളിയാഴ്ച വരെയുള്ള തീയതികളിൽ പകൽ 10 മണി മുതൽ 5 മണി വരെ കോട്ടയം കാതോലിക്കേററ് അരമനയിൽ കൂടുന്നതാകുന്നു. ട്രിബ്യൂണൽ ചെയ്യുന്ന തീരുമാനം അവസാന തീരുമാനം ആയിരിക്കും. യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനോ, യോഗാരംഭത്തിന് ശേഷം യോഗം തുടർന്ന് നടത്തിക്കൊണ്ടു പോകുന്നതിനോ, നടത്തുന്നതിന് നമ്മെ സഹായിക്കുന്നതിനോ വൈസ് പ്രസിഡണ്ടന്മാരിൽ ആരെ എങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

യോഗം സംബന്ധിച്ച ക്രമീകരണങ്ങളെയോ യോഗ നടപടികളെയോ പററി നാം നേരിട്ടോ നമ്മുടെ ആപ്പീസ് മുഖാന്തരമോ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടക്കേണ്ടതാകുന്നു.

മേൽ വിവരിച്ചിട്ടുള്ള അസോസ്യേഷൻ യോഗം കൂടുന്നതും തെരഞ്ഞെടുപ്പുകൾ നടത്തുന്നതും മററും 15-9-1970 മുതൽ നടപ്പിലിരിക്കുന്ന നടപടി ചട്ടങ്ങൾ അനുസരിച്ച് ആയിരിക്കുന്നതാകുന്നു. ആ നടപടി ചട്ടങ്ങളുടെ ഒരു പ്രതി നമ്മുടെ മുദ്രവച്ച് ഇതോടൊന്നിച്ച് അയച്ചിരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1985 ജൂലൈ 10-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

നമ്പർ 151/85

കർത്താവിൽ നമ്മുടെ സഹോദരൻ ....
.... സമാധാനം.

പ. മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ 1985-ലെ രണ്ടാമത് സാധാരണ യോഗം 1985 ജൂലൈ 1 ാം തീയതി തിങ്കളാഴ്ച വൈകിട്ട് 6 മണി മുതൽ 6-ാം തീയതി ശനിയാഴ്ച വരെ കോട്ടയം പഴയ സെമിനാരിയിലെ സോഫിയാ സെൻററിൽ വച്ച് താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ച് ആലോചിച്ച് നിശ്ചയം ചെയ്യുന്നതിന് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. മെത്രാച്ചൻ കൃത്യസമയത്ത് അതിൽവന്നു സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

യോഗത്തിൻെറ അജണ്ടാ

1. പ്രാർത്ഥന.
2. നോട്ടീസ് കല്പന വായന.
3. ഉപക്രമപ്രസംഗം.
4. മുൻയോഗ മിനിട്ട്സ് പാസ്സാക്കുക.
5. മുൻയോഗ നിശ്ചയങ്ങൾ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട്.
6. മുൻയോഗ മിനിട്ട്സിൽ നിന്ന് ആവിർഭവിക്കുന്ന വിഷയങ്ങൾ.
7. B. ഷെഡ്യൂളിൽപെട്ട സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും 1984-85-ലെ റിപ്പോർട്ട്, വരവു ചെലവുകളുടെ തെരട്ട്.
8. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ സെക്രട്ടറിയുടെ തെരഞ്ഞെടുപ്പ്.

9. മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയുടെ നിശ്ചയങ്ങൾ അംഗീകരിക്കുക.

10. 15–5–85–ൽ വാഴിക്കപ്പെട്ട എപ്പിസ്കോപ്പന്മാർക്ക് മെത്രാസനം തിരിച്ചുകൊടുക്കുന്നതിനെപ്പററി.

11. മലങ്കര സഭയുടെ പരമാദ്ധ്യക്ഷനെ പാത്രിയർക്കീസ് എന്നുകൂടി നാമകരണം ചെയ്യുന്നതിനെപ്പററിയുള്ള പ്രമേയം.

12. പ്രത്യേക സന്ദർഭങ്ങൾക്ക് ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകൾ അംഗീകരിക്കുക. (മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ)

13. വേദവായനക്കുറിപ്പിന്റെ പരിഷ്കരിച്ച പതിപ്പ് അംഗീകരിക്കുക. (മാർ ബർന്നബാസ് മെത്രാപ്പോലീത്താ)

14. ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന്റെ നടപടിക്രമത്തിന്റെ രണ്ടാം വായന. (മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ)

15. അമോലോഗിയ പരിഷ്കരിക്കുന്നതിനെപ്പററി.

16. ആഫ്രിക്കൻ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്. (മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ)

17. ആന്ധ്രാ പ്രൊജക്ററിന്റെ റിപ്പോർട്ട്. (മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ)

18. ഭോപ്പാൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്. (മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ)

19. C. L. S. പ്രവർത്തനങ്ങൾ സംബന്ധിച്ച് കെ. വി. മാത്യുവിന്റെ റിപ്പോർട്ട്.

20. ലിററർജിക്കൽ കമ്മീഷന്റെ റിപ്പോർട്ട്. (മാർ ബർന്നബാസ് മെത്രാപ്പോലീത്താ)

21. അടുത്തുകൂടുവാൻ പോകുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ സംബന്ധിച്ച്.

22. ഇടവകകളിൽ സുവിശേഷസംഘങ്ങൾ ആരംഭിക്കുന്നതിനെപ്പററി.

23. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.

24. ഉപസംഹാരം.

25. പ്രാർത്ഥന.

1985 മെയ് 23–ാം തീയതി

No. 150/85

His Holiness Pope John Paul II
Vatican City
Rome.

Your Holiness, Our brother in the Lord,

At this season of pentecost when God the Holy Spirit descended in the form of tongues of fire on the Church of Christ, We are privileged to send warm and fraternal greetings to Your Holiness, and to pray that your Church may be specially infused and endowed by the gracious gifts of the Holy Spirit.

We would like to bring to Your Holiness' attention our humble invitation personally extended during Our visit to you, in June 1983 to visit our country and our Church. We now hear from other sources that Your Holiness is planning a visit to India next February. We want to renew Our humble invitation to include a visit to us during your India visit. We know that there are many demands on Your Holiness, and that your hierarchy in India may find it difficult to include all these requests in what must be a crowded and taxing schedule.

However, once Your Holiness indicates a positive response to Our invitation, We shall propose a time and occassion for Your Holiness to honour our Church in view of our special fraternal relations.

With the assurance of Our high esteem and warm regard,

We remain,

Your Holiness' Brother in the Lord,

നമ്പർ 101/85

നമ്മുടെ ....

പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം മുനിസിപ്പൽ അതൃത്തിയിൽ കിഴക്കുമാറി പുതുപ്പള്ളി റോഡരികിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ സഭവക ഒരു സ്ഥാപനമാണ് മാങ്ങാനം എബ്നേസർ ദയറായും പള്ളിയും.ഈ സ്ഥാപനത്തിന്റെ ആരംഭ കാലത്ത്, 67 വർഷങ്ങൾക്കുമുമ്പ്, പല പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കേണ്ടി വന്നിരുന്നെങ്കിലും വട്ടശ്ശേരിൽ തിരുമേനിയുടെയും, .കെ. സി. മാമ്മൻമാപ്പിള, ഈ. ജെ. ജോൺ വക്കീൽ മുതലായവരുടെയും കൈത്താങ്ങൽ മൂലം സ്ഥാപനം അവിടെ ഉറപ്പിക്കപ്പെട്ടു. അന്ന് താൽക്കാലികമായ ഒരു പള്ളിയും കെട്ടിടവുമാണ് അവിടെ സ്ഥാപിച്ചിരുന്നത്. പിന്നീട് ചെറിയ മഠത്തിൽ സ്കറിയാ മല്പാനച്ചൻ അവിടെ താമസമായപ്പോൾ ദയറാ കെട്ടിടം പുതുക്കി പണിയിക്കുകയുണ്ടായി. സമുദായക്കേസുകൾ പരാജയപ്പെട്ട് പഴയ സെമിനാരിയിൽ നിന്ന് ഇറങ്ങിപ്പോരേണ്ടി വന്നേക്കുമെന്ന സാഹചര്യമുണ്ടായപ്പോഴൊക്കെയും പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പല പ്രാവണ അദ്ദേഹത്തിന്റെ അരമനയാക്കി താമസിച്ചിരുന്നത് ഈ ദയറായിലായിരുന്നു. അങ്ങനെ 'എബ്നേസർ' എന്ന വാക്ക് അന്വർത്ഥമായി. ഇവിടെ ആദ്യം പണി കഴിപ്പിച്ച ചാപ്പൽ ഇപ്പോൾ ജീർണ്ണോദ്ധാരണത്തിനു കഴിയാതെവണ്ണം കേടുപാടുകൾ പിടിച്ചിരിക്കുകയാണ്. ഉടനെ അവിടെ വേറെ ഒരു ചെറിയ പള്ളി പണിയേണ്ടിയിരിക്കുന്നു.

ഇതിലേക്ക് സഭയ്ക്ക് പ്രത്യേക ഫണ്ട് ഒന്നും ഇല്ലെന്നു നിങ്ങൾക്ക് അറിയാമല്ലോ. ഇങ്ങനെയുള്ള പൊതുക്കാര്യങ്ങൾക്കെല്ലാം നാം ആവശ്യപ്പെടുമ്പോൾ നമ്മുടെ പള്ളികളും സഭാ സ്നേഹികളായ ജനങ്ങളും ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്നുണ്ട് എന്നുള്ളത് സന്തോഷപ്രദമാണ്.

ആകയാൽ നമ്മുടെ ഈ സംരംഭത്തിലും അവിടെ നിന്ന് കഴിവുള്ള സംഭാവനകൾ നൽകി ഇതിനെ വിജയിപ്പിക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് അറിയിക്കുന്നു. പള്ളി പണിക്ക് 3 ലക്ഷം രൂപാ വേണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

നിങ്ങളുടെ സംഭാവന Ebenezer Orthodox Church Building Fund എന്ന പേരിൽ എഴുതി നമ്മുടെ പേർക്ക് നേരിട്ട് അയച്ചു തരണം.

ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

1985 ഏപ്രിൽ 23-ാം തീയതി

നമ്പർ 66/85

[illegible] നമ്മുടെ വാത്സല്യവാന്മാരും [illegible]
[illegible]
പ്രിയരെ,

നമ്മുടെ സഭയിലെ പുരാതനമായ മിഷൻ കേന്ദ്രങ്ങളിൽ ഒന്നാണ് [illegible] കർണ്ണാടകസ്റ്റേറ്റിൽ [illegible] മിഷൻ. [illegible] 1889-ൽ നമ്മുടെ സഭയുടേതായ ഒരു ഇടവക അവിടെ [illegible] മാർ [illegible] മാർ [illegible] മെത്രാപ്പോലീത്താ [illegible] 1889-ൽ [illegible] മെത്രാപ്പോലീത്താ [illegible]. 1923-ൽ [illegible] മെത്രാപ്പോലീത്താ [illegible] നമ്മുടെ [illegible] ആദ്യകാലത്ത്

നമ്മുടെ സഭയോട് ചേർന്ന് നിന്നിരുന്നു. [illegible] ആദ്യകാല പ്രവർത്തകരാണ് [illegible] അവരുടെ [illegible]. അയാൾക്കു ശേഷം [illegible]

അയാൾക്കു ശേഷം ഫാ: ജസ്യാക്കോനും, ഫാ: ഹിഗ്
ഗിനും അവിടെ താമസിച്ച് അവരുടെ ആത്മീയ രീ
തികൾ നടത്തിവന്നിരുന്നു.

പ്രാദേശികമായും സാമുദായികമായും ഉ
പ്രത്യേകതകളും പുലർത്തിവരുന്ന ഒരു സമൂഹമായ
തിനാൽ അവരെ വേണ്ടവിധം സഹായിക്കുന്നതിന്
കാര്യമായി ശ്രമിച്ചിട്ടുണ്ട്. ഇദ്ദേഹം പ്രദേശത്ത് ഇടയ
ന്മാരുടെ സന്ദർശനമായി പദ്ധതികൾ ഉണ്ട്.

ഇദ്ദേഹത്തിൻ്റെ പ്രവർത്തനങ്ങൾ
വിപുലം കൂടാതെ നടത്തുന്നതിന് വേണ്ടി അതിന്റെ
ചുമതല മദ്രാസ് മെത്രാസന മെത്രാപ്പോലീത്തായുടെ
മേൽനോട്ടത്തിൽ നമ്മുടെ പത്തനാപുരം താബോർ
ദയറായെ ഏല്പിച്ചിരിക്കയാണ്. ഇപ്പോൾ ആ
ദയറായിലെ ഫാ: പൗലോസ് അവിടെ താമസിച്ചു
പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ അവിടുത്തെ കാര്യ
ങ്ങൾ പുരോഗമിച്ചുവരുന്നതായി അറിയുന്നതിൽ
നമുക്കു സന്തോഷമുണ്ട്.

ഇദ്ദേഹം മിഷന്റെ പ്രവർത്തനങ്ങൾ
സുഗമമായി നടത്തുന്നതിലേക്ക് ആ പ്രദേശത്ത് പത്ത
നാപുരം താബോർ ആശ്രമത്തിന്റെ ശാഖയും മിഷൻ
പരിശീലന കേന്ദ്രവും മറ്റും സ്ഥാപിക്കുന്നതിന് ശ്ര
മിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കയാണ്. കൂടാതെ
അവർക്കാവശ്യമായ ആരാധനാക്രമങ്ങളും പ്രസിദ്ധീ
കരണങ്ങളും മറ്റും അവരുടെ നാട്ടുഭാഷയിൽ തന്നെ
ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു വലിയ തുക ഈ കാര്യ
ത്തിന് ആവശ്യമാണ്. അവിടെയുള്ള 33 നമ്മുടെ സഭാംഗ
ങ്ങളിൽ ദരിദ്രവും സാമ്പത്തികമായി പിന്നാക്കം
നിൽക്കുന്നവരാണ്. അവരെ സഹായിക്കേണ്ടത് സഭാ
സ്നേഹികളായ ഏവരുടേയും കടമയാണ്.

അവിടുത്തെ പ്രവർത്തനങ്ങളുടെ ചുമത
ല വഹിക്കുന്ന മദ്രാസ് മെത്രാസനത്തിന്റെ സഹായ
മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോ അദ്ദേ
ഹം ചുമതലപ്പെടുത്തുന്ന മറ്റാർക്കോ. ഈ കാര്യ
ത്തിന് വേണ്ടി നിങ്ങളെ സമീപിക്കുമ്പോൾ നിങ്ങളുടെ
കഴിവനുസരിച്ചുള്ള സഹായസഹകരണങ്ങൾ ചെയ്തു
കൊടുക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ഇതിൽ ഭാ
ഗഭാക്കാകുന്ന ഏവരേയും അവരുടെ കുടുംബങ്ങളേയും

ദൈവാത്മാവിന്റെ അനുഗ്രഹത്തിനായി നാം പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

1985 മാർച്ച് 18-ാം തീയതി

നമ്പർ 17/85

നമ്മുടെ ....പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരൻമാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

ഈ വർഷം ഫെബ്രുവരി 18-ാം തീയതി തിങ്കളാഴ്ചയാണല്ലോ വലിയനോമ്പ് അഥവാ അമ്പതുനോമ്പ് ആരംഭിക്കുന്നത്. നമ്മുടെ രക്ഷകനായ യേശുതമ്പുരാൻ ദൈവസംസർഗ്ഗത്തിനും പൈശാചിക ശക്തികളിന്മേലുള്ള വിജയത്തിനുമായി സഭയ്ക്കു കാണിച്ചുതന്നിട്ടുള്ള ഒരു ഉപാധിയാണ് നോമ്പനുഷ്ഠാനം. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും ജഡിക പരീക്ഷണങ്ങളിൽ വിജയം പ്രാപിക്കുന്നതിനും ചെയ്തുപോയ തെററുകളെപററി അനുതപിച്ച് മാപ്പ് ഇരക്കുന്നതിനും മററുമായി നമ്മുടെ പൂർവപിതാക്കൻമാർ നോമ്പനുഷ്ഠിച്ചിരുന്നതായി പഴയ നിയമത്തിലും പുതിയ നിയമത്തിലും നാം കാണുന്നുണ്ട്. പുരാതന കാലംമുതൽ നമ്മുടെ സഭ നോമ്പിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവങ്ങളിലും ഉയിർപ്പിലും പങ്കാളികളാകുന്നതിനും പുതുജീവൻ പ്രാപിക്കുന്നതിനും നോമ്പ് നമ്മെ സഹായിക്കുന്നു. നോമ്പുകാലങ്ങളിൽ നാം പ്രത്യേകം ശ്രദ്ധിച്ചിരിക്കേണ്ട പല കാര്യങ്ങളുണ്ട്. ഏററവും പ്രധാനമായിട്ടുള്ളത് നിരന്തരമായ ദൈവസംസർഗ്ഗമാണ്. ഉപവാസവും പ്രാർത്ഥനയും ആയതിന് നമ്മെ സഹായിക്കും. നിങ്ങളേവരുടെയും ഭവനങ്ങളിൽ നോമ്പിന്റെ പ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുന്നതിലും നോമ്പിന്റെ വ്രതാനുഷ്ഠാനങ്ങൾ നിഷ്ഠയോടെ പാലിക്കുന്നതിലും ശ്രദ്ധിക്കണം. കുറഞ്ഞപക്ഷം ഒരു നേരമെങ്കിലും ഭക്ഷണം വർജ്ജിക്കണം. ഭക്ഷണം വെടിയുന്നതുമൂലം വിശപ്പ് എന്താണെന്ന് മനസ്സിലാക്കുന്നതിനും സ്വന്തം ആഹാരം പട്ടിണിക്കാർക്ക് ഭാഗിച്ചുകൊടുക്കുന്നതിനും നമുക്ക് സാധിക്കും. അമിത ഭക്ഷണം രോഗത്തിനും പാപചിന്തകൾക്കും കാരണമാണ്. അതിനാൽ മിതമായി ഭക്ഷിക്കുന്ന ശീലവും നോമ്പിൽ വളർത്തിയെടുക്കാൻ സാധിക്കും.

നമ്മുടെ ആത്മീയ ജീവിതത്തിന്റെ ശക്തി വി. കുർബാനാനുഭവമാണ്. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (വി. യോഹ. 6:56) എന്നാണ് നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. നാം ദൈവത്തിന്റെ ഭവനമാണ്. നാം ഓരോരുത്തരിലും കർത്താവ് വസിച്ച് നമ്മെ ഭരിക്കണം. നമ്മെ നയിക്കുന്നതു കർത്താവായിരിക്കണം. ആബാലവൃദ്ധം എല്ലാവരും വി. കുമ്പസാരം നടത്തി വി. കുർബാന അനുഭവിക്കണം. അതിനുവേണ്ടി പള്ളികളിൽ സൗകര്യപ്രദമായ സമയങ്ങൾ ക്രമീകരിക്കണം. ചില ദിവസങ്ങൾ പ്രത്യേകം ധ്യാനത്തിനായും വി. കുമ്പസാരത്തിനായും വേർതിരിക്കുന്നതു നല്ലതായിരിക്കും.

ഇപ്പോൾ ലോകം പല തരത്തിലുള്ള ഭീഷണികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലമാണ്. അണുആയുധങ്ങൾ ലോകം നേരിടുന്ന ഒരു വലിയ ഭീഷണിയാണ്. തൊഴിലില്ലായ്മയും ദാരിദ്ര്യവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഭാരതംതന്നെ പല തരത്തിലുള്ള വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കയാണെന്നുള്ളത് നിങ്ങൾക്കറിവുള്ളതാണല്ലോ. ആഫ്രിക്കൻ രാജ്യങ്ങൾ കഠിനമായ വരൾച്ചമൂലം കൊടുംപട്ടിണിയിലാണ്. എത്യോപ്യൻ സഭയുടെ പാത്രിയർക്കീസ് നമ്മുടെ പേർക്ക് അയച്ച ഒരു കത്തിൽ അവിടെ നടമാടിക്കൊണ്ടിരിക്കുന്ന പട്ടിണിയുടെ കാഠിന്യത്തെപ്പററി നമ്മെ അറിയിച്ചിട്ടുണ്ട്. ഈ അടുത്ത സമയത്തു് ഭോപ്പാലിലുണ്ടായ വിഷവാതകദുരന്തത്തിൽ കഷ്ടപ്പെടുന്നവരെ നാം സഹായിക്കേണ്ടതാണ്. പലരും ഇതിനകം മേൽപറഞ്ഞ കാര്യങ്ങൾക്കു സഹായിച്ചിട്ടുള്ളതായി അറിയാം. നോമ്പുകാലത്ത് ഉപവാസത്തിൽനിന്ന് മിച്ചമെടുക്കുന്ന തുക ഈവക പുണ്യപ്രവർത്തികൾക്കായി നാം ഉപയോഗിക്കണം.

നമ്മുടെ സഭ പലവിധ പീഢനങ്ങളും സഹിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. ലോകത്തിന്റെ സമാധാനത്തിനായും നമ്മുടെ രാജ്യത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും ഈ അവസരത്തിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്നു നാം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ വാത്സല്യമക്കളെ, വീണ്ടും നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നതെന്തെന്നാൽ,

ഈ നോമ്പ് ദൈവാശ്രയത്തോടും പ്രാർത്ഥനയോടും ഉപവാസത്തോടും സുകൃതനടപടികളോടുംകൂടെ ആചരിച്ച് നിങ്ങൾ ദൈവപ്രസാദമുള്ളവരായി തീരണം.

മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും നോമ്പിലെ മുപ്പത്താറാം ഞായറാഴ്ച മാർച്ച് 24-സഭാദിനമായി (കാതോലിക്കാദിനം) ഭക്തിപൂർവം ആചരിക്കണം. ആയതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സഭാകേന്ദ്രത്തിൽനിന്നും യഥാസമയം നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ളീഹായുടെയും ശേഷം സകല പരിശുദ്ധൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1985 ഫെബ്രുവരി 1-ാം തീയതി

നമ്പർ 212/86

നമ്മുടെ...
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ശിശുക്കളുടെ കാര്യത്തിൽ ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും വിശിഷ്യാ ഐക്യരാഷ്ട്ര സംഘടനയും പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. ശിശുക്കളുടെ ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് ഉത്തരവാദിത്വം പ്രധാനമായി മാതാപിതാക്കൾക്കാണ്. കുട്ടികളുടെ ശാരീരിക വളർച്ചയെ മുൻനിർത്തി മാതാപിതാക്കൾ പരമാവധി പരിശ്രമിക്കുന്നുണ്ട്. എന്നാൽ മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചയെ ലക്ഷ്യമാക്കി എല്ലാ മാതാപിതാക്കളും വേണ്ടവിധം പ്രവർത്തിക്കുന്നു എന്നു പറയുവാൻ സാധിക്കുകയില്ല. മാനസികവും ആദ്ധ്യാത്മികവുമായ വളർച്ച ശാരീരിക വളർച്ചപോലെ പ്രാധാന്യമുള്ള ഒന്നാണെന്ന് നാം നിങ്ങളെ ഏവരേയും ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കർത്താവ് ശിശുക്കളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആധുനിക മനശാസ്ത്രജ്ഞൻമാരും, ശിശുക്കളുടെ മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ പല കാര്യങ്ങളേപ്പററിയും നമ്മേ ബോധവാന്മാരാക്കുന്നുണ്ട്. ശിശുക്കളുടെ ആത്മീയവളർച്ചയെ ലക്ഷ്യമാക്കി പരിശീലന പരിപാടികളും പ്രവർത്തനങ്ങളും സഭയുടെ ചുമതലയിൽ സംഘടിപ്പിക്കണമെന്ന് 1986 ഫെബ്രുവരി 16 മുതൽ 22 വരെ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയും എല്ലാ വർഷവും വി. യോഹന്നാൻ സ്നാപകൻെറ ജനനത്തെ സ്മരിക്കുന്ന ഞായറാഴ്ച എല്ലാ ഇടവകകളിലും വിവിധ പരിപാടികളോടുകൂടി ശിശുദിനമായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഈ വർഷം ഡിസംബർ 7-ാം തീയതി ഞായറാഴ്ചയാണ് യോഹന്നാൻ സ്നാപകൻെറ ജനനത്തെ സ്മരിക്കുന്ന ഞായറാഴ്ച. അന്നേദിവസം എല്ലാ ഇടവകകളിലും ശിശുദിനമായി ആചരിക്കണം. 12 വയസുവരെയുള്ള എല്ലാ കുട്ടികളും ഒരുമിച്ചു അന്ന് വി. കുർബാന അനുഭവിക്കത്തക്കവണ്ണം മാതാപിതാക്കൾ അവരെ ഒരുക്കി കൊണ്ടുവരണം.

കൂടാതെ അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ, ക്ലാസുകൾ, വേദപുസ്തകത്തെ ആധാരമാക്കി കലാപരിപാടികൾ, മൽസരങ്ങൾ മുതലായവ സംഘടിപ്പിക്കുവാൻ പട്ടക്കാർ നേരത്തെ ക്രമീകരണങ്ങൾ നടത്തണം. അത് അവർക്ക് ആത്മീയ വളർച്ചക്ക് ഉൽസാഹം പ്രദാനംചെയ്യും. അങ്ങനെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും യോഹന്നാൻ മാംദാനായെപ്പോലെ കർത്താവിനെ മററുള്ളവർക്ക് സാക്ഷിക്കുന്നവരായി എല്ലാ രംഗങ്ങളിലും പ്രശോഭിക്കുവാൻ നമ്മുടെ ശിശുദിനാഘോഷം സഹായിക്കട്ടെ.

എല്ലാവരും ശിശുദിനം ഭംഗിയായി ആഘോഷിക്കുകയും റിപ്പോർട്ട് അതാതു ഭദ്രാസന കേന്ദ്രത്തിൽ അയച്ചു കൊടുക്കുകയും വേണം.

സർവശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1986 നവംബർ 1-ാം തീയതി

നമ്പർ 180/86

നമ്മുടെ ... വികാരിയും ശേഷം പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:

പ്രിയരെ,

നമ്മുടെ കാതോലിക്കേററ് അരമന ചാപ്പലിൽ ആണ്ടുതോറും ആഘോഷിച്ചുവരുന്ന വി.ദൈവമാതാവിന്റെ ശൂനോയോ പെരുന്നാളും പ. അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപെരുന്നാളും ഈ മാസം 15-ാം തീയതി വെള്ളിയാഴ്ചയാണ്. ഇക്കൊല്ലവും മുൻ കൊല്ലങ്ങളിലെ പോലെ ഈ പെരുന്നാൾ ഭക്തിപൂർവ്വം കൊണ്ടാടുന്നതാണ്. നിങ്ങൾ ഏവരും 14-ാം തീയതി വ്യാഴാഴ്ച സന്ധ്യാ നമസ്കാരത്തിലും 15-ാം തീയതി വെള്ളിയാഴ്ച വി.കുർബ്ബാനയിലും അതിനോടനുബന്ധിച്ചുള്ള ഇതര പരിപാടികളിലും ഭക്തിപുരസ്സരം നേർച്ച കാഴ്ചകളോടു കൂടിവന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുപോകണമെന്ന് നാം താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

വി. ദൈവമാതാവിന്റെയും പ. അബ്ദേദ് മ്ശിഹാ ബാവായുടെയും പ്രാർത്ഥന നിങ്ങൾക്കേവർക്കും കോട്ടയായിരിക്കട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ - - -

1986 ഓഗസ്റ്റ് 7-ാം തീയതി

കോട്ടയം കാതോലിക്കേററ്

അരമനയിൽ നിന്ന്

നമ്പർ 164/86

നമ്മുടെ ദിവ്യബോധന പ്രവർത്തകർക്കു വാഴ്വ്.

പ്രിയരെ,

തിരിഞ്ഞുനോക്കുമ്പോൾ കഴിഞ്ഞ ഒരു ദശകം സഭയുടെ വിവിധ തരത്തിലുള്ള വളർച്ചയുടെ ഘട്ടമായി നാം കാണുന്നു. ദൈവകൃപയാൽ അഭിമാനിക്കത്തക്ക പല നേട്ടങ്ങളും കൈവരിക്കുവാൻ കഴിഞ്ഞു. കൂടുതൽ ഭദ്രാസനങ്ങൾ രൂപീകരിക്കുവാനും, അവയുടെ സാരഥികളായി പുതിയ മെത്രാപ്പോലീത്തന്മാരെ നിയോഗിക്കുവാനും സാധിച്ചത് സഭയിലെ അജപാലനശുശ്രൂഷ കാര്യക്ഷമമാക്കുവാൻ സഹായിക്കാതിരിക്കയില്ല.

സഭയുടെ യാഥാർത്ഥ്യമായ സാക്ഷ്യവും ദൗത്യവും വഹിക്കുന്നത് അധികപങ്കും അതിലെ അത്മായക്കാരിൽ കൂടിയാണ്. തന്മൂലം സത്യവിശ്വാസത്തിലും ക്രിസ്തീയമൂല്യങ്ങളിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കുന്നത് സഭയുടെ വലിയ ചുമതലയത്രേ. ജ്ഞാനവും ആത്മീയ ദർശനവുമുള്ള ജനങ്ങൾ സഭയുടെ വിവിധ മണ്ഡലങ്ങളിൽ നേതൃത്വം നല്കുവാൻ ഉണ്ടാവുകയാണ് നമ്മുടെ പ്രധാന ആവശ്യം. പരിശുദ്ധനായ പത്രോസ് ശ്ലീഹാ പ്രസ്താവിക്കുന്നത് ''കൃപയിലും, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ'' എന്നാണ്. നമ്മുടെ സഭാമക്കൾക്ക് ഇപ്രകാരമുള്ള വളർച്ച സാദ്ധ്യമാക്കുവാൻ ലക്ഷ്യമാക്കിക്കൊണ്ട് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ''ദ്യവ്യബോധനം''. വൈദികസെമിനാരി അദ്ധ്യാപകർ ഈ പരിശീലന പദ്ധതിയുടെ ചുമതല ഏറ്റെടുത്തു എന്നുള്ളത് അതിന്റെ വിജയകരമായ നടത്തിപ്പിന് സഹായിക്കുന്നതാണ്. നമ്മുടെ സെമിനാരി, വൈദികരെ പരിശീലിപ്പിക്കുന്ന ചുമതലയ്ക്കുപരി സഭയുടെ മുഴുവൻ വേദശാസ്ത്രാധ്യാപനത്തിന്റെയും, ആദ്ധ്യാത്മിക പരിശീലനത്തിന്റെയും ചുക്കാൻ പിടിക്കുന്ന ഒരു സ്ഥാപനമായി നിലകൊള്ളുകയാണ് വേണ്ടത്.

ഈ പദ്ധതി ആരംഭിച്ചപ്പോൾ ഇതിന്റെ പ്രവർത്തനങ്ങൾ എപ്രകാരം വിജയകരമായി നടത്തിക്കൊണ്ടുപോകും എന്നതിനെപ്പററി നമുക്ക് ആശങ്ക തോന്നാതിരുന്നിട്ടില്ല. എന്നാൽ ഇതിന്റെ ചുമതല വഹിക്കുന്നവർ ശുഭാപ്തി വിശ്വാസത്തോടും, സ്ഥിരോത്സാഹത്തോടും മുമ്പോട്ടു വന്നപ്പോൾ നമുക്ക് സന്തോഷമായി. എല്ലാക്കാര്യങ്ങളിലും നമ്മുടെ ഉപദേശം ആരായുകയും, നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ് അവർ പ്രവർത്തിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ടു വർഷംകൊണ്ട് സഭയുടെ വിവിധ ഭാഗങ്ങളിൽഉള്ള ഇരുനൂറിൽ അധികം സ്ത്രീപുരുഷന്മാർക്ക് ഈ പദ്ധതിപ്രകാരമുള്ള പരിശീലനം നല്കി, അവർക്ക് സർട്ടിഫിക്കേററു നല്കുവാൻ തക്കവണ്ണം എല്ലാ കാര്യങ്ങളും വിജയകരമായി നടത്തി എന്നു കാണുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്.

ആദ്യത്തെ ബാച്ചിൽ ആരംഭിച്ച പലരും പല അസൗകര്യങ്ങൾകൊണ്ടാവാം കോഴ്സ് പൂർത്തിയാക്കാൻ കഴിയാതെ വിട്ടുകളഞ്ഞു എന്നു നാം മനസ്സിലാക്കുന്നു. എന്നാൽ അവർ പോരായ്മകൾ പരിഹരിച്ച് കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കററു കരസ്ഥമാക്കുമെന്നുമാണ് നമ്മുടെ പ്രതീക്ഷ. പുതുതായി ആരംഭിക്കുന്ന സർട്ടിഫിക്കേററ് കോഴ്സിലേക്ക്, സണ്ടേസ്കൂൾ അദ്ധ്യാപകർ, യൂത്തുലീഗ്, മർത്തമറിയംസമാജം എന്നിവയുടെ പ്രവർത്തകർ തുടങ്ങി അനേകംപേർ ചേർന്നു പഠിക്കുമെന്നു നാം പ്രത്യാശിക്കുന്നു. സമൂഹത്തിൽനിന്നുയർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ വിജയകരമായി നേരിടുന്നതിന് ആത്മികശിക്ഷണവും, പരിജ്ഞാനവും അത്യന്താപേക്ഷിതമാണ്. ദിവ്യബോധനം ഇക്കാര്യത്തിൽ സഭാമക്കളെ വളരെയധികം സഹായിക്കും.

ഇനിയും ഈ പദ്ധതി രണ്ടും മൂന്നും ഘട്ടങ്ങളിലേക്ക് പ്രവേശിക്കുകയാണ്. സർട്ടിഫിക്കററ് കോഴ്സ് പൂർത്തിയായവർക്കു ഡിപ്ലോമാ കോഴ്സ് ഉടനെ ആരംഭിക്കുന്നു. അതും രണ്ടു വർഷത്തേക്കായിരിക്കും, അതിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തുകഴിഞ്ഞതായി നാം മനസ്സിലാക്കുന്നു.

മൂന്നാമത്തെ ഘട്ടം ഇംഗ്ലീഷിൽ ഈ പദ്ധതി ആരംഭിക്കുന്നു എന്നതാണ്. കേരളത്തിനു വെളിയിൽ, മലയാളം അറിയാത്ത അനേകം സഭാമക്കളുണ്ട്. അവരെ സഭാവിശ്വാസത്തിൽ പ്രബുദ്ധരാക്കേണ്ടത് ഏററവും വലിയ ഒരു ആവശ്യമായി നാം കാണുന്നു. ദിവ്യബോധനത്തിന്റെ പ്രവർത്തനവ്യാപ്തി അങ്ങനെ വേഗത്തിൽ വലുതാകുകയാണ്. എല്ലാ സ്ഥലത്തുമുള്ള എല്ലാ സഭാമക്കൾക്കും ഇത് അനുഗ്രഹകരമായിത്തീരട്ടെ എന്നാശംസിക്കുന്നു. പാഠ്യപദ്ധതിയിൽ ക്രമമായി ചേർന്നു പഠിക്കാത്തവർക്കും ദിവ്യബോധനഗ്രന്ഥാവലികൾ വളരെ പ്രയോജനകരമായിരിക്കുമെന്നതിനു സംശയമില്ല.

ദിവ്യബോധനത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നതിൽ നമുക്ക് സന്തോഷമുണ്ട്. പദ്ധതിക്കും ഈ പ്രസിദ്ധീകരണത്തിനും എല്ലാ വിജയങ്ങളും നാം ആശംസിക്കുന്നു.

ശേഷം പിന്നാലെ.

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്
1986 ജൂലൈ 21–ാം തീയതി

കർത്താവിൽ നമ്മുടെ സഹോദരൻ..

.... സമാധാനം.

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ 1986 ജൂലൈ സെഷൻ യോഗങ്ങൾ 1986 ജൂലൈ 8–ാം തീയതി ചൊവ്വാഴ്ച രാവിലെ 9. 30 മുതൽ 12–ാം തീയതിവരെ കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെൻറർ ചാപ്പലിൽവച്ച് താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനം ചെയ്യുന്നതിന് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. മെത്രാച്ചൻ കൃത്യസമയത്തു അതിൽവന്നു സംബന്ധിക്കണം. 8–ാം തീയതി ചൊവ്വാഴ്ച രാവിലെ 9. 30 മുതൽ മുഴുവൻ സമയവും ധ്യാനത്തിനായി വേർതിരിച്ചിരിക്കുന്നതും, അതിന് മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ നേതൃത്വം കൊടുക്കുന്നതുമായിരിക്കും. എല്ലാ ദിവസവും രാവിലെ പതിവുപോലെയുള്ള ധ്യാനപ്രസംഗവുമുണ്ടായിരിക്കും.

യോഗത്തിൻെറ അജണ്ടാ

1. പ്രാർത്ഥന.
2. നോട്ടീസ് കല്പന വായന.
3. ഉപക്രമപ്രസംഗം.
4. മുൻയോഗമിനിട്ട്സ് പാസ്സാക്കുക.
5. മുൻയോഗനിശ്ചയങ്ങൾ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട്.
6. മുൻയോഗമിനിട്ട്സിൽനിന്ന് ആവിർഭവിക്കുന്ന വിഷയങ്ങൾ.
7. B ഷെഡ്യൂളിൽപെട്ട സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും, പ്രസ്ഥാനങ്ങളുടെയും 1985–86–ലെ റിപ്പോർട്ടും കണക്കും പാസ്സാക്കുക.
8. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മററിയുടെ നിശ്ചയങ്ങൾ അംഗീകരിക്കുക.
   1) 1985 ഡിസംബർ 27. 2) 1986 ഏപ്രിൽ 18.
9. പ്രത്യേക സന്ദർഭങ്ങൾക്ക് ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകൾ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ചിട്ടുള്ളത് അംഗീകരിക്കുക.
10. വേദവായനക്കുറിപ്പിൻെറ പരിഷ്ക്കരിച്ച പതിപ്പ് അംഗീകരിക്കുക.
11. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയുള്ള കാത്തിരിപ്പിൻെറ ദിവസങ്ങൾ പ്രയോജനകരം ആകത്തക്കവണ്ണം ഉള്ള പരിപാടികൾക്കുള്ള ക്രമങ്ങൾ നിശ്ചയിക്കുക.
12. ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന നടപടിക്രമത്തിൻെറ അവസാന വായന.
    (മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ)
13. ലിററർജിക്കൽ കമ്മീഷൻെറ റിപ്പോർട്ട്. (മാർ ബർന്നബാസ് മെത്രാപ്പോലീത്താ)
14. 12 വയസ്സായ കുട്ടികൾക്ക് സമപ്രതിഷ്ഠാകർമ്മം നടത്തുന്നതിനെപററി.
    (മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ)
15. A. D. 2000 വരെയുള്ള അടുത്ത 15 കൊല്ലത്തേക്കുള്ള പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്നതിനെപ്പററി.
16. നിലയ്ക്കൽ കേന്ദ്രത്തിനടുത്തുള്ള സഭവക സ്ഥലത്ത് കെട്ടിടം പണിയുന്നതിനെപററി.
17. ആഫ്രിക്കൻ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും കണക്കും.
    (മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ)
18. അന്ധ്രാ പ്രൊജക്ടിൻെറ റിപ്പോർട്ട്. (മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ)
19. ഭോപ്പാൽ ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ടും കണക്കും.
    (തേവോദോസിയോസ് മെത്രാപ്പോലീത്താ)
20. വിവാഹവരുമാനം സംബന്ധിച്ച് അയച്ച കല്പനയെപററിയുള്ള Rtd. ജസ്ററീസ് എം. യു. ഐസക്കിൻെറ കത്ത്.

21. അമേരിക്കൻ ഭദ്രാസനം വിഭജിച്ച് രണ്ടാക്കണമെന്ന് കാണിച്ച് അവിടെയുള്ള 10 വൈദികർ ചേർന്ന് അയച്ചിട്ടുള്ള കത്തിലെ കാര്യങ്ങൾ ചർച്ച ചെയ്യുക.
22. പരുമല സെമിനാരിയിൽ മെയ് മാസത്തിൽ സമ്മേളിച്ച വൈദിക സംഘത്തിലെടുത്ത തീരുമാനങ്ങൾ സംബന്ധിച്ച്.
23. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.
24. ഉപസംഹാരം.
25. പ്രാർത്ഥന.

1986 ജൂൺ 5–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

No. 130/86

His Holiness Pope John Paul II
Vatican City, Rome

Your Holiness, Our esteemed Brother in Christ,

Greetings and all good wishes to Your Holiness in this blessed season of Pentecost. May the Holy Spirit of God bring peace and joy to His creation and to His church.

We have duly received Your letter of May 12th 1986, in which You request us to be present with You on the occasion of the Day of Prayer for Peace at Assissi. We wish we could be present with You and personally join Your Holiness in prayer for peace. The state of our health and our advanced age (80) stand in the way of our desire and we must deny ourselves the privilege.

We are asking our brother, Metropolitan Paulose Mar Gregorios of Delhi, to represent us on the occassion in Assissi, and to express our solidarity with Your Holiness, with all Christians, and with all human beings of all religious persuasions, in the common prayer of humanity, that the world may be freed from the threat of war, and be enabled to live together as one human family in peace based on justice and concord.

Kindly arrange to see that Mar Gregorios gets the necessary information and assistance to enable him to be present with Your Holiness and with all on this occasion.

Yours in Christ

cc to:-
Dr. Paulose Mar Gregorios
Metropolitan of Delhi
The Delhi Orthodox Centre
2-Institutional Area, Thuglaqabad
New Delhi - 110 062

നമ്മുടെ ....
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയിൽപെട്ട മിക്ക പള്ളി ഇടവകകളുടെയും ഒരു പ്രധാന വരുമാനം ഇടവകാംഗങ്ങൾ വിവാഹാവസരത്തു പള്ളികൾക്ക് കൊടുക്കുന്ന പതാരം മുതലായവയാകയാലും അവ ഈടാക്കുന്നതിന് അടുത്ത കാലത്ത് പല തടസ്സങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നതിനാലും, ദീർഘകാലമായി നടപ്പിലിരിക്കുന്ന രീതിയിൽ ആവശ്യമായ ഭേദഗതി വരുത്തി ഒരു പുതിയ മാർഗ്ഗം നടപ്പിൽ വരുത്തണമെന്ന് അഭിപ്രായമുണ്ടാകയാൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സ്റ്റാൻഡിംഗ് കമ്മററി ഈ വിഷയത്തെപററി പഠിച്ചു റിപ്പോർട്ടു തയ്യാറാക്കി പ. സുന്നഹദോസിൽ സമർപ്പിക്കുന്നതിന് ഒരു കമ്മററിയെ നിയമിച്ചു. പ്രസ്തുത കമ്മററിയുടെ റിപ്പോർട്ട് 1986 ഫെബ്രുവരി 17 മുതൽ 21 വരെയുള്ള തീയതികളിൽ കൂടിയ പ. സുന്നഹദോസ് പരിഗണിച്ച് പള്ളിവരുമാനം ഈടാക്കുന്നതിനെപററി താഴെ വിവരിക്കുന്ന പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

1. ഓരോ പള്ളി ഇടവകയിലുംപെട്ട അംഗങ്ങളെ അവരുടെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തിരിക്കേണ്ടതാകുന്നു. ഇതിലേക്ക് ഓരോ ഇടവകയിലും ഇടവക മാനേജിംഗ് കമ്മററി കൂടി ഇടവകയിലെ ഓരോ കുടുംബത്തിന്റെയും സാമ്പത്തികസ്ഥിതി കണക്കിലെടുത്ത്, ആ കുടുംബത്തിലെ അംഗങ്ങളുടെ വിവാഹസമയത്ത് ഈടാക്കേണ്ട തുക എത്രയെന്നും ഓരോ കുടുംബത്തെയും ഏതു ഗ്രൂപ്പിൽ ഉൾപ്പെടുത്തണമെന്നും തീരുമാനിക്കുകയും ഈ തീരുമാനം ഇടവകയോഗത്തിൽ സമർപ്പിച്ച് പാസ്സാക്കുകയും വേണം. ഇടവകയോഗം പാസ്സാക്കുന്ന തീരുമാനം ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതാണ്. ഇപ്രകാരം നടപ്പാക്കുന്ന തീരുമാനം പിന്നീട് എന്തെങ്കിലും അതിൽ ഭേദഗതി ചെയ്യണമെങ്കിൽ, അതായത്, കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യണമെങ്കിൽ, ഇടവകയോഗം അതെപ്പററി ആലോചിച്ച് തീരുമാനിക്കേണ്ടതും അതിനുശേഷം ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി ആ ഭേദഗതി നടപ്പാക്കേണ്ടതുമാണ്.

2. എല്ലാ ഇടവകകളിലും ഇടവകാംഗങ്ങളിൽനിന്ന് മാസവരി മുതലായവ കൃത്യമായി പിരിക്കേണ്ടതാണ്.

3. പള്ളി ശുശ്രൂഷകളുടെ സമയത്ത് വീഡിയോ കാമറാ ഉപയോഗിക്കണമെന്നാഗ്രഹിക്കുന്നവർ ശുശ്രൂഷ ഏതു പള്ളിയിൽവച്ച് നടത്തപ്പെടുന്നുവോ ആ പള്ളിക്ക് ഒരു സെററിന് 500 രൂപാ വീതം ഫീസ് നൽകി ഇടവക വികാരിയിൽനിന്ന് മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

4. പള്ളികളിലെ ശുശ്രൂഷകൾക്ക് അതാതു പള്ളിയിലെ ഗായകസംഘം അല്ലാതെ പുറത്തുനിന്നുള്ള ഗായകസംഘത്തെ പങ്കെടുപ്പിക്കുന്നതിന് ആഗ്രഹിക്കുന്നവർ ശുശ്രൂഷ ഏതു പള്ളിയിൽവച്ച് നടത്തുന്നുവോ ആ പള്ളിക്ക് 250 രൂപാ ഫീസ് നൽകി ഇടവകവികാരിയിൽനിന്ന് മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

1986 ഏപ്രിൽ 18-ാം തീയതി കൂടിയ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററി, സുന്നഹദോസിന്റെ മേൽ വിവരിച്ച നിശ്ചയത്തോട് യോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽനിശ്ചയങ്ങൾ അനുസരിച്ച് പള്ളിവരുമാനം ഈടാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ നാം അറിയിക്കുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....................

1986 ഏപ്രിൽ 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

നമ്പർ 73/86

കർത്താവിൽ നമ്മുടെ സഹോദരൻ സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്കു സമാധാനം.

1986 ഫെബ്രുവരി 17 മുതൽ മൂന്നു ദിവസങ്ങളിൽ കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെന്റർ ചാപ്പലിൽ കൂടിയ പ. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിൽ മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്താ അവതരിപ്പിച്ച 12 വയസ്സുള്ള കുട്ടികളുടെ സഭാംഗത്വ ബോധവൽക്കരണത്തിനു പുന: ഉൾപ്പെടുത്തിയുള്ള [illegible] വേണ്ട ഭേദഗതികൾ വരുത്തി ഇതോടുകൂടി സമഗ്രമായ രൂപത്തിൽ തയ്യാറാക്കി അടുത്ത പ. സുന്നഹദോസിൽ സമർപ്പിക്കുന്നതിന് ടി സുന്നഹദോസിന്റെ നിശ്ചയപ്രകാരം താങ്കളെ നാം നിയമിച്ചിരിക്കുന്നു.

1986 മാർച്ച് മാസം 8-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

നമ്പർ 20/86

കർത്താവിൽ നമ്മുടെ സഹോദരൻ

മാർ പാപ്പായുടെ കേരളസന്ദർശനവേളയിൽ, അദ്ദേഹവും നാമും തമ്മിലുള്ള കൂടിക്കാഴ്ച ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച പകൽ 12 മണിയോടുകൂടി നമ്മുടെ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. തദവസരത്തിൽ നമ്മുടെ സഭയിലെ എല്ലാ മെത്രാച്ചന്മാരും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. ആയതിനാൽ ആ ചടങ്ങിൽ കൃത്യസമയത്ത് സംബന്ധിക്കത്തക്കവണ്ണം ഫെബ്രുവരി ഏഴാം തീയതി വെള്ളിയാഴ്ച സന്ധ്യക്കു മുമ്പ് മെത്രാച്ചൻ കോട്ടയം ദേവലോകം അരമനയിൽ എത്തിച്ചേരണം.

1986 ജനുവരി 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

നമ്മുടെ .... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരൻമാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

ഈ വർഷം ഫെബ്രുവരി 10-ാം തീയതി തിങ്കളാഴ്ച വലിയനോമ്പ് ആരംഭിക്കുകയാണല്ലോ. നോമ്പിന്റെയും, ഉപവാസത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് നാം കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു

പൈശാചിക ശക്തി പൂർവാധികം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അതിനെതിരായി ഉപവാസത്തിലും പ്രാർത്ഥനയിലുംകൂടി നാം ആത്മീയ ശക്തി ആർജ്ജിക്കേണ്ടതാണ് "നിങ്ങളുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹമെന്നപോലെ, ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞ് ചുററി നടക്കുന്നു" (വി. യാക്കോ. 5:8) എന്ന് വി. യാക്കോബ് ശ്ലീഹാ പറയുന്നു. "നമുക്ക് പോരാട്ടമുള്ളത്, ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രെ" (എഫേ. 6:12) എന്നും "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ. ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?" (റോമ. 7:21) എന്നും വി. പൗലോസും പറയുന്നു. ഈ പോരാട്ടത്തിൽനിന്ന് പൂർണ്ണ വിമുക്തി പ്രാപിച്ച ആരുമില്ല. അവസാനത്തോളം നമുക്ക് പോരാട്ടമുണ്ട്. പരിശുദ്ധാത്മ വ്യാപാരത്താൽ നാം ദൈവസ്നേഹത്തിൽ നിറയുമ്പോൾ പൈശാചിക ശക്തികളെ ജയിക്കാൻ സാധിക്കുമെന്നത് ശരിതന്നെ (ഗലാ. 5:16). എന്നാൽ അതിനായി ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ കുരിശിക്കേണ്ടത് അത്യന്താപേക്ഷിതമാണ് (ഗലാ. 5:24). "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നതല്ല"ന്ന് (വി. മത്താ. 17:21) നമ്മുടെ കർത്താവും അരുളിച്ചെയ്യുന്നു.

നമ്മുടെ കർത്താവും അപ്പോസ്തോലന്മാരും ഉപവസിച്ചതായി കാണാം. നാല്പതു ദിവസത്തെ തന്റെ ഉപവാസത്തിന് ശേഷം കർത്താവ് സാത്താന്റെ മൂന്ന് പരീക്ഷകളെ ജയിച്ചതായി കാണുന്നു. "മണവാളൻ പിരിഞ്ഞുപോകുന്ന നാൾ വരും, അന്ന് അവർ ഉപവസിക്കും" (വി. മത്താ. 9:15) എന്ന് കർത്താവ് ശിഷ്യന്മാരെക്കുറിച്ച് പറഞ്ഞതനുസരിച്ച് അവർ ഉപവസിച്ചു (അപ്പോ. 13:1-3). "മറ്റുള്ളവരോട് പ്രസംഗിച്ചശേഷം, ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്, എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്" (1 കൊരി. 9:27) എന്നും, "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്, യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു" (2 കൊരി. 4:10) എന്നും വി. പൗലോസ് പറയുന്നു. നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന വലിയ മാർ ബസ്സേലിയോസിനെക്കുറിച്ച്, 'മാംസവും, രക്തംപോലും ഇല്ലാത്ത മനുഷ്യൻ' എന്ന് പറയത്തക്കവണ്ണം അദ്ദേഹം അത്രമാത്രം തപോനിഷ്ഠനായി ജീവിച്ചു. പരിശുദ്ധ തിരുമേനി ഉപവാസത്തിന് എത്രമാത്രം പ്രാധാന്യം സ്വജീവിതത്തിൽ നൽകിയിരുന്നെന്നുള്ളത്, നമുക്ക് അറിയാവുന്നതാണല്ലോ.

എന്നാൽ കേവലം ചടങ്ങായി നോമ്പ് നോൽക്കുന്നതിനെ ദൈവം ശാസിക്കുന്നു. "നിങ്ങൾ വിവാദത്തിനും, കലഹത്തിനും, ക്രൂരമുഷ്ടികൊണ്ട് അടിക്കേണ്ടതിനും നോമ്പ് നോൽക്കുന്നു" (യെശ. 58:5) എന്നാണ് യെശയ്യാ പ്രവാചകനിൽകൂടി യഹോവ അരുളിച്ചെയ്യുന്നത്. തിന്മവിട്ടകന്നവരാകട്ടെ, ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ ദുർമാർഗ്ഗങ്ങളെ വിട്ടുപിരിഞ്ഞു. ഇങ്ങനെയുള്ള ഉപവാസവും മാനസാന്തരവുമാണ് നമുക്ക് വേണ്ടത്.

അതിനാൽ ഈ വലിയ നോമ്പിൽ യഥാർത്ഥമായ മാനസാന്തരത്തോടുകൂടെ നമുക്ക് ഉപവാസവും പ്രാർത്ഥനയും, ജാഗരണവും കുമ്പിടീലും നടത്താം. സത്യകുമ്പസാരത്തിലേക്കും വിശുദ്ധ കുർബാനാനുഭവത്തിലേക്കും സമർപ്പണ ജീവിതത്തിലേക്കും നയിക്കുന്ന ധ്യാനയോഗങ്ങൾ നടത്തുകയും വേണം. തൽഫലമായി "ഞാൻ ക്രിസ്തുവിനോടുകൂടി കുരിശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20) എന്ന് വി. പൗലോസ് പറയുന്ന അനുഭവം നമുക്ക് ഏവർക്കും ഉണ്ടാകണം.

മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും നോമ്പിലെ മുപ്പതാം ഞായറാഴ്ച - മാർച്ച് 16 സഭാദിനമായി (കാതോലിക്കാദിനം) ഭക്തിപൂർവം ആചരിക്കണം. ആയതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സഭാകേന്ദ്രത്തിൽനിന്നും യഥാസമയം നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ....

1986 ജനുവരി 15-ാം തീയതി

നമ്പർ 274/87

നമ്മുടെ

വൈദികരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ ഇങ്ങേയ്ക്കുള്ള വാഴ്വ്.

പ്രിയരെ,

കോട്ടയം. ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, പ. ബസേലിയോസ് ഔഗേൻ പ്രഥമൻ എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ഭക്തിനിർഭരമായി കൊണ്ടാടുന്നതിനെപ്പറ്റി ആലോചിക്കുന്നതിനായി ഒരു യോഗം 1987 ഡിസംബർ 13-ാം തീയതി ഞായറാഴ്ച പകൽ 3½ മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ കാതോലിക്കേറ്റ് അരമനയിൽ വച്ച് കൂടുന്നതാണ്. ഇതിൽ ആ പള്ളി വികാരിയും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, താൽപര്യമുള്ള മറ്റാളുകളും സംബന്ധിക്കണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും, അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ . . . . . .

1987 ഡിസംബർ 7-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്

നമ്പർ 227എ/87

കർത്താവിൽ നമ്മുടെ സഹോദരൻ

1977-ൽ വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച ആണല്ലോ വി. മൂറോൻ തൈലം നാം കൂദാശ ചെയ്തത്. ഇപ്പോൾ പത്തു വർഷം കഴിഞ്ഞു. ഇവിടെ അരമനയിൽ സൂക്ഷിച്ചിരുന്ന മൂറോൻ തീരുകയും ചെയ്തു. ഈ സാഹചര്യത്തിൽ വി. മൂറോൻ കൂദാശ താമസിയാതെ നടത്തണം. 1988-ലെ വലിയ നോമ്പിൽ നാല്പതാം വെള്ളിയാഴ്ച ആയതു നിർവ്വഹിക്കണമെന്ന് കർത്താ

വിൽ നാം ശരണപ്പെടുന്നു. ആ ഭദ്രാസനത്തിലെ ആവശ്യത്തിന് കൊണ്ടുപോയിട്ടുള്ള മൂറോൻ എത്ര ലിററൽ അവിടെ സ്റ്റോക്കുണ്ട് എന്ന് എത്രയും വേഗം നമ്മെ അറിയിക്കണം. വി. മൂറോൻ കൂദാശക്ക് വേണ്ട ക്രമീകരണങ്ങൾ താമസിയാതെ ആരംഭിക്കേണ്ടിയിരിക്കുന്നു. എല്ലാം ദൈവാനുഗ്രഹത്തിനായി ഭവിക്കുവാൻ പ്രത്യേകം പ്രാർത്ഥിക്കണം. ശേഷം പിന്നാലെ.

1987 സെപ്റ്റംബർ 12-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്.

നമ്പർ 227/87

നമുക്കേറ്റം സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഭാമക്കൾക്ക് വാഴ്വ്

പ്രിയരേ,

പ. സഭയിലെ ആരാധനകളുടെ ഞായറാഴ്ചകളിലെയും പെരുന്നാ-ളുകളിലെയും മറ്റും വേദവായനഭാഗങ്ങൾ ക്രമീകരിച്ചിട്ടുള്ള വേദവായനക്കുറിപ്പാണല്ലോ. ആണ്ടുകളായി നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ചിലതെല്ലാം അനാവശ്യമായി വന്നിട്ടുണ്ട്. ചില ദിവസങ്ങളിൽ ...യാന വായന വി. ഗ്രന്ഥങ്ങളുടെ സന്ദർഭത്തിനാണ് വച്ചിരിക്കുന്നതു ...പ്രസക്തമായ പല വേദഭാഗങ്ങളും കൂട്ടിച്ചേർക്കാനുമുണ്ട്. നമ്മുടെ സഭ...ണ്യമായും പാരമ്പര്യമായുമുള്ള വായനകളും പഠനത്തിനായി അനു-വദിച്ചിട്ടുള്ള വെളിപാടു പുസ്തകത്തിലെ ഭാഗങ്ങൾ വേദവായനക്കുറിപ്പിൽ ...ത്തിട്ടില്ല. അതിനാൽ ഒരു പരിഷ്കരിച്ച പതിപ്പ് അനിവാര്യമാണെന്ന ...ത്ത കുറെക്കാലമായി ഉണ്ടായിരുന്നു. പ. സുന്നഹദോസിന്റെ നിർദ്ദേശമനുസരി... നമ്മുടെ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, അങ്കമാലി...ലെ ജോസഫ് മാർ പക്കോമിയോസ്, സഖറിയാ മാർ ദീവന്നാസിയോസ് ...ന്നീ മെത്രാപ്പോലീത്തന്മാർ പരിശോധിച്ചതും പ. സുന്നഹദോസ് ...87 ഫെബ്രുവരിയിൽ അംഗീകരിച്ചതുമാണ് ഈ പരിഷ്കരിച്ച പതിപ്പ്. ...വേദവായനക്കുറിപ്പിൽ നേരത്തെ ചേർത്തിരുന്ന അപ്പോക്രിഫയിലെ ...യനക്കുറിപ്പുകൾ (ബാറൂസീറ, മഹാജ്ഞാനം, മക്കാബിയക്കാർ) വായി...ക്കുന്നതിന് ഈ വേദവായനക്കുറിപ്പിൽ അവയിലെ ഭാഗങ്ങൾ അനു-ബന്ധമായി ചേർത്തിട്ടുണ്ട്.

[illegible]

നമ്പർ 220/87

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ശുശ്രൂഷക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയുടെ സ്വയംശീർഷകത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായ പൌരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ടതിന്റെ 75–ാം വാർഷിക ദിനം 1987 സെപ്റ്റംബർ 12–ാം തീയതി ശനിയാഴ്ചയാണ്. അന്നേ ദിവസം നമ്മുടെ എല്ലാ പള്ളികളിലും വി. കുർബ്ബാന അർപ്പിക്കുകയും, സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ സ്തോത്രം ചെയ്യുകയും വേണം. ഈ ദിനത്തോടനുബന്ധിച്ച് ഇടവക തലത്തിലും, ഭദ്രാസന തലത്തിലും ആഘോഷങ്ങളും ഘോഷയാത്രകളും, പൊതുയോഗങ്ങളും മറ്റും സംഘടിപ്പിച്ച് സഭാസ്വാതന്ത്ര്യം, കാതോലിക്കേറ്റിന്റെ പ്രാധാന്യം, സഭയിലെ പുരോഗമന പദ്ധതികൾ, മിഷൻ പ്രവർത്തനം—പ്രത്യേകമായി വിദേശ മിഷൻ പ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനം മുതലായ വിഷയങ്ങളെപ്പറ്റി സഭാംഗങ്ങൾക്ക് ഉദ്ബോധനം കൊടുക്കുകയും, വിവിധ തലങ്ങളിൽ ഉപന്യാസ മത്സരം, പ്രസംഗ മത്സരം ഇടങ്ങിയ സമുചിതമായ പരിപാടികൾ ആവിഷ്കരിച്ച് ആഘോഷങ്ങൾ വിജയിപ്പിക്കുകയും ചെയ്യണം. അഖില മലങ്കര അടിസ്ഥാനത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ള മത്സരത്തിൽ വിജയിച്ച് ഒന്നാമതായി എത്തുന്നവർക്ക് 1987 ഡിസംബർ 29–ാം തീയതി കൂടുന്ന അസോസ്യേഷൻ യോഗത്തിൽ വച്ച് സമ്മാനങ്ങൾ നല്കുന്നതായിരിക്കും.

ആയതിലേക്ക് അനന്തര നടപടികൾക്കായി ആ പള്ളിയിൽ നിന്നും ഒന്നാമതായി വിജയിയാകുന്നവരുടെ പേരുവിവരം 1987 സെപ്റ്റംബർ 28–ാം തീയതിക്ക് മുമ്പായി അസോസ്യേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം–38 എന്ന വിലാസത്തിൽ അറിയിക്കണം. ഇക്കാര്യത്തിൽ എല്ലാ ഇടവകകളും, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ മുതലായ എല്ലാ സ്ഥാപനങ്ങളും ഉത്സാഹം എടുത്ത് വിഘ്നം കൂടാതെ പ്രവർത്തിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1987 ആഗസ്റ്റ് 29–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്ന്

No. 170/87

His Holiness Patriarch Pimen of Moscow and All Russia
Danilovski Monastery
Danilovsky Val 22
Moscow 113191, U.S.S.R.

Your Holiness, our dear and esteemed Brother in the Lord,

Christ is risen. He is risen indeed. May the power of the Risen Christ be with Your Holiness and with all Your People.

We are glad to hear from our Metropolitan Paulose Mar Gregorios that Your Holiness' health has considerably improved, and that you are now able to celebrate the liturgy. May God grant you many years of good health and the strength and the wisdom to lead your Church in these difficult days.

As the great Russian Orthodox Church prepares herself to celebrate the one thousandth anniversary of the Baptism of the Russia, we want to send you our best wishes and felicitations. We are anxious to commemorate this great event here in India also, and would therefore request Your Holiness to send us a high ecclesiastical delegation from your Church. We would like such a delegation of about five people to arrive in Delhi around the 29th of October, and to arrive in Cochin on Saturday the 31st October. The main celebrations will be in Parumala, the tomb of our canonised Saint Mar Gregorios, and during his feast which is on the 1st to the 3rd of November. They are invited to stay with us as long as they can, but the main celebrations will be over by the evening of the 3rd of November.

We are very anxious to welcome His Eminence Metropolitan Philaret of Minsk and Byelorussia to India and we are hoping that the delegation will be led by him, if it is convenient for his extremely busy schedule.

Once Your Holiness can let us know your acceptance of this invitation, Metropolitan Paulose Mar Gregorios will work out the details of the programme in consultation with Metropolitan Philaret.

With respectful and fraternal greetings and good wishes, and requesting to be remembered in your prayers and eucharists, we remain,

Your Holiness' Brother in the Lord,

No. 154/87

[illegible] വിവാഹ [illegible]

[illegible]

1. മാവേലിക്കര .... സെ. ജോർജ്ജ് ഓർത്തഡോക്സ് ഇടവക
[illegible] .... മകൻ ....
.... [illegible] അപേക്ഷ. 25-6-1987.

2. ഈ അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ സത്യമാണെന്ന് [illegible]
[illegible] .... [illegible] വികാരി
K.V. തോമസ് കത്തനാർ [illegible] 25-6-87.

3. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ചെമ്പിൽ [illegible] [illegible]
പ്രസിഡന്റും പഞ്ചായത്ത് മെമ്പറുമായ K. [illegible] [illegible]
കത്ത് 17-7-82.

4. [illegible] [illegible] [illegible] പള്ളി വികാരിയുടെയും
[illegible] [illegible] [illegible] ശുപാർശ കത്ത് 14-7-82.

5. കൊല്ലം [illegible] മാത്യൂസ് മാർ [illegible] [illegible]
[illegible] ശുപാർശ കത്ത് [illegible]-82.

6. 1982 [illegible] 10-20 [illegible] ദി. വർഗീസും [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible]

7. ടി. [illegible] കൂടി [illegible] [illegible]
[illegible] 2000/- രൂപാ തിരികെ [illegible] [illegible]
വർഗീസിന് [illegible] കൊടുത്ത [illegible].

[illegible]

29-9-81-ൽ വിവാഹിതരായി. മറിയാമ്മ വിവാഹത്തിനു മുമ്പു
തന്നെ ഒരു മാനസിക രോഗിയായിരുന്ന കാര്യം മറച്ചുവെച്ചാണ്
പെൺവീട്ടുകാർ കല്യാണത്തിനു തയ്യാറായത്. കല്യാണസമയത്ത്
മറിയാമ്മ കുഴപ്പമൊന്നും കാണിച്ചില്ല. അന്നുതന്നെ രണ്ടുപേരും
വധുവിന്റെ വീട്ടിലേക്ക് പോയി. അവിടെ എത്തിയ ശേഷം അവൾ
ഭാവഭേദം കാണിക്കുവാൻ തുടങ്ങി. പൊട്ടിച്ചിരിക്കുക ഭർത്താവാ
യ വർഗീസിനെ നഖക്ഷതം [illegible] മുതലായ വികൃതികൾ അവ
ളുടെ വീട്ടിൽ വച്ചും തുടർന്ന് വർഗീസിന്റെ വീട്ടിൽ വന്ന ശേഷവും
കാണിച്ചു. ആ നിലയിൽ രണ്ടു മൂന്നു ദിവസങ്ങൾ കഴിഞ്ഞു കൂടി.
പിന്നീട് അവളുടെ വീട്ടിലേക്ക് അവളെ കൊണ്ടുപോയി. പി
ന്നീടൊരിക്കലും വർഗീസും മറിയാമ്മയും ഒരുമിച്ച് താമസിച്ചി
ട്ടില്ല. രണ്ടു കൂട്ടരും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഫലമായി
തിരുവല്ലാ സബ് രജിസ്ട്രാർ കച്ചേരിയിൽ വച്ച് 12-4-82-ൽ അവർ
തമ്മിലുള്ള വിവാഹബന്ധം വേർപെടുത്തി. മറിയാമ്മയുടെ സ്ത്രീ
ധനമായി കിട്ടിയ 2000/- രൂപാ മടക്കിക്കൊടുക്കുകയും ചെയ്തു. അത
നുസരിച്ച് വർഗീസിന് പുനർവിവാഹം അനുവദിച്ചുകൊണ്ട് നാം
കല്പന കൊടുത്തു. കല്പന അനുസരിച്ച് വർഗീസും ചെന്നിത്തല
[illegible] പള്ളിയിൽപെട്ട [illegible] തങ്കച്ചൻ മകൾ
[illegible] തമ്മിലുള്ള വർഗീസിന്റെ രണ്ടാം വിവാഹം 17-1-83-ൽ
[illegible] പള്ളിയിൽ വച്ച് നടന്നു. വിവാഹത്തിനു ശേഷം

രണ്ടാം ഭാര്യയുമായി പൊരുത്തപ്പെട്ടുപോകുവാൻ സാധിക്കാതെ വരികയും അവരെ അവരുടെ വീട്ടിലേക്ക് പറഞ്ഞയക്കുകയും ചെയ്തു. പിന്നീട് ഇരുകൂട്ടരുടെയും പരസ്പര ധാരണയിൽ മാവേലിക്കര രജിസ്ട്രാർ കച്ചേരിയിൽ വച്ച് വിവാഹമോചന ഉടമ്പടി രജിസ്റ്ററാക്കി. മേല്പറഞ്ഞ 2 വിവാഹങ്ങളിലും വർഗീസിനു കുട്ടികളുണ്ടായില്ല. അനന്തരം വർഗീസ് മൂന്നാം പ്രാവശ്യം ഒരു രജിസ്റ്റർ വിവാഹം നടത്തി. വധു വെട്ടിയാർ കാതോലിക്ക് പള്ളിയിൽപെട്ട കണ്ണങ്കോട്ട് വീട്ടിൽ പി. വർഗീസ് മകൾ കുഞ്ഞമ്മയാണ്. 12-6-86-ൽ മാവേലിക്കര രജിസ്ട്രാർ കച്ചേരിയിൽ വച്ചു ആ വിവാഹം നടന്നു. ഇതോടെ [illegible] വർഗീസിന്റെ [illegible] ഇടവക പട്ടക്കാർ [illegible]ച്ചു. ഈ വിവാഹത്തിൽ വർഗീസിന് ഒരു കുട്ടിയുണ്ട്. അതിന്റെ മാമോദീസാ ഇതുവരെയും നടത്തിയിട്ടില്ല. സഭയ്ക്കുപുറത്ത് ഇങ്ങനെ ഒരു വിവാഹം നടത്തിയതിൽ വർഗീസ് ഖേദിക്കുന്നു എന്നും അദ്ദേഹത്തെ സഭാകൂട്ടായ്മയിലെടുത്ത് അദ്ദേഹത്തെയും മൂന്നാം ഭാര്യയെയും പള്ളിയിൽ ചേർക്കുകയും അവരുടെ മൂന്നാം [illegible] അതിലുണ്ടായ കുട്ടിയുടെ മാമോദീസായും നടത്തി-

ത്തരണമെന്ന് കാണിച്ച് വർഗീസ് അപേക്ഷിച്ചിരിക്കുകയാണ്. ടി കാര്യങ്ങൾ സത്യമാണെന്ന് കാണിച്ച് വികാരിയുടെയും മാതാപിതാക്കളുടെയും ഇടവക മെത്രാപ്പോലീത്തായുടെയും കത്തുകൾ കിട്ടിയിട്ടുണ്ട്.

<u>തീരുമാനം</u>

മേൽവിവരിച്ചിട്ടുള്ള സാഹചര്യവും വർഗീസിനെ പറ്റിയുള്ള ഇടവക മെത്രാപ്പോലീത്തായുടെയും വികാരിയച്ചന്റെയും പള്ളി കമ്മിറ്റിക്കാരുടെയും മറ്റ് മാന്യന്മാരുടെയും അഭിപ്രായവും പരിഗണിച്ച് വർഗീസിന്റെ അപേക്ഷ പ്രകാരം അദ്ദേഹത്തെയും കുടുംബത്തെയും കരിമ്പുഴ സെ. ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ ഇടവക ചേർക്കുന്നതിനും അവരുടെ പുനർവിവാഹം ക്രമപ്രകാരം നടത്തുന്നതിനും അവരുടെ കുട്ടിയുടെ മാമോദീസാ നടത്തിക്കൊടുക്കുന്നതിനും നാം അനുവദിച്ചിരിക്കുന്നു. വർഗീസിന്റെ മൂന്നാം വിവാഹം രജിസ്ട്രാർ കച്ചേരിയിൽ വച്ച് നടത്തിയതു തെറ്റാകയാൽ പള്ളിയിലേക്ക് പിഴയായി 50 രൂപാ വാങ്ങിക്കേണ്ടതാകുന്നു. അവരുടെ വിവാഹവും മറ്റും ക്രമപ്പെടുത്തുന്നതിന് കരിമ്പുഴ പള്ളി വികാരിയെ ചുമതലപ്പെടുത്തുന്നു.

1987 ജൂൺ 26-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

No. 37/87

നമ്മുടെ..പള്ളിവികാരിയും മറ്റുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ഈ വർഷം മാർച്ച് മാസം 2-ാം തീയതി ആരംഭിക്കുന്ന വലിയനോമ്പ് അഥവാ അമ്പതുനോമ്പിലേക്ക് നാം വന്നിരിക്കുകയാണ്. ജഡിക വികാരനിയന്ത്രണത്തിനും ആത്മസംയമനത്തിനും സർവ്വോപരി ദൈവസംസർഗ്ഗത്തിനുമുള്ള ഒരു പ്രധാന ഉപാധിയാണ് നോമ്പാചരണം. മോശ, യെശയ്യാവ്, ദാനിയേൽ തുടങ്ങിയ പല പൂർവ്വപിതാക്കന്മാർ, പ്രവാചക പ്രധാനികൾ തുടങ്ങിയവരുടെ ഇതുസംബന്ധമായ ശ്രേഷ്ഠ ഉപദേശങ്ങൾ, ദൈവസംസർഗ്ഗപരവും ശ്രേഷ്ഠവുമായ ജീവിത മാതൃകകൾ എന്നിവ തിരുവെഴുത്തുകളിൽ കാണാവുന്നതാണ്. നോമ്പാചരണ കല്പന ഏദൻതോട്ടം വരെയും ചെന്നെത്തുന്നതായി നാം വി. വേദപുസ്തകത്തിൽ കാണുന്നു. ആദ്യ മാതാപിതാക്കൾക്ക് ഏദൻതോട്ടത്തിൽ നോമ്പാചരണാർത്ഥം കല്പിക്കപ്പെട്ടത് വെറും ഭക്ഷണനിയന്ത്രണം മാത്രമായിരുന്നുവെങ്കിലും ആ കല്പന കാലാകാലങ്ങളിൽ വികസിതമായിത്തീർന്നുകൊണ്ടിരുന്നു. ഒടുവിൽ ദൈവപുത്രൻ തന്നെ മനുഷ്യനായിത്തീർന്നപ്പോഴാകട്ടെ ''താൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ചശേഷം തനിക്കു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തു വന്നു തന്നെ പരീക്ഷിച്ചു (വി. മത്തായി 4:2, 3) എന്നാണ് തിരുവെഴുത്തുകളിൽ കാണുന്നത്. സുമുദ്ധമായ ഏകാഗ്രതയിൽ നാല്പതു രാവും നാല്പതു പകലും ഒരു നാഴികപോലും പഴുതില്ലാതെ സ്വർഗ്ഗസ്ഥപിതാവുമായുള്ള നിരന്തര സംസർഗ്ഗത്തിൽ ശാരീരികമായ പൈദാഹാദികൾ യാതൊന്നുമറിയാതെ ഉപവാസത്തോടുകൂടി കഴിച്ചുകൂട്ടി. തന്റെ ഉപവാസയജ്ഞം അവസാനിച്ചപ്പോൾ അതുവരെയും ക്ഷീണപരവശനായി തന്നോടകന്ന്, എന്നാൽ അടുക്കുന്നതിന് സമയം പാർത്തിരുന്ന പരീക്ഷകൻ അടുത്തു വന്ന് പരീക്ഷിക്കുന്നു. എന്നാൽ കർത്താവാകട്ടെ അവനെ പരാജയപ്പെടുത്തി പിമ്പോട്ടോടിക്കുകയും ചെയ്യുന്നു. നമ്മുടെ ഉപവാസവും നോമ്പും ആരാധനകളും മററും കേവലം അല്പനേരത്തേക്കാകുന്നുവെങ്കിൽ പോലും നാം തളരുകയും സമയം ദീർഘമാകുന്നുവെന്ന് പരാതിപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം യഥാർത്ഥമായ ദൈവസംസർഗ്ഗത്തിന്റെ കുറവാണ്. ആയതിനാൽ സാത്താന്റെ കെണികളിൽ ഉൾപ്പെടാതെ പരീക്ഷണങ്ങളെ ജയിച്ച് ശക്തിപ്രാപിച്ച് ജീവിക്കുവാൻ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി വി. നോമ്പിനെ ആചരിക്കണം. നോമ്പിന്റെ പ്രധാന ഘടകങ്ങളായ പ്രാർത്ഥനയും ഉപവാസവും സുകൃതജീവിതവും ദാനധർമ്മങ്ങളും അവനവന്റെ പ്രാപ്തിയനുസരിച്ച് നിറവേററുന്നതിൽ ഏവരും ശ്രദ്ധിക്കണം. വർജ്ജിക്കേണ്ട ഭക്ഷണപാനീയങ്ങൾ വർജ്ജിക്കണം. യാമപ്രാർത്ഥനകൾ കുടുംബാംഗങ്ങൾ ഒന്നുചേർന്ന് നടത്തേണ്ടതാണ്. നിങ്ങളുടെ പ്രാർത്ഥനകളിൽ പ. സഭയെയും ബലഹീനനായ നമ്മെയും സഹോദരമേല്പട്ടക്കാരെയും പട്ടക്കാരെയും വിശ്വാസികളെയും ഓർത്തു പ്രാർത്ഥിക്കണം. നമ്മുടെ രാജ്യമായ ഭാരതത്തിൽ നിന്ന് അന്തഃഛിദ്രങ്ങളും, വിഭാഗീയ ചിന്താഗതികളും നീങ്ങി അഖണ്ഡതയും ഐക്യവും നിലനിൽക്കുവാനും ലോകത്തിൽ സമാധാനം വാഴുവാനും പ്രാർത്ഥിക്കണം. കൂടാതെ കേരളത്തിൽ കഠിനമായ വരൾച്ചയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കയാണ്. കുടിക്കുന്നതിനുപോലും വെള്ളം കിട്ടാതെ ആളുകൾ വലയുന്നു. മഴയും മഞ്ഞും അതാതുകാലത്ത് ക്രമമായി ലഭിക്കുവാൻ മുട്ടിപ്പായി ഈ നോമ്പുകാലത്ത് നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം.

വലിയനോമ്പുകാലത്ത് ആ ഇടവകയിൽപെട്ട എല്ലാ ആളുകളും വി. കുമ്പസാരം നടത്തി വി. കുർബാന അനുഭവിക്കണം. പീഡാനുഭവ ആഴ്ചയ്ക്കു മുമ്പായി അതു പൂർത്തിയാക്കുവാൻ വൈദികർ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. ധ്യാനത്തിനും പ്രാർത്ഥനയ്ക്കും വി. കുമ്പസാരത്തിനുള്ള ഒരുക്കത്തിനുമായി പള്ളികളിൽ പ്രത്യേകം ദിവസങ്ങൾ വേർതിരിക്കണം.

ആകയാൽ നമ്മുടെ വാൽസല്യ മക്കളെ, നമ്മുടെ ആത്മാർത്ഥമായ നോമ്പുമാസാനുഷ്ഠാനങ്ങൾ സ്വന്തം ആത്മീയാഭിവൃദ്ധിക്കുതകുന്നതോടൊപ്പം സഹോദരസ്നേഹനിർഭരവും ബന്ധുജനരക്ഷണപ്രധാനവും പൊതുനന്മയ്ക്കുതകുന്നതും ആയിരിക്കേണ്ടതാകുന്നു എന്ന് സ്നേഹപൂർവ്വം നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. ''ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തതെല്ലാം എനിക്കാകുന്നു നിങ്ങൾ ചെയ്തത്'' എന്നുള്ള കർത്താവിന്റെ തിരുവചനവും ''തീററുക തീനില്ലാത്തവരെ'' എന്നുള്ള നോമ്പിലെ പ്രാർത്ഥനയിലെ പ്രബോധനവും നമ്മുടെ ജീവിതത്തെ സ്വാധീനിച്ച് ധന്യമാക്കേണ്ടതാണ്.

വലിയനോമ്പിലെ 36-ാം ഞായറാഴ്ച (ഏപ്രിൽ 5) മുൻ പതിവുപോലെ സഭാദിനമായി ആചരിക്കണം. അതിനോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളും വിജയിപ്പിക്കുവാൻ നിങ്ങളേവരും പരമാവധി ശ്രദ്ധിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ളീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

1987 ഫെബ്രുവരി 14-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്

No. 32/87

നമ്മുടെ സഭാംഗങ്ങളായ എല്ലാ വാത്സല്യമക്കൾക്കും വാഴ്വ്

പ്രിയരെ,

ആരാധന ക്രിസ്തീയജീവന്റെ ഉറവിടമാണ്. നമ്മുടെ സഭ ആരാധനയ്ക്കും നോമ്പിനും വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ ഉദാസീനതകൊണ്ടും ബദ്ധപ്പാടുകൾ വർദ്ധിച്ചു വരുന്നതിനാലും നോമ്പിലെ പ്രാർത്ഥനകൾ മുടക്കം കൂടാതെ ചൊല്ലുന്നതിൽ പലർക്കും പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ വസ്തുത മനസ്സിലാക്കിയാണ് ഈ പുതിയ ആരാധനക്രമം പ. സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി ഉണ്ടാക്കിയിരിക്കുന്നത്. ഏറെ പ്രധാനമായ ഭാഗങ്ങൾ വിട്ടുകളയാതെ ലളിതമായ ഭാഷയിൽ ഇത് ഉണ്ടാക്കിയിരിക്കുന്നു. സമൂഹത്തിലെ എല്ലാ തുറകളിലും പ്രവർത്തിക്കുന്നവർക്ക് ചുരുങ്ങിയ സമയം കൊണ്ടു ഇത് ക്ലേശരഹിതമായി ഉപയോഗിക്കാവുന്നതാണ്. മൂന്നുനോമ്പ്, വലിയനോമ്പ്, പീഡാനുഭവവാരം ഇവയിലെ പ്രാർത്ഥനകളാണ് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. എല്ലാ കുടുംബങ്ങളിലും നിശ്ചയമായി നോമ്പുകാലങ്ങളിൽ ഈ പുസ്തകം ഉപയോഗിച്ച് പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

1987 ഫെബ്രുവരി 11-ാം തീയതി

No. 12/87

കർത്താവിൽ നമ്മുടെ സഹോദരൻ..

....സമാധാനം.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ 1987 ഫെബ്രുവരി സെഷൻ യോഗങ്ങൾ 1987 ഫെബ്രുവരി 23 മുതൽ 28 വരെയുള്ള തീയതികളിൽ കോട്ടയം പഴയ സെമിനാരിയിലെ സോഫിയാ സെന്റർ ചാപ്പലിൽവച്ചു താഴെപറയുന്ന വിഷയങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനം ചെയ്യുന്നതിന് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി യോഗങ്ങളിൽ മെത്രാച്ചൻ വന്നു സംബന്ധിക്കണമെന്നു താല്പര്യപ്പെടുന്നു. 23-ാം തീയതി തിങ്കളാഴ്ച വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപെരുനാളായതുകൊണ്ട് 22-ാം തീയതി ഞായറാഴ്ച വൈകിട്ടുതന്നെ വന്ന് സന്ധ്യാനമസ്കാരത്തിലും പിറേറദിവസം വി. കുർബാനയിലും മെത്രാച്ചൻ സംബന്ധിക്കണം. പ. സുന്നഹദോസ് യോഗങ്ങളുടെ അവസാന ദിവസമായ 27-ാം തീയതി വെള്ളിയാഴ്ച ഉച്ചമുതൽ ധ്യാനവും 28-ാം തീയതി ശനിയാഴ്ച രാവിലെ വി. കുർബാനയും ഒരുമിച്ചുള്ള കുർബാനാനുഭവവും ഉണ്ടായിരിക്കും. എല്ലാ ദിവസവും രാവിലെ പതിവുള്ള ധ്യാനപ്രസംഗവും ഉണ്ടായിരിക്കുന്നതാണ്.

യോഗത്തിന്റെ അജണ്ട

1. പ്രാർത്ഥന.
2. നോട്ടീസ് കല്പന വായന.
3. ഉപക്രമപ്രസംഗം.
4. മുൻയോഗ മിനിട്ട്സ് പാസാക്കുക.
5. മുൻയോഗ നിശ്ചയങ്ങൾ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട്.
6. മുൻയോഗ മിനിട്ട്സിൽനിന്ന് ആവിർഭവിക്കുന്ന വിഷയങ്ങൾ.
7. B ഷെഡ്യൂളിൽപെട്ട സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും 1987–ലേക്കുള്ള ബഡ്ജറ്റ് അംഗീകരിക്കുക.
8. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ 1986 ഒക്ടോബർ 2–ലെ നിശ്ചയങ്ങൾ അംഗീകരിക്കുക.
9. വേദവായനക്കുറിപ്പിന്റെ പരിഷ്ക്കരിച്ച പതിപ്പ് അംഗീകരിക്കുക.
10. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങൾക്ക് പ്രത്യേക ക്രമങ്ങൾ അംഗീകരിക്കുക.
11. ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന നടപടിക്രമത്തിന്റെ അവസാന വായന.
12. ലിറ്റർജിക്കൽ കമ്മീഷന്റെ റിപ്പോർട്ട്.
13. 12 വയസ്സായ കുട്ടികൾക്ക് സ്വയപ്രതിഷ്ഠാകർമ്മം നടത്തുന്നതിനുള്ള ക്രമം അംഗീകരിക്കുക.
14. A.D. 2000 വരെയുള്ള അടുത്ത 15 കൊല്ലത്തേക്കുള്ള പഞ്ചവത്സര പദ്ധതി ആസൂത്രണം ചെയ്യുന്നതിനെപ്പറ്റി.
15. നിലയ്ക്കൽ കേന്ദ്രത്തിനടുത്ത് സഭവക കെട്ടിടം പണിയുന്നതിനെപ്പറ്റി.
16. ആഫ്രിക്കൻ ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ട്.
17. ആന്ധ്രാ പ്രോജക്ട് റിപ്പോർട്ട്.
18. ഭോപ്പാൽ ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ട്.
19. അമേരിക്കൻ ഭദ്രാസന പ്രശ്നങ്ങൾ സംബന്ധിച്ച് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ റിപ്പോർട്ട്.
20. പട്ടക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട്.
21. നിരണം പള്ളി പ്രശ്നം സംബന്ധിച്ച് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്.
22. സെ. തോമസ് മിഷൻ കേന്ദ്രത്തിന്റെ ഭരണഘടന അംഗീകരിക്കുക.
23. പ്രാർത്ഥനായോഗങ്ങൾക്ക് ഒരു ഭരണഘടന അംഗീകരിക്കുക.
24. സൺഡേസ്ക്കൂൾ ഭരണഘടനയുടെ ഭേദഗതി അംഗീകരിക്കുക.
25. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.
26. ഉപസംഹാരം.
27. പ്രാർത്ഥന.

1987 ജനുവരി 21–ാം തീയതി

No. 273/88

നമ്മുടെ..

പള്ളിവികാരിയും ശെമ്മാശന്മാരും പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

സുൽത്താൻ ബത്തേരി മെത്രാസനം ഉൾപ്പെട്ടിരുന്ന മലബാർ ഭദ്രാസനത്തിൽ വർഷങ്ങൾക്കുമുമ്പ് പള്ളിവരുമാനം ഏകീകരിച്ചു നടപ്പാക്കിയെങ്കിലും ഇപ്പോൾ പല പള്ളികളിലും ആത്മീയ ദിഷ്ടകൾ നടത്തുമ്പോൾ പല നിരക്കുകളിലാണ് പള്ളി വരുമാനം വയ്പിക്കുന്നത് എന്നു നാം മനസ്സിലാക്കുന്നു. 29–11–1988 ന് മെത്രാസന അഡ്മിനിസ്ട്രേറ്ററുടെ അദ്ധ്യക്ഷതയിൽ കണിയാമ്പറ്റയിൽവച്ചു കൂടിയ മെത്രാസന കൗൺസിലിന്റെയും വൈദികയോഗത്തിന്റെയും തീരുമാനങ്ങളുടെ വെളിച്ചത്തിൽ പള്ളിവരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ആവശ്യമാണെന്നും മെത്രാസനമൊട്ടുക്കും വരുമാന ഏകീകരണം നടപ്പിലാക്കണമെന്നും നമുക്ക് ബോദ്ധ്യമായിരി

ക്കുന്നു. ആകയാൽ താഴെ കാണുന്ന പ്രകാരം പള്ളിവരുമാനം വർദ്ധിപ്പിച്ചുകൊള്ളണമെന്ന് ഇതിനാൽ നാം അറിയിക്കുന്നു. വിവാഹം സംബന്ധിച്ച് നമ്മുടെ മുൻ കല്പന പ്രാബല്യത്തിലിരിക്കുന്നതാണ്. പള്ളിവരുമാനം നൽകുവാൻ കഴിവില്ലാത്തവരെ സംബന്ധിച്ചിടത്തോളം ആവശ്യമായ ഇളവുകൾ ചെയ്തുകൊള്ളണം.

വി. മാമ്മോദീസ രൂ. 10.   അടിമവയ്ക്കുന്നതിന് രൂ 5.
അടിമയിരിക്കൽ പ്രതിവർഷം രൂ. 2 വീതം.
മദ്ധ്യസ്ഥ പ്രാർത്ഥന രൂ 2.
വി. കുർബ്ബാന രൂ. 2.   വി. കുർബ്ബാന പ്രത്യേക ദിവസം രൂ. 25.
വി. മൂന്നുമ്മേൽ കുർബ്ബാന രൂ. 6. (പെരുന്നാൾ ദിവസം)
വി. മൂന്നുമ്മേൽ കുർബ്ബാന രൂ. 50 (പ്രത്യേക ദിവസം)
രോഗികൾക്ക് വി. കുർബ്ബാന കൊടുക്കൽ
തൈലാഭിഷേകം } വരുമാനം വയ്പിക്കേണ്ടതില്ല.
ശവസംസ്കാരം രൂ. 50.

അടിയന്തിരാദികൾക്ക് തളികയിൽ ഒരാൾ ഒരു ഉറുപ്പികയിൽ കുറയാതെ വയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മേക്കട്ടി രൂ. 10.   സ്ററീൽ കുരിശ് രൂ. 25.
മുത്തുക്കുട രൂ. 10.   കൊടി രൂ. 2.
മർബഹാസാകൾ രൂ. 10.   കുരിശ് + മെഴുകുതിരിക്കാൽ—വരുമാനം വയ്പിക്കേണ്ടതില്ല.

കുഴിക്കാണം രൂ. 50.

കബർ കെട്ടുന്നതിനും കുരിശു സ്ഥാപിക്കുന്നതിനും — അതാതു പള്ളി പൊതുയോഗ നിശ്ചയപ്രകാരം.

ഊട്ട്, നേർച്ച, ഭവനകൂദാശ മുതലായവ രൂ. 10 പ്രകാരം
സ്ളീബാ, പുസ്തകം എഴുന്നുള്ളിപ്പ് രൂ. 5 പ്രകാരം
വഴിപാട് വസ്തുക്കൾ പള്ളിയിൽനിന്നും
വാങ്ങി അർപ്പിക്കുന്നതിന് രൂ. 10.
സർട്ടിഫിക്കററുകൾ — രൂ. 5.

വീണ്ടും പ്രിയരെ.

വൈദികർക്ക് ശമ്പളപരിഷ്കരണ കേന്ദ്രീകൃതപദ്ധതി നടപ്പിലാക്കിയെങ്കിലും ശുശ്രൂഷക്കാർക്ക് (കപ്യാർ) സഭാതലത്തിൽ ശമ്പളപദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിന് പ്രായോഗികമായി പല പ്രയാസങ്ങളുമുണ്ട്. അതുകൊണ്ട് അതാതു പള്ളിയിൽ പള്ളികമ്മററി കൂടിയാലോചിച്ച് കാലാനുസൃതമായ ശമ്പള വർദ്ധനവ് നടപ്പിലാക്കുകയും വിവരം നമ്മെ അറിയിക്കുകയും ചെയ്യണം.

എല്ലാ കാര്യങ്ങളിലും വികാരിയും കമ്മററിയും ഇടവകക്കാരും സഹകരിച്ച് ഇടവകയുടേയും മെത്രാസനത്തിന്റെയും പൊതുവിൽ സഭയുടേയും അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കണമെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...............

1988 ഡിസംബർ 6—ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്

No. 265/88

നമ്മുടെ...

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി ആസ്ഥാനമായി ഉപയോഗിച്ചിരുന്ന മാങ്ങാനം എബ്നേസർ ദയറായോടനുബന്ധിച്ച് പുതുതായി പണികഴിപ്പിച്ചിട്ടുള്ള ദേവാലയത്തിന്റെ കൂദാശ 1988 ഡിസംബർ 10, 11 (ശനി, ഞായർ) തീയതികളിൽ നമ്മുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. നമ്മുടെ നേരിട്ടുള്ള ചുമതലയിൽ ഇരിക്കുന്ന പ്രസ്തുത പള്ളിയുടെ കൂദാശയിൽ നിങ്ങളെല്ലാവരും വന്നു സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

1988 ഡിസംബർ 1–ാം തീയതി

No. 264/88

നമ്മുടെ...

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

വാകത്താനം വള്ളിക്കാട്ടു ദയറായുടെ പുരോഗതിയിൽ നിങ്ങളേവരോടുമൊപ്പം നാമും സന്തോഷിക്കുകയും സകലത്തിനും കാരണഭൂതനായ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ആ ദയറാ ചാപ്പലിൽ കബറടങ്ങിയിട്ടുള്ള പുണ്യവാനും പരിശുദ്ധനുമായ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ കബറിടം അനേകരുടെ ആശ്രയ കേന്ദ്രമാണ്. ആ പിതാവിന്റെ 60–ാം ഓർമ്മപ്പെരുന്നാൾ 1988 ഡിസംബർ 16, 17 (വെള്ളി, ശനി) തീയതികളിലാണ്. [illegible] വിവിധ പരിപാടികളോടുകൂടി പ്രസ്തുത പെരുന്നാൾ പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ഡിസംബർ 11–ാം തീയതി ഞായറാഴ്ച നടക്കുന്ന കൊടിയേററു മുതൽ എല്ലാ ദിവസവും സന്ധ്യാനമസ്കാരത്തെ തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ധ്യാനപ്രസംഗവും ഉണ്ടായിരിക്കും. എല്ലാ ദിവസവും രാവിലെ 7 മണിക്ക് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. 16–ാം തീയതി വൈകിട്ട് പതിവുപോലെ പ്രദക്ഷിണവും 17–ാം തീയതി വി. മൂന്നിന്മേൽ കുർബാനയും മററ് പെരുന്നാൾ ചടങ്ങുകളും ഉണ്ടായിരിക്കും. നിങ്ങളേവരും ആ പിതാവിന്റെ ഓർമ്മപെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

1988 ഡിസംബർ 1–ാം തീയതി

No. 258/88

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് കാലംചെയ്തിട്ട് 25 വർഷം തികയുന്ന 1989 ജനുവരി 3 മുതൽ ഒരു വർഷത്തേക്ക് തിരുമനസ്സിലെ ചരമരജതജൂബിലി, സഭ ആകമാനം ആഘോഷിക്കണമെന്ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസും സഭാ മാനേജിംഗ് കമ്മററിയും തീരുമാനിക്കുകയും ആയതിലേക്കുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ള വിവരം കാണിച്ച് നാം 185/88–ാം നമ്പരായി ഒരു കല്പന അയച്ചിരുന്നല്ലോ. ആഘോഷങ്ങളുടെ ഉത്ഘാടനം 1989 ജനുവരി ഒന്നാം തീയതി കോട്ടയത്തുവച്ചു നടത്തണമെന്നു തീരുമാനിച്ചിരുന്നെങ്കിലും ചില അസൗകര്യങ്ങൾ മൂലം അത് 8–ാം തീയതി ഞായറാഴ്ച നടത്തുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

ജനുവരി എട്ടാം തീയതി കോട്ടയം എം. ഡി. സെമിനാരിയിലെ ബസ്സേലിയോസ് നഗറിൽവച്ച് ഒരു പൊതുസമ്മേളനം ചേരുന്നതും, സമ്മേളനത്തിനു മുമ്പ് നെഹ്റു സ്റേറഡിയത്തിൽ നിന്ന് സമ്മേളന നഗരിലേക്ക് കേന്ദ്രീകൃതമായ ഒരു റാലി നടത്തുന്നതുമായിരിക്കും. റാലിയിൽ നമ്മുടെ സഭയിലെ എല്ലാ പള്ളികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കഴിവുള്ളിടത്തോളം ആളുകൾ കുരിശ്, മുത്തുക്കുട മുതലായ പള്ളിസാധനങ്ങളും ഗായകസംഘം ഉണ്ടെങ്കിൽ അവരുമായി പള്ളിച്ചെലവിൽ വന്നു സംബന്ധിക്കണം. അതിനുള്ള സജ്ജീകരണങ്ങൾ ഇടവകപൊതുയോഗം കൂടി നേരത്തെതന്നെ ഏർപ്പാടു ചെയ്യണം. റാലിയിൽ ആലപിക്കുന്നതിനുള്ള ഗീതങ്ങൾ കേന്ദ്രത്തിൽനിന്ന് അയച്ചുതരുന്നതാണ്.

അന്നേദിവസം രാവിലെ അല്പം നേരത്തെ പട്ടക്കാർ വി. കുർബ്ബാന അർപ്പിച്ചിട്ട് ഇടവകാംഗങ്ങൾക്ക് നേതൃത്വം കൊടുത്ത് വാഹനങ്ങളിലായി ഒരുമണിയോടു കൂടി കോട്ടയം നെഹ്റു സ്റേറഡിയത്തിൽ എത്തിച്ചേരണം. ഉപരാഷ്ട്രപതിയെ സമ്മേളനം ഉത്ഘാടനം ചെയ്യുന്നതിനായി നാം ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹം വരുമെന്നു പ്രതീക്ഷിക്കുന്നു. കേരളത്തിലും വിദേശത്തുമുള്ള ഇതര സഭാ മേലദ്ധ്യക്ഷന്മാരും കേരള ഗവർണർ, മന്ത്രിമാർ, എം. പി. മാർ മുതലായ നേതാക്കന്മാരും മററും സമ്മേളനത്തിൽ സംബന്ധിക്കും.

സമ്മേളന നഗറിലേക്കുള്ള ദീപശിഖ കുന്നംകുളം ആർത്താററുപള്ളിയിൽ നിന്നും, കൊടി തിരുവിതാംകോട് പള്ളിയിൽനിന്നും, കൊടിമരം കുറിച്ചി പള്ളിയിൽനിന്നും, ചിത്രം മാക്കാംകുന്നുപള്ളിയിൽനിന്നും 7–ാം തീയതി ആഘോഷപൂർവ്വം കൊണ്ടുവരുന്നതാണ്. ഇവ കടന്നുപോരുന്ന വഴിക്കുള്ള നമ്മുടെ പള്ളി ഇടവകക്കാർ അവയ്ക്ക് സ്വീകരണങ്ങൾ നൽകി ബഹുമാനിക്കണം. (വഴിയും സമയവും പിന്നാലെ അറിയിക്കും) ആഘോഷങ്ങളുടെ മുൻകുറിയായി ജനുവരി ഒന്നാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും കാതോലിക്കേററ് പതാക ഉയർത്തുകയും അന്ന് വി. കുർബ്ബാനമദ്ധ്യേ പ. ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കുവേണ്ടി പ്രത്യേക ധൂപപ്രാർത്ഥനകൾ നടത്തുകയും വേണം.

ആഘോഷങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഓഫീസിൽനിന്ന് അപ്പോഴപ്പോൾ അറിയിക്കുന്നതായിരിക്കും.

പ. ബാവായുടെ ചരമജൂബിലി സ്മാരകമായി നമ്മുടെ വൈദികസെമിനാരിയോടു ചേർന്ന് ഒരു ലിററർജിക്കൽ പഠനകേന്ദ്രം നിർമ്മിക്കുന്നതിനും അഖിലമലങ്കരാടിസ്ഥാനത്തിൽ സ്ക്കൂൾ, കോളജ്, ആദ്ധ്യാത്മികസംഘടനകൾ എന്നിവയിലെ കുട്ടികൾക്ക് പ്രബന്ധമൽസരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അരമന ചാപ്പലിനോടു ചേർന്നുള്ള പ. ബാവാമാരുടെ താൽക്കാലിക കബറുകൾ പുതുക്കി സ്ഥിരമായ കബറുകൾ മനോഹരമായ രീതിയിൽ പണിതുകൊണ്ടി

രിക്കുന്നു.

ഇവയുടെയെല്ലാം ചെലവിലേക്ക് ഓരോ പള്ളിക്കാരും അയച്ചുതരേണ്ട തുക സംബന്ധിച്ചും നാം കല്പന അയച്ചിരുന്നു. ടി തുക ഇനിയും തരാത്ത പള്ളിക്കാർ ഉണ്ട്. അവർ എത്രയും വേഗം നിശ്ചയിച്ചറിയിച്ചിട്ടുള്ള തുക നമ്മുടെ പേർക്ക് അയച്ചുതന്നും എല്ലാവരുംതന്നെ 8-ാം തീയതിയിലെ പൊതുസമ്മേളനത്തിൽ വന്നു സംബന്ധിച്ചും പരിപാടികൾ ഭംഗിയാക്കിത്തീർക്കണമെന്നു നാം താല്പര്യപ്പെടുന്നു.

പ. പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

1938 നവംബർ 18-ാം തീയതി

No. 162/88

നമ്മുടെ.. പള്ളിവികാരിയും ട്രസ്റ്റി, പട്ടക്കാരും, പള്ളിക്കാരുമായ ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

പരിശുദ്ധ മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെപ്പററിയും മററും നിങ്ങൾക്കറിവുള്ളതാണല്ലോ. ദൈവത്തിന്റെ അളവററ കരുണയാൽ കേരള ക്രൈസ്തവസഭകളുടെ കൂട്ടായ പ്രവർത്തനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി 1984-ൽ സ്ഥാപിതമായ ഈ എക്യുമെനിക്കൽ ദേവാലയം ഒരു തീർത്ഥാടനകേന്ദ്രമായിത്തീർന്നിട്ടുണ്ട്. [illegible] മഹാ പരിശുദ്ധനായ മാർത്തോമാശ്ലീഹായുടെ അനുഗ്രഹം തേടി അനേകർ ആ പുണ്യസ്ഥലം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി കാണുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ഇപ്പോഴത്തെ ദേവാലയം സ്ഥാപിക്കുന്നതിനു മുൻപും പുതിയ ദേവാലയത്തിന്റെ കൂദാശാവേളയിലും അതിനുശേഷവും നിലയ്ക്കൽ പോകുവാനും അവിടെ പ്രാർത്ഥിക്കുവാനും വി. കുർബ്ബാന അർപ്പിക്കുവാനും നമുക്ക് സാധിച്ചത് വലിയ ഭാഗ്യമായി നാം കരുതുന്നു. മലങ്കരസഭാമക്കളായ നിങ്ങളെല്ലാവരും നിലയ്ക്കൽ ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠയിൽ സന്തോഷിക്കുന്നവരും അഭിമാനം കൊള്ളുന്നവരുമാണ് എന്ന് നമുക്കറിയാം.

ലോക ക്രൈസ്തവർക്ക് ഒരു മാതൃകയാണ് നിലയ്ക്കൽ ദേവാലയം. മാർത്തോമാശ്ലീഹായുടെ പൈതൃകമുള്ള സഭകൾ [illegible] ഒന്നുചേർന്ന് ആരാധന നടത്തുവാൻ ദൈവം ഒരുക്കിയതാണ് നിലയ്ക്കൽ ദേവാലയം. നിലയ്ക്കൽ പള്ളി സന്ദർശിക്കാനെത്തുന്ന നമ്മുടെ സഭാംഗങ്ങളുടെ സൗകര്യാർത്ഥം പള്ളിക്ക് സമീപമുള്ള ആങ്ങമൂഴിയിൽ ഒരു സ്ഥാപനം ഉണ്ടാകണം എന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് സൗകര്യപ്രദമായ സ്ഥാനത്ത് നമ്മുടെ വകയായി ഒരു സ്ഥലം വാങ്ങുകയും അവിടെ പണിയുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം 1988 ജനുവരി 31-ാം തീയതി നാം നിർവ്വഹിക്കുകയും ചെയ്തു. നമ്മുടെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും അനേകം വൈദികരും സഭാംഗങ്ങളും ആ ചടങ്ങിൽ സംബന്ധിച്ചിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ വിലയായ ഒരുലക്ഷത്തി ഇരുപതിനായിരം രൂപയും തിരുവല്ലാ മൈലപ്രായിൽ പി. സി. തോമസ് Ex. M. L. A. സംഭാവനയായി നൽകിയതാണ്. ആയത് നന്ദിപൂർവ്വം നാം സ്മരിക്കുന്നു. കൂടാതെ സഭാസ്നേഹികളായ ഏതാനും ആളുകളും ഇതിനോടകം ഈ രംഗത്ത് സഹായിച്ചിട്ടുണ്ട്. നിലയ്ക്കൽ എക്യുമെനിക്കൽ കമ്മററിയെ പ്രതിനിധാനം ചെയ്യുന്ന നമ്മുടെ സഭാംഗങ്ങൾ എല്ലാവരും ഈ കാര്യത്തിൽ ഉത്സാഹപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് സന്തോഷകരമാണ്.

ഇപ്പോൾ പണിയുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിനും വസ്തുവിന്റെ അതിരുകൾ ശരിയാക്കുന്നതിനുമായി ഇരുപതുലക്ഷം രൂപാ ചെലവുവരുന്ന ഒരു പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്.

നമ്മുടെ പെരുനാട് ബഥനി ആശ്രമത്തിലെ ദാനിയേൽ O. I. C. കത്തനാരെ പ്രസ്തുത കാര്യങ്ങളുടെ മേൽനോട്ടത്തിനായി നാം നിയമിച്ചിട്ടുണ്ട്.

കർത്താവിൽ വാത്സല്യ മക്കളെ,

നമ്മുടെ ഈ വലിയ അഭിലാഷം നിറവേററുന്നതിലേക്ക് സ്നേഹനിധികളായ നിങ്ങളേവരും മുൻപോട്ടു വന്ന് സഹായിക്കണം. നമ്മുടെ സഭയുടെ സ്ഥാപകനായ മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ സഭയിൽ പൊതുവായി ഉണ്ടാകുന്ന ഒരു സ്ഥാപനമാണിത്. ആയത് പൂർത്തീകരിക്കപ്പെടുവാൻ നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. നിങ്ങളുടെ പരമാവധി സഹായം ഈ സംരംഭത്തിന് നിങ്ങൾ നൽകണം. ആ ഇടവകയിൽ നിന്നുള്ള സംഭാവന Building Fund For Nilackal St. Thomas Orthodox Centre എന്ന് പ്രത്യേകം രേഖപ്പെടുത്തി കഴിവതും വേഗം നമ്മുടെ പേർക്ക് അയച്ചുതരണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1988 ജൂലൈ 19–ാം തീയതി

[signature]

നമ്പർ 59/88

കർത്താവിൽ നമ്മുടെ സഹോദരൻ

സമാധാനം.

ഈ മാസം 25-ാം തീയതി വലിയനോമ്പിലെ 40-ാം വെള്ളിയാഴ്ച നമ്മുടെ കാതോലിക്കേറ്റ് അരമനയിൽവച്ചു നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന വി. മൂറോൻ കൂദാശ സംബന്ധിച്ചുള്ള വിവരങ്ങൾ പ. സുന്നഹദോസിൽവച്ച് നാം അറിയിച്ചിട്ടുള്ളതാണല്ലോ. ആയതിനു വേണ്ട ക്രമീകരണങ്ങളെല്ലാം നടന്നു വരുന്നു. എന്നാൽ മൂറോൻ കൂദാശയുടെ ശുശ്രൂഷകളെ സംബന്ധിച്ചും, അതിന്റെ ക്രമീകരണങ്ങളെ സംബന്ധിച്ചും നേരത്തെ മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാകയാൽ മെത്രാച്ചൻ 24-ാം തീയതി വ്യാഴാഴ്ച 10 മണിക്ക് ദേവലോകം അരമനയിൽ വന്നു ചേരണമെന്ന് നാം താല്പര്യപ്പെടുന്നു. കൂടാതെ മൂറോൻ കൂദാശയുടെ ശുശ്രൂഷാക്രമം (full text) എല്ലാ മെത്രാച്ചന്മാർക്കും ലഭിക്കത്തക്കവണ്ണം തയ്യാറായിട്ടുണ്ട് എന്നുള്ളതും അറിയിച്ചുകൊള്ളുന്നു.

1988 മാർച്ച് 1-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

[signature]

നമ്പർ 48/88



നമ്മുടെയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഭാമക്കൾക്ക്
വാഴ്വ്,
വാത്സല്യമക്കളേ,


ദൈവസ്നേഹത്തെ അറിവിന്റെയും, അനുഭവത്തിന്റെയും മുഖ്യ സ്രോതസ്സാണ് വി. വേദപുസ്തകം. വി.വേദപുസ്തകമാകയിൽ ജ്ഞാനം വിശ്വാസികൾക്ക് അന്യമായിത്തീർന്നിരിക്കുന്നതാണ് എന്ന വസ്തുത ചരിത്രം വേണ്ടവിധം മനസ്സിലാക്കുന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്. സഭാചാരത്തിന്റെ ഏറ്റവും പ്രധാന ഭാഗമാണ് തിരുവചനം. തിരുവചനത്തെ സഭാജീവിതത്തിന്റെ അന്തർധാരയായി അനുഭവിച്ചറിഞ്ഞവരാണ് സഭാപിതാക്കന്മാർ. എന്നാൽ [illegible] ആധുനിക കാലഘട്ടത്തിൽ തിരുവചന ധ്യാനത്തിനും പഠനത്തിനും വേണ്ടത്ര പ്രാധാന്യം കിട്ടാതെപോകുന്നു. അതിന്റെ കുറവുതന്നെയാണ് വേദവിപരീതങ്ങളുടെ വളർച്ചയ്ക്കും കാരണമാകുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ വൈദിക സെമിനാരി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്.

പുതിയനിയമഗ്രന്ഥങ്ങൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ വ്യാഖ്യാനിക്കുവാനുള്ള ഒരു സംരംഭമാണ് "തിരുവചനഭാഷ്യം" (ബൈബിൾ കമന്ററി) ദീർഘമായ പഠനപരിചയം [illegible] ആയിട്ടുള്ള നമ്മുടെ വൈദിക സെമിനാരി അദ്ധ്യാപകരുടെ തന്നെ നേതൃത്വത്തിൽ തിരുവചന ഭാഷ്യവും പ്രയോജനകരമായ ഒരു പദ്ധതിയായി തീരും എന്ന് നമുക്ക് പൂർണ്ണബോദ്ധ്യവും വിശ്വാസവും ഉണ്ട്. ഈ സംരംഭം ആരംഭിക്കുന്ന വൈദിക സെമിനാരി മാനേജ്മെന്റിനെ നാം അനുമോദിക്കുന്നു. അതോടൊപ്പം ഈ പദ്ധതിക്ക് സഭാംഗങ്ങൾ പൂർണ്ണസഹകരണം നൽകണം എന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. സാധാരണക്കാർക്ക് വായിക്കുവാനും ഗ്രഹിക്കുവാനും സാധിക്കുന്ന വിധത്തിലാണ് തിരുവചനഭാഷ്യം അവതരിപ്പിക്കുന്നത്. ആയതുകൊണ്ട് സഭാംഗങ്ങളെല്ലാവരും ഈ ഗ്രന്ഥങ്ങൾ വാങ്ങി പ്രയോജനപ്പെടുത്തണമെന്ന് നാം വാത്സല്യപൂർവ്വം [illegible]

സർവ്വശക്തനായ ദൈവത്തിന്റെ [illegible] നിങ്ങളോടുകൂടെ [illegible] ഇരിക്കുമാറാകട്ടെ.

[illegible]

നമ്പർ 39/88



നമുക്കേറ്റം സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ
ശെമ്മാശ്ശന് വാഴ്വ്.

പ്രിയനെ,

1988 മാർച്ച് മാസം 25-ാം തീയതി നടക്കുന്ന വി. മൂറോൻ കൂദാശയിൽ പങ്കെടുക്കുന്നതിലേക്ക് പൂർണ്ണ ശെമ്മാശുപട്ടം സ്വീകരിക്കുന്നതിന് പ്രിയനെ നാം അനുവദിച്ചിരിക്കുന്നു. പൂർണ്ണശെമ്മാശപട്ടം സ്വീകരിച്ചാൽ വിവാഹം കഴിക്കുന്നത് നമ്മുടെ സഭയുടെ കാനോനാകൾക്കും, പാരമ്പര്യങ്ങൾക്കും എതിരായിട്ടുള്ളതാണെങ്കിലും മേൽപറഞ്ഞിട്ടുള്ളവിധം പ്രത്യേക അനുവാദത്തോടുകൂടി പട്ടം ഏൽക്കുന്നതിനാൽ പ്രിയന് വിവാഹം കഴിക്കുന്നതിന് ആവശ്യം തോന്നിയാൽ കശ്ശീശ്ശാസ്ഥാനമേല്ക്കുന്നതിനു മുമ്പായി അപ്രകാരം ചെയ്യുന്നതിന് അനുവാദമുണ്ടായിരിക്കും.

ദൈവം അനുഗ്രഹിക്കട്ടെ.

1988 ഫെബ്രുവരി 19-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

നമ്പർ 10/88

നമ്മുടെ..പള്ളിവികാരിയും [illegible] പട്ടക്കാരും പള്ളിക്കൈക്കാരൻമാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

നമ്മുടെ സഭ വളരെ ഭക്ത്യാദരപുരസരം ആചരിച്ചുവരുന്ന വലിയനോമ്പ് ഈ വർഷം ഫെബ്രുവരി മാസം 15–ാം തീയതി ആരംഭിക്കുകയാണല്ലൊ. സഭയുടെയും സഭാംഗങ്ങളുടെയും ആദ്ധ്യാത്മിക ശക്തിയും ഓജസ്സും വീണ്ടെടുക്കുവാനുള്ള ഏററവും പ്രധാന മാർഗ്ഗമാണ് വിശുദ്ധ നോമ്പ്. ആദ്യ മാതാപിതാക്കൾക്ക് സൃഷ്ടികർത്താവ് നൽകിയ നിയമമാണ് ഇത്. പഴയനിയമകാലത്ത് ജീവിച്ചിരുന്ന ദൈവമനുഷ്യരായ വിശ്വാസവീരൻമാർ ശക്തി കണ്ടെത്തുകയും ആദ്ധ്യാത്മികചൈതന്യം നിലനിർത്തുകയും ശത്രുക്കളെ ജയിക്കുകയും പൈശാചിക പ്രേരണകളെ കീഴടക്കുകയും ജീവിതനൈർമ്മല്യവും വിശുദ്ധിയും നിലനിർത്തുകയും ചെയ്തത് ഉപവാസത്തോടും പ്രാർത്ഥനയോടും കൂടിയ നോമ്പാചരണത്തിലൂടെയായിരുന്നു. മോശയും ഏലിയായും ദാനിയേലും തീച്ചൂളയിലെ മൂന്നു പൈതങ്ങളും ഇതിന് മാതൃകയാണ്. നമ്മുടെ കർത്താവ് ഉപവാസവും നോമ്പും നടത്തി ശത്രുവിനെ ജയിക്കുകയും തൻെറ അനുയായികൾക്ക് നോമ്പ് തോല്ക്കാത്ത ആയുധമായി നൽകുകയുംചെയ്തു. മണവാളൻ എടുക്കപ്പെടുമ്പോൾ നിങ്ങൾ ഉപവസിക്കുമെന്ന് നമ്മുടെ കർത്താവ് കല്പിച്ചു. അപ്രകാരം ശ്ലീഹൻമാർ പതിമൂന്നു ദിവസം ഉപവസിക്കുകയും ചെയ്തു. സ്വർഗ്ഗാരോഹണത്തിനുശേഷം കർത്താവിൻെറ ശിഷ്യൻമാരും തുടർന്ന് ആദിമ സഭയും ഉപവാസവും പ്രാർത്ഥനയും നോമ്പും ആത്മശക്തിയുടെ ഉറവിടമായി കണ്ടെത്തി. പൂർവ്വിക സഭാപിതാക്കൻമാരും ഇതേ മാർഗ്ഗം തന്നെ സ്വീകരിക്കുകയും അത് പിൻതലമുറയ്ക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. നമ്മുടെ പരിശുദ്ധ പിതാവായ പരുമല തിരുമേനി ശക്തിപ്രാപിച്ചതും നോമ്പിലും പ്രാർത്ഥനയിലും ഉപവാസത്തിലും കൂടിയാണ്.

പ്രിയരെ, ആധുനിക കാലത്ത് നോമ്പ് അതിൻെറ ചിട്ടകളെല്ലാം കൃത്യമായി പാലിച്ചുകൊണ്ട് നോൽക്കുന്ന കാര്യത്തിൽ സഭാംഗങ്ങൾ വളരെ ഉദാസീനതയും വിരസതയും കാണിക്കുന്നുണ്ട്. തന്മൂലം നമ്മുടെ ആദ്ധ്യാത്മിക ചൈതന്യവും ധാർമ്മികമൂല്യങ്ങളും ചോർന്നു പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ളതും ദുഃഖകരമായ സംഗതിയാണ്. ഈ പ്രവണത തുടരുകയാണെങ്കിൽ വരും തലമുറയുടെയും സഭയുടെതന്നെയും ഭാവി ഇരുളടഞ്ഞതായിരിക്കുമെന്നുള്ളതിന് സംശയമില്ല. ആയതുകൊണ്ട് നാശത്തിലേക്കും അധഃപതനത്തിലേക്കും അതിവേഗം ഓടിക്കൊണ്ടിരിക്കുന്ന പ്രവണതയെ പിടിച്ചുനിർത്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ചൈതന്യവും ധാർമ്മീകമൂല്യങ്ങളും വീണ്ടെടുക്കുവാൻ സംഗതിയാകുമാറ് നമ്മുടെ കർത്താവ് ആചരിച്ചു കാണിച്ചുതന്നിട്ടുള്ളതും കർത്താവിൻെറ ശിഷ്യൻമാരും പിന്നീട് പൂർവ്വീക സഭാപിതാക്കൻമാരും തങ്ങളുടെ ജീവിതത്തിൽ വളരെ ശുഷ്കാന്തിയോടെ ആചരിച്ചിട്ടുള്ളതുമായ നോമ്പ് നാമെല്ലാവരും എല്ലാ വ്രതനിഷ്ഠകളോടും കൂടി ആചരിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

നോമ്പുകാലങ്ങളിൽ, പ്രത്യേകിച്ച്, നിങ്ങളേവരും സത്യകുമ്പസാരം നടത്തി വി. കുർബാന അനുഭവിക്കണം. അതുപോലെതന്നെ ജീവിതത്തിൽ അച്ചടക്കവും നിഷ്ഠയും പാലിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ശുഷ്കാന്തിയുള്ളവരായിരിക്കുകയും വേണം.

കൂടാതെ വലിയനോമ്പ് അവസാനിക്കുന്നതോടെ നമ്മുടെ കർത്താവിൻെറ ഓശാനപ്പെരുന്നാൾ, തൻെറ പെസഹാ, കഷ്ടാനുഭവം, കുരിശുമരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം തുടങ്ങിയ രക്ഷാകര സംഭവങ്ങളിൽ ഭക്തിപൂർവ്വം നിങ്ങളെല്ലാവരും പങ്കാളികളായിത്തീരുകയും ചെയ്യണം. അങ്ങനെ നമ്മുടെ രക്ഷയുടെ അനുഭവങ്ങൾ കൂടുതൽ കൂടുതൽ പുഷ്ടി പ്രാപിച്ച് ശക്തിപ്പെടുവാൻ ഈ നോമ്പ് നിങ്ങൾക്കേവർക്കും സഹായകമായിത്തീരട്ടെ. ആയതിന് നമ്മോടുള്ള തൻെറ സ്നേഹത്താൽ മനുഷ്യനായിത്തീർന്ന് നോമ്പാലും കഷ്ടാനുഭവത്താലും നമ്മെ രക്ഷിച്ച നമ്മുടെ കർത്താവിൻെറ കൃപകളും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1938 ജനുവരി 21–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്

നമ്പർ 1/1988

നമ്മുടെ...
പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

പ്രിയരെ,

നമ്മുടെ സഭയിൽ വിശുദ്ധ മൂറോൻ കൂദാശ ചെയ്തിട്ട് ഇപ്പോൾ പത്തു വർഷം കഴിഞ്ഞിരിക്കുന്നു. മുൻപ് കൂദാശചെയ്ത വി. മൂറോൻ മിക്കവാറും തീർന്നിരിക്കുകയാണ്. വി. മാമോദീസാ, തബലൈത്താ കൂദാശ, പള്ളികൂദാശ ആദിയായ കർമ്മങ്ങൾക്ക് ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാണ് വി. മൂറോൻ എന്ന് നിങ്ങൾക്ക് അറിയാമല്ലോ. അതുകൊണ്ട് എത്രയും വേഗം വി. മൂറോൻ കൂദാശ ചെയ്യണമെന്ന് നാം തീരുമാനിച്ചിരിക്കുന്നു. ആയതിനാവശ്യമുള്ള സൈത്തിന്റെയും കുങ്കുമം, ബൽസാംപെറു, സ്റ്റൊറാക്സ്, ജഡാമാഞ്ചി, ഗ്രാമ്പൂ, ജാതിക്കാ, കറുവാപ്പട്ട തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെയും മററും വില ഇപ്പോൾ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കുറഞ്ഞപക്ഷം ഒന്നരലക്ഷം രൂപായെങ്കിലും ഈ ആവശ്യത്തിനു വേണ്ടിയിരിക്കുന്നു. നിങ്ങളെല്ലാവരും ഈ കാര്യത്തിൽ പ്രാർത്ഥനാപൂർവ്വം സഹകരിക്കണമെന്നും ആ പള്ളിയിൽ നിന്ന് ഈ ആവശ്യത്തിലേക്ക്................രൂപാ നമ്മുടെ പേർക്ക് ഫെബ്രുവരി 15—ാം തീയതിക്കു മുമ്പ് അയച്ചുതരണമെന്നും നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ................

1988 ജനുവരി 1—ാം തീയതി

നമ്പർ 257/89

നമ്മുടെ .... പള്ളി വികാരി
യും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം
ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.
പ്രിയരെ,
കേരളം – ദേവലോകം കാതോലിക്കേറ്റ് അരമന
ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ. ബസേലിയോസ്
ഗീവർഗീസ് ദ്വിതീയൻ, പ. ബസേലിയോസ് ഔഗേൻ പ്രഥ
മൻ എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ
ഭക്തിനിർഭരമായി കൊണ്ടാടുന്നതിനെപ്പറ്റി ആലോചിക്കുന്ന
തിനായി ഒരു യോഗം 1989 ഡിസംബർ 17-ാം തീയതി ഞാ
യറാഴ്ച പകൽ 3½ മണിക്ക് നമ്മുടെ ദേവലോകത്ത് കാതോ
ലിക്കേറ്റ് അരമനയിൽ വച്ച് കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ
ആ പള്ളി വികാരിയും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, നാൽ
പതിലധികം മറ്റുള്ളവരും വന്ന് സംബന്ധിക്കണം.
ശേഷം പിന്നാലെ.
സർവ്വശക്തനായ ദൈവത്തിന്റെ കൃപയും, അനുഗ്രഹ
ങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.
ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.........
1989 ഡിസംബർ 13-ാം തീയതി

നമ്പർ 251/89

നമ്മുടെ...

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുവാൻ പോകുകയാണല്ലോ. പുതുവത്സരത്തിൽ പുതിയ കൃപകൾ പ്രാപിക്കുവാൻ തക്കവണ്ണം, വർഷാരംഭത്തിൽതന്നെ ഒരു സമർപ്പണം നമുക്കാവശ്യമാണ്. പരിശുദ്ധ സുന്നഹദോസ് ഈ കാര്യത്തെപ്പററി പരിചിന്തിച്ചതിൻപ്രകാരം, 1990 മുതൽ എല്ലാ വർഷവും ജനുവരി 1–നു നമ്മുടെ എല്ലാ പള്ളികളിലും ഒരു 'വിജിൽ' അഥവാ അഖണ്ഡജാഗരണപ്രാർത്ഥന നടത്തണമെന്ന് തീരുമാനിച്ചിരിക്കയാണ്. ആയതിനാൽ, 1990 ജനുവരി 1–ാം തീയതി മുതൽ, എല്ലാവർഷവും വർഷാരംഭദിനം പ്രാർത്ഥനാദിനമായി ഇടവകകളിൽ ആചരിക്കണം എന്ന് നിങ്ങളെ പ്രബോധിപ്പിക്കുന്നു. ആയതിനുവേണ്ടി വൈദികസെമിനാരിയിൽനിന്നും പ്രസിദ്ധീകരിച്ച പ്രാർത്ഥനാസഹായിയുടെ കോപ്പികൾ ഇതോടൊപ്പം അയക്കുന്നു. ഈ പ്രാർത്ഥനാസഹായിയിൽ, തെരഞ്ഞെടുത്ത വേദഭാഗങ്ങൾ, അനുയോജ്യമായ ഗീതങ്ങൾ, പ്രാർത്ഥനകൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ മുതലായവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ പള്ളികളിലും, വൈദികരുടെ ചുമതലയിലും, ആത്മീയ പ്രസ്ഥാന പ്രവർത്തകരുടെ നേതൃത്വത്തിലും വിജിൽ നടത്തുവാൻ നിങ്ങൾ നേരത്തെതന്നെ ക്രമീകരണം ചെയ്യണം.

1989 ഡിസംബർ 31 ഞായറാഴ്ച സന്ധ്യാനമസ്ക്കാരത്തോടുകൂടി ആരംഭിച്ച് 1990 ജനുവരി 1–ാം തീയതി വി. കുർബ്ബാനയോടുകൂടിയോ സന്ധ്യാനമസ്ക്കാരത്തോടുകൂടിയോ സമാപിക്കത്തക്ക വിധത്തിൽ ജാഗരണ പരിപാടി ക്രമീകരിക്കാവുന്നതാണ്. ഒന്നോ രണ്ടോ മണിക്കൂറിന്റെ ജാഗരണങ്ങളായി ജാഗരണദിവസത്തെ ക്രമീകരിച്ച് ഓരോ ജാഗരണത്തിനും അഞ്ചുപേരെങ്കിലും ഉള്ള ഒരു ഗ്രൂപ്പ് പ്രാർത്ഥിക്കുകയെന്നുള്ളതാണ് പ്രധാനമായി ചെയ്യുവാനുള്ളത്. ഓരോ ജാഗരണത്തിന്റെയും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് ഒരു പ്രധാന വിഷയം ഉണ്ടാകും.

1990 ജനുവരി 1–നു നമ്മുടെ വൈദികസെമിനാരി സ്ഥാപിച്ചിട്ട് 175 വർഷം ആകുന്നു. വൈദികസെമിനാരിക്ക് സഭയിലുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ വർഷത്തെ ജാഗരണ പ്രാർത്ഥനയിൽ നിങ്ങൾ വൈദിക സെമിനാരിയെ പ്രത്യേകം സ്മരിക്കേണം. ജനുവരി 1–നുമുമ്പ് ഡിസംബർ 25–നുതന്നെ, ജാഗരണത്തിൽ പങ്കെടുക്കുന്നവരുടെ ഗ്രൂപ്പനുസരിച്ചുള്ള ലിസ്ററ് തയാറാക്കുന്നത് ഉത്തമമായിരിക്കും.

ഇപ്രകാരം പുതുവത്സരം പ്രാർത്ഥനയുടെയും സ്തോത്രത്തിന്റെയും നിമിഷങ്ങളായി മാറണം. വർഷം മുഴുവൻ പ്രാർത്ഥനയുടെയും ജാഗരണത്തിന്റെയും ആത്മാവ് നമ്മെ ഭരിക്കട്ടെ.

ശേഷം പിന്നാലെ

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1989 നവംബർ 30–ാം തീയതി
[illegible]

നമ്പർ 288/89

പ്രിയരെ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പാദസ്പർശം ഏററ നിലയ്ക്കലിൽ ഒരു ഐക്യ [illegible] സഭൈക്യ കേന്ദ്രവും ഉണ്ടായത് ദൈവത്തിന്റെ പ്രത്യേക പരിപാലനയാണെന്നു നാം കരുതുന്നു. നിലയ്ക്കൽ ഇന്ന് ഭാരതത്തിലെ സഭൈക്യ പ്രസ്ഥാനത്തിന്റെ ഒരു കേന്ദ്രബിന്ദുവായിത്തീർന്നിരിക്കയാണ്. 1990 ജനുവരി 28 നിലയ്ക്കൽ ദിനമായി ആചരിക്കുവാൻ കേരള സഭ ഒരുങ്ങുകയുമാണല്ലോ.

മൂന്നാം സഹസ്രാബ്ദത്തിന്റെ കവാടത്തിൽ എത്തിനില്ക്കുന്ന നമ്മെ സംബന്ധിച്ച് അടുത്ത പത്തുവർഷം വളരെ പ്രധാനപ്പെട്ടതാണ്. ലോകത്തിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളമാകേണ്ട ക്രൈസ്തവ സഭകൾ [illegible] ഭിന്നിച്ചു നില്ക്കുന്നത് ലോകത്തിന് എതിർസാക്ഷ്യമാണ്. ലോക സുവിശേഷവല്ക്കരണത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള പ്രഥമ ഘടകം സഭകളുടെ ഐക്യമാണ്. ഇന്ന് വിവിധ സഭകൾ ഐക്യത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം പരിശ്രമിച്ചുകൊണ്ടിരിക്കയാണല്ലോ.

ഭാരതത്തിന്റെ സുവിശേഷവല്ക്കരണം സാദ്ധ്യമാകണമെങ്കിൽ ക്രൈസ്തവർക്കു മുൻതൂക്കമുള്ള കേരളത്തിൽനിന്നുതന്നെ അതിനു ശക്തമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. കേരള ക്രൈസ്തവരിൽ ഇന്നു നിലനില്ക്കുന്ന അനൈക്യം നമ്മുടെ പ്രവർത്തനങ്ങൾ വേണ്ടത്ര വിജയിക്കുന്നതിനു വിഘാതമാണ്. എല്ലാ വർഷവും നാം സഭൈക്യവാരം ആഘോഷിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്യാറുണ്ടെങ്കിലും ഹൃദയം തുറന്ന സമീപനം ഇനിയും കൈക്കൊള്ളേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ, അടുത്ത ജനുവരി മാസത്തിലെ സഭൈക്യ പ്രവർത്തനങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കുന്നതിന് കേരളത്തിലെ, പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിലെ വിവിധ എപ്പിസ്കോപ്പൽ സഭകളിലെ വൈദികരുടെ ഒരു സംയുക്ത സമ്മേളനം തിരുവല്ലായിൽവച്ചു നടത്തുന്നത് സഭൈക്യ പ്രവർത്തനങ്ങളെക്കുറിച്ച് ഇടവകകളിൽ കൂടുതൽ താല്പര്യമുളവാക്കുവാൻ സഹായകമായിരിക്കുമെന്ന് വിവിധ സഭാമേലദ്ധ്യക്ഷന്മാർ അഭിപ്രായപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒരു വൈദിക സമ്മേളനം 1989 ഡിസംബർ 12–ാം തീയതി ചൊവ്വാഴ്ച തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ ഹാളിൽ കൂടുന്നതിനു ക്രമീകരിക്കാൻ തീരുമാനിച്ചിരിക്കയാണ്. പ്രസ്തുത സമ്മേളനത്തിൽ അച്ചൻ നിർബ്ബന്ധമായും പങ്കു സംബന്ധിക്കണം.

1989 നവംബർ 13–ാം തീയതി
[illegible]
[illegible]

നമ്പർ 186എ/89

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ മാനേജിംഗ് കമ്മററി മെംബർ..

....വാഴ്വ്.

പ്രിയനെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ഒരു യോഗം 1989 സെപ്തംബർ 28–ാം തീയതി വ്യാഴാഴ്ച പകൽ ഒരുമണിക്ക് താഴെ പറയുന്ന വിഷയങ്ങളെപ്പററി ആലോചിച്ച് നിശ്ചയം ചെയ്യുന്നതിന് പത്തനംതിട്ട കാതോലിക്കേററ് കോളജ് അങ്കണത്തിൽവച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

ആലോചനാവിഷയങ്ങൾ

1. മേൽപട്ടസ്ഥാനത്തേക്ക് അഞ്ച് പേരെ തെരഞ്ഞെടുക്കുക.

2. 1985 ഒക്ടോബർ 23–ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗ നിശ്ചയപ്രകാരം അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങളായി അസോസ്യേഷൻ തെരഞ്ഞെടുക്കേണ്ട 36 പട്ടക്കാരും 72 അയ്മേനികളും ഉൾപ്പെടെ 108 പേരെ തെരഞ്ഞെടുക്കുക.

പ്രസ്തുത അസോസ്യേഷൻ യോഗത്തിൽ പ്രിയൻ വന്ന് സംബന്ധിക്കണമെന്ന് നാം ആവശ്യപ്പെടുന്നു.

പ്രിയൻ പത്തനംതിട്ട കാതോലിക്കേററ് കോളജ് അങ്കണത്തിൽ യോഗദിവസം പകൽ പത്തുമണി മുതൽ പന്ത്രണ്ടുമണിവരെയുള്ള സമയത്ത് ഹാജരായി ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജ് വാങ്ങിക്കൊള്ളുകയും യോഗസമയത്തിന് അര മണിക്കൂർ മുമ്പ് യോഗസ്ഥലത്ത് പ്രിയന് നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഇരിക്കുകയും ചെയ്യേണ്ടതാകുന്നു.

യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനോ യോഗാരംഭത്തിന് ശേഷം യോഗം തുടർന്ന് നടത്തിക്കൊണ്ടു പോകുന്നതിനോ നടത്തുന്നതിന് നമ്മെ സഹായിക്കുന്നതിനോ വൈസ് പ്രസിഡണ്ടന്മാരിൽ ആരെ എങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

യോഗം സംബന്ധിച്ച ക്രമീകരണങ്ങളെയോ യോഗനടപടികളെയോ പററി നാം നേരിട്ടോ നമ്മുടെ ഓഫീസ് മുഖാന്തിരമോ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് വർത്തിക്കേണ്ടതാകുന്നു.

മേൽ വിവരിച്ചിട്ടുള്ള അസോസ്യേഷൻ യോഗം കൂടുന്നതും തെരഞ്ഞെടുപ്പുകൾ നടത്തുന്നതും മററും 1–6–89 മുതൽ നടപ്പിലിരിക്കുന്ന നടപടി ചട്ടങ്ങൾ അനുസരിച്ച് ആയിരിക്കുന്നതാകുന്നു. ആ നടപടി ചട്ടങ്ങളുടെ ഒരു പ്രതി നമ്മുടെ മുദ്രവെച്ച് ഇതോടൊന്നിച്ച് അയയ്ക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

1989 ആഗസ്ററ് 4–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്

നമ്പർ 6/89

നമ്മുടെ..പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ കർത്താവിന്റെ ഉയിർപ്പു പെരുന്നാൾ സമാഗതമാവുകയാണ്. ഈ വർഷം മാർച്ച് 26–ാം തീയതിയാണ് നാം അത് ആഘോഷിക്കുന്നത്. അതിലേക്ക് നമ്മെ ഒരുക്കുന്ന വലിയ നോമ്പ് ഈ വർഷം ഫെബ്രുവരി 6–ാം തീയതി ആരംഭിക്കുകയാണല്ലോ. അത് അർഹിക്കുന്ന ഗൗരവത്തോടും നിഷ്ഠയോടും കൂടെ അനുഷ്ഠിക്കേണ്ടത് സഭാംഗങ്ങളായ നമ്മളേവരുടെയും ആത്മീയവളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

നാം ദൈവസംസർഗ്ഗത്തിൽ നിലനിൽക്കുന്നതിന് ശരീരത്തിന്റെയും മനസ്സിന്റെയും നിയന്ത്രണം ആവശ്യമാണെന്നുള്ളത് ദൈവം ആദാമിന് കൊടുത്ത കല്പനയിൽനിന്നും നാം മനസ്സിലാക്കുന്നുണ്ട്. നാല്പതു രാവും നാല്പതു പകലും മോശ സീനായി പർവ്വതത്തിൽ നോമ്പോടും ഉപവാസത്തോടുംകൂടി ദൈവസംസർഗ്ഗത്തിൽ കഴിച്ചുകൂട്ടി. കല്പലകകളുമായി സീനായി പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്ന മോശയുടെ മുഖം പ്രകാശിച്ചിരുന്നത് മോശ അറിഞ്ഞിരുന്നില്ല. ഈ വലിയ നോമ്പിൽ നമ്മുടെ ഉപവാസത്തിലും പ്രാർത്ഥനയിലും കൂടിയുള്ള ദൈവസംസർഗ്ഗഫലമായി നമ്മുടെ മുഖവും മോശയുടെ മുഖം പോലെ പ്രകാശിതമായിത്തീരുവാൻ നമുക്ക് ശ്രമിക്കാം.

ശമുവേൽ പ്രവാചകനും യിസ്രായേൽ ജനങ്ങളും മിസ്പയിൽ ഒരുമിച്ചുകൂടി ഉപവസിച്ച് പ്രാർത്ഥിച്ചു തങ്ങളുടെ ശത്രുക്കളായിരുന്ന ഫെലിസ്ത്യരുടെ മേൽ വിജയം വരിച്ചതുപോലെ നമ്മുടെ ശത്രുവായ സാത്താൻ നമ്മിലേക്ക് തൊടുത്തുവിടുന്ന ദുഷ്പ്രേരണകളാകുന്ന തീയമ്പുകൾക്കെതിരായി വിജയം നേടുവാൻ നോമ്പും ഉപവാസവുമാകുന്ന വലിയ ആയുധം നാം കൈയ്യിലെടുക്കണം. മനസ്സ് മോഹങ്ങളിൽ നിന്നും ദുർവികാരങ്ങളിൽ നിന്നും തടയപ്പെടുന്നില്ലായെങ്കിൽ അപ്പത്തിൽനിന്നുള്ള ഉപവാസം വ്യർത്ഥമാകുന്നുവെന്ന് സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. വർദ്ധിച്ചുവന്ന ദുഷ്ടതയുടെ ശിക്ഷയായി നശിക്കാനിരുന്ന മഹാനഗരമായ നിനുവയിലെ ജനങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ച് ദൈവകോപത്തിൽനിന്നും വിടുതൽ പ്രാപിച്ചതുപോലെ ഇന്നു ലോകത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന

അസന്മാർഗ്ഗികതകൾക്ക് തക്ക ശിക്ഷ ദൈവം ലോകത്തിനു വിധിക്കാതെ ലോകത്തോട് കരുണ കാണിക്കുന്നതിനും, സന്മാർഗ്ഗ ജീവിതത്തിൽ ലോകം മുന്നേറുന്നതിനുംവേണ്ടി ഈ വലിയ നോമ്പിൽ നാം ഉപവസിച്ച് പ്രാർത്ഥിക്കണം. പാപപരിഹാരാർത്ഥം ഉപവസിച്ച് പ്രാർത്ഥിച്ച് കണ്ണുനീരുകൊണ്ട് കട്ടിൽ നനയ്ക്കുകയും പാപത്തെ ഏറ്റുപറയുകയും ചെയ്ത ദാവീദിനെപ്പോലെ നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്ന ഒരു ഹൃദയം നമുക്ക് തരുവാനും സത്യകുമ്പസാരത്തിൽകൂടി പാപമോചനം നേടുവാൻ കൃപയുണ്ടാകുവാനും ഈ നോമ്പിൽ നാം ദൈവത്തോട് അപേക്ഷിക്കണം. നെഹമ്യാവിന്റെ ഉപവാസത്താലും പ്രാർത്ഥനയാലും ഇടിഞ്ഞുകിടന്നിരുന്ന യെരുശലേമിന്റെ മതിലുകൾ പണിയുവാൻ സാധിച്ചതുപോലെ ക്രിസ്തുവിന്റെ വേലക്കാരായ നാം ഉണർന്നെഴുന്നേററ് സഭയുടെ മതിലിനെ ബലവത്തായി പണിയുവാൻ ഈ നോമ്പിലൂടെ സ്വർഗ്ഗീയശക്തി പ്രാപിക്കാം. നമ്മുടെ ശരീരം ദേവാലയവും പരിശുദ്ധസ്ഥലവുമായിരിക്കണം. ദുഷ്ടനായ ഹാമാന്റെ കുതന്ത്രത്താൽ അഹശ്വേരോശ് രാജാവിന്റെ കല്പനമൂലം വരുവാനിരുന്ന വംശനാശത്തിൽനിന്നും എസ്ഥേറും എല്ലാ യഹൂദന്മാരും ഉപവാസം മൂലം രക്ഷപെട്ടതുപോലെ സഭയുടെ വിശ്വാസത്തിന് തുരങ്കം വയ്ക്കുന്ന ദുഷ്ട മനുഷ്യരുടെ കെണികളിൽനിന്നും വിജയം പ്രാപിക്കുവാൻ ഈ നോമ്പ് നമുക്ക് പ്രയോജനപ്പെടണം. പ്രാർത്ഥനയിലും ഉപവാസത്തിലുംകൂടെ ശക്തിയാർജ്ജിച്ച ദാനിയേലിനു വേണ്ടി ദൈവം സിംഹങ്ങളുടെ വായടച്ചുകളഞ്ഞതുപോലെ ദൈവവിശ്വാസത്തിനെതിരായി ഉയരുന്ന ആനുകാലിക വെല്ലുവിളികളാകുന്ന സിംഹങ്ങളുടെ വായടച്ചുകളയുവാൻ തക്ക ശക്തി നോമ്പുമൂലം നമുക്കും ആർജ്ജിക്കാം. വീണ്ടും മാംസാഹാരവും ഉപയോഗിച്ചവരേക്കാൾ സസ്യാഹാരത്തിൽ വളർന്നവരായ ശദ്രക്ക്, മേശക്ക്, അബേദനെഗോ എന്നിവർ ദൈവകൃപയാൽ കൂടുതൽ അഴകുള്ളവരും മാംസപുഷ്ടിയുള്ളവരും സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയുള്ളവരും ആയിതീർന്നതുപോലെ ആത്മീയജ്ഞാനത്തിലും വളർച്ചയിലും സംപുഷ്ടരാകുവാൻ നോമ്പ് നമ്മെ സഹായിക്കും. പ്രാർത്ഥനയാലും ഉപവാസത്താലും ദുഷ്ടനെ ജയിക്കുവാൻ സാദ്ധ്യമാണെന്ന് നാല്പതു രാവും നാല്പതു പകലും ഉപവസിച്ച് കർത്താവ് നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാരും ശക്തിയാർജ്ജിച്ചിട്ടുള്ളത് നോമ്പാലും ഉപവാസത്താലുമാണെന്ന് നിങ്ങൾക്കറിവുള്ളതാണല്ലോ. അതുപോലെ തിന്മയുടെ കെണികളിൽനിന്ന് രക്ഷനേടുവാനുള്ള ദൈവികശക്തി നമുക്ക് ലഭിക്കുവാൻ ഈ വലിയ നോമ്പ് നമുക്ക് ഉപയുക്തമാകട്ടെ.

ആകയാൽ നമ്മുടെ വാത്സല്യമക്കളെ ഈ വലിയ നോമ്പു കാലത്ത് ആ ഇടവകയിൽപ്പെട്ട എല്ലാ ആളുകളും വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കണം. ആയതിനുവേണ്ടി പ്രത്യേകം ധ്യാനയോഗങ്ങളും മററും ക്രമീകരിക്കണം. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോകുന്നില്ല. പിന്നെയോ കൃഷിക്കാർ തന്നെ വിത്തിനെ വഹിച്ചുകൊണ്ട് കൃഷിസ്ഥലത്തേക്ക് ചെന്ന് വിത്തു വിതയ്ക്കുകയും വളമിടുകയുമാണ് ചെയ്യുന്നത്. ഇതുപോലെ നമുക്ക് ചുററും വസിക്കുന്ന ആളുകളുടെ ലൗകികവും ആത്മീയവുമായ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സഹായിക്കുവാൻ നാം ബദ്ധശ്രദ്ധരാകണം.

വലിയ നോമ്പിലെ മുപ്പതാം ഞായറാഴ്ച (മാർച്ച് 12–ാം തീയതി) മുൻപതിവുപോലെ സഭാദിനമായി ആചരിക്കണം. അതിനോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളും വിജയിപ്പിക്കുവാൻ നിങ്ങളേവരും പരമാവധി ശ്രദ്ധിക്കുകയും വേണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1989 ജനുവരി 12–ാം തീയതി

നമ്പർ 157/90

നമ്മുടെ ....

പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനം 82 വർഷങ്ങളായി വിവിധ മേഖലകളിൽ നൽകുന്ന നേതൃത്വവും അനുഷ്ഠിക്കുന്ന സേവനങ്ങളും ശ്ലാഘനീയമാണ്. തിരുവനന്തപുരത്തും കോട്ടയത്തും സ്ററുഡൻറ് സെൻററുകളും ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിദ്യാർത്ഥികളിൽ നല്ല സ്വാധീനം ഉളവാക്കുന്നതിൽ നമുക്ക് സന്തോഷവുമുണ്ട്. വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനും ക്രിസ്തീയാന്തരീക്ഷത്തിൽ വളരുന്നതിനും പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എല്ലാം സ്ററുഡൻറ് സെൻററുകളും ഹോസ്ററൽ സൗകര്യങ്ങളും ഉണ്ടാകേണ്ടത് ഇന്നത്തെ ഒരു ആവശ്യവുമാണ്.

വടക്കൻ പ്രദേശങ്ങളിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനവും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പുതിയ പ്രവർത്തനങ്ങളുടെ ആസ്ഥാനവുമെന്ന നിലയിൽ ആലുവായിൽ ഒരു സെന്റർ നിർമ്മിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരിക്കുകയാണ്. ഇതിലേക്ക് പ്രസ്ഥാനം പ്രസിഡണ്ട് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ മുൻകൈയെടുത്ത് ആലുവാ ഫെലോഷിപ്പ് ഹൗസിനോടു ചേർന്നുള്ള ഒരു ഏക്കറോളം സ്ഥലം 5 ലക്ഷം രൂപാ വിലയ്ക്ക് നമ്മുടെ പേരിൽ വാങ്ങിയിട്ടുണ്ട്. ചാപ്പൽ, ഹോസ്റ്റൽ, കൗൺസിലിംഗ് സെന്റർ, കോച്ചിംഗ് സെന്റർ, പഠനഗവേഷണകേന്ദ്രം, തൊഴിൽ പരിശീലനസൗകര്യം മുതലായവ ഉൾക്കൊള്ളുന്ന ബഹുനില മന്ദിരത്തിന് 25 ലക്ഷം രൂപാ ചിലവുണ്ടാകുമെന്നാണ് പ്രതീക്ഷ. പരുമല തിരുമേനിയുടെ നാമത്തിൽ പണിയുന്ന സ്ഥാപനത്തിന്റെ ആദ്യഘട്ടത്തിനായി 1 ലക്ഷം വിദ്യാർത്ഥികളിൽ നിന്നും 10 രൂപാ വീതം സമാഹരിക്കാനുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. വിദ്യാർത്ഥികൾ 10 ലക്ഷം രൂപാ ശേഖരിച്ച് ഒരു സ്ഥാപനം നിർമ്മിക്കാനുള്ള ഈ ഉദ്യമം മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും പ്രത്യേകം പ്രോത്സാഹനം അർഹിക്കുന്ന ഒന്നാണ്. ഈ സംരംഭത്തിന് നമ്മുടെ വൈദികരും ജനങ്ങളും വിശിഷ്യാ വിദ്യാർത്ഥികളും ആത്മാർത്ഥമായ കൈത്താങ്ങൽ കൊടുത്തു സഹായിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..................

[signature]

1990 സെപ്റ്റംബർ 26-ാം തീയതി
കോട്ടയം.

നമ്പർ 155/90

നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരായ [illegible] എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങൾക്ക് സമാധാനം. നമ്മുടെ വാത്സല്യ വത്സരായ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കു വാഴ്വ്.

വാർദ്ധക്യവും നമ്മുടെ ഇപ്പോഴത്തെ ദേഹാസ്വാസ്ഥ്യവും നിമിത്തം സഭാഭരണ കർത്തവ്യങ്ങൾ പൂർണ്ണമായി നിർവഹിക്കുന്നതിന് നമുക്ക് പ്രയാസം നേരിട്ടിരിക്കുന്നു. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ സഭാഭരണ സംബന്ധമായ കാര്യങ്ങൾ വീഴ്ചകൂടാതെ നടന്നുവരണം. ചില തീരുമാനങ്ങൾ ഉണ്ടാകേണ്ടതും ആവശ്യമാണെന്ന് നാം കരുതുന്നു. അതിനാൽ അതുസംബന്ധിച്ചു [illegible] നടപടികൾ മാനേജിംഗ് കമ്മറ്റിയിൽ ആലോചിച്ചു എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി നടപടിയായി കൊള്ളേണ്ടതാണ്.

1990 സെപ്റ്റംബർ 22-ാം
തീയതി കാതോലിക്കേറ്റ്
അരമനയിൽനിന്ന്.

[signature]

നമ്പർ 120/90

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പാൾ [illegible] ഡോ. [illegible] കത്തനാർക്ക് വാഴ്വ്:

പ്രിയനേ,

1989 ഡിസംബറിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തിട്ടുള്ള അഞ്ചുപേർക്കും തൽസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതിനു മുമ്പായി ആവശ്യമായ [illegible] പരിശീലനത്തിനായി 1990 സെപ്തംബർ [illegible] മുതൽ നമ്മുടെ മറ്റൊരു കല്പന ഉണ്ടാകുന്നതുവരെ പഴയ സെമിനാരി സോഫിയാ സെന്ററിൽ [illegible] താമസിപ്പിക്കുന്നതിന് നാം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്ക് ആവശ്യമായ ക്രമീകരണങ്ങൾ [illegible] ഉണ്ടാകണമെന്ന് നാം [illegible].

ദൈവം അനുഗ്രഹിക്കട്ടെ.

1990 ജൂലൈ 27-ാം തീയതി

[illegible]

നമ്പർ 93/90

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരെ, വാത്സല്യ വൈദികരെ.

ഇന്ന് ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന വൈദിക സുഹൃദ് സംഘത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി നമുക്ക് വളരെയേറെ പ്രതീക്ഷയും പ്രത്യാശകളുമുണ്ട്. ഇന്ന് [illegible] [illegible] [illegible] [illegible] [illegible] നടത്തണമെന്ന് നാം [illegible]രുന്നെങ്കിലും ശാരീരികമായ അസ്വസ്ഥതകൾ മൂലം [illegible] സാധിക്കാതെയാണ് വന്നിട്ടുള്ളത്. എങ്കിലും നമ്മുടെ [illegible] ജൂലിയോസ് മെത്രാച്ചൻ ഇതിന്റെ പ്രവർത്തനങ്ങൾക്ക് [illegible] നേതൃത്വം നൽകുന്നുണ്ടെന്നുള്ളതിൽ നാം സന്തോഷിക്കുന്നു.

കർത്താവിൽ പ്രിയരെ,

'വൈദിക സുഹൃദ് സംഘത്തിന്റെ' പ്രവർത്തനം, ലക്ഷ്യം ഇവകളെപ്പറ്റി ഇതിന്റെ സംഘാടകർ നമ്മെയും [illegible] [illegible] നാം പരിശോധിച്ചു. നമ്മുടെ വൈദികർ പരമ്പരാഗത [illegible] [illegible]

നാം പരിശോധിച്ചു. നമ്മുടെ വൈദികർ പരസ്പരം സൗഹൃദപൂർവ്വം സമ്മേളിച്ച് ആശയവിനിമയം നടത്തുന്നതിനും, പരസ്പരം സഹായിക്കുന്നതിനുമുള്ള ഒരു നല്ല വേദിയായിട്ടാണ് നാം ഇതിനെ കാണുന്നത്. യാതനകളും വേദനകളും അനുഭവിക്കുന്ന വൈദികർ നമ്മുടെ സഭയിൽ ധാരാളം ഉണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരങ്ങളായ അങ്ങനെയുള്ളവർക്ക് വലിയ സഹായം എത്തിക്കേണ്ടതിന്റെ ആവശ്യം

നന്നേ കൂടുതലാണെന്നുള്ള സത്യം നാം മനസ്സിലാക്കുന്നു. പ്രസ്തുത വൈദിക സൗഹൃദ സംഘത്തിന്റെ ലക്ഷ്യങ്ങളിൽ നമ്മെ വളരെയേറെ ആകർഷിച്ചത് അങ്ങനെയുള്ള വൈദികർക്ക് ആവശ്യങ്ങളിൽ സഹായം എത്തിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ്. ഇവിടെ രൂപം കൊള്ളുന്ന ഈ പുതിയ പ്രസ്ഥാനം വളർന്ന് പന്തലിച്ച് അനേകർക്ക് നന്മ ചെയ്യുന്നതിനുള്ള ഒരു വലിയ സംരംഭമായി മാറുമെന്ന് നാം കരുതുന്നു. നമ്മുടെ വൈദികർ എല്ലാവരും ഈ പ്രസ്ഥാനത്തിനാവശ്യമായ സഹകരണം നല്കുമെന്ന് നമുക്ക് ഉറപ്പുണ്ട്. നമ്മുടെ [illegible] വെരി. റവ. [illegible] ഈ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി, ഇതിനെ [illegible] വിഭാവനം ചെയ്യുന്ന നല്ല ലക്ഷ്യങ്ങളിലേയ്ക്ക് നയിക്കണമെന്ന് നാം സന്തോഷപൂർവ്വം ആവശ്യപ്പെടുകയും അപ്രകാരം അദ്ദേഹത്തെ അതിനായി നിയമിക്കുകയും ചെയ്യുന്നു.

ദൈവം തമ്പുരാൻ തന്റെ അനുഗ്രഹ [illegible] നീട്ടി ഈ പ്രസ്ഥാനത്തെയും ഇതിന്റെ പ്രവർത്തകരെയും നമ്മുടെ [illegible]യും സഭയിലെ എല്ലാ വൈദികരെയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ, എന്നാശംസിച്ചുകൊണ്ട് "വൈദിക സൗഹൃദ സംഘം" ഉദ്ഘാടനം ചെയ്തതായി നാം പ്രഖ്യാപിച്ചുകൊള്ളുന്നു.

ത്രിയേക ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1990 ജൂൺ 27-ാം തിയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

[illegible]

നമ്പർ 69/90

നമ്മുടെ ....
പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.

പ്രിയരെ,

മധ്യവേനൽ അവധിക്കുശേഷം വിദ്യാലയങ്ങൾ വീണ്ടും തുറന്ന് പ്രവർത്തനമാരംഭിക്കുന്ന സമയമാണല്ലോ ഇത്. അദ്ധ്യയനവർഷാരംഭമാകയാൽ വിദ്യാർത്ഥികളെ നേർവഴിക്ക് നയിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ബന്ധപ്പെട്ട എല്ലാവരെയും അനുസ്മരിപ്പിക്കുന്നത് സമുചിതമായിരിക്കുമല്ലോ. വിദ്യാലയങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിൽനിന്നും പ്രതീക്ഷിക്കുന്ന നന്മകൾ നഷ്ടപ്പെടാതെ പരിരക്ഷിക്കുന്നതിനും വിദ്യാഭ്യാസ മണ്ഡലത്തിൽ സമാധാനവും ശാന്തിയും സംജാതമാകുന്നതിനും കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാകുന്ന വിദ്യാർത്ഥികളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. അന്ധമായ രാഷ്ട്രീയത്തിന്റെയും അധികാര കിടമത്സരത്തിന്റെയും ചുഴിയിൽ വിദ്യാഭ്യാസ മേഖല നട്ടംതിരിയുന്നു, അക്രമപ്രവർത്തനങ്ങളിലേക്കും അനാശാസ്യ നടപടികളിലേയ്ക്കും അനേകം വിദ്യാർത്ഥികൾ വലിച്ചിഴയ്ക്കപ്പെടുന്നു. സാംസ്കാരിക തകർച്ചയുടെ വക്കിൽനിന്നും രക്ഷപെടാൻ, മൂല്യശോഷണത്തിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് നീക്കം ചെയ്യാൻ ചുമതലപ്പെട്ടവർ ആത്മാർത്ഥമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മാതാപിതാക്കൾ പണം നൽകുന്നതിലുപരി മക്കളുടെ ഭാവിയെ സ്വാധീനിക്കാൻ കഴിയുന്നവിധം മാതൃകാനിലവാരം പാലിക്കണം. അദ്ധ്യാപകർ കടമകളെ കാര്യക്ഷമതയോടെ നിറവേറ്റുന്നവരാകണം. വിദ്യാർത്ഥികളുടെ നല്ല ഭാവി ഉന്നംവച്ചായിരിക്കണം എല്ലാവരുടെയും പ്രവർത്തനം. സഭയ്ക്കും ഇടവകകൾക്കും ഈ കാര്യത്തിൽ കർത്തവ്യമുണ്ട്.

യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നല്ല നേതൃത്വവും ആദ്ധ്യാത്മികാടിസ്ഥാനവും നൽകുന്നതിൽ നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനം കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്. പ്രസ്ഥാനത്തിന്റെ ചുമതലയിലുള്ള സ്റ്റുഡന്റ് സെന്ററുകളും, വേദപഠനക്ലാസുകൾ, ചർച്ചാസമ്മേളനങ്ങൾ, ധ്യാനയോഗങ്ങൾ, നേതൃത്വപരിശീലന പരിപാടികൾ, മാർഗ്ഗനിർദ്ദേശ ക്യാമ്പുകൾ മുതലായവയും വളരെയേറെ പ്രയോജനകരമാണെന്ന് നമുക്ക് ബോദ്ധ്യമുണ്ട്. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ നാം സന്തോഷിക്കുകയും ഭാരവാഹികളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

നമ്മുടെ വിദ്യാർത്ഥിലോകത്തെയും വിദ്യാഭ്യാസപ്രവർത്തനങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിച്ച് സമാധാനം പ്രാർത്ഥിക്കുവാനായി അദ്ധ്യയനവർഷാരംഭത്തിൽ ഒരവസരം ഉണ്ടാകുന്നതു അനുഗ്രഹകരമാണെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുകയാൽ 1990 ജൂൺ 10-ാം തീയതി ഞായറാഴ്ച വിദ്യാർത്ഥിദിനമായി ആചരിക്കണമെന്നും, അന്നേദിവസം നമ്മുടെ പള്ളികളിൽ വിദ്യാർത്ഥികളെയും വിദ്യാഭ്യാസസ്ഥാപനങ്ങളെയും അതിൽ പ്രവർത്തിക്കുന്നവരെയും ഓർത്തു പ്രാർത്ഥിക്കണമെന്നും വിദ്യാർത്ഥികൾ ഒരുമിച്ച് ഒരുക്കത്തോടെ വി. കുർബാന അനുഭവിക്കണമെന്നും നാം താല്പര്യപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ മുൻനിറുത്തി ഉൽബോധനം നടത്തുവാനും അന്നത്തെ ചടങ്ങുകൾ സഹായകമാകണമെന്ന് നാം ആഗ്രഹിക്കുന്നു. നല്ല തലമുറ സഭയ്ക്കും നാടിനും എന്നാളും വിജയകാരണമായിരിക്കും. നമ്മുടെ വൈദികരും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ചുമതലക്കാരും ചേർന്ന് എല്ലാ കാര്യങ്ങളും ഭംഗിയായി നിർവഹിക്കണമെന്ന് നാം ഉത്ബോധിപ്പിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.................

1990 മെയ് 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.

നമ്പർ 65/90

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ..

പള്ളിവികാരി...കത്തനാർക്ക് വാഴ്വ്.

പ്രിയനെ,

അക്ഷരജ്ഞാനമില്ലാത്ത എല്ലാവർക്കും ആയതു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ സർക്കാർ ആരംഭിച്ചിട്ടുള്ള സാക്ഷരതാ യജ്ഞത്തെപ്പറ്റി ഇതിനോടകം പ്രിയൻ അറിഞ്ഞിരിക്കുമല്ലോ. കോട്ടയം പട്ടണത്തിൽ പ്രസ്തുത പരിപാടി പരിപൂർണ്ണ വിജയത്തിലെത്തുകയും സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഭാരതത്തിലെ ആദ്യത്തെ പട്ടണം എന്ന പദവി കോട്ടയത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നമുക്കേവർക്കും അഭിമാനത്തിന് വക നൽകുന്നു. എറണാകുളം ജില്ല ഇതിനകം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചുകഴിഞ്ഞു എന്ന വസ്തുത നിങ്ങൾക്കറിവുള്ളതാണല്ലോ. പ്രസ്തുത സംരംഭങ്ങളിൽ ബന്ധപ്പെട്ട് പ്രവർത്തിച്ചവരെ നാം പ്രത്യേകം അഭിനന്ദിക്കുന്നു.

1990 സെപ്റ്റംബർ 8 (ലോകസാക്ഷരതാദിനം) – നോടകം കേരളസംസ്ഥാനം സമ്പൂർണ്ണ സാക്ഷരത കൈവരിക്കണം എന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാരും സന്നദ്ധ സംഘടനകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ മഹത്തായ യജ്ഞത്തെ പ്രോത്സാഹിപ്പിക്കുകയും അതിന് കഴിയുന്നത്ര സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യേണ്ടത് നാം ഏവരുടെയും ചുമതലയാണ്.

കോട്ടയം ജില്ലയിലെ സാക്ഷരതാപ്രവർത്തനങ്ങൾ ജില്ലാ കളക്ടർ ശ്രീ. അൽഫോൻസ് കണ്ണന്താനത്തിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. കോട്ടയം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലെയും വാർഡുകളിൽ സൂക്ഷ്മപരിശോധന നടത്തി നിരക്ഷരരെ കണ്ടുപിടിച്ച് അവർക്ക് അത്യാവശ്യം വേണ്ട അക്ഷരപരിശീലനം നല്കി എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു തുടങ്ങിയിട്ടുണ്ട്. മുൻകാലം മുതൽ വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കുകയും നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ക്രിസ്ത്യൻ സമുദായം ഈ രംഗത്തും മുൻപന്തിയിൽ നിന്ന് വേണ്ടത് ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ പശ്ചാത്തലത്തിൽ വിവിധ സഭാ മേലദ്ധ്യക്ഷന്മാരുടെ ഒരു യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ നമ്മുടെ അരമനയിൽ കൂടി ജില്ലാ കളക്ടറുടെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രിയന്റെ ചുമതലയിലുള്ള പള്ളി ഉൾപ്പെടുന്ന പഞ്ചായത്തു വാർഡിലെ മെമ്പറെ നേരിൽ കണ്ട് ആ ഇടവകയ്ക്കു ചെയ്തുകൊടുക്കാവുന്ന എല്ലാ സഹായസഹകരണങ്ങളും ഈ കാര്യത്തിൽ താമസം വിനാ ചെയ്തു കൊടുക്കണം. പ്രസ്തുത കാര്യത്തിൽ പ്രിയനും വിവിധ ആദ്ധ്യാത്മിക സംഘടനാപ്രവർത്തകരും സണ്ടേസ്കൂൾ അദ്ധ്യാപകരും മുമ്പോട്ടിറങ്ങി പഞ്ചായത്തു അധികാരികളുമായി സഹകരിച്ച് പ്രവർത്തിക്കണം. പഞ്ചായത്തു മെമ്പറന്മാരിൽ നിന്ന് സാക്ഷരതാ യജ്ഞത്തിന്റെ വിശദവിവരങ്ങൾ മനസ്സിലാക്കാവുന്നതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

1990 മെയ് 23-ാം തീയതി
[illegible]

നമ്പർ 13/90

നമ്മുടെ..
പള്ളിവികാരിയും [illegible] പള്ളിക്കൈക്കാരന്മാരും ദൈവജനങ്ങളും കൂടി [illegible] വാഴ്വ്.

വാത്സല്യമക്കളേ

ഈ മാസം 28-ാം തീയതി വലിയനോമ്പ് ആരംഭിക്കുകയാണ്. നമ്മുടെ ആത്മീയ ജീവിതം അടിസ്ഥാനപ്പെട്ടിരിക്കുന്നത് [illegible] [illegible]ത്തിലുമാണ്. മിശിഹാതമ്പുരാൻ [illegible] ഉപവസിച്ച് നമുക്ക് മാതൃക കാട്ടി. പഴയ നിയമത്തിലെയും പുതിയനിയമത്തിലെയും [illegible] ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും [illegible]. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ശക്തി [illegible] പരിശുദ്ധ പിതാക്കന്മാരെല്ലാം. അതുകൊണ്ട് ഏതൊരു ക്രിസ്ത്യാനിയും ആത്മരക്ഷയ്ക്കും പുണ്യസമ്പാദനത്തിനും വേണ്ടി നോമ്പും [illegible] ജീവിത[illegible] സ്വീകരിക്കേണ്ടതുണ്ട്.

ഉപവസിക്കുന്നതിൽ കൂടി പ്രധാനമായും ഉദ്ദേശിക്കുന്നത് ശാരീരിക സുഖങ്ങളെ [illegible] ദൈവത്തോടുകൂടി വസിക്കുക എന്നതാണ്. സഭ ഇതിനു വേണ്ടി അഞ്ചു നോമ്പുകൾ നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ സുപ്രധാനമാണല്ലോ വലിയനോമ്പ്. നമ്മുടെ രക്ഷകന്റെ മരണത്തിലും കഷ്ടാനുഭവത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കുചേരുവാനാണ് വലിയനോമ്പ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വലിയനോമ്പ്

[illegible] വലിയനോമ്പ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വലിയനോമ്പ് നമ്മുടെ സഭാംഗങ്ങളെല്ലാവരും ശുഷ്കാന്തിയോടെ ആചരിക്കണമെന്ന് നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ആത്മശിക്ഷണത്തിനും വർജ്ജനത്തിനും മിതത്വത്തിനും നോമ്പ് നമ്മെ പ്രാപ്തരാക്കുന്നു.

നോമ്പിൽ അനുതാപത്തിന്റെയും ആത്മതപനത്തിന്റെയും ജീവിത ശൈലി നാം സ്വീകരിക്കണം. കൂടുതൽ സമയം പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി കണ്ടെത്തണം. വി. കുമ്പസാരത്തിനും കുർബാനാനുഭവത്തിനും പ്രത്യേകം ശുഷ്കാന്തി കാട്ടണം. മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ, പ്രത്യേകിച്ച് ദരിദ്രർക്കും രോഗികൾക്കും ആശ്വാസം പകരുവാൻ നമുക്ക് നോമ്പിൽ സാധിക്കണം.

ആദിമസഭയിൽ വലിയനോമ്പ് ആരംഭിച്ചതു തന്നെ രക്ഷകന്റെ ഉയിർപ്പുപെരുനാളിനുവേണ്ടിയുള്ള ഒരുക്കമായിട്ടാണ്. അനുഗ്രഹകരമായ ഉയിർപ്പിൽ നാം പങ്കുകൊള്ളണമെങ്കിൽ രക്ഷാകരമായ കഷ്ടാനുഭവത്തിലും നാം പങ്കാളികളാകണം. 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു' എന്ന് വി. പൗലൂസ് ശ്ലീഹായോടൊപ്പം (ഗലാ. 2. 20) പറയുവാൻ കഴിയുന്നത് ഉപവാസത്തിലും പ്രാർത്ഥനയിലും നമ്മെ സമർപ്പിക്കുമ്പോഴാണ്. അതുകൊണ്ട് വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും വലിയനോമ്പ് ശുദ്ധീകരണത്തിന്റെയും പുതുക്കത്തിന്റെയും സന്ദർഭമാകുവാൻ എല്ലാവരും ശ്രദ്ധിക്കണം.

നോമ്പിലെ ആറാമത്തെ ഞായറാഴ്ച അതായത് ഈ വർഷം ഏപ്രിൽ 1-ാം തീയതി സഭാദിനമായി (കാതോലിക്കാ ദിനമായി) ആചരിക്കുവാൻ നിങ്ങൾ തയാറെടുക്കുകയും വേണം.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാശ്ളീഹായുടേയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.................ഇത്യാദി

1990 ഫെബ്രുവരി 5-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്.

നമ്പർ 67/90

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ
വാഴ്വ്.

പ്രിയരേ,

ക്രിസ്ത്യൻ വ്യക്തി നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള ബില്ലുകളിലെ വ്യവസ്ഥകളെപ്പറ്റി പൊതുവെ ഇന്ത്യൻ ക്രിസ്ത്യൻ സമൂഹത്തിന്റെ അഭിപ്രായം അറിയുന്നതിന് NCC(I) യുടെ ആഭിമുഖ്യത്തിൽ ഡൽഹിയിലും KCC യുടെ ആഭിമുഖ്യത്തിൽ കോട്ടയത്തും നടന്ന സെമിനാറുകളുടെ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പുതിയ ബില്ലുകളിലെ വ്യവസ്ഥകളെപ്പറ്റി നമ്മുടെ സഭയുടെ അഭിപ്രായം എന്തായിരിക്കണമെന്ന് വ്യക്തമാക്കുവാനും, ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുവാനുമായി പ്രിയപ്പെട്ട ഏതാനും സഭാംഗങ്ങളുടെ ഒരു

യോഗം 1990 ജൂൺ 2-ാം തീയതി ശനിയാഴ്ച പകൽ 10-30ന് നമ്മുടെ അദ്ധ്യക്ഷതയിൽ കോട്ടയം കാതോലിക്കേറ്റ് അരമനയിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു.

പ്രസ്തുത യോഗത്തിൽ പ്രിയൻ വന്ന് സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

1990 മെയ് 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്